

# വികസനരേഖ

## മുളക്കുളം ഗ്രാമപഞ്ചായത്ത്

## കോട്ടയം ജില്ല

48-4

മുളക്കുളം ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

# വികസന രേഖ

ഒമ്പതാം പദ്ധതി - ജനകീയ പദ്ധതി



"വ്യക്തിസ്വാതന്ത്ര്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള
ഒരു സമ്പൂർണ്ണ ജനാധിപത്യം ഇവിടെയുണ്ടാകും.
വ്യക്തി സ്വന്തം ഭരണകൂടത്തിൻെറ ശില്പിതന്നെയായിരിക്കും.
അക്രമരാഹിത്യത്തിൻെറ ധർമ്മമാണ്
അവനെയും അവൻെറ ഭരണത്തെയും നിയന്ത്രിക്കുന്നത്"

-ഗാന്ധിജി

## മുളക്കുളം ഗ്രാമപഞ്ചായത്ത് ഭൂപടം



● *ലോകത്തിൻെറ മുഴുവൻ ശക്തിയെയും ചെറുത്തു നില്ക്കാൻ വ്യക്തിക്കും ഗ്രാമത്തിനും കഴിയും; തന്നെയും തൻെറ ഗ്രാമത്തെയും രക്ഷിക്കാൻ മരണം പോലും സ്വയംവരിക്കുമെന്ന് ഓരോ ഗ്രാമീണനും നിശ്ചയിച്ചുറപ്പിച്ചാൽ.*

*-ഗാന്ധിജി*


❏❏

*എഡിറ്റോറിയൽ ബോർഡ്:*

സുനിൽ രാജ്. പി.
ജോർജ് ബേബി
കെ.എം. തോമസ്
കെ.യു. വർഗീസ്
സി.എസ്. ജോർജ് ചെഞ്ചേരിൽ
പി.എസ്. രാജൂ പൈന്താറ്റിൽ
എം.പി. രാധാകൃഷ്ണൻ, മൂലംകുഴിയിൽ
ജോയി, വടുകുന്നപ്പുഴ
വി.എ. ജോസഫ്, പാറേക്കാട്ടിൽ



❏❏

*ഡി.റ്റി.പി., ലേ ഔട്ട്:*

TEXT'N'GRAPHICS, KOCHI-11.

❏❏

*കവർ ഡിസൈൻ:*

ഷാജി നാരായണൻ

❏❏

*പ്രിൻറിംഗ്:*

ഐശ്വര്യ, പെരുവ.

# മുളക്കുളം ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



കെ.എ. സജീവ്
പ്രസിഡൻറ്



ടി.കെ. വാസുദേവൻ നായർ
വൈസ് പ്രസിഡൻറ്



സുനിൽ രാജ് പി.
സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ



സരളാ ശശി
മെമ്പർ ,വാർഡ്-2



ജോർജ്ജ് ബേബി
മെമ്പർ, വാർഡ്-4



കെ.എം. തോമസ്
മെമ്പർ, വാർഡ്-5



ചിന്നമ്മ ജോർജ്ജ്
മെമ്പർ, വാർഡ്-6



സുനിലാ രാഘവൻ
മെമ്പർ, വാർഡ്-7



ഓ.സി. ജോസഫ്
മെമ്പർ, വാർഡ്-9



സേവ്യർ ആഗസ്തി
മെമ്പർ, വാർഡ്-10



മറിയാമ്മ ആൻഡ്രൂസ്
മെമ്പർ, വാർഡ്-11



എം. സുലൈമാൻ
സെക്രട്ടറി

## പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ഇതര ജനപ്രതിനിധികൾ

### ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

- A.V. ജോർജ്കുട്ടി, ഇടക്കാരിക്കോട്ട്.
- പത്മാ ചന്ദ്രൻ, പാലമറ്റത്തിൽ
- സണ്ണി, പറമ്പിൽ

### ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

- V.K. ഗോപിനാഥൻ
- സ്റ്റീഫൻ ജോർജ്

### നിയമസഭാ പ്രതിനിധി

- അഡ്വ: മോൻസ് ജോസഫ് M.L.A
  (കടുത്തുരുത്തി നിയോജകമണ്ഡലം)

### ലോകസഭാ പ്രതിനിധി

- രമേശ് ചെന്നിത്തല M.P.
  (കോട്ടയം പാർലമെൻറ് മണ്ഡലം)

# ഉള്ളടക്കം


1. ആമുഖം ........ 9

2. ഭൂപ്രകൃതി ........ 12

3. സാമൂഹ്യ-സാമ്പത്തിക മേഖലകൾ ........ 15

3-1 കൃഷിയും ജലസേചനവും ........ 17

3-2 മൃഗസംരക്ഷണം മത്സ്യബന്ധനം ........ 29

3-3 വ്യവസായം ........ 35

3-4 വിദ്യാഭ്യാസം ........ 39

3-5 കുടിവെള്ളം, പൊതുജനാരോഗ്യം ........ 50

3-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ........ 58

3-7 ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം ........ 69

3-8 സംസ്ക്കാരം ........ 75

3-9 വനിതാക്ഷേമം ........ 82

3-10 സഹകരണം ........ 85

3-11 പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം ........ 89

3-12 വിഭവ സമാഹരണം ........ 97

4. ഉപസംഹാരം ........ 101

## വികസന രേഖ തയ്യാറാക്കിയ

## കോർഗ്രൂപ്പ്

കൺവീനർ: M.P. രാധാകൃഷ്ണൻ

- **കൃഷി, ജലസേചനം**
  എം.പി. രാധാകൃഷ്ണൻ
  K.A. രാജൻ, പൂവത്തുകുഴി
  T.P. മോഹനൻ, തെക്കുംചേരിൽ

- **മൃഗസംരക്ഷണം, മത്സ്യബന്ധനം**
  P. A. വത്സൻ, മറ്റത്തിൽ
  P. S. രാജു, പൈന്താറ്റിൽ

- **ഭവന നിർമ്മാണം സാമൂഹ്യക്ഷേമം**
  ജോയി വടുകുന്നപ്പുഴ
  N.O. കുട്ടപ്പൻ, നീലകുളങ്ങര

- **വ്യവസായം**
  K.G. രമേശൻ, കളപ്പുരയ്ക്കൽ
  N.K. ഷാജി, കാരിനിരപ്പേൽ

- **വിദ്യാഭ്യാസം**
  K.U. വർഗീസ്, കാവാട്ടുകുഴി
  T.K. സാബു, തെക്കേൽ
  T. വിജയകുമാർ

- **ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**
  സേവ്യർ ആഗസ്തി, മേച്ചേരിൽ
  K.A. സജീവ്, കുമ്പളശ്ശേരിൽ
  ജോർജ് ബേബി, ഊന്നുകല്ലുങ്കൽ
  K.M. തോമസ്, മുണ്ടുവേലിൽ

- **കുടിവെള്ളം, പൊതുജനാരോഗ്യം**
  P. സുനിൽ രാജ്, പാലമറ്റത്തിൽ
  V.K. ഹരിദാസ്, വെള്ളാംതടം

- **ചരിത്രം**
  C.S. ജോർജ്, ചെഞ്ചേരിൽ
  M.P. രാധാകൃഷ്ണൻ, മൂലംകുഴിയിൽ

- **സഹകരണം**
  P.V. ഏലിയാസ് പുളിയനാകുന്നേൽ
  T.A. നാരായണന, ഇടപ്പറമ്പിൽ
  O.C. ജോസഫ്, ഒരപ്പാങ്കൽ

- **വനിതാക്ഷേമം**
  സരളാ ശശി, കുറ്റിയിടയിൽ
  മറിയാമ്മ ആൻഡ്രൂസ്, തടത്തിൽ
  ഉഷാകുമാരി, തോപ്പിൽ
  ചിന്നമ്മ ജോർജ്ജ്

- **പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം**
  P.K. കുട്ടുപ്പൻ, പാലയ്ക്കപ്രായിൽ
  C.T. അപ്പുക്കുട്ടൻ, തോപ്പിൽ

- **സംസ്കാരം**
  K.M. മുരളീധരൻ, ശ്രീനിലയം
  P.M. കൃഷ്ണൻകുട്ടി.
  ടോം സെബാസ്റ്റ്യൻ

- **ഭൂപ്രകൃതി പഠനം**
  K.A. ശശി, കുറ്റയിടയിൽ
  K.U. വർഗീസ്, കാവാട്ടുകുഴി
  K.M. തോമസ്, മുണ്ടുവേലിൽ
  സുനിൽ രാജ്. P. പാലമറ്റം
  പത്മാചന്ദ്രൻ, പാലമറ്റം
  സരളാ ശശി, കുറ്റിയിടയിൽ
  സുനിലാ രാഘവൻ, പുതുമാലക്കുഴിയിൽ
  സേവ്യർ ആഗസ്തി, മേച്ചേരിൽ
  K.A. സജീവ്, കുമ്പളശ്ശേരിൽ
  M.P. രാധാകൃഷ്ണൻ, മൂലംകുഴിയിൽ
  റവന്യൂ, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം,
  പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ.

- **വിഭവ സമാഹരണം**
  K.A. സജീവ്, കുമ്പളശ്ശേരിൽ
  M. സുലൈമാൻ
  T.K. വാസുദേവൻനായർ, കീരിമറ്റത്തിൽ

ഇൻഡ്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന് മഹാത്മാഗാന്ധി തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടാണ് ഗ്രാമസ്വരാജ് എന്ന സങ്കല്പം അദ്ദേഹം മുന്നോട്ട്വച്ചത്. പക്ഷേ, സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ടായിട്ടും രാഷ്ട്രപിതാവായ ഗാന്ധിജിയുടെ സ്വപ്നം സഫലീകരിക്കപ്പെട്ടിട്ടില്ല. അമ്പതുകളിൽ തന്നെ പഞ്ചായത്ത് സംവിധാനം നിലവിൽ വന്നെങ്കിലും അധികാരവികേന്ദ്രീകരണത്തിലൂടെ പഞ്ചായത്തിനെ ശക്തിപ്പെടുത്താനുള്ള യാതൊരു ശ്രമങ്ങളുമുണ്ടായില്ല.

ഇതിനൊരു മാറ്റം വരുന്നത് 73-ഉം 74-ഉം ഭരണഘടനാ ഭേദഗതിയിലൂടെയാണ്. ഈ ഭേദഗതിപ്രകാരം രൂപപ്പെടുത്തിയ പഞ്ചായത്ത്‌രാജ് നിയമത്തിലൂടെ ഒട്ടനവധി അധികാരങ്ങൾ പഞ്ചായത്തുകൾക്ക് കൈമാറി. ഇതിലൂടെ പഞ്ചായത്തിൻെറ കീഴിലുള്ള വിവിധ ഡിപ്പാർട്ടുമെൻറുകളെ ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ തന്നെ വികസനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള സാധ്യതയുണ്ടായിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് 9-ാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനും പഞ്ചായത്തുകൾക്ക് അതിൽ മുഖ്യസ്ഥാനം തന്നെ നല്കാനും കേരള സർക്കാർ തീരുമാനിച്ചത്. മുൻകാലങ്ങളിൽ നിന്നു ഭിന്നമായി ഓരോ പ്രദേശത്തേയും ജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കിക്കൊണ്ടുള്ള ഒരു ആസൂത്രണമാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുവേണ്ടി യാണ് സംസ്ഥാനതലത്തിൽ തന്നെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിനു രൂപം കൊടുത്തത്.

ഇതിൻെറ ഭാഗമായുള്ള പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും സാമാന്യം ഭംഗിയായി തന്നെ നടന്നിട്ടുണ്ട്. പഞ്ചായത്തിലെ 11 വാർഡുകളിലും യഥാസമയം ഗ്രാമസഭകൾ ചേരുകയും വരും വർഷങ്ങളിൽ നടപ്പിലാക്കേണ്ട വികസനപ്രവർത്തനങ്ങൾ എന്തെല്ലാമായിരിക്കണമെന്ന് ചർച്ച ചെയ്യുകയും ചെയ്തു. പ്രശ്നങ്ങളുടെയും ആവശ്യങ്ങളുടെയും രൂപത്തിലാണെങ്കിലും പഞ്ചായത്ത് മുൻഗണന നൽക്കേണ്ട വിഷയങ്ങൾ എന്തൊക്കെയാണെന്ന സാമാന്യ ധാരണ ഉണ്ടാക്കുവാൻ ഗ്രാമസഭാ ചർച്ചകൾ ഉപകരിച്ചിട്ടുണ്ട്.

| ഗ്രാമസഭകളിലെ ജനപങ്കാളിത്തം | | | |
|---|---|---|---|
| വാർഡ് | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
| I | 4 | 182 | 186 |
| II | 87 | 169 | 256 |
| III | 10 | 87 | 97 |
| IV | 40 | 130 | 170 |
| V | 20 | 146 | 166 |
| VI | 20 | 107 | 127 |
| VII | 38 | 130 | 168 |
| VIII | 41 | 138 | 179 |
| IX | 23 | 142 | 165 |
| X | 45 | 156 | 201 |
| XI | 33 | 160 | 193 |

# ആമുഖം

## പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | – മുളക്കുളം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | – മുളക്കുളം, കടുത്തുരുത്തി |
| ബ്ലോക്ക് പഞ്ചായത്ത് | – കടുത്തുരുത്തി |
| അസംബ്ലി മണ്ഡലം | – കടുത്തുരുത്തി |
| താലൂക്ക് | – വൈക്കം |
| ജില്ല | – കോട്ടയം |
| അതിരുകൾ | – വടക്ക് –പിറവം, ഗ്രാമ പഞ്ചായ ത്ത് |
| | കിഴക്ക് – ഇലഞ്ഞി, ഞീഴൂർ പഞ്ചായത്തുകൾ |
| | തെക്ക് – ഞീഴൂർ, കടുത്തുരുത്തി പഞ്ചായത്തുകൾ |
| | പടിഞ്ഞാറ് – തലയോലപ്പറമ്പ്, വെള്ളൂർ പഞ്ചായത്തുകൾ |
| വിസ്തീർണ്ണം | – 26.15 ചതുരശ്ര കിലോമീറ്റർ |
| ജനസംഖ്യ | – 23663 (1991 - സെൻസസ് പ്രകാരം) |
| സ്ത്രീകൾ | – 11763 |
| പുരുഷന്മാർ | – 11900 |
| ജനസാന്ദ്രത | – 905 |
| വാർഡുകൾ | – 11 |

## നിലവിലുള്ള പഞ്ചായത്ത് ഭരണസ്മിതി

1. ശ്രീ. കെ. എ. സജീവ് (പ്രസിഡൻറ്)
2. ശ്രീ. ടി.കെ. വാസുദേവൻ നായർ (വൈ.പ്രസിഡൻറ്)
3. ശ്രീ. സുനിൽ രാജ്. പി. (സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ)
4. ശ്രീമതി. സരള ശശി
5. ശ്രീ. ജോർജ് ബേബി
6. ശ്രീ. കെ.എം. തോമസ്
7. ശ്രീമതി. ചിന്നമ്മ ജോർജ്
8. കുമാരി. പി. ആർ. സുനില
9. ശ്രീ. ഒ.സി. ജോസഫ്
10. ശ്രീ. സേവ്യർ ആഗസ്തി
11. ശ്രീമതി. മറിയാമ്മ ആൻഡ്രൂസ്

| പഞ്ചായത്ത് പ്രസിഡൻറുമാർ | |
|---|---|
| പേര് | ഭരണകാലം |
| പി.എം. മർക്കോസ് (ശങ്കരാലിൽ മാണിക്കുഞ്ഞ്) | 1953-54 |
| വി.എൻ. അച്യുതൻ നായർ | 1955-56 |
| തോമസ് ജോസഫ് (തച്ചേടൻ) | 1956- |
| പി.വി. പത്രോസ് | |
| 1963 -ൽ തെരഞ്ഞെടുപ്പ് | |
| പി.വി. പത്രോസ് | 1963-74 |
| പി.ആർ. ചന്ദ്രശേഖരൻ നായർ | 1974-79 |
| 1979-ൽ തെരഞ്ഞെടുപ്പ് | |
| ടി.കെ. വാസുദേവൻ നായർ | 1979-84 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | 1984-87 |
| 1988-ൽ തെരഞ്ഞെടുപ്പ് | |
| ഒ.സി. ജോസഫ് | 1988-90 |
| കെ.എ. സജീവ് | 1990-95 |
| 1995-ൽ തെരഞ്ഞെടുപ്പ് | |
| കെ.എ. സജീവ് | 1995- |

## സാമൂഹ്യ-സംസ്കാരിക ചരിത്രം

സ്വാതന്ത്ര്യസമരത്തിൻെറയും നവോത്ഥാനപ്രക്ഷോഭങ്ങളുടെയും അലയൊലികൾ കാര്യമായി ഉണ്ടാകാത്ത ഒരു പ്രദേശമാണെങ്കിലും മുളക്കുളം പഞ്ചായത്തിലുള്ള ഒട്ടേറെ പേർ സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി നടന്ന പ്രക്ഷോഭങ്ങളിൽ പങ്കാളികളായിട്ടുണ്ട്. ചരിത്രത്തിനു ശ്രദ്ധേയമായ സംഭാവനയൊന്നും നൽകാനായിട്ടില്ലെങ്കിലും മുളക്കുളത്തെ സംബന്ധിച്ചും പഞ്ചായത്തിലെ ചില സ്ഥലങ്ങളെ സംബന്ധിച്ചുമുള്ള ഐതിഹ്യങ്ങൾ നിലവിലുണ്ട്.

കേരളത്തിലെ രണ്ടു ലക്ഷ്മണക്ഷേത്രങ്ങളിൽ ഒന്ന് സ്ഥിതിചെയ്യുന്നത് മുളക്കുളത്താണ്. അതിനെപ്പറ്റിയാണ് ഒരൈതിഹ്യം. ആലുവായ്ക്കടുത്തുള്ള തിരുമൂഴിക്കുളത്തു നിന്ന് അവിടുത്തെ ലക്ഷ്മണക്ഷേത്രത്തിലെ ദേവൻ ആനപ്പുറത്ത് തെക്കോട്ടുയാത്രയായി താവളമടിച്ചതിവിടെയാണ്. തന്മൂലം മറ്റൊരു തിരുമൂഴിക്കുളമായി അറിയപ്പെട്ട സ്ഥലമാണ് പിന്നീട് മുളക്കുളമായി മാറിയത്.

വനവാസകാലത്ത് പാണ്ഡവർ ഈ പ്രദേശത്ത് വന്നതായും ഐതിഹ്യങ്ങളുണ്ട്. ആരാധനയ്ക്കായി അവർ ഒരു വിഗ്രഹം കൊണ്ടുനടന്നിരുന്നു. ഇവിടെയെത്തിയ ദിവസം ആഹാരം പാകമാകുവാൻ താമസം നേരിട്ടപ്പോൾ വിശന്നിരുന്ന ഭഗവാൻ കോട്ടുവായിട്ട സ്ഥലം പെരുവയായി മാറി. ഭീമൻ വലിച്ചെറിഞ്ഞ കുന്തം വീണസ്ഥലമാണ് മണ്ണുക്കുന്നു പള്ളിക്കു സമീപമുള്ള കുന്തംചാണ്ടിമല.

പഞ്ചായത്തിൻെറ 9-ാം വാർഡായ കീഴൂരിൽ പഴമക്കാരുടെയെല്ലാം ഓർമ്മയിൽ നിൽക്കുന്ന ഒരു ഗുഹാദ്വാരമുണ്ട്. തലയോലപ്പറമ്പ് പഞ്ചായത്തിലെ പൊതി സ്കൂളിൻെറ വടക്കുഭാഗത്ത് കാണപ്പെടുന്ന ഗുഹയ്ക്ക് ഇതുമായി ബന്ധമുണ്ടെന്ന് പഴമക്കാർ പറയുന്നു. 10-ാം വാർഡിൻെറ കിഴക്കേ അതിർത്തിയോടു ചേർന്ന് (ഉദയഗിരി) പുലിയള എന്നറിയപ്പെടുന്നതും ഒരു ഗുഹാദ്വാരമാണ്. കാഞ്ഞിരത്താനത്തുള്ള ഗുഹകളുമായി ഇവയ്ക്ക് ബന്ധമുണ്ടാകാം.

ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി നടന്ന ഉത്തരവാദഭരണ പ്രക്ഷോഭങ്ങളിൽ ഈ പഞ്ചായത്തിലുള്ളവർ പങ്കാളികളായിട്ടുണ്ട്. സമരത്തിൻെറ ഭാഗമായി തിരുവനന്തപുരത്തു നടന്ന ജാഥയിൽ പെരുവ പ്രദേശങ്ങളിൽ നിന്നും പ്രവർത്തകർ പങ്കെടുത്തിരുന്നു. 1936-37 കാലത്താണ് സ്റ്റേറ്റ് കോൺഗ്രസിൻെറ പ്രവർത്തനം ഈ പ്രദേശത്താരംഭിച്ചത്. പി.പി. പൈലി (മേലാറായിൽ), കെ.വി. കുര്യൻ, എ.യു. അലക്സാണ്ടർ, കിഴക്കേക്കര ഓനച്ചൻ, നാരായണൻ നായർ അവർമ്മ, പീലിച്ചേട്ടൻ (മോടേൻകാലാ), ഇട്ടൻ പുള്ളേലാർ മഠം, ഫാദർ മുട്ടപ്പിള്ളി തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകർ. എ.ജെ. ജോണിൻെറ സാന്നിദ്ധ്യം അക്കാലത്ത് ഇവിടത്തെ പ്രവർത്തനങ്ങൾക്കു പ്രചോദനമേകിയിരുന്നു. ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കടന്നുവന്ന യുവതലമുറയാണ് പിൽക്കാലത്ത് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തകരായി മാറിയത്. 1949-ഓടു കൂടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങളും ഇവിടെയാരംഭിച്ചു. എ.യു. അലക്സാണ്ടർ, ഫാദർ മുട്ടപ്പിള്ളി, ടി.ജെ. പീറ്റർ, പി.കെ. ഉലഹന്നാൻ, തുടങ്ങിയവരായിരുന്നു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ആദ്യകാല പ്രവർത്തകർ.

1953-ലാണ് മുളക്കുളം പഞ്ചായത്ത് വില്ലേജ് പഞ്ചായത്ത് എന്ന പേരിൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചത്. അതിനുമുമ്പ് വില്ലേജ് യൂണിയൻ എന്ന പേരിൽ നോമിനേറ്റു ചെയ്യപ്പെട്ട ഒരു സംവിധാനം നിലവിലുണ്ടായിരുന്നു. വർഗീസ് മാണി പുത്തൂരാൻ (പ്രസിഡൻറ്), ടി.യു. ജോസഫ്, ഉലഹന്നാൻ ദേവസ്യ (പാങ്ങോട്ടിൽ), എം. കേളൻ, കെ.എം. ജോസഫ്, കോച്ചേരിൽ, ടി.കെ. ശങ്കരപ്പിള്ള (തറേക്കൊട്ടാരം), ആന്ത്രയോസ് ആശാൻ എന്നിവരായിരുന്നു വില്ലേജ് യൂണിയനിലെ അംഗങ്ങൾ. അതിനും മുമ്പ് പകുതി കമ്മറ്റി എന്ന മറ്റൊരു സംവിധാനവും നിലനിന്നിരുന്നു. ചിറ്റിലക്കാട്ടിൽ കുഞ്ഞുവർക്കി (പ്രസിഡൻറ്), വളപ്പിൽ പരമുപിള്ള, തറേക്കൊട്ടാരം ശങ്കരപ്പിള്ള മുതലായവരായിരുന്നു പകുതി കമ്മിറ്റി യിൽ ഉണ്ടായിരുന്നത്.

തെരഞ്ഞെടുപ്പിലൂടെ വന്ന ആദ്യപഞ്ചായത്തിൻെറ പ്രസിഡൻറായി ശ്രീ. പി.എം. മാർക്കോസ് (ശങ്കരാലിൽ മാണിക്കുഞ്ഞ്) 26-5-1953-ൽ സ്ഥാനമേറ്റു. 23-ാം വയസ്സിലാണ് അദ്ദേഹം പ്രസിഡൻറായത്. പി.എൻ. അച്യുതൻ നായർ, പി.ടി. കുരുവിള, എം.എ. വർക്കി, കെ.പി. ശങ്കരപ്പിള്ള, പി.വി. പത്രോസ്, തോമസ് തച്ചേട്ട്, എം.വി. തോമസ്, എൻ. വേലപ്പൻ നായർ, സി.കെ. കണ്ണൻ(സംവരണം) എന്നിവരാ

യിരുന്നു പഞ്ചായത്തുകമ്മിറ്റിയിലെ മറ്റംഗങ്ങൾ. 1955-ൽ കെ.പി. ശങ്കരപ്പിള്ളയുടെ നിര്യാണത്തെ തുടർന്ന് സി.എം. മാത്യു ചേമ്പാലയും, സി.കെ. കണ്ണന്റെ നിര്യാണത്തെ തുടർന്ന് ശങ്കരനും കമ്മിറ്റിയംഗങ്ങളായി. അന്ന് പഞ്ചായത്തിലെ ഏതെങ്കിലും ഒരു വാർഡിൽ ജനറൽ സീറ്റിനോടൊപ്പം സംവരണ സീറ്റിലേക്കും സ്ഥാനാർത്ഥികൾ മത്സരിക്കും. ആ വാർഡിലുള്ള വോട്ടർമാർ രണ്ടു വോട്ട് രേഖപ്പെടുത്തണമായിരുന്നു.

ഈ പഞ്ചായത്തിന്റെ ഭാഗമായിരുന്ന പാലച്ചുവട്, നാമക്കുഴി, കളമ്പൂർ പ്രദേശങ്ങൾ 1963-ൽ എറണാകുളം ജില്ലയോടു കൂട്ടിച്ചേർക്കുകയും പിറവം പഞ്ചായത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

കാർഷികമേഖലയിൽ ഗണ്യമായ മാറ്റം ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. ഏതാനും ജന്മികളുടെ കൈവശമിരുന്ന ഭൂമി ഭൂപരിഷ്കരണ നടപടികളിലൂടെ കർഷകരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. നെല്ല്, മരച്ചീനി, തെരുവപുല്ല്, കുറുംകൂപ്പ് തുടങ്ങിയവയായിരുന്നു 50-കളിലെ പ്രധാന കൃഷി. എന്നാലിന്നു മുഖ്യവിള റബ്ബറാണ്. മുളക്കുളത്തുണ്ടായിരുന്ന കാലിചന്തയും വിവിധ പ്രദേശങ്ങളിലെ കന്നുകാലി പൗണ്ടും ഇന്നില്ല.

ഗതാഗതരംഗത്ത് വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. 59 വർഷം മുമ്പ് 1937-ൽ വൈക്കം-തൊടുപുഴ റൂട്ടിൽ പെട്രോൾ വാഹനം ഓടിയതോടെയാണ് ഈ പഞ്ചായത്തിൽ മോട്ടോർ ഗതാഗതം ആരംഭിച്ചത്. പിന്നീട് പെട്രോൾ ക്ഷാമത്തെ തുടർന്ന് കരിഗ്യാസ് വണ്ടി വന്നു. പഞ്ചായത്തിന്റെ 11-ാം വാർഡായ പൂഴിക്കോലിലൂടെ 1950 കളിൽ തന്നെ റെയിൽവേ ഗതാഗതം (മീറ്റർ ഗേജ്) ആരംഭിച്ചിരുന്നു. ഇവിടെ റെയിൽവേ വരുന്നതിനും വൈക്കം റോഡ് റെയിൽവേ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന എ.ജെ. ജോണിന്റെ ശക്തമായ ഇടപെടലുണ്ടായിരുന്നു.

രോഗനിവാരണത്തിനു നാട്ടുവൈദ്യന്മാരുടെ ചികിത്സാ സമ്പ്രദായത്തേയാണ് ജനങ്ങൾ പ്രധാനമായും ആശ്രയിച്ചിരുന്നത്. 1953-ൽ പെരുവയിൽ ഒരു റൂറൽ ഡിസ്പെൻസറിയും 1960-ഓടുകൂടി അറുനൂറ്റിമംഗലത്ത് പ്രാഥമിക ആരോഗ്യകേന്ദ്രവും നിലവിൽ വന്നു.

വിദ്യാഭ്യാസമേഖലയിലും നമ്മുടെ പഞ്ചായത്ത് ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ പ്രാഥമിക വിദ്യാഭ്യാസ ത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. 1950കളിൽ മുളക്കുളം, താന്നിമറ്റം, പെരുവ എന്നിവിടങ്ങളിൽ ലൈബ്രറി ഉണ്ടായി. പ്രസിദ്ധ നോവലിസ്റ്റ് പെരുമ്പടവം ശ്രീധരൻ, പ്രസിദ്ധ കവി ചെമ്മനം ചാക്കോ, നേത്രരോഗ വിദഗ്ദ്ധൻ ഡോ. പുത്തൂരാൻ തുടങ്ങിയവർ ഈ പഞ്ചായത്തിൽ ജനിച്ചു വളർന്നവരാണ്. 1956-ൽ തന്നെ പെരുവയിൽ സിനിമാ തീയേറ്റർ ഉണ്ടായെങ്കിലും ഇപ്പോഴതില്ല.

1950 കളോടുകൂടി ബീഡിതൊഴിലാളി മേഖലയിലാണ് ഈ പഞ്ചായത്തിലെ ആദ്യട്രേയ്ഡ് യൂണിയൻ ഉണ്ടാകുന്നത്. പിന്നീട് ചെത്തുതൊഴിലാളി മേഖലയിലും (1957) കർഷകതൊഴിലാളി മേഖലയിലും യൂണിയനുകൾ ഉണ്ടായി, ശക്തമായ കർഷകതൊഴിലാളി സമരങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. ഇപ്പോൾ എല്ലാ തൊഴിൽ മേഖലയിലുമുള്ള തൊഴിലാളികൾ ട്രേഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിതരാണ്. നിരവധി സാംസ്കാരിക- യുവജന- വനിതാ, സംഘടനകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

1934-ൽ കീഴൂർ കേന്ദ്രമായി ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം നിലവിൽ വന്നു. ഇപ്പോൾ വിവിധ തുറകളിൽ ഒട്ടേറെ സഹകരണസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്ത് നിലവിൽ വന്നശേഷമുള്ള ഇക്കാലയളവിൽ പല രീതിയിലുള്ള പുരോഗതി ഇവിടെയുണ്ടായിട്ടുണ്ട്. എങ്കിലും ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പലതും ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. അവ പരിഹരിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള ശ്രമങ്ങളാണ് ഇനിയുണ്ടാവേണ്ടത്.

***

# ഭൂപ്രകൃതി

മലകളും പുഴകളും സമതലപ്രദേശങ്ങളും കൊണ്ട് സമ്പന്നമായ കോട്ടയം ജില്ലയുടെ വടക്കുപടിഞ്ഞാറെ അറ്റത്ത് 26.15 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിൽ വ്യാപിച്ചു കിടക്കുന്ന ഭൂവിഭാഗ മാണ് മുളക്കുളം പഞ്ചായത്ത്. കേരളത്തിൻെറ ഭൂപ്രകൃതി അനുസരിച്ച് ഇടനാട് വിഭാഗത്തിൽ പെടുന്ന പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിൽ ഉദ്ദേശ്യം 1.5 കിലോമീറ്റർ നീളത്തിൽ മൂവാറ്റുപുഴയാറും ബാക്കി ഭാഗം കുമ്മത വലിയ തോടും വ്യാപിച്ച് കിടക്കുന്നു. കിഴക്ക് ഞീഴൂർ, ഇലഞ്ഞി എന്നി പഞ്ചായത്തുകളും തെക്ക് കടുത്തുരുത്തി പഞ്ചായത്തും പടിഞ്ഞാറ് തലയോലപ്പറമ്പ വെള്ളൂർ എന്നീ പഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു.

പഞ്ചായത്തിൻെറ മൊത്ത വിസ്തീർണ്ണം 7192 ഏക്കർ ആണ്. നിലം, പുരയിടം എന്നിവ തിരിച്ചുള്ള കണക്ക് ചുവടേ ചേർക്കുന്നു.

| | |
|---|---|
| പുരയിടം | – 5645.36 ഏക്കർ |
| നിലം | – 1349.42 " |
| പുറംപോക്ക്(റോഡ് etc) | – 196.63 " |
| ആകെ | – 7191.41 " |

മുളക്കുളം തെക്കേക്കര, വടുകുന്നപ്പുഴ, അവർമ, പെരുവ, കുന്നപ്പിള്ളി, കാരിക്കോട്, കീഴൂർ, അറുനൂറ്റിമംഗലം, പൂഴിക്കോൽ, എന്നീ കരകൾ മുളക്കുളം ഗ്രാമ പഞ്ചായത്തിൻ കീഴിൽ ഉൾപ്പെട്ട പ്രദേശങ്ങളാണ്. കുന്നുകളും, പാടങ്ങളും, ചെറിയ തോടുകളും കൊണ്ടനുഗൃഹീതമാണ് പഞ്ചായ ത്തിലെ ഭൂമിശാസ്ത്ര ഘടന.

### പട്ടിക 1-A

പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നുകളുടെയും അവ സ്ഥിതി ചെയ്യുന്ന വാർഡുകളുടെയും പട്ടിക.

| കുന്നു (മല) കളുടെ പേരു വിവരം | സ്ഥിതിചെയ്യുന്ന വാർഡുകൾ |
|---|---|
| 1, ചെല്ലാനിരപ്പ് മല | 2 |
| 2, മണ്ണുക്കുന്ന് മല | 3 |
| 3, ചെമ്മനം കുന്ന് | 3 |
| 4, കൊടിയം കുന്ന് | 3 |
| 5, ചെത്തിക്കാട് മല | 4 |
| 6, മറ്റപ്പള്ളി കുന്ന് | 4 |
| 7, കടിയം മല | 5 |
| 8, കാരിനിരപ്പേൽ | 6 |
| 9, ഈട്ടിമല | 6, 10 |
| 10, ചെമ്മഞ്ചിമല | 7 |
| 11, ജാതിക്കാമല | 9 |
| 12, നെടുമല | 8 |
| 13, ഞാറുകുന്ന് | 10 |
| 14, കരുമുത്തോരം മല | 8 |
| 15, പൂഴിക്കോൽ | 11 |
| 16, കാപ്പിക്കരമല | 3 |

### പട്ടിക - 1 B

### പഞ്ചായത്തിലെ പ്രധാനപ്പെട്ട നിലങ്ങളും അവയുടെ വിസ്തീർണ്ണവും.

| പാടനിലങ്ങളുടെ പേർ | സ്ഥിതിചെയ്യുന്ന വാർഡ് | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|
| 1, മുളക്കുളം വടക്കേപ്പാടം | 1/3 | |
| 2, ചളുവേലിപ്പാടം | 3 | |
| 3, കുന്നപ്പിള്ളിപ്പാടം | 5 | |
| 4, എടാട്ടുപാടം | 1, 2, 4, 7 | 600 ഏക്കർ |
| 5, കീഴൂർപ്പാടം | 9, 10 | |
| 6, ആപ്പാഞ്ചിറപ്പാടം | 11 | |

കുന്നുകളും ചരിവുകളും കൂടി പഞ്ചായത്തിൻെറ വിസ്തൃതിയിൽ ഏകദേശം 75%ത്തോളം വരുന്നു. ബാക്കി 25% നിലങ്ങളാണ്. പഞ്ചായത്തിൻെറ മിക്കവാറും പ്രദേശങ്ങ ളിൽ വെട്ടുകല്ലു മണ്ണാണ് കൂടുതലായി കണ്ടുവരുന്നത്. അങ്ങിങ്ങായി കരിങ്കൽ പാറകളുടെ ഉറവിടങ്ങളുമുണ്ട്. പഞ്ചായത്തിലെ ജാതിക്കാമല പ്രദേശം ചരലും ചീങ്കല്ലും ചേർന്ന ഭൂവിഭാഗമാണ് മലഞ്ചെരിവുകളിലെ താഴ്വാരങ്ങ ളായ മ്യാൽ നിലങ്ങൾ ദിനം ചെല്ലുംതോറും പുരയിടങ്ങളായും റബ്ബർതോട്ടങ്ങളായും മാറിക്കൊണ്ടിരിക്കുകയാണ്. മുളക്കുളം ഭാഗത്ത് പുഴയോട് ചേർന്ന ഉദ്ദേശം 100 ഹെക്ടറോളം പ്രദേശം ഫലഭൂയിഷ്ഠമായ എക്കൽ മണ്ണുകൊണ്ടനുഗൃഹീതമാണ്. നിലങ്ങളിൽ ഏറിയകൂറും ചെളിമണ്ണുകൊണ്ടു നിറഞ്ഞി രിക്കുന്നു.

സമുദ്രനിരപ്പിൽ നിന്നും അധികം ഉയരത്തിലല്ലാതെ സ്ഥിതിചെയ്യുന്ന എടാട്ടുപാടം, വടക്കേപ്പാടം, ആപ്പാഞ്ചിറ പ്പാടം എന്നീ പ്രദേശങ്ങളിൽ വേലിയേറ്റവും വേലിയിറക്കവും കൃഷിയെ ബാധിക്കുന്നുണ്ട്. പഞ്ചായത്തിലെ കുന്നുകൾക്ക് ഏകദേശം 50 മുതൽ 60 മീറ്റർ വരെ ഉയരമുണ്ട്. തെക്കു പടിഞ്ഞാറൻ മൺസൂൺ കാലത്തും (ജൂൺ, ജൂലൈ) വടക്കു കിഴക്കൻ മൺസൂൺ കാലത്തും (ഒക്ടോബർ, നവംബർ)

## മുളക്കുളം ഗ്രാമപഞ്ചായത്ത്

## പഠന പര്യടനം




| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | നിലം | കുന്നുംചെരിവ് | നിലം | നിരപ്പുഭൂമി | നിലം | കുന്നും ചെരിവുകളും | നിലം | നിരപ്പുഭൂമി | കുന്നിൻ ചെരിവ് | കുന്നിൻ ചെരിവ് | നിലം | കുന്നിൻ ചെരിവ് | നിലം |
| മൺതരം | ചെളി മണ്ണ് | വെട്ടുകൽ മണ്ണ് | ചെളി | വെട്ടുകൽമണ്ണ് | ചെളി | വെട്ടുകല്ല് - പാറ, മണ്ണ് | ചെളിമണ്ണ് | വെട്ടുക്കൽമണ്ണ് മ്യാൽനിലം | വെട്ടുക്കൽ പാറ | വെട്ടുക്കൽ മണ്ണ് | ചെളി | വെട്ടുകൽ മണ്ണ് | ചെളി മണ്ണ |
| സസ്യാവരണം | നെല്ല് തെങ്ങ് | റബ്ബർ | നെല്ല് പച്ചക്കറി | റബ്ബർ | നെല്ല് പച്ചക്കറി | റബ്ബർ | നെല്ല് | റബ്ബർ, നെല്ല് | റബ്ബർ | റബ്ബർ | നെല്ല്, പച്ചക്കറി | റബ്ബർ | നെല്ല്, പച്ചക്കറി |
| പാരിസ്ഥിക പ്രശ്നം | വെള്ളകെട്ട് | കല്ലുവെട്ട് | - | കല്ലുവെട്ട് | നിലം നികത്ത് | കല്ലുവെട്ട്, പാറ പൊട്ടിക്കൽ, മണ്ണു കൊണ്ടുപോകൽ | നിലംനികത്ത് | കല്ലുവെട്ട് നിലം നികത്തൽ | - - | - - | നിലം നികത്ത് | - - | - - |

പഞ്ചായത്തിൻെറ വടക്കുഭാഗത്തുകൂടെ കടന്നുപോകുന്ന മൂവാറ്റുപുഴയാറ് കരകവിഞ്ഞ് ഒഴുകുന്നതു മൂലം 1, 2, 3, 4, 5, 6, 7, 8 എന്നീ വാർഡുകളിൽ കൃഷിനാശം സംഭവിക്കാറുണ്ട്. കുടിയൊഴിപ്പിക്കൽ, ഗതാഗതതടസ്സം എന്നീ ദുരിതങ്ങളും ഇക്കാലത്തെ നിരന്തരം പ്രശ്നങ്ങളാണ്. കൂടാതെ ഏകദേശം 600 ഏക്കറോളം വരുന്ന എടാട്ടുപാടം പുഞ്ച ഒരുപ്പൂവായി ഇപ്പോഴും കൃഷിയിറക്കേണ്ടിവരുന്നതും ഈ കാരണ ത്താലാണ്.

## ജലപ്രകൃതി.

ഒരിക്കലും വറ്റാത്ത ജല സമ്പത്തുകൊണ്ട് പൂർണ്ണമായും അനുഗ്രഹീതം എന്നു പറയാൻ കഴിയില്ലെങ്കിലും കരുത ലോടെ സംഭരിച്ചാൽ വർഷാന്ത്യത്തോളം പരാശ്രയം കൂടാതെ കഴിഞ്ഞു പോകുവാൻ തക്കവണ്ണം ജലസ്രോതസുകൾ നമുക്കുണ്ട്. എങ്കിലും കഴിഞ്ഞ കുറെവർഷങ്ങളായി (റബ്ബർ കൃഷിയുടെ വ്യാപനത്തോടെ) രൂക്ഷമായ വരൾച്ച പഞ്ചായ ത്തിൻെറ ഒട്ടുമിക്ക പ്രദേശങ്ങളെയും ബാധിക്കുന്നുണ്ട്.

## പ്രധാനപ്പെട്ട തോടുകൾ

കുമ്മത-മുളക്കുളം വലിയതോട്, കീഴൂർ-ആപ്പാംചിറ തോട്. ഉദയഞ്ചേരി ഭാഗത്തുനിന്നാരംഭിച്ച് കുന്നപ്പിള്ളിവഴി എടാട്ടുപാടത്തവസാനിക്കുന്ന കുറുവേലിത്തോട് എന്നിവ യാണ് പഞ്ചായത്തിലെ മുഖ്യതോടുകൾ. മൂവാറ്റുപുഴയാറിലും ആപ്പാംചിറതോടിലുമായിട്ടാണ് പഞ്ചായത്തിലെ ചെറുതും വലുതുമായ നിരവധി തോടുകളും കൈവഴികളും അവസാ നിക്കുന്നത്.

| പ്രധാന കുളങ്ങളുടെ പേരുവിവരം | |
|---|---|
| 1, പുത്തൻകുളം | 10, കാവിക്കുളം |
| 2, പെരുംകുളം4, വട്ടക്കുളം | 11. പഴയമ്പള്ളിക്കുളം |
| 3, അർത്തക്കുളം7, വട്ടച്ചാൽ | 12, പെരുവ അമ്പലക്കുളം |
| 4, മുളക്കുളം അമ്പലക്കുളം | 13, കാരിക്കോട് അമ്പലക്കുളം |
| 5, തലയ്ക്കൽക്കുളം | 14, ചിറപ്പുറം |
| 6, പൂഴിക്കോൽ കുളം | 15, ചങ്ങലം തുരുത്ത് കുളം |
| 7, കാട്ടാമ്പിള്ളിക്കുളം | 16, മമ്പള്ളിക്കുളം (ആലുംച്ചുവട്ട്) |
| 8. ചറപ്പുറത്തുകുളം | 17, കുന്നപ്പിള്ളി-പെരുമാലികുളം |
| 9. ചാവേരിക്കുളം | 18, വട്ടക്കുളം |
| 19, വട്ടച്ചാൽ | |

കുന്നുകളും, ചരിവുകളും, ചെറിയപുഞ്ചപ്പാടങ്ങളും കൊണ്ട് നിറഞ്ഞതാണ് പഞ്ചായത്തിലെ ഭൂവിന്യാസം. വർഷക്കാലങ്ങളിൽ ചെറിയ തോടുകളിൽ കൂടി നീരൊഴുക്ക് ഉണ്ടെങ്കിലും വേനൽക്കാലത്തോടെ അതു മുഴുവൻ വറ്റി വരളുന്നു. കുന്നിൻപ്രദേശങ്ങളിൽ വേനൽക്കാലാരംഭത്തോടെ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. താഴ്വാരങ്ങളിലും സമതല പ്രദേശങ്ങളിലും കിണർവെള്ളം ഉണ്ടെങ്കിലും കൃഷിക്ക് ഉപകരിക്കാൻ ലഭിക്കുന്നില്ല. വേലിയേറ്റവും വേലിയിറക്കവും ഉണ്ടാകുന്നതുകൊണ്ട് മുളക്കുളം ഭാഗത്ത് മാത്രം കുട് വെള്ളത്തിന് പ്രശ്നമില്ല. മൂവാറ്റുപുഴയാറ്റിലെ മണൽവാരൽ നിമിത്തം പുഴയുടെ ആഴം വർദ്ധിക്കുന്നതിനാൽ അതിനനു സരിച്ച് സമീപപ്രദേശങ്ങളിലെ കിണറുകളുടെ ജലനിരപ്പും താഴുന്നതായി ഉത്കണ്ഠയുണ്ട്.

## ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം മുളക്കുളം ഗ്രാമപഞ്ചായ ത്തിലെ ജനസഖ്യ 23663.

ഇതിൽ സ്ത്രീകൾ: 11763, പുരുഷന്മാർ: 11900. സ്ത്രീകളെ അപേക്ഷിച്ച് 137 പുരുഷന്മാർ കൂടുതൽ ആണ്. അതായത്, ഈ കണക്കുകാണിക്കുന്നത് സംസ്ഥാനശരാശരിയിൽ സ്ത്രീകളാണ് മുന്നിൽ, എങ്കിലും ഇവിടെ അത് വ്യത്യസ്ത മായി നില നിൽക്കുന്നു. 1991 ലെ ജനസംഖ്യ അനുസരിച്ച് നമ്മുടെ ഗ്രാമത്തിൻെറ ജനസാന്ദ്രത 905 (ചതു:കി:മീറ്ററിന്) ആണ്. 1996 ലെ കണക്കുപ്രകാരം സംസ്ഥാന ശരാശരി 801 ആണ്. ആനുപാതിക ജനസംഖ്യാ വർദ്ധനവനുസരിച്ച് 1996 ലെ മുളക്കുളം ഗ്രാമപഞ്ചായത്തിലെ ജനസാന്ദ്രത 1032. 1991ലെ സെൻസസ് പ്രകാരം 4754 വീടുകളാണ് 11-വാർഡു കളിലായുള്ളത്. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ 5 ആണ്.

വിദ്യാഭ്യാസ രംഗത്ത്, കോട്ടയം ജില്ലയിലെ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് മുളക്കുളം. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. സേവനമേഖലയിൽ കണ്ണുംനട്ടാണ് ഇതിൽ നല്ല ശതമാനം ഇപ്പോഴും നിൽക്കുന്നത്. ഇതിനൊരു മാറ്റം ഉണ്ടാകണം. ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു എങ്കിലും കാലത്തിൻെറ കുത്തൊഴുക്കിൽ ഈ അവസ്ഥക്കു മാറ്റം വന്ന് മതനിരപേക്ഷസംസ്കാരം നില നിൽക്കുന്നുണ്ട്. പട്ടികജാതി വർഗ്ഗകുടുംബങ്ങൾ 455 ആണ്. ഇത് ജനസംഖ്യയുടെ 11.56 ശതമാനമാണ്. ജനസംഖ്യയിൽ ഉദ്ദേശം 55% ക്രിസ്ത്യൻ കുടുംബങ്ങളും 44. 98% ഹിന്ദുകുടുംബങ്ങളും നാമമാത്രമായ മുസ്ലീംകുടുംബങ്ങളുമുണ്ട്.

* * *

# സാമൂഹ്യ
# സാമ്പത്തിക മേഖലകൾ



# കൃഷി

ചരിത്രപരമായി കേരളത്തിലെ മറ്റുഗ്രാമങ്ങളെപ്പോലെ തന്നെ നമ്മുടെ മുളക്കുളം പഞ്ചായത്തും ഒരു കാർഷിക ഗ്രാമമായിരുന്നു. മണ്ണും, മനുഷ്യനും, വിയർപ്പും രൂപം നല്കിയതായിരുന്നു നമ്മുടെയും ആദിസംസ്ക്കാരത്തിൻെറ അടിത്തറ. കൊയ്ത്തുപാട്ടിൻെറ ഈരടികൾ കേട്ടുണരുന്ന വയലേലകളും ഓർമ്മകളിൽ തട്ടിമയങ്ങുന്ന തേക്കുപാട്ടും പുഞ്ചവയലുകളോടോപ്പം നമുക്കും നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. മറവികളുടെ നിക്ഷേപങ്ങളിൽ നിന്നും കടമെടുത്ത അത്തരം കുറെ ഓർമ്മകളാണ് ഒരു പക്ഷേ നമ്മുടെ കാർഷിക ചരിത്രത്തിലെയും ആദ്യത്തെ കുറെ അധ്യായങ്ങൾ.

നൂറ്റാണ്ടുകൾക്കും മുമ്പായിരുന്നു നമ്മുടെ പഞ്ചായത്തിലെ കാർഷിക ചരിത്രവും ആരംഭിക്കുന്നത്. ജന്മിയും കുടിയാനും കർഷകതൊഴിലാളിയുമായിരുന്നു അക്കാലത്തെ ഇവിടുത്തെയും അടിസ്ഥാനവർഗ്ഗ വിഭാഗങ്ങൾ. ജാതിവ്യവസ്ഥ നിലനിന്നിരുന്ന അക്കാലത്ത് ഭൂമിയിന്മേലുള്ള ഉടമസ്ഥതാവകാശം പൂർണ്ണമായും ജന്മിമാരിലും കൃഷിചെയ്യാനുള്ള ഉത്തരവാദിത്വം പാട്ടക്കാരനിലുമാണ് നിക്ഷിപ്തമായിരുന്നത്. കൃഷിപ്പിഴ സംഭവിച്ചാലും ഉല്പാദനം കുറഞ്ഞാലും പാട്ടവ്യവസ്ഥ ലംഘിക്കാനുള്ള അധികാരം പാട്ടക്കാരനില്ലായിരുന്നു. നെല്ല്, മരച്ചീനി, തെങ്ങ്, കുരുമുളക്, ഇഞ്ചി, വാഴ, മഞ്ഞൾ, കച്ചോലം, തെരുവപ്പുല്ല്, വരക് (അരിക്കുപകരം ഉപയോഗിക്കുന്ന ഒരു തരം ധാന്യം) എന്നിവയായിരുന്നു പ്രധാനകാർഷികവിളകൾ. അക്കാലത്തെ എടുത്തുപറ യാവുന്ന ഒരു കാർഷിക അനുബന്ധ പ്രവർത്തനമായിരുന്നു 'തെരുവതൈല' നിർമ്മാണം. പ്രധാനമായും കാർഷിക പുരോഗതി കൈവരിച്ച ഭവനങ്ങളായിരുന്നു ഇത്തരത്തിലുള്ള ജോലികളിൽ ഏർപ്പെട്ടിരുന്നത്. ഇതിനാവശ്യമായ വലിയ 'വാറ്റുചെമ്പുകളും' മറപ്പുരയും ആക്കാലത്തെ ഒരു വീടിൻെറ കാർഷികമേൽക്കോയ്മ വിളിച്ചറിയിക്കുന്ന ചിഹ്നങ്ങളായിരുന്നു. അതുപോലെ തന്നെ ജന്മിത്വത്തിൻെറയും ആഢ്യ ത്വത്തിൻെറയും മറ്റൊരു മുഖലക്ഷണമായിരുന്നു കന്നുകാലി, കാളപോത്ത്, എന്നി നാല്ക്കാലിമൃഗങ്ങളുടെ ബാഹുല്യം.

യന്ത്രസാമഗ്രികൾ ലഭ്യമല്ലാതിരുന്ന ആ കാലത്ത് ഓരോ കാർഷിക കുടുംബങ്ങളിലും നിലമുഴുന്നതിനു വേണ്ടി കാളകളെ മെരുക്കി വളർത്തിയിരുന്നു ചാണകവും ചപ്പുചവറുകളുമായിരുന്നു പ്രധാനവളങ്ങൾ. സസ്യങ്ങളെ ആക്രമിച്ചിരുന്ന കിടങ്ങൾക്കേതിരെ പരക്കെ ഉപയോഗിച്ചിരുന്ന ഒരു കിടനാശിനിയായിരുന്നു 'പുകയിലകഷായം'. 'ഉല്പന്നക്കൈമാറ്റവ്യവസ്ഥ' നിലനിന്നിരുന്ന. ആ കാലങ്ങളിൽ സാധനസേവനങ്ങൾക്കു പകരം നെല്ലായിരുന്നു കൂലിയായി നൽകിയിരുന്നത്. പുതുമഴപെയ്താൽ ചരിവു നിലങ്ങളിൽ 'വെള്ളാര്യൻ' വിതയ്ക്കുന്ന സമ്പ്രദായവും, പുതുനെല്ല് കുത്തി ചോറുണ്ണുന്ന തിരുവോണദിനങ്ങളും ആ കാലത്തെ കർഷകസൗഹൃദത്തിൻെറ സ്നേഹോഷ്മളമായ സ്മരണകളായിരുന്നു. ഭൂഉടമകൾ നെല്ല് അരിയാക്കുന്നതിന് കൈകുത്തു സമ്പ്രദായമായിരുന്നു പിന്തുടർന്നിരുന്നത്. കാളകെട്ടി വലിക്കുന്ന (മനുഷ്യപ്രയത്നവും ഉപയോഗിക്കാമായിരുന്നു) ചക്കുകളായിരുന്നു എളള് തേങ്ങാ മുതലായവ ആട്ടി എണ്ണ എടുക്കാനായി ഉപയോഗിച്ചിരുന്നത്.

അമ്പതുകളുടെ അവസാനത്തിൽ നിലവിൽവന്ന പാട്ടകുടിയായ്മനിയമങ്ങളും, ഭൂപരിഷ്കരണനിയമങ്ങളും കേരളത്തിലെ കാർഷികരംഗത്തെ ഇളക്കിമറിച്ച സംഭവങ്ങളായിരുന്നു. കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം സാർവത്രികമായതോടെ കാർഷിക രംഗത്തിന് പുത്തനുണർവ്വ് കൈവന്നു. തെങ്ങും, കവുങ്ങും, വ്യാപകമായി തോതിൽ നട്ടുവളർത്തിയതും, പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും റബ്ബർകൃഷി പരീക്ഷിച്ചു തുടങ്ങിയതും ഈക്കാലത്തായിരുന്നു. നാളികേരത്തിനും മറ്റുനാണ്യവിളകൾക്കും ന്യായമായവില ലഭിച്ചതോടെ ഇതിൻെറ ഉല്പാദനത്തിലും കർഷകരുടെ ഇടയിൽ താല്പര്യമുദിച്ചു. ഈ കാലയളവിൽ ആരംഭിച്ച ദേശീയ പഞ്ചവത്സര പദ്ധതികളുടെ തുടക്കവും കാർഷിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിൽ സഹായിച്ചു.

1970 കളോടെ കാർഷിക രംഗത്തുണ്ടായ പ്രധാന മാറ്റമായിരുന്നു യന്ത്രവത്കരണത്തിൻെറ കടന്നുകയറ്റം. ഉല്പാദന വിതരണ സംസ്ക്കരണ രംഗങ്ങളിൽ ശാസ്ത്രിയ കൃഷിരീതികൾ അവലംബിച്ചു തുടങ്ങിയതും രാസവളം, കിടനാശിനികൾ എന്നിവ വ്യാപകമായ തോതിൽ ഉപയോഗിച്ചു തുടങ്ങിയതും ഈ കാലയളവുമുതൽ ക്കായിരുന്നു.

കാർഷിക ധനസഹായബാങ്കുകൾ, സഹകരണ സംഘങ്ങൾ കാർഷിക ധനസഹായ സ്ഥാപനങ്ങൾ, കൃഷിഭവനുകൾ എന്നി പ്രസ്ഥാനങ്ങളുടെ ആവിർഭാവം ഏകദേശം ഈ കാലഘട്ടങ്ങളിലായിരുന്നു. കൃഷിയിടങ്ങ ളിലേറിയ പങ്കും, റബ്ബർ, നെല്ല്, മരച്ചീനി, എന്നി വിളകൾ കൈ യടക്കിയപ്പോൾ സ്വാഭാവികമായും ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം ഗണ്യമായതോതിൽ കുറഞ്ഞു. ഏകദേശം എഴുപതുകളുടെ ആരംഭത്തോടെ നാട്ടിൻപുറങ്ങളിൽ കണ്ടുതുടങ്ങിയ 'പച്ചക്കറിക്കടകളുടെ ഉദയം' ഇതിൻെറ ഫലമായിരുന്നു. ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെ പരമ്പരാഗത കാർഷിക കുടുംബങ്ങളിലെ പിൻ തലമുറക്കാർ പലരും കാർഷികവൃത്തി ഉപേക്ഷിക്കുകയും മറ്റു തൊഴിലുകളിലേർപ്പെടാൻ ആരംഭിക്കുകയും ചെയ്തു. ജനസംഖ്യയുടെ ക്രമാതീതമായ വർദ്ധനമൂലം കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറയുകയും കാലക്രമേണ കൃഷിലാഭക രമല്ലാതായി തീരുകയും ചെയ്തിട്ടുണ്ട്.

## മണ്ണിൻെറ ഇനം,അമ്ല-ക്ഷാരവസ്തു, ജലലഭ്യതാസൗകര്യം -നെൽപാടങ്ങളുടെ വിവരം

| വാർഡുകൾ | ജലലഭ്യത (ആവശ്യമായ താഴ്ച | അമ്ല-ക്ഷാര വസ്തു P.H. Value | മണ്ണിൻെറ ഇനം (പൊതുവിൽ) | നെൽപാടങ്ങൾ (പാടശേഖരങ്ങൾ) |
|---|---|---|---|---|
| 1,2,3, | 2 മുതൽ 15 മീറ്റർ | 4.5 മുതൽ 5 വരെ | പശിമരാശികലർന്ന ചെമണ്ണ് 1 1/2 മുതൽ 2 മീറ്റർ താഴെ കടുപ്പമേറിയ ചെങ്കൽപ്പാറ മണ്ണ് | ഇടാട്ടുപുഞ്ച, മുളക്കുളം പുഞ്ച (1 പൂവ്) അവർമ്മാപാടം ( 2 പൂവ്) |
| 4,5 | 4 മുതൽ 12 മീറ്റർ താഴ്ചയിൽ | 4.5 മുതൽ 5 വരെ | പശിമരാശി കലർന്ന ചെമ്മണ്ണ് | ഇടാട്ടുപുഞ്ചയുടെ 1/4ഭാഗം (1 പൂവ്) കുന്നപ്പള്ളി പ്പാടം (2 പൂവ്) പെരുവപ്പാടം (2 പൂവ ചെയ്യാമെങ്കിലും ഒന്നേ ചെയ്യുന്നുള്ളൂ) |
| 6,7, 8,9,10,11 | 10 മുതൽ 15 മീറ്റർ താഴ്ചയിൽ | 4.5. മുതൽ 5 വരെ | പശിമരാശി കലർന്ന ചെമ്മണ്ണ്, 2 മീറ്റർ താഴ്ചയിൽ കടുപ്പമേറിയ ചെങ്കല്ല് | ഇടാടുപുഞ്ച 1പൂവ് കാരിക്കോട്, തലക്കൽപ്പാടം കിഴൂർ പാടം, ചുളായിക്കോടുപാടം 2 പൂവ് കൃഷി |

## പുറംപോക്കു സംബന്ധിച്ച വിവരങ്ങൾ

## (Ref. മുളക്കുളം വില്ലേജ് പുറപോക്കു രജിസ്റ്റർ)

വിസ്തീർണ്ണം ഏക്കറിൽ

| റോഡ് | തോട് | കുളം | റവന്യൂ |
|---|---|---|---|
| 79--51 | 55.02 | 3.97 | 0.53 |

## ഭൂമിവിവരങ്ങൾ (Ref, A & BT രജിസ്റ്ററുകൾ)

| ഭൂവിസ്തീർണ്ണം | | | | ഏക്കർ | കൃഷിഭൂമി ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1–10 0സെൻറ് | 10–25 സെൻറ് | 25–50 സെൻറ് | 50–100 സെൻറ് | 1–2 ഏക്കർ | 2–5 ഏക്കർ | 5ഏക്കറിന് മേൽ |
| 5116 | 1269.4 | 168.06 | 0.49 | 6554.13 | 2762 | 3233 | 1617 | 2115 | 1465 | 908 | 145 |

### നെൽകൃഷി

കാലാകാലങ്ങളായി കേരളീയരുടെ മുഖ്യ ആഹാരം അരിയായിരുന്നല്ലോ. എന്നാൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടു കാലത്തെ കാർഷിക ചരിത്രം പരിശോധിച്ചാൽ കേരളത്തിൽ നെല്ല് ഉല്പാദനം വർഷംചെല്ലും തോറും കുറഞ്ഞുവരുന്നതായി കാണാം. ഇന്ന് കേരളത്തിൽ നമുക്ക് ആവശ്യമായ അരിയുടെ മുപ്പതു ശതമാനം മാത്രമാണ് ഉല്പാദിപ്പിക്കപ്പെടുന്നത്.

പട്ടികകൾ ഇക്കാര്യം വ്യക്തമാക്കുന്നു. മറ്റുകൃഷികളുമായി തട്ടിച്ചുനോക്കുമ്പോൾ താരതമ്യേന ലാഭം കുറവായതുമൂലം പല വൻകിട കൃഷിക്കാരും ഈ കൃഷിയെ പൂർണ്ണമായും ഉപേക്ഷിക്കുന്നതിനിടയായിട്ടുണ്ട്. മറ്റു ചിലരാകട്ടെ ഭക്ഷ്യാവശ്യത്തിനുള്ള ഉല്പാദനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. ജനസംഖ്യാവർദ്ധനമൂലം കൃഷിയിടങ്ങളും പാടങ്ങളും നികത്തിപുരയിടങ്ങളാക്കി മാറ്റിയതും നെൽകൃഷിയുടെ ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സേവന വേതന മേഖലകളിൽ (ബിസിനസ്, ഗവ: ജോലി) പ്രതിനിധ്യമില്ലാത്ത ഇടത്തരക്കാരാണ് ഇപ്പോൾ നെൽകൃഷിയിലേർപ്പെട്ടിരിക്കുന്ന ഉല്പാദകരിലധികവും. തന്മൂലം ഒരു രണ്ടാം തരം ശ്രദ്ധമാത്രമേ ഈ ഉല്പാദനരംഗത്തിന് ലഭിക്കുന്നുള്ളു.

ഏതൊരു കൃഷിയെയും പോലെ നെൽകൃഷി കർഷകരും അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം ജലത്തിൻെറ ദൗർലഭ്യമാണ്. (പഞ്ചായത്തിലെ ജലസേചന സംവിധാനങ്ങളുടെ പട്ടിക നോക്കുക). പ്രത്യേകിച്ചും റബ്ബർ മരങ്ങളുടെ

വ്യാപനത്തോടെ മണ്ണിലെ ജലാംശത്തിൻെറ അളവ് ക്രമാതീതമായതോതിൽ കുറഞ്ഞുവരുന്നതിന് പഞ്ചായത്തിലെ കിണറുകൾ തന്നെ തെളിവുകളാണ്. പാടങ്ങളുടെ ഇരുവശത്തും തീർത്തിരുന്ന പാർശ്വകുളങ്ങളും, കണ്ടങ്ങളിലായി കുറുകെ വെള്ളം നിറുത്തുവാൻ തീർത്ത നീർച്ചാലുകളും, വട്ടക്കുളങ്ങളും കർഷകർതന്നെ നിലങ്ങളാക്കി മാറ്റിയതോടെ നീർനിറപ്പുകൾ നഷ്ടപ്പെട്ട കാർഷികനിലങ്ങൾ കൂടുതൽ വരണ്ടതായി മാറ്റപ്പെട്ടു. ഇതുമൂലം കരക്കണ്ടം 'മ്യാല്' എന്നീ പ്രദേശങ്ങളിൽ നെൽകൃഷി എന്നന്നേക്കുമായി തുടച്ചുമാറ്റപ്പടുകയും പകരം പുതിയ കാർഷികമരമായ റബ്ബർ സ്ഥാനം പിടിക്കുകയും ചെയ്തു. (വിളനിർണ്ണയവും ഉല്പാദനവും പട്ടിക നോക്കുക).

ആവശ്യത്തിന് വെള്ളം ലഭിക്കുമെങ്കിൽ പഞ്ചായത്തിലെ മിക്കവാറും ഒരുപ്പൂ കണ്ടങ്ങൾ ഇരുപ്പൂക്കണ്ടങ്ങളായും, ഇരുപ്പൂകണ്ടങ്ങൾ മൂപ്പൂക്കണ്ടങ്ങളായുംമാററികൊണ്ട് ഇരട്ടി ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. ഇതിൻെറ പരിഹാരമെന്ന നിലയിൽ വെള്ളം ലഭ്യമാക്കാനുള്ള വൻകിട പദ്ധതികളൊന്നുതന്നെ നാളിതുവരെ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഉണ്ടായതാകട്ടെ (കുന്നപ്പിള്ളി ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ട്)കെടുകാര്യസ്ഥതമൂലം ഇതേവരെ ഫലപ്രാപ്തിയിലെത്തിയിട്ടുമില്ല.

അതുമാത്രമല്ല ലക്ഷ്യമിട്ട കനാൽ നീളത്തിൽ നിന്നും നല്ലൊരു ശതമാനം വെട്ടിക്കുറക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തുകയുടെ ആയിരം ഇരട്ടി ചിലവഴിച്ചിട്ടും ഇതേവരെ പണിതിർക്കാത്ത കനാൽ ഈ പ്രദേശങ്ങളിലെ ഓരോ കർഷകൻെറയും മനസിൽ നിരാശയുടെ വരണ്ട നിർച്ചാലുകൾ പോലെ ഇന്നും അവശേഷിക്കുന്നു.

തൊഴിലാളികളെ കിട്ടാനില്ലാത്തതാണ് ഈ രംഗം നേരിടുന്ന മറ്റൊരു പ്രധാനപ്രശ്നം. ആധുനിക വിദ്യാഭ്യാസം നല്കുന്ന വികലമായ സാമൂഹ്യബോധവും ഉപഭോഗസംസ്ക്കാരത്തിൻെറ അതിപ്രസരവുമാണ് നമ്മുടെ യുവാക്കളെയും യുവതികളെയും മണ്ണിൽ നിന്നും ഏറെ അകറ്റിയിരിക്കുന്നത്. പിറന്നു വീണമണ്ണിൻെറ ചുംബനമേറ്റുവാങ്ങുന്ന കാല്പാദങ്ങളുടെ എണ്ണം നാൾതോറും കുറഞ്ഞുവരികയാണ്. പകരം ആക്ഷൻ ഷൂസിൻെറയും വെൽവെറ്റ് സോക്സിൻെറയും ഉള്ളിൽ, പിറന്നുവീണ മണ്ണിനെ ചവിട്ടാനറയ്ക്കുന്ന കാല്പാദങ്ങൾ ഒരു സ്വർണ്ണതളികയിലെന്നോണം പൊതിഞ്ഞു സൂക്ഷിക്കപ്പെടുന്നു. ഫലമോ നിർച്ചാലുകളുടെ സംഗീതവും മണ്ണിൻെറ മണവും നഷ്ടപ്പെട്ട ഒരു പൊങ്ങൻ തലമുറയിൽനിന്നും മണ്ണും മാനവും ദിനം പ്രതി അന്യമായിക്കൊണ്ടിരിക്കുന്നു.

കെട്ടിടനിർമ്മാണം, റോഡുനിർമ്മാണം, മറ്റ് കോൺക്രീറ്റ് പണികൾ എന്നിവയിൽ തങ്ങളുടെ പ്രയത്നം ചെലവഴിക്കാനാണ് തൊഴിലാളികളിലേറെയും പേർ ആഗ്രഹിക്കുന്നത്. കോടികൾ ചെലവിട്ട് കെട്ടിപ്പൊക്കുന്ന കൊട്ടാരസദൃശ്യമായ വീടുകളുടെ നിർമ്മാണം ആ മേഖലയിൽ സ്ഥിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമ്പോൾ തൊഴിലാളികളിലേറിയ കൂറും ഇവിടെതന്നെ കേന്ദ്രീകരിക്കപ്പെടുകയും തുടർന്നു പോരുകയും ചെയ്യുന്നു. ശേഷമുള്ളവരാകട്ടെ റബ്ബർ മേഖലയിലും, ഡ്രൈവിംങ്-ഓട്ടോറിക്ഷമേഖലയിലും കേന്ദ്രീകരിക്കപ്പെടുമ്പോൾ കാർഷികമേഖലയിൽ, പ്രത്യേകിച്ചും നെല്ലുല്പാദനരംഗത്ത് വിരലിലെണ്ണാവുന്ന ഒരു കൂട്ടം തൊഴിലാളികളുടെ അധ്വാനം മാത്രമേ ലഭിക്കുന്നുള്ളു. അതാകട്ടെ സാങ്കേതിക വൈദഗ്ദ്ധ്യത്തിലും പ്രയത്നശേഷിയുടെ കാര്യത്തിലും ശുഷ്കവുമാണ്.

ന്യൂക്ലിയർ കുടുംബങ്ങളുടെ വരവോടെ നമ്മുടെ ഉപഭോഗസംസ്ക്കാരത്തിന് ആക്കം ഏറിയിരിക്കുകയാണ്. എന്തും ഏതും നട്ടുവളർത്താം എന്നതിനുപകരം വിലകൊടുത്തു വാങ്ങാം എന്ന ക്ലേശരഹിതമായ തത്വശാസ്ത്രത്തിലേക്ക് അതു നമ്മുടെ സുഖേച്ഛയെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു. കൊയ്തുമെതിച്ചു കിട്ടിയ നെല്ലുകൊണ്ട് വർഷാന്ത്യം വരെ ചിലവ് നടത്തിയിരുന്ന പല കുടുംബങ്ങളും ഇന്നാതൊഴിലിനോട് വിമുഖത കാട്ടിവരുന്നു. ഉപഭോഗസംസ്ക്കാരം വളർത്തിയ അമിതാലസ്യവും ഒരു രണ്ടാം തരം തൊഴിലെന്ന ചിന്തയുമാണ് ജനങ്ങളുടെ ഈ മനം മാററത്തിന് പ്രധാന കാരണങ്ങൾ.

## കൃഷികളുടെ തോത്

**Ref.** പഠനപര്യടന റിപ്പോർട്ട്-കൃഷിഭവൻ

| | കൃഷിപ്രദേശം (ശതമാനത്തിൽ) | | |
|---|---|---|---|
| കൃഷി ഇനങ്ങൾ | 1,2,3 വാർഡുകളിൽ | 4,5വാർഡുകളിൽ | 6,7,8,9,10,11 വാർഡുകളിൽ |
| റബ്ബർ | 60 | 60 | 65 |
| തെങ്ങ് | 25 | 21 | 20 |
| നെല്ല് | 8 | 10 | 10 |
| കുരുമുളക് | 2.5 | 2.5 | 2 |
| കൊക്കോ | 0.7 | 0.7 | 0.5 |
| മരച്ചീനി | 1 | 1 | 0.2 |
| ഇഞ്ചി | 0.2 | 0.2 | 0.2 |
| മഞ്ഞൾ | 0.2 | 0.2 | 0.2 |
| ജാതി | 0.2 | 0.2 | 0.2 |
| ഗ്രാമ്പു | 0.2 | 0.2 | 0.0 |
| വാഴ | 2 | 4 | 1 |

മേൽത്തരം വിത്തിനങ്ങൾ, രാസവളം, കിടനാശിനി എന്നിവ ചുരുങ്ങിയ നിരക്കിൽ ലഭ്യമാക്കിയും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഈ രംഗത്ത് ഉല്പാദന വർദ്ധനവ് ഉയർത്താവുന്നതാണ്. ഇതുപോലെതന്നെ പഞ്ചായത്തുകൾ തോറും ചുരുങ്ങിയത് 5 സെറ്റ് മെതിയന്ത്രം, കെയ്ത്ത് യന്ത്രം, ടില്ലർ, പമ്പുസെറ്റ്, മരുന്നടിയന്ത്രം എന്നിവ വാടകാടിസ്ഥാനത്തിൽ കർഷകന് സംവിധാനം ഏർപ്പെടു

ത്തിയും ഈ കൃഷിയെ പതനത്തിൽ നിന്നും രക്ഷിക്കാനുളള നീക്കങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണ്. (ഇതിൽ നിന്നും ലഭിക്കുന്ന വാടകതുക പഞ്ചായത്തിന് ഒരു ധനാഗമ മാർഗ്ഗം കൂടിയാണ്).

കർഷകരും, ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു സമിതി ഓരോ പാടശേഖര അടിസ്ഥാനത്തിലും രൂപീകരിച്ച് കൂട്ടായ ഒരു യത്നത്തിലൂടെ ഈ കാർഷികമാന്ദ്യത്തിന് ഒരു പരിഹാരം കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്.

## കീട-രോഗബാധ കൃഷികളിൽ

| പഠനപര്യടനറിപ്പോർട്ട്-കൃഷിഭവൻ | | |
|---|---|---|
| കൃഷിയിനം | രോഗബാധ | കീടബാധ |
| റബ്ബർ | പട്ടമരപ്പ്<br>പട്ടചീയൽ<br>ആനുകാലിക ഇലകൊഴിച്ചിൽ<br>ഇലപ്പുളള രോഗം | സക്കെയിൻ ഇൻസെക്റ്റ്<br>Shoolbooer<br>(കവരതുളയ്ക്കുന്ന പുഴു) |
| തെങ്ങ് | ഓലമഞ്ഞളിപ്പ്<br>കൂമ്പുചീയൽ<br>stem bleeding<br>(ചെന്നീരൊലിപ്പ്) | കറുത്ത ചെല്ലി<br>ചുവന്ന ചെല്ലി<br>പൂങ്കുലച്ചാഴി |
| നെല്ല് | കുലവാട്ടം<br>പോളചീയൽ<br>മൂട്ചീയൽ | ഓലചുരുട്ടിതണ്ടുതുരപ്പൻ<br>വെളളിക്കോൽ<br>(ഗ്രാമാഫ്ളൈ) ഇലപ്പേൻ<br>ചാഴി, മൂഞ്ഞ |
| കുരുമുളക് | ദ്രുതവാട്ടം<br>മൂടുചീയൽ<br>മണികൾ പൊളളയാകൽ | പുളളുവിട്ടിൽ,സ്കെയിൻ<br>ഇൻസെക്റ്റ്<br>ഇലപ്പേൻ |

## തെങ്ങ്

കേരളത്തിൽ നെല്ല് കഴിഞ്ഞാൽ ഏറ്റവും പ്രധാന വിളതെങ്ങാണ് നാണ്യവിളകളുടെ കാര്യത്തിൽ ഒന്നാം സ്ഥാനം തെങ്ങിന് തന്നെ. കേരത്തിൻെറ നാട് ആണ് കേരളം എങ്കിലും ഇവിടെ കേരം ക്ഷയിച്ചുകൊണ്ട് ഇരിക്കുകയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ നാണ്യവിളയിൽ രണ്ടാം സ്ഥാനമേ ഉള്ളു തെങ്ങിന്. ഇവിടെ വ്യാപകമായി തെങ്ങ് വെട്ടിമാറ്റിയും നെൽപ്പാടങ്ങൾ നികത്തിയും റബ്ബർ കൃഷി ചെയ്യുകയാണ്. തെങ്ങ് കൃഷിയിൽ ഉടമസ്ഥർക്ക് താൽപര്യമില്ല. രോഗം ബാധിച്ച തെങ്ങുകൾ നമ്മുടെ ഗ്രാമത്തിൽ ഒന്നു കണ്ണോടിച്ചാൽ എവിടെയും കാണാം. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇന്ത്യയിൽ തേങ്ങാ ഉൽപാദന ത്തിൻെറ എഴുപത് ശതമാനം കേരളത്തിൻെറ സംഭാവനയാ യിരുന്നു. ഇന്ന് ഇത് നാല്പത്തി മൂന്നു ശതമാനം ആയി കുറഞ്ഞിരിക്കുന്നു. കാറ്റുവീഴ്ചയും മറ്റ് രോഗങ്ങളും തേങ്ങാ ഉത്പാദനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്.

നാളിതുവരെ പ്രതിവിധികൾ ഒന്നും ഫലിച്ചിട്ടില്ല. ജനസേചനം തെങ്ങിൻെറ ഉത്പാദനം കൂട്ടുമെന്നും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുമെന്നും ഈ മേഘലയിൽ നടന്ന ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇത് കൃഷി ഡിപ്പാർട്ട്മെൻറ് ഒരു നയമായി അംഗീകരിച്ച് കൃഷിക്കാരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഗവേഷണ പ്രവർത്തനങ്ങൾ ഒട്ടും തന്നെ വിജയപ്രദമായില്ല.

ഉത്പാദനശേഷികൂടിയ സങ്കര ഇനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനോ അനുബന്ധമായി വളം, വെള്ളം, വായ്പാ സംബ്സിഡിയോ ലഭിക്കുന്നില്ല. ബഹുമുഖമായ സമീപനത്തിലൂടെ മാത്രമേ തെങ്ങ് കൃഷി മെച്ചപ്പെടുത്താൻ കഴിയൂ. ഇതിന് കൃഷിക്കാരൻെറ മാനസിക സമീപനത്തിൽ മാറ്റം വരണം. ഇന്നും തെങ്ങ് ഒരു കല്പ വൃക്ഷം തന്നെയാണ്. തെങ്ങായായും, ചിരട്ടയായും, ചകിരിയായും, തടിയായിട്ടും, ഓലയായും എല്ലാംതന്നെ നാനാതരത്തിൽ ഉപയോഗപ്പെടുത്താം. തേങ്ങാ ഉപയോഗിച്ച് പല ഭക്ഷ്യഉത്പന്നങ്ങളും കുടിൽ വ്യവസായം എന്ന രീതിയിൽ ഉത്പാദിപ്പിക്കാം.

വൈക്കം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് ഈ പ്രദേശങ്ങളിൽ തെങ്ങ് ഒന്നിന് പ്രതിമാസം ഇരുന്നൂറ് രൂപ മുതൽ ഇരുന്നൂറ്റി അൻപത് രൂപ വരെ ചെത്തുവാൻ കൊടുത്താൽ പാട്ടം ലഭിക്കും. എന്നാൽ റബ്ബർ കൃഷിക്ക് ലഭിക്കുന്ന പരിഗണനപോലും ഈ കൃഷിക്ക് ലഭിക്കുന്നില്ല. മേൽത്തരം തെങ്ങിൻ തൈകൾ ശാസ്ത്രീയമായ രീതിയിൽ നട്ടുപിടിപ്പിക്കാൻ സമയബന്ധിതമായി പരിപാടി ആവിഷ്കരിക്കണം. തെങ്ങിൻ തൈകൾ ഗ്രാമപഞ്ചായത്തും കൃഷി ഡിപ്പാർട്ടുമെൻറും കൂടി സൗജന്യമായി വിതരണം ചെയ്യണം. തെങ്ങ് കയറ്റതൊഴിലാളികളെ ലഭിക്കുന്നതിന് പല പ്രദേശത്തും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. തെങ്ങ് കയറ്റ യന്ത്രം വാടകയ്ക്ക് ലഭിക്കുന്നതിന് കൃഷിഡിപ്പാർട്ട്മെൻറ് വേണ്ട സംവിധാനം ചെയ്യണം. ജല സേചനത്തിനും കുളം കുഴിക്കുന്നതിനും മോട്ടോർ വാങ്ങുന്നതിനും വ്യാപകമായി വായ്പയും സബ്സിഡിയും നൽകണം.

നാനാതരത്തിൽ തെങ്ങ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ സംസ്ഥാന നാളികേരബോർഡ് പദ്ധതികൾ ആവിഷ്കരിക്കണം. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇരുപത്തിഅഞ്ച് സെൻറിന് മേൽ കൈവശഭൂമിയുള്ള അയ്യായിരത്തിൽപരം ഉടമകൾ ഉണ്ട്. അടുത്ത ഒരു വർഷത്തിന് ഉള്ളിൽ ഇവർ മുഖാന്തിരം ഒരു ഉടമ ഒരു തെങ്ങിൻ തൈ എന്ന ക്രമത്തിൽ നട്ടുവളർത്തുക. പൊതു കുളങ്ങളുടെ സൈഡിൽ തെങ്ങിൻ തൈകൾ ഗ്രാമ പഞ്ചായത്തും നടണം. 5 – 10 വർഷം കൊണ്ട് 5000 × 100 = 50,0000 തേങ്ങയും ഒരു തേങ്ങായ്ക്ക് പത്തുരൂപാ ക്രമത്തിൽ 500000 × 10 = 50,0000 രൂപാ നമ്മുടെ ഗ്രാമത്തിൽ വരുമാനം ഉണ്ടാക്കുവാൻ കഴിയും. ഇത്തരം പ്രവർത്തനങ്ങൾക്ക് മുൻകൈഎടുക്കണം.

## തെങ്ങ് കൃഷി വിവരങ്ങൾ

**Ref: കൃഷിഭവൻ രേഖകൾ**

| | | തെങ്ങ് | എണ്ണം | | തെങ്ങുകൾ | | | | |
|---|---|---|---|---|---|---|---|---|---|
| വാർഡുകൾ | തെങ്ങുകൃഷി വിസ്തീർണ്ണം (ഹെക്റ്റർ) | കായ്ക്കാത്തവ | കായ്ക്കാത്തവ | ആകെ | റൂട്ട്‌വിൽട്ട് | ലീഫ്റോട്ട് | ബഡ് റൂട്ട | സ്റ്റെം ബ്ലീഡിംങ്ങ് | ആകെ |
| 1 | 37 | 1200 | 6200 | 7400 | 5780 | 370 | 148 | 74 | 5772 |
| 2 | 31 | 1000 | 5200 | 6200 | 4300 | 310 | 124 | 62 | 4836 |
| 3 | 19 | 800 | 3800 | 4600 | 3220 | 230 | 92 | 46 | 3588 |
| 4 | 36 | 1400 | 5800 | 7200 | 5040 | 360 | 144 | 72 | 5616 |
| 5 | 43 | 1000 | 7000 | 8000 | 5600 | 400 | 160 | 80 | 6240 |
| 6 | 30 | 600 | 5400 | 6000 | 4200 | 300 | 120 | 60 | 4680 |
| 7 | 29 | 1000 | 4800 | 5800 | 4060 | 290 | 116 | 58 | 4524 |
| 8 | 23 | 600 | 4000 | 4600 | 3220 | 400 | 92 | 46 | 3758 |
| 9 | 21 | 800 | 3400 | 4200 | 2940 | 210 | 84 | 42 | 3236 |
| 10 | 19 | 1000 | 2800 | 3800 | 2660 | 190 | 76 | 38 | 2784 |
| 10 | 20 | 1000 | 3000 | 4000 | 2800 | 200 | 80 | 40 | 3120 |
| Total | 305 | 10,400 | 51,400 | 61,800 | 43,260 | 3260 | 1236 | 618 | 48,154 |

### മരച്ചീനി

ആയിരത്തിതൊള്ളായിരത്തി എഴുപതിന് മുമ്പ് വരെ പാവപ്പെട്ടവൻെറ മുഖ്യആഹാരമെന്ന സ്ഥാനം മരച്ചീനിയ്ക്ക് ഉണ്ടായിരുന്നു. മരച്ചീനിയ്ക്ക് അന്നുണ്ടായിരുന്ന പ്രാധാന്യം ഇനി തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. ഇന്ന് ഒരു വിശിഷ്ട ഭക്ഷണമായി ഈ വസ്തു മാറിയിട്ടുണ്ട്. മരച്ചീനികൃഷിചെയ്യുന്നതിന് വേണ്ടി നീക്കിവെയ്ക്കുന്ന ഭൂമിഇല്ലന്ന് തന്നെ പറയാം.

ഭക്ഷണം എന്ന നിലയ്ക്ക് മരച്ചീനിയുടെ ടിമാൻറ് കുറഞ്ഞു. ഒരു വശത്ത് അരി താരതമ്യേന കുറഞ്ഞ വിലയ്ക്കു ലഭിച്ചുവന്നതും ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിച്ചതും വഴി ദരിദ്രജന വിഭാഗങ്ങളുടെ ജീവിതനിലവാരത്തിൽ ഉണ്ടായ വർദ്ധനവ് ആണ് ഇതിന് കാരണം. ഭക്ഷ്യധാന്യഉത്പാദനത്തിൽ സ്വയം പര്യാപ്തതനേടുവാൻ കഴിയാത്ത നമ്മുടെ സംസ്ഥാനത്തിന് അനുപൂരക ഭക്ഷ്യവസ്തു എന്ന നിലയിൽ മരച്ചീനിയ്ക്കുള്ള പ്രാധാന്യം തള്ളിക്കളയുവാൻ കഴിയില്ല. നമ്മുടെ ഗ്രാമത്തിൽ ഏത് കവലയിൽ നോക്കിയാലും മരച്ചീനി കച്ചവടക്കാരെ കാണുവാൻ കഴിയും ഇതിൽ ഏറിയ കൂറും മറ്റ് പ്രദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്നതാണ്.

എന്നാൽ അൽപ്പം ശ്രദ്ധവെച്ചാൽ നമ്മുടെ ഗ്രാമത്തിന് ആവശ്യമുള്ള മരച്ചീനി ഇവിടെ ഉത്പാദിപ്പിക്കുവാൻ കഴിയും. മരച്ചീനി കൃഷി ഇപ്പോൾ ലാഭകരമാണ്. കൂടുതൽ മുതൽ മുടക്കോ അദ്ധ്വാനമോ വേണ്ടി വരുന്നില്ല. നമ്മുടെ വീടുകളുടെ മുറ്റങ്ങളിൽ പ്ലാസ്റ്റിക് ചാക്കിന് ഉള്ളിൽ മണ്ണ് നിറച്ച് കൃഷി ചെയ്യാം. ഒരു ചെടിയിൽ നിന്ന് നിന്ന് ചുരുങ്ങിയത് പത്തു കിലോ മരച്ചീനി ഉത്പാദിപ്പിക്കുവാൻ കഴിയും. വീട്ടമ്മമാർക്കും കുട്ടികൾക്കും ഇത് ചെയ്യാവുന്നതാണ്.

### പച്ചക്കറി.

നമ്മുടെ സംസ്ഥാനത്തിൻെറ ആവശ്യത്തിന് തമിഴ്നാട് കർണ്ണാടകം, ആന്ധ്ര, തുടങ്ങിയ അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രതിവർഷം ഉദ്ദേശം അറുന്നൂറ് കോടി രൂപയുടെ പച്ചക്കറി ഇറക്കുമതി ചെയ്യുന്നുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ആയിരത്തിതൊള്ളായിരത്തി എഴുപത് വരെ നമ്മുടെ ഗ്രാമത്തിൽ പച്ചക്കറികടകൾ ഇല്ലായിരുന്നു. ഇപ്പോൾ

പ്രധാന കവലകളിൽ എല്ലാം ഉണ്ട്. പെരുവ മാർക്കറ്റിൽ നിന്നും കായും മറ്റ് പച്ചക്കറി സാധനങ്ങളും കയറ്റി അയച്ചുകൊണ്ട് ഇരുന്നു. ഇന്ന് ആസ്ഥിതി ആകെ മാറി. എഴുപതിന് മുമ്പ് വരെ ഓരോ വീടിനും ആവശ്യമുള്ള പച്ചക്ക റികൾ സ്വന്തമായി ഉത്പാദിപ്പിച്ചിരുന്നു. ആരീതി പാടെ ഉപേ ക്ഷിച്ചു. വ്യാപാര ആവശ്യത്തിനായി കൊയ്ത്തിനു ശേഷം രണ്ടാം വിളയായി പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. ജല സേജന ത്തെക്കുറിച്ച് ഇതിനുമുമ്പ് പ്രതിബാദിച്ച പദ്ധതികൾ നടപ്പിലാ ക്കിയാൽ നല്ല രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് കൃഷിക്കാർ മുൻപോട്ട് വരും. സ്ഥിരമായ വില ലഭിക്കുമെന്ന് ഉറപ്പു ഉണ്ടാകണം. മിക്ക കുടുംബാംഗങ്ങൾക്കും ഒന്നിച്ച് ഒരു ഉപ തൊഴിലായി കൃഷിചെയ്യാവുന്നതാണ്. ഓരോ വീടിനും ആവശ്യമുള്ള പച്ചക്കറികളുടെ എഴുപത്തി അഞ്ചു ശതമാനവും അടുക്കളയ്ക്ക് സമീപം ഉത്പാദിപ്പിക്കുവാൻ കഴിയും. മുളക്, വഴുതന, വെണ്ട, വെള്ളിരി, കുമ്പളം, പയറ്, തുടങ്ങിയവ പ്ലാസ്റ്റിക്ക് ചാക്കിൽ മണ്ണ് നിറച്ചും വീടിൻെറ മുറ്റത്ത് കൃഷിചെയ്യാം അപൂർവ്വം ചില വീട്ടുകാർ ഇങ്ങനെ ചെയ്യുന്നുണ്ട്. ഇങ്ങനെ ചെയ്താൽ സാമ്പത്തിക ലാഭവും കീടനാശിനി ഉപയോഗിക്കാത്തതും ആയ പുതിയ ഉത്പന്നങ്ങൾ ഉപയോഗിക്കാം.

## റബ്ബർ.

മുളക്കുളം ഗ്രാമപഞ്ചായത്തിൽ ആരെയുള്ള കൃഷി ഭൂമിയുടെ വിസ്തീർണ്ണം 2880 ഹെക്ടർ സ്ഥലമാണ്. അതിൽ 1801.98 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയാണ് ചെയ്യുന്നത്. നമ്മുടെ പഞ്ചായത്തിലെ സാമ്പത്തിക വരുമാനത്തിൻെറ മുഖ്യമായ പങ്ക് വഹിക്കുന്നത് ഈ മേഖലയാണ് എന്ന് കാണുവാൻ കഴിയും.

### കൃഷിയുടെ ഇനം തിരിച്ചുള്ള പട്ടിക നോക്കുക.

നാണ്യവിളകളിൽ ഒന്നാം സ്ഥാനം റബ്ബർ കൃഷിക്കാണ്. 1947-ൽ ഈ പഞ്ചായത്തിൽ റബ്ബർ കൃഷിക്ക് തുടക്കം കുറിച്ചു എന്നാണ് അറിയുവാൻ കഴിഞ്ഞത്. 1970 ഓടു കൂടി ഈ കൃഷി വ്യാപകമായി. അനുകൂലമായ കാലാവസ്ഥാ ഭൂപ്രകൃതി, ശക്തമായ ആഭ്യന്തരവിപണി എന്നിവയുടെ ഒത്തുചേരൽ ഒരു കാർഷിക വിളയെ എങ്ങനെ സഹായിക്കുന്നു എന്നതിൻെറ ഉദാഹരണമാണ് ചെറിയ കാലയളവു കൊണ്ട് റബ്ബർ കൃഷി ഗണ്യമായി വർദ്ധിച്ചത്. വാർഡ് തിരിച്ചുള്ള റബ്ബർ കൃഷിയുടെ പട്ടിക നോക്കുക. ഇന്ത്യയിൽ റബ്ബറിൻെറ വിപണിയാകട്ടെ വളർന്നു കൊണ്ടിയിരിക്കുന്നു. റബ്ബർ ബോർഡ് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷിവ്യാപിപ്പിക്കുന്നതിന് കാര്യമായ സഹായങ്ങൾ ചെയ്യുന്നുണ്ട്.

മെച്ചപ്പെട്ട ഷീറ്റ് ഉത്പാദിപ്പിക്കുവാൻ കർഷകർ ശ്രദ്ധിക്കുന്നുണ്ട്. റബ്ബർ ബോർഡിൻെറ ഒരു ഫിൽഡ് ഓഫീസ് പെരുവയിൽ പ്രവർത്തിക്കുന്നു. റബ്ബർ മാർക്കറ്റിങ്ങ് സഹകരണ സംഘത്തിൻെറ ഒരു ശാഖയും പെരുവയിൽ പ്രവർത്തിക്കുന്നുണ്ട്. അത്യുല്പാദന ശേഷിയുള്ള ഇങ്ങൾ കൃഷിചെയ്യുന്നുണ്ട്. റബ്ബറിന് പട്ട ചീയൽ, പട്ടമരപ്പ് ഇലപ്പുള്ളി രോഗം എന്നിവ വർദ്ധിച്ചു വരുന്നുണ്ട്. നെൽപാടങ്ങൾ നികത്തി റബർ കൃഷിചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ അത്യുല്പാദനശേഷിയുള്ള റബ്ബർ തൈകൾ ഉല്പാദിപ്പിക്കുന്ന നാല് റബ്ബർ നെഴ്സറികൾ നിലവിലുണ്ട്. റബ്ബർ ടാപ്പിംങ്ങ് മേഖലയിൽ നല്ലൊരു ശതമാനം തൊഴിലാളികൾ ജോലിചെയ്യുന്നു.

റബ്ബർ ബോർഡിൽ നിന്നും ടാപ്പിംഗ് തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിനും, കക്കൂസിനും വായ്പയും സബ്സിഡിയും ഉണ്ട്. തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ അനുകൂല്യങ്ങളും, തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ്. വൈദ്യസഹായവും നല്കുന്നു.

നമ്മുടെ നാട്ടിൽ നിന്ന് വളരെ അധികം റബ്ബർ ഉല്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്നു. റബ്ബർ ഒരു വ്യവസായ അസംസ്കൃത വസ്തുവാണ്. ഇതു ഉപയോഗിച്ച് വ്യവസായങ്ങൾ ഒന്നും തന്നെ നമ്മുടെ ഗ്രാമത്തിൽ ഇല്ല. പഞ്ചാബ്, മഹാരാഷ്ട്ര പോലുള്ള അന്യസംസ്ഥാനങ്ങളിലാണ് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഉള്ളത്. ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്ത് വ്യവസായ സഹകരണ സംഘം രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

## കുരുമുളക്:

കേരത്തിൽ നിന്നാണോ കേരളമുണ്ടായത് എന്നതിനെ പറ്റി തർക്കം ഉണ്ടാകും എന്നാൽ 2000 കൊല്ലം മുമ്പ് തന്നെ വിദേശിയർ കേരളത്തെ അറിഞ്ഞിരുന്നത് കുരുമുളകിൻെറ നാടായിആണ്. നമ്മുടെ രാജ്യത്തിൻെറ ചരിത്രഗതിയെ മാറ്റിമറിച്ചതിൽ ഒരു പങ്ക് "കറുത്ത മുത്ത്" എന്നറിയപ്പെടുന്ന കുരുമുളകിനാണ്. വാണിജ്യവുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ വിദേശനാണ്യ സമ്പാദനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന കുരുമുളക് കൃഷിയ്ക്ക് നമ്മുടെ മണ്ണും കാലാവസ്ഥയും അനുയോജ്യമാണ്. എന്നാൽ മറ്റു പല വിളകളും പോലെ തന്നെ കുരുമുളക് കൃഷി ഇന്ന് അധോഗതിയിലാണ്. കുരുമുളകിന് ദോഷകരമായി ബാധിക്കുന്ന രോഗങ്ങൾ ആവാം ഇതിന് പ്രധാന കാരണം ഈ കൃഷി ഇനിയും നമ്മുടെ പഞ്ചായത്തിൽ കൂടാൻ സാധ്യതയില്ല. ഇടവിളയായാണ് നാം കുരുമുളക് കൃഷിചെയ്യുന്നത് ഗ്രാമത്തിലെ ഏത് പുരയിടത്തിൽ നോക്കിയാലും തെങ്ങ്, കവുങ്ങ്, പുതിയതായ് വെച്ചു പിടിപ്പിയ്ക്കുന്ന തേക്ക്, വാഴ്മരം, എന്നിവ കാണാം. ഇവയോട് ചേർന്ന് കുരുമുളക് കൊടി നട്ടു പിടിപ്പിയ്ക്കുവാൻ സാധിയ്ക്കും. മേല്പ്പറഞ്ഞ ഏതെങ്കിലും വൃക്ഷങ്ങൾ ഇല്ലാത്ത വീടുകൾ നമ്മുടെ പഞ്ചായത്തിൽ കാണുകയില്ല. അദ്ധ്വാനം കാര്യമായി വേണ്ടിവരുന്നില്ല അതൊപ്പം തന്നെ വലിയ മുതൽ മുടക്കും ഈ കൃഷിക്ക് ആവശ്യമില്ല. അല്പം ശ്രദ്ധിച്ചാൽ കുരുമുളക് വള്ളി നട്ട് രണ്ട് വർഷം മുതൽ ആദായം ലഭിച്ചു തുടങ്ങും. തുടർച്ചയായി 15 വർഷകാലമെങ്കിലും. കുടുംബത്തിന് ഒരു വരുമാനവും നാടിന് വിദേശനാണ്യവും നേടിത്തരുന്ന കൃഷിയാണ് കുരുമുളകു കൃഷി.

## കൊക്കോ

കേവലം 15 വർഷകാലത്തെ ചരിത്രമെയുള്ളു എങ്കിലും കുത്തക ഉപഭോഗത്തിൽ അധിഷ്ഠിതമായ ഒരു വിളയ്ക്ക് നേരിടാവുന്ന എല്ലാ ഉയർച്ചയും താഴ്ച്ചയും അനുഭവി ക്കേണ്ടി വന്ന ഒരു കൃഷിയാണ് കൊക്കോ. "കാഡ്ബറി" എന്ന ബഹു രാഷ്ട്ര കുത്തകയുടെ പ്രോത്സാ ഹനത്താൽ കേരളത്തിൽ കൊക്കോ കൃഷി വികസനം നടത്തിയിട്ടുണ്ട്.

ഉല്പാദനവും വിലയും അമിതവേഗത്തിൽ ഉയർന്നതോടെ കേരളത്തിൽ ഉല്പാദിപ്പിച്ച കൊക്കൊയുടെ ഗുണ നിലവാരം മോശമാണെന്ന് 'കാഡ്ബറി' വിധിയെഴുതി. കൊക്കോയുടെ വിലയിൽ ഉണ്ടായ തകർച്ചയാണ് കൊക്കോ കൃഷിക്കാർ നേരിടുന്ന പ്രധാന പ്രതിസന്ധി. അവസാനം ഗവൺമെൻറ് ഇടപെട്ട് കൊക്കോ സംഭരണം ആരംഭിച്ചതോടെയാണ് ബഹു രാഷ്ട്രകുത്തകയുടെ നിയന്ത്രണത്തിൽ നിന്ന് ഭാഗികമായി രക്ഷപ്പെട്ടത്. നമ്മുടെ സമീപപഞ്ചായത്തായ മരങ്ങോലി എന്ന സ്ഥലത്ത് ഒരു കൊക്കോ പ്രൊസസിംഗ് സഹകരണ സംഘം പ്രവർത്തിയ്ക്കുന്നുണ്ട്. പുതിയതായി ആരും തന്നെ ഈ കൃഷി തുടങ്ങുന്നില്ല.

## കശുമാവ്

കൊല്ലത്തിൽ ഏകദേശം മൂന്നുമാസം തൊഴിൽ ചെയ്യുന്ന തിന് ആവശ്യമായ തോട്ടണ്ടിപോലും കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നില്ല. മറ്റ് ഒന്നും വളരാത്ത മണ്ണിലാണ് കശുമാവ് കൃഷിചെയ്ത വന്നിരുന്നത്. ഈ മണ്ണിൽ മറ്റു പല കൃഷികളും കശുമാവിനെ അപേക്ഷിച്ച് കൂടുതൽ ലാഭകരമാ യതുകൊണ്ട് ഈ കൃഷിയും അന്യം നിന്നുപോയിക്കൊണ്ടി രിയ്ക്കുകയാണ്. ഒരു കാലത്ത് പെരുവമാർക്കറ്റ് വലിയ രീതിയിൽ കശുവണ്ടി വ്യാപാരം നടന്നിരുന്ന സ്ഥലമാണ്.

## കവുങ്ങ്

ഒരു കാലത്ത് തെങ്ങ്, നെല്ല്, മരച്ചീനി, എന്നിവ യ്ക്ക് തൊട്ടടുത്ത് നിലയുറപ്പിച്ചിരുന്ന വിളയായിരുന്നു കവുങ്ങ്. ഇപ്പോൾ പുതിയതായി കവുങ്ങ് കൃഷി ചെയ്യുന്നില്ല. വിപണിയുടെ താഴ്ചയും ഉയർച്ചയുമാണ് ഇതിന് പ്രധാന കാരണങ്ങൾ.

## കൂൺ കൃഷി

സമ്പുഷ്ടമായ പോഷകഗുണം പ്രദാനം ചെയ്യുന്ന ഒരു ഭക്ഷ്യവസ്തുവാണ് കൂൺ. വളരെ അധികം വിപണന സാധ്യതയുള്ളതാണ് ഇത്. നമ്മുടെ പഞ്ചായത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർ മുന്നോട്ട് വന്നാൽ ഇത് വീടുകളിൽ കൃഷിചെയ്യുകയും നമ്മുടെ പഞ്ചായത്തിൽ തന്നെ വില്പന നടത്തുവാനും സാധിക്കും.

## മലഞ്ചരക്കുകൾ

ഇഞ്ചി, മഞ്ഞൾ, ജാതി, കച്ചോലം എന്നിവയാണ് പ്രധാന മലഞ്ചരക്കുകൾ. കാപ്പി കൃഷി അപൂർവ്വം ചിലപുരയിടങ്ങളിൽ നടത്തുന്നുണ്ട്. ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ വിളകൾ വ്യാപകമായി നമ്മുടെ ഗ്രാമത്തിൽ കൃഷിചെയ്തിരുന്നു. പെരുവ മാർക്കറ്റ് ഒരു പ്രധാന മലഞ്ചരക്ക് വ്യാപാര കേന്ദ്രമായിരുന്നു. ഇന്നത് ഓർമ്മകളിൽ കുടി കൊള്ളുന്ന ഒന്നായി അവശേഷിക്കുന്നു.

ഇന്ത്യയിൽ ഒരു കൃഷി സാങ്കേതിക വിദഗ്ധൻെറ സേവനം പഞ്ചായത്തുതോറും ലഭിയ്ക്കുന്ന ഏക സംസ്ഥാനമാണ് കേരളം. കൃഷിയിൽ ഉണ്ടായിക്കൊണ്ടിരിയ്ക്കുന്ന സാങ്കേതിക വിദ്യകൾ കൃഷിക്കാർക്ക് അപ്പപ്പോൾ പകർന്ന് കൊടുക്കാൻ കഴിയുന്നുണ്ട്. 1987-ൽ പ്രവർത്തനമാരംഭിച്ച കൃഷിഭവൻ, നടീൽ വസ്തുക്കൾ യഥാസമയം എത്തിച്ചു കൊടുക്കുവാൻ ശ്രമിക്കുന്നുണ്ട്. കാർഷികമേഖലയിലെ ഇന്നു നേരിടുന്ന പ്രതിസന്ധി പരിഹരിയ്ക്കുന്ന തരത്തിൽ ഉദ്യോഗസ്ഥൻമാർ പ്രശ്നങ്ങൾ അന്വേഷിച്ചറിഞ്ഞ് കൃഷിയിടങ്ങളിൽ ചെല്ലേ ണ്ടതാണ്. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം, നെല്ല് ഉല്പാദക സമിതി, കേരവികസന സമിതി, കുരുമുളക് സമിതി, എന്നി വയും കൃഷി വികസനത്തിനായി (പഞ്ചായത്ത് അടിസ്ഥാ നത്തിൽ) പ്രവർത്തിയ്ക്കുന്നുണ്ട്, മേൽപ്പറഞ്ഞ സമിതിക ളുടെയും കൃഷിഭവൻെറയും പ്രവർത്തനങ്ങളെ സംബന്ധിച്ച് അക്ഷേപങ്ങൾ ചുരുങ്ങിയ രീതിയിൽ എങ്കിലും ഉണ്ടാകറുണ്ട്. പരാതികൾ പരിഹരിയ്ക്കുന്ന തരത്തിൽ കൃഷിഭവൻ മുൻകൈഎടുത്ത് വിവിധ ഇനം കൃഷികളിൽ ഏർപ്പെട്ടിട്ടുള്ള പ്രധാന കൃഷിക്കാരുമായി ബന്ധപ്പെട്ട് ജനസഹകരണ ത്തോടു കൂടി പ്രശ്നങ്ങൾ പരിഹരിയ്ക്കേണ്ടതാണ്.

### കൃഷിഭൂമി - വിശദവിവരം

| ഭൂമിയുടെ തരം | വിളയും, വിത്തിനങ്ങളും | വിസ്തീർണ്ണം |
|---|---|---|
| നിലം | രേവതി, ഭാരതി, പവിഴം, ചുവന്ന ത്രിവേണി, കാഞ്ചന, ജയ (നെല്ല്) | 379.45 Hc |
| പുരയിടം | തെങ്ങ്, റബ്ബർ, കുരുമുളക് വാഴ, മരച്ചീനി, കവുങ്ങ് | 2422.20 Hc |
| പുറമ്പോക്ക് | | 78.46 Hc |

## വിസ്തീർണ്ണവും ഉല്പാദനവും
## (Ref. കൃഷിഭവൻരേഖകൾ)

| വിള | വിസ്തീർണ്ണം | ഉല്പാദനം (ആകെ) | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (1-ാം വിള) | 273.43 ഹെക്ടർ | 984.42 | 3600 Kg. |
| നെല്ല് (2-ാം വിള) | 227.37 | 909.48 | 4000 |
| നെല്ല് (3-ാം വിള) | 106.00 | 447.00 | 4500 |
| പയർ | 35.29 | 22.05 | 625 |
| എള്ള് | 5.00 | 75.00 | 150 |
| പച്ചക്കറികൾ | 30.00 | 225.00 | 7500 |
| തെങ്ങ് | 309.00 | 20,56,000 (എണ്ണം) | 80 തേങ്ങ/പ്രതിവർഷം (ഒരു തെങ്ങിൽ) |
| വാഴ | 165.85 | 2,234.25 MT | 6 Kg/വാഴ |
| മരച്ചീനി | 10.00 | 90.00 | 5 M.T/Hec |
| കുരുമുളക് | 41.64 | 22.90 | 500-gm/ Plant |
| പ്ലാവ് | 3.00 | 385.00 | 100Kg/Plant |
| കശുമാവ് | 2.00 | 2.00 | 5Kg/Plant |
| മാവ് | 2.00 | 12.00 | 60Kg/Plant |
| റബ്ബർ | 1801.98 | 5405.940MT | 3000Kg/Year/Hec |
| കമുക് | 21.33 | 5.97MT | 300Nuts/palm<br>4.800Kg/palm |
| Total | 2801.74/Hec | — | — |

### കൃഷിഭവൻ മുഖേന നടപ്പിലാക്കേണ്ട പദ്ധതി

(a) 1996-97 -ൽ 25 കിണർ കുഴിയ്ക്കുന്നതിനും നാല്പതു പമ്പുസെറ്റുകൾക്കും ഉള്ള ആനുകൂല്യങ്ങൾ നല്കി

(b) സൗജന്യ തെങ്ങ് വളവിതരണപദ്ധതി പ്രകാരം 15000 തെങ്ങിന് മൂന്നു കിലോഗ്രാം വളം വീതം നല്കി

(c) കുരുമുളക് തോട്ടത്തിന് മണ്ണൊലിപ്പ് തടയുന്നതിന് വേണ്ടി കൈയ്യാല നിർമ്മാണ പദ്ധതി പ്രകാരം 10 സെൻറിന് 120 രൂപ ക്രമത്തിൽ 5 ഏക്കറിൽ നടപ്പിലാക്കി.

(d) ദേശീയ നീർമറി പദ്ധതി

ക്രേന്ദ ആവിഷ്കൃത പദ്ധതി ആയതിനാൽ നമ്മുടെ പ്രദേശത്തിൻെറ ആവശ്യകത കണക്കിലെടുത്ത് പദ്ധതികൾ തയ്യാറാക്കുവാൻ സാധിക്കാതെ വന്നതിനാൽ 25 ലക്ഷം രൂപയോളം ലാപ്സാകുന്ന സ്ഥിതിയിലാണ്. മണ്ണ് സംരക്ഷണത്തിനായി ചരിവുള്ള കൃഷി ഭൂമിപ്രദേശത്തെ ഭൂഗർഭജല സംരക്ഷണപ്രവർത്തനങ്ങളാണ് ഇത് മുഖ്യമായി നടത്തികൊണ്ടിരിക്കുന്നത്. കേന്ദ്രീകൃത പദ്ധതി ആവിഷ്ക്കരണത്തിൻെറ പോരായ്മകൾ ആണ് ഇത് ചൂണ്ടിക്കാണിയ്ക്കുന്നത്. കീഴൂർ, പൂഴിക്കോൽ വാർഡുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(e) പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതി:- ഇത് പ്രകാരം വളം സബ്സിഡി ആയി എഴുപത്തി അയ്യായിരം (75000) രൂപ വിവിധ സ്കീമുകളിലായി കർഷകന് അനുവദിച്ചു.

(f) പച്ചക്കറി വികസനം:- 5 സെൻറ് ഭൂമി ഉള്ളവർക്ക് പച്ചക്കറി കൃഷിക്ക് 250 രൂപ നിരക്കിൽ 10 പേർക്ക് നല്കി.

(g) പൊതുജലസേചന പദ്ധതി:- 30000 രൂപാ നല്കുന്ന സ്കീമിൻെറ ഒരു യൂണിറ്റ് നടപ്പിലാക്കി.

## യുവജനക്ഷേമം

(1) സൈക്കിളിൽ പാല് വിതരണത്തിനായി 25000 രൂപ സബ്സിഡിയുള്ള സ്കീം ഒരാൾക്ക് നല്കി.

(2) കന്നുകാലി തൊഴുത്ത് നിർമ്മാണം:- രണ്ടുപേർക്ക് 2,500 രൂപ വീതം നല്കി.

(3) കന്നുകാലി പോഷകാഹാര വിതരണം:- രണ്ട് പശുവുള്ള ഒരു കൃഷിക്കാരന് 8 കിലോ കാലിത്തിറ്റ വീതം 50% സബ്സിഡിയോടുകൂടി 7 പേർക്ക് നല്കി. 700 രൂപ വില വെച്ച് പാൽ പാത്രം വാങ്ങുന്നതിനായി 6 പേർക്ക് 50% സബ്സിഡി നല്കി.

(4) കൊക്കൊ വികസനം:- കൊക്കൊ കൃഷി പുനരുദ്ധരിയ്ക്കുവാൻ 50 സെൻറിൽ കൂടുതൽ കൃഷിയുള്ള നാല്കൃഷിക്കാർക്ക് ആനുകൂല്യം നല്കി.

## പുതിയകൃഷി മേഖലകൾ

ഔഷധ സസ്യം, പൂച്ചെടി വളർത്തൽ (ഓർക്കിഡ് ആന്തൂറിയം, കുറ്റിമുല്ല, റോസ്, വാനില, മുതലായവ) പുതിയൊരു ആദായകരമായ തൊഴിൽ മേഖലയാണ്. ഇവയ്ക്കായി വായ്പയും നിർദ്ദേശങ്ങളും കിട്ടണം. സ്ത്രീകൾക്കുംകുട്ടികൾക്കും വേണ്ടത്ര പോത്സാഹനം കൊടുത്താൽ നടത്താവുന്ന കൃഷിയാണിത്.

പട്ടികകൾ താഴെ കൊടുക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം പ്രാഥമിക മേഖയുടെ പ്രത്യേകിച്ചും കൃഷിയുടെ അടിത്തറ ഏറെ ദുർ ബലമാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ട് കാലത്തെ കേരളത്തിൻെറ കാർഷിക വികസനാനുഭവം തെല്ലും ആ ശ്വാസ ത്തിനു വക നൽകുന്നില്ല.

ഇതിനൊരു മാറ്റം ആവശ്യമല്ലേ?

### പട്ടിക

### നടീൽ വസ്തു വിതരണം ( Ref.കൃഷിഭവൻ)

| ഇനം | 1993-94 | 94-95 | 95-96 |
|---|---|---|---|
| തെങ്ങ് | 397 | 100 | 1400 |
| കശുമാവ് | — | — | — |
| കുരുമുളക് | 550 | 2200 | — |
| കമുക് | — | — | — |
| നെല്ല്വിത്ത് | — | — | — |
| പച്ചക്കറി | — | — | — |
| ആകെ | 947 | 2300 | 1400 |

### കാർഷികോപകരണങ്ങൾ (Ref.കൃഷിഭവൻ രേഖ)

| വാർഡ് നമ്പർ | ഉഴവ് ട്രാക്റ്റർ | ഉപകരണങ്ങൾ | | മരുന്നുതളി ഉപകരണം | | | മെതി യന്ത്രം | തെങ്ങ് കയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | | ടില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രേയർ | നാപ്പ്സാറ്റാക്ക് സ്പ്രേയർ | മറ്റുള്ളവ | | | |
| 1 | — | — | 42 | 5 | 11 | — | — | 1 | 4 |
| 2 | — | 2 | 16 | 2 | 8 | — | — | — | 6 |
| 3 | — | 1 | 7 | 3 | 7 | — | — | 1 | 2 |
| 4 | — | 1 | 11 | 3 | 9 | — | — | — | 7 |
| 5 | — | — | 18 | 2 | 11 | — | — | 1 | 7 |
| 6 | — | — | 6 | 3 | 9 | — | — | — | 5 |
| 7 | — | 2 | 20 | 2 | 8 | — | — | — | 6 |
| 8 | — | 1 | 6 | 1 | 6 | — | — | — | 5 |
| 9 | — | — | 8 | 2 | 7 | — | — | 1 | 4 |
| 10 | — | — | 2 | 3 | 8 | — | — | — | 5 |
| 11 | — | 1 | 14 | 3 | 9 | — | — | — | 4 |
| ആകെ | — | 8 | 150 | 29 | 93 | — | — | 4 | 55 |

## പ്രത്യേക ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന വികസന ആവശ്യങ്ങൾ

(1) ചങ്ങല പാലം ബണ്ട് നിർമ്മിച്ച് കുറുവേലിപാലം വരെ തോട്താഴ്ത്തി വീതി വർദ്ധിപ്പിച്ച് സൈഡ് കെട്ടി പമ്പിംഗ് സൗകര്യം ഏർപ്പെടുത്തുക.

(2). കുറുവേലി പാലത്തിന്റെയും പാനനടപാലത്തിന്റെയും സൈഡ് കെട്ടി ചീപ്പ് നിർമ്മിക്കുക.

(3) മുളക്കുളം കുന്നപ്പിള്ളി കനാലിന്റെ പണി ആരംഭിച്ചിട്ട് 30 വർഷത്തിന് മേൽ ആയെങ്കിലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

അടിയന്തിരമായി പൂർത്തീകരിച്ച് മുളക്കുളം -താന്നിമറ്റം വരെ സബ് കനാൽ നീട്ടുക.

(4) പെരുമ്പടവം മുളക്കുളം - M.V.I.P കനാൽ പണി പുനരാരംഭിക്കുകയും അറുനൂറ്റി മംഗലം വഴി കീഴൂർക്ക് നീട്ടുകയും ചെയ്യുക. പെരുവ വഴി മുളക്കുളത്തേക്ക് നീട്ടിയിട്ടുള്ള ഈ സ്കീം അനാവശ്യമാണ്.

(5) ആപ്പാഞ്ചിറ-കീഴൂർ തോടിന്റെ ചങ്ങംമത ചീപ്പ് വരെയുള്ള ഭാഗം സൈഡ്കെട്ടി ഉയർത്തുക.

(6) 107-ാം നമ്പർ റെയിൽവേ പാലത്തിന് സമീപം ചീപ്പ് നിർമ്മിക്കുക. കാരമല നിലത്തിന്റെ കിഴക്കു ഭാഗത്തുള്ള ചാണപുതുക്കി ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

(7) കുമ്മതവളപ്പിൽ -കടത്തുകടവ് തോടു താഴ്ത്തി വശങ്ങൾ കെട്ടുക.

(8) പെരുവ-കാവിക്കുളം അളന്ന് തിരിച്ച് ആഴം വർദ്ധിപ്പിച്ച് തോട് പുനഃസ്ഥാപിക്കുക.

(9) ശാന്തിചുരത്തുനിന്നും അവർമാ-പള്ളിക്കുന്ന് സബ് കനാൽ നിർമ്മിക്കുക. (M.V.I.P)

(10) കീഴൂർ തലയ്ക്കൽ കുളം ആഴം വർദ്ധിപ്പിച്ച് സൈഡ് കെട്ടുക.

(11) വടകുന്നപുഴ അമ്പലത്തിനു സമീപമുള്ള കുളം പുനരുദ്ധരിച്ച് കൃഷിയോഗ്യമാക്കുക.

(12) പെരുവ വെട്ടികാട്ടിൽ തട്ടിൽ മുമ്പ് പഞ്ചായത്ത് സ്ഥാപിച്ച മോട്ടോറിന്റെ സ്ഥാനത്ത് ഇലക്ട്രിക് 10H.P.മോട്ടോർ സ്ഥാപിക്കുക.

(13) ഇടിക്കുഴി നിലത്തിന്റെ പുറം ബണ്ട് കെട്ടികൃഷിയോഗ്യമാക്കുക.

(14) അറുനൂറ്റിമംഗലം ചിറപ്പുറത്ത്കുളം അളന്ന് തിരിച്ച് ആഴം വർദ്ധിപ്പിക്കുക. കൈയ്യൂരിക്കൽ എടാട്ടുപാടത്ത് ഉറവുതോട് എന്ന കനാലിന്റെ സൈഡ് കെട്ടുക.

(15) കൈയ്യൂരിക്കൽ എടാട്ടുപാടത്ത് ഉറവുതോട് എന്ന കനാലിന്റെ സൈഡ് കെട്ടുക.

(16) കാട്ടാംപിള്ളി കുളം ആഴം കൂട്ടി കനാൽ നിർമ്മിക്കുക. ഇതോടൊപ്പം പുറംപോക്ക് കയ്യേറിയവരിൽ നിന്ന് ഒഴിപ്പിക്കുക.

(17) കുമ്മത തോട്ടിൽ പുള്ളോർ മഠം ഭാഗത്ത് ചീപ്പു നിർമ്മിക്കുക.

(18) കുറുതറ ചീപ്പ് അറ്റകുറ്റപണികൾ നടത്തുക.

(19) 8-ാം വാർഡിലെ ഇറിഗേഷൻ വകുപ്പു വക കുളം ആഴം കൂട്ടി തോട് നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുക.

(20) പത്താം വാർഡിന്റെ വടക്കു ഭാഗത്ത് കുളം നിർമ്മിച്ച് ജലസേചനം നടത്തിയാൽ വ്യാപകമായി പച്ചക്കറി കൃഷി നടത്താം.

(21) വട്ടക്കാട്ടിൽ കുളം പുനരുദ്ധരിക്കുക.

(22) 4-ാം വാർഡിലെ അർത്ഥകുളം ഞാണുവേലികുളം എന്നിവ അളന്നു തിരിച്ച് ആഴം കൂട്ടിയിടുക.

(23) മുളക്കുളം പാടശേഖരത്തിലേക്ക് പാറപ്പുറം ഭാഗം മുതൽ കൊടുവേലി വരെ റോഡു നിർമ്മിക്കുക.

(24) അവർമാ കൊടക്കാട്ട് താഴെ തടയണ നിർമ്മിച്ച് തോടിന്റെ സൈഡ് കെട്ടുക.

(25) കുറുവേലി പാലത്തിന്റെ കിഴക്കേ കൈതോട് സൈഡ് കെട്ടുക.

(26) പൂഴിക്കോൽ ചമ്പന്നികുളത്തിന്റെ പുനരുദ്ധാരണം നടത്തുക.

(27) ആപ്പാംചിറതോട്ടിൽ നിന്നും ചിറപ്പുറം ഭാഗത്ത് കുളം തീർത്ത് വെള്ളമെത്തിച്ച് അവിടെ നിന്നും സ്കൂൾ പരിസരത്തേക്ക് പമ്പിംഗ് നടത്തി വെള്ളം എത്തിക്കുക.

(28) കുന്നപ്പിള്ളി പുല്ലംപ്രാകുളം പുറം പോക്ക് തിരിച്ച് തിട്ടപ്പെടുത്തി ആഴം വർദ്ധിപ്പിച്ച് താഴേക്ക് വെള്ളം പമ്പുചെയ്യുവാൻ സൗകര്യം ഉണ്ടാക്കുക.

(29) കുന്നപ്പിള്ളി തോട് വീതി കൂട്ടി സൈഡ് കെട്ടുക. പുറം പോക്ക് ഒഴിപ്പിക്കുക.

(30) പാടശേഖരത്തിലേക്ക് ഉഴവ് യന്ത്രം ഇറക്കുന്നതിന് ആവശ്യമായ റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

(31) കൃഷിയുമായി ബന്ധപ്പെട്ട് വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വ്യാപകമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

## പരിഹാര നിർദ്ദേശങ്ങൾ

1. പ്രയോഗികവും ഭൂമിശാസ്ത്രപരവുമായ വികസന പദ്ധതികൾ ഡിപ്പാർട്ടുമെന്റുകൾ ആവിഷ്ക്കരിക്കുക.
2. ജലസേചനത്തിനും മണ്ണുസംരക്ഷണ പ്രവർത്തനത്തിനും 50% സാമ്പത്തിക സബ്സിഡി നല്കുക.
3. വിളമാറ്റവും കൃഷിഭൂമി നികത്തലും ഒഴിവാക്കുവാൻ ലാന്റ് യൂട്ടിലൈസേഷൻ ആക്റ്റ് കർശനമായി നടപ്പാക്കുക.

4. രാസവളവും കീടനാശിനിയും പരമാവധി കുറയ്ക്കുക.

5. ജൈവ വളത്തിന് ഉപയോഗം വർദ്ധിപ്പിക്കുക.

6. പ്രകൃതിക്ഷോഭ ദുരിതാശ്വാസം സാർവ്വത്രികമാക്കുക

7. റീപ്ലാൻേറഷൻ നടത്തുന്നയിടങ്ങളിൽ ഇട വിളയായി മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കുക.

8, അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ (എല്ലാ കൃഷിക്കും) ആവശ്യാനുസരണം ലഭ്യമാക്കുക.

9. കാർഷികയന്ത്രോപകരണങ്ങൾ പഞ്ചായത്തിൻെറ ചുമതലയിൽ വാടകക്ക് ലഭിക്കുവാൻ സൗകര്യം ഉണ്ടാക്കുക. സ്വന്തമായി വാങ്ങുന്നവർക്ക് 50% സബ്സിഡി നല്കുക.

10. തെങ്ങിന് മരുന്നുതളി പദ്ധതി വിപുലമായി നടത്തുക.

11. കൊയ്ത്തിനുശേഷം പച്ചക്കറി കൃഷി നടത്തുവാൻ ആവശ്യമായ സഹായങ്ങൾ ഏർപ്പെടുത്തുക.

12. എല്ലാകാർഷിക ഉൽപന്നങ്ങൾക്കും തറവില ഉറപ്പാക്കുക.

13. എല്ലാതരം കൃഷിനാശത്തിനും, ഇൻഷുറൻസ് ഏർപ്പെടുത്തി പ്രീമിയം പഞ്ചായത്ത് അടയ്ക്കുക.

14. എല്ലാത്തരം വിള ഉൽപന്നങ്ങൾക്കും വിപണനസൗകര്യം വർദ്ധിപ്പിക്കുക. (സഹകരണാടിസ്ഥാനത്തിൽ)

15. കർഷകർക്കും കർഷക തൊഴിലാളികൾക്കും വാർദ്ധക്യ കാലസംരക്ഷണം ഏർപ്പെടുത്തുക.

16. സ്ഥല മാനേജ്മെൻറ് ജലനിയന്ത്രണം, വൃക്ഷാവരണം, മണ്ണ് സംരക്ഷണം, പ്രാദേശിക കാർഷികാസൂത്രണം എന്നിവ നടപ്പിലാക്കുക

17. പുതിയൊരു കാർഷിക സംസ്കാരം വളർത്തിയെടുക്കുക.

മേൽപറഞ്ഞകാര്യങ്ങളിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ കൃഷിവികസനത്തിനായി സമഗ്രമായ ഒരു സമീപനം ആവിഷ്കരിക്കേണ്ടതിൻെറ ആവശ്യകത വ്യക്തമാകുന്നുണ്ട്. വ്യാപകമായ ഒരു കാർഷിക നവോത്ഥാന പ്രസ്ഥാനം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. ഇതിലൂടെയല്ലാതെ നമ്മുടെ വിളകളൊന്നും രക്ഷപ്പെടുകയില്ല. ഓരോ വിളയും ഒരോ പ്രദേശത്തിനും പരമാവധി ഉൽപാദന സാദ്ധ്യത, അത് സാക്ഷാത്കരിക്കാനുള്ള ഒരു മഹാസംരംഭമാകണം ഈ കാർഷിക നവോത്ഥാന പ്രസ്ഥാനം. ഇതിനായി നമുക്ക് ഒന്നായി കൈകോർക്കാം.

## ജലസേചന സംവിധാനങ്ങൾ
### (പൊതുകുളങ്ങളും മറ്റും)

(Ref. കൃഷിഭവൻ രേഖകൾ)

| വാർഡ് നമ്പർ | പൊതുജല സേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് ഹെക്ടർ |
|---|---|---|---|---|---|
| 1 | — | — | — | — | — |
| 2 | — | 1 | 1 | — | — |
| 3 | — | 1 | 2 | 1 | — |
| 4 | — | — | — | — | — |
| 5 | — | — | — | — | — |
| 6 | — | 1 | — | — | — |
| 7 | — | — | — | 1 | — |
| 8 | — | 1 | 2 | — | — |
| 9 | — | 1 | 1 | — | — |
| 10 | — | 2 | 3 | — | — |
| 11 | — | 1 | — | 1 | — |
| ആകെ | — | 8 | 9 എണ്ണം | 3 | — |

## പട്ടിക I

### ദുരിതാശ്വാസവിതരണം (Ref. കൃഷിഭവൻരേഖ)

| വർഷം | ദുരിതബാധിതപ്രദേശം (വിസ്തീർണ്ണം) | | | | ധനസഹായം ലഭിച്ചവർ | വിതരണം ചെയ്തതുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1995-96 | — | — | 54,664 | — | 56പേർ | 54,664/- |

### കാർഷിക വായ്പ വിശദ വിവരങ്ങൾ

| സ്ഥാപനത്തിൻെറ പേര് | പ്രവർത്തന മാരംഭിച്ച വർഷം | ആകെ അംഗങ്ങൾ | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഏറ്റെടുത്ത ഓഹരി | വിതരണം ചെയ്ത കാർഷിക വായ്പ |
|---|---|---|---|---|---|
| മുളക്കുളം, പഞ്ചായത്ത് സർവ്വിസ് സഹകരണ ബാങ്ക് (30-6-96 ലെ കണക്ക്) | 1963 | 6657 | 20,34,210 | 86,500 | 38,70,910 |
| കീഴൂർ സർവ്വീസ് സഹകരണ ബാങ്ക് (24-10-96 ലെ കണക്ക്) | 1934 | 4952 | 8,55,360 | 2,40,400 | 17,25,004 |
| കടുത്തുരുത്തി ഹരിജൻ സർവ്വീസ് സഹകരണ ബാങ്ക് (30-6-96 ലെ കണക്ക്) | 1962 | 300 (പഞ്ചായത്തിൽ) | 46,442.75 | 20,000 | 1,97,850 പഞ്ചായത്തിൽ 1,000/-മൂപ |

### രാസവസ്തു-കീടനാശിനി വിപണനം (Ref.കൃഷിഭവൻ)

| സ്ഥാപനം | 1993-94 | | | 199495 | | | 199596 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കിടനാശിനി | |
| | മെ.ടൺ | ദ്രവം | ഖര | മെ.ടൺ | ദ്രവം | ഖരം | മെ.ടൺ | ദ്രവം | ഖരം |
| സഹകരണ മേഖലാ സ്ഥാപ നങ്ങൾ | 295 മെ.ടൺ | 1324 ലിറ്റർ | 2678 കി.ഗ്രാം | 304 മെ.ടൺ | 1456 ലിറ്റർ | 2945 കി.ഗ്രാം | 407 മെ.ടൺ | 1546 ലിറ്റർ | 3021 കി.ഗ്രാം |
| സ്വകാര്യ വ്യാപാ രികൾ | 750 മെ.ടൺ | 4110 ലിറ്റർ | 7200 കി.ഗ്രാം | 780 മെ.ടൺ | 4157 ലിറ്റർ | 7990 കി.ഗ്രാം | 825 മെ.ടൺ | 4233 ലിറ്റർ | 4326 കി. ഗ്രാം |
| ആകെ | 1045 മെ.ടൺ | 5434 ലിറ്റർ | 98.78 കി.ഗ്രാം | 1084 മെ.ടൺ | 5607 ലിറ്റർ | 10935 കി.ഗ്രാം | 12167 മെ.ടൺ | 5779 ലിറ്റർ | 7347 കി.ഗ്രാം |



# മൃഗസംരക്ഷണം

പഴയ കാലങ്ങളിൽ എല്ലാ സമ്പന്ന കുടുംബങ്ങളിലും തൊഴുത്തുനിറയെ കന്നുകാലികൾ ഉണ്ടായിരുന്നു. അക്കാലത്ത് കന്നുകാലികളുടെ എണ്ണം സമ്പന്നതയെ വിളിച്ചറിയിക്കുന്ന ഒരു ഘടകമായിരുന്നു. പാൽ ഉൽപാദനത്തിന് പശു, ആട്, എരുമ എന്നിവയെയും കൃഷി ജോലികൾക്ക് പോത്ത്, കാള എന്നിവയെയും ധാരാളമായി വളർത്തിയിരുന്നു. ഇതു കൂടാതെ മാംസത്തിനായി പന്നിയെയും വളർത്തിവന്നിരുന്നു.

ധാരാളം മേച്ചിൽ പുറങ്ങൾ ഉണ്ടായിരുന്നതിനാൽ ഇവയുടെ സംരക്ഷണം ക്ലേശരഹിതവും ചെലവു കുറഞ്ഞതും ആയിരുന്നു. മൃഗചികിത്സയ്ക്ക് നാടൻ മരുന്നുകളാണ് ഉപയോഗിച്ചിരുന്നത്. ഇവയുടെ പ്രജനനത്തിന് പ്രകൃതിദത്തമായ രീതിയാണ് അവലംബിച്ചിരുന്നത്. ധവള വിപ്ലവത്തിൻെറ ഫലമായി കറവകുറഞ്ഞ നാടൻ ഇനങ്ങൾക്കു പകരം സങ്കര ഇനങ്ങൾ രംഗപ്രവേശം ചെയ്തു.

നമ്മുടെ മൃഗസമ്പത്ത് വളരെ വലുതും ആരോഗ്യപൂർണ്ണവുമാണ്. എങ്കിലും ഇതിനനുസരണമായ ഉൽപാദനം ആ മേഖലയിൽ നിന്നും ഉണ്ടാകുന്നില്ല. പാൽ, മുട്ട, മാംസം എന്നിവയുടെ കാര്യത്തിൽ നാം ഇനിയും സ്വയം പര്യാപ്തത നേടിയിട്ടില്ല. ഇത് വളരെ ഗൗരവത്തോടെ കാണേണ്ട സംഗതിയാണ്. പഞ്ചായത്തിലെ ജനങ്ങളിൽ നല്ലൊരു ഭാഗം ആളുകൾ കൃഷിക്കാരാണ്. അതുകൊണ്ടുതന്നെ ഇവർ മൃഗസംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്നു. എന്നാൽ കൃഷിയെ അപേക്ഷിച്ച് ഈ രംഗത്ത് ശാസ്ത്രീയ വീക്ഷണത്തിൻെറ കുറവ് കാണാൻ കഴിയും. നാട്ടിൽ ആവശ്യമായ

### മുളക്കുളം ഗ്രാമപഞ്ചായത്ത്

### ക്ഷീരസംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ (As on Sept-'96)

| ക്രമനമ്പർ | സംഘത്തിൻെറ പേര് | ശേഖരിച്ച ആകെ പാൽ lit/month | പ്രദേശത്ത് വില്ക്കുന്ന lit/month | പുറത്തേയ്ക്ക് അയയ്ക്കുന്നത് lit/month |
|---|---|---|---|---|
| 1 | പെരുവ ക്ഷീരരോല്പാദക സഹ.സംഘം ക്ലിപ്തം നം. K. 27(D) APCOS Total mmebers - 293 | 1336.3 | 1200 | 136 |
| 2 | അവർമ ക്ഷീരരോല്പാദക സഹ.സംഘം ക്ലിപ്തം നം. K. 72 (D) APCOS Total members-201 | 2766.5 | 1728.2 | 1038.3 |
| 3. | കാരിക്കോട് ക്ഷീരോല്പാദക സഹ.സംഘം.ക്ലിപ്തം നം. K.77(D)APCOS Total members - 507 | 9839.0 | 5583.30 | 4255.7 |
| 4 | കുന്നപ്പിള്ളി ക്ഷീരോല്പാദക സഹ.സംഘം ക്ലിപ്തം നം. K.73 (D) APCOS Total members - 292 | 5379.3 | 902.6 | 4476.7 |
| 5 | മുളക്കുളം ക്ഷീരോല്പദക സഹ.സംഘം ക്ലിപ്തം നം. K.75(D) APCOS Total members | 3526.0 | 2600.5 | 925.5 |
| 6 | ആപ്പാഞ്ചിറ ക്ഷീരോല്പാദക സഹ.സംഘം ക്ലിപ്തം നം. K. 156(D) APCOS Total members- 208 | 1340' | 920 | 420 |

പാൽ, മുട്ട, മാംസം എന്നിവയ്ക്കും കൃഷിക്കാവശ്യമുള്ള ജൈവ വളത്തിനുവേണ്ടിയും ബയോഗ്യാസുകൊണ്ടുള്ള ഊർജ്ജ ഉൽപ്പാദനം, മൃഗശക്തി എന്നിവയ്ക്കുവേണ്ടിയും നമ്മൾ മൃഗങ്ങളെ ആശ്രയിക്കുന്നു. അതുകൊണ്ടുതന്നെ മൃഗസംരക്ഷണം വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്.

മൃഗസംരക്ഷണരംഗത്ത് ധാരാളം തൊഴിൽ സാധ്യത നിലവിലുണ്ട്. ഈ മേഖലയിലെ അധ്വാന ഭാരത്തിൻെറ 70-80% വും സ്ത്രീകളാണ് നിർവ്വഹിക്കുന്നത്. ഇവരുടെ നിശബ്ദസേവനം നാടിൻെറ സമ്പദ്ഘടന എന്നതുപോലെ ആരോഗ്യത്തിൻെറയും സുപ്രധാനഘടകമാണ്.

ഈ കാരണങ്ങളാൽ ആ മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പാൽ ഉൽപാദനരംഗത്ത് നേരിയ വളർച്ച ഉണ്ടായിട്ടുണ്ട്. പഴയ മേച്ചിൽ പുറങ്ങളെല്ലാം കൃഷിയിട ങ്ങളായതോടെ കന്നുകാലികളുടെ സംരക്ഷണത്തിന് കാലിത്തീറ്റയെ മാത്രം ആശ്രയിക്കേണ്ടിവരുന്നു. ഇതുമൂലം കന്നുകാലിവളർത്തൽ പഴയതിലും ചെലവേറിയതായി തീർന്നിരിക്കുന്നു. കാർഷിക മേഖലയിലെ യന്ത്രവൽക്കരണം മൃഗശക്തിയുടെ ഉപയോഗം കാര്യമായി കുറയുന്നതിന് ഇടയാക്കി.

## മുളക്കുളം ഗ്രാമപഞ്ചായത്ത്

### 4.3 രോഗവിവരങ്ങൾ ഒരു വർഷത്തെ ശരാശരി കണക്ക്

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ Digestive disorders | 1660 | 30 | 992 | 48 | 150 | 24 | 150 | 5 | 4 | |
| 2 | ശ്വാസകോശസംബന്ധം Respiratory diseases | 344 | 3 | 36 | 12 | 4 | 6 | 4 | 2 | 1 | |
| 3 | ഉപാപചയ സംബന്ധം Meysbolic diseases | 34 | — | 16 | — | — | — | — | — | — | |
| 4 | ത്വക്‌രോഗങ്ങൾ Skin diseases | 172 | 18 | 78 | 4 | 130 | — | — | 5 | 2 | |
| 5 | ധാതുലവണങ്ങളുടെ അഭാവം Deficiency diseases | 144 | 4 | 54 | 10 | — | — | — | — | — | |
| 6 | പരാദരോഗങ്ങൾ Parasitic diseases | 384 | 2 | 144 | 10 | 80 | 48 | — | 6 | — | |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായ ബന്ധപ്പെട്ടവ Gynacological disorders | 240 | 4 | 36 | — | 6 | — | — | — | — | |
| 8 | വന്ധ്യത Infertility | 320 | 6 | 18 | — | — | — | — | — | — | |
| 9 | അകിടുവീക്കം Mastitis | 550 | 2 | 84 | — | — | — | — | — | — | |
| 10 | മൂടന്തൻ പനി Ephemeral Fever | 428 | — | — | — | — | — | — | — | — | |
| 11 | പകർച്ച വ്യാധികൾ Contagion diseases | 280 | 4 | 8 | 12 | 8 | 400 | 150 | 12 | — | |

പഞ്ചായത്തിൽ പാൽ ഉൽപ്പാദനരംഗത്ത് 6 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എങ്കിലും നല്ല രീതിയിൽ പ്രവർത്തിയ്ക്കുന്നത് രണ്ടെണ്ണമാണെന്നു പട്ടിക നോക്കിയാൽ കാണാം.

നമ്മുടെ മൃഗാശുപത്രി സ്ഥിതിചെയ്യുന്നത് മൂർക്കാട്ടിൽ പടിയിലാണ്. ഇതിൻെറ സേവനം എല്ലാ ഭാഗങ്ങളിലേക്കും ലഭിക്കുന്നില്ല. ഇതിനോടുനുബന്ധിച്ച് ഒരു ICDP സബ് സെൻററും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ മറ്റൊരു ICDP സെൻററുള്ളത് അവർമയിലാണ്. ഇവയുടെ സേവനം പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കണം.

കാലികളിലെ രോഗാതുരത നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണെന്നുകാണാം. സമയാസമയങ്ങളിൽ പ്രതിരോധകുത്തിവെയ്പുകൾ നടത്താൻ കഴിയുന്നുണ്ട്. എന്നാൽ രോഗപ്രതിരോധ നടപടികളെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും കന്നുകാലികർഷകരെ ബോധവാന്മാരാക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ ഗോവർഗ്യാസ് പ്ലാൻറിൻെറ ഉപയോഗം നേരത്തെ തന്നെ തുടങ്ങിയിരുന്നു. എന്നാൽ ആളുകളുടെ അജ്ഞതയും സാമ്പത്തികമായ പിന്നോക്ക സ്ഥിതിയും നിമിത്തം ഇത് കൂടുതൽ വ്യാപകമായിട്ടില്ല. ബന്ധപ്പെട്ട ഏജൻസികൾ കാര്യമായി ബോധവൽക്കരണം നടത്തുകയും ഗ്യാസ്പ്ലാൻറ് സ്ഥാപിക്കാൻ മുന്നോട്ടുവരുന്നവർക്ക് കാര്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യണം.

ജൈവവളത്തിൻെറ ഉപയോഗം കൂടുതൽ സാധ്യമാക്കാൻ കഴിഞ്ഞാൽ കന്നുകാലി വളർത്തലിന് ആളുകൾ കൂടുതൽ താൽപര്യം കാണിക്കുന്ന സ്ഥിതിയുണ്ടാകും.

പഞ്ചായത്തിലെ ഇറച്ചിയുടെ ആവശ്യം ഏറെയും നിർവ്വഹിക്കുന്നത് മാട്ടിറച്ചിയിലൂടെയും കോഴിയിറച്ചിയിലൂടെയുമാണ്. ഇതിൽ മാടുകളെ പുറത്തുനിന്നും കൊണ്ടുവരികയാണു ചെയ്യുന്നത്. അടുത്തകാലത്തായി ഇറച്ചി കോഴികളെ വളർത്തുന്ന ഫാമുകൾ നമ്മുടെ നാട്ടിൽ സാർവ്വത്രികമായിട്ടുണ്ട്.

ഒരു നല്ല തൊഴിൽ സംരംഭം എന്ന നിലയിൽ ആവശ്യമായ പ്രോത്സാഹനം ലഭിക്കുകയാണെങ്കിൽ ഈ രംഗത്ത് നിരവധി ആളുകൾക്കു തൊഴിൽ നൽകുന്നതിനും സാധിക്കും.

## പ്രശ്നങ്ങൾ

1. കാലിതീറ്റകളുടെ വിലവർദ്ധനവ്
2. തീറ്റപുല്ലിൻെറ ദൗർലഭ്യം
3. കന്നുകാലിവളർത്തൽ, കോഴിവളർത്തൻ എന്നിവയ്ക്ക് അനായാസമായിവായ്പാസൗകര്യം ലഭിക്കാത്ത സ്ഥിതി.
4. പാൽ ഉൽപന്നങ്ങളുടെ നിർമ്മാണ-വിപണന സാധ്യതകളെക്കുറിച്ചുള്ള അജ്ഞത

## നിർദ്ദേശങ്ങൾ

1. കുറഞ്ഞ വിലയ്ക്ക് കർഷകർക്കു കാലിത്തീറ്റ ലഭ്യമാക്കണം.
2. തൊഴുത്തിൻെറ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കും ധനസഹായം ലഭ്യമാക്കുക.
3. മൃഗസംരക്ഷണരംഗത്തെ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.
4. മൃഗസംരക്ഷണ രംഗത്തെ നൂതന സാങ്കേതിക ങ്ങളെയും ശാസ്ത്രീയ പരിപാലനത്തെയും കുറിച്ച് കൃഷിക്കാരെ ബോധവാന്മാരാക്കുക.
5. മേൽത്തരം കന്നുകലികളെകുറിച്ചു ആളുകളുടെ ഇടയിൽ പ്രചരണം നടത്തുക
6. ഒരു വീട്ടിൽ ഒരു പശു എന്നത് നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുക
7. C.S.F.C കന്നുകുട്ടിപരിപാലന പദ്ധതി നടപ്പിലാക്കുക.

8-ാം പഞ്ചവത്സരപദ്ധതിയിൽ മുളക്കുളം പഞ്ചായത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ അവലോകന റിപ്പോർട്ട്.

## ക്ഷീരകർഷക സമ്പർക്ക പരിപാടി

ക്ഷീരകർഷകർക്ക് വിജ്ഞാനവ്യാപന പ്രക്രിയയ്ക്കായിട്ടുള്ള ഒരു പരിപാടിയാണിത്. മതിയായ പ്രചാരണം നൽകി ഒരു പൊതു സ്ഥലത്ത് വച്ച് 30- ൽ കുറയാത്ത ക്ഷീര കർഷകരടങ്ങുന്ന സദസ്സിന് ആവശ്യമായ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സ് നൽകുകയാണ് ഈ പരിപാടിയുടെ ഉദ്ദേശം

ഒരു ക്ലാസ്സിൻെറ നടത്തിപ്പിന് പരമാവധി 200/- രൂപാ പങ്കെടുക്കുന്ന കർഷകർക്ക് ലഘുഭക്ഷണം നൽകുന്നതിനും, പരിപാടിയുടെ പ്രചരണത്തിനുമായി നൽകുന്നു.

കാലി വളർത്തലിലുള്ള നൂതന സാങ്കേതിക അറിവുകൾ കർഷകരിലെത്തിക്കുവാനും, ഫീൽഡ് തലത്തിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കി പ്രതിവിധി കണ്ടെത്തുവാനും കാലി വളർത്തലിൽ കൂടുതൽ അനുഭവജ്ഞാനുമുള്ള കർഷകരുടെ അനുഭവങ്ങൾ മറ്റു കർഷകരുമായി പങ്കുവയ്ക്കുന്നതിനും ഈ പരിപാടി പ്രയോജനം ചെയ്യുന്നു.

## നാടൻ ക്ഷീരോല്പന്ന നിർമ്മാണപ്രദർശനക്ലാസ്സ്

ക്ഷീരോല്പന്നങ്ങൾ നിർമ്മിച്ച് ഉല്പന്നങ്ങളുടേയും പാലിൻെറയും ഉപഭോഗം വർദ്ധിക്കുന്നതിനുള്ള ഒരു പ്രദർശന, പരിശീലന പരിപാടിയാണിത്. ഒരു പരിപാടിയ്ക്ക് പരമാവധി 100/- രൂപ ധനസഹായമായി നൽകുന്നു.

പാലിൽ നിന്നും വൈവിദ്ധ്യമാർന്ന വിവിധ പാലുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം കർഷകർക്ക് നൽകുവാൻ ഈ പരിപാടി വളരെയേറെ

സഹായിച്ചിട്ടുണ്ട്. പാലിൻെറയും, പാലുല്പന്നങ്ങളുടെയും ഉപഭോഗം വർദ്ധിപ്പിക്കുവാനും ആരോഗ്യത്തിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടുള്ള ഒരു ഉപഭോഗസംസ്ക്കാരം വളർത്തുന്നതിനും ഈ പദ്ധതി സഹായകരമാണ്.

## തീറ്റപ്പുൽകൃഷി വികസനം

ക്ഷീരകർഷകർ ഇന്നു നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഭാരിച്ച ഉല്പാദനചെലവാണ്. പാലുല്പാദനത്തിന് കർഷകർ മുടക്കേണ്ട ചെലവിൽ 70% കാലിത്തീറ്റയിലാണ്. പച്ചപ്പുല്ല് മതിയായ തോതിൽ നൽകിയാൽ ഈ ചെലവ് 40% കണ്ട് കുറയ്ക്കുവാൻ സാധിയ്ക്കും. ഇതിലേയ്ക്കായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ പുൽകൃഷി വികസനത്തിനായി നടപ്പിലാക്കിവരുന്നു.

### 1. ദീർഘകാല പുൽകൃഷി

ഒരിക്കൽ കൃഷി ചെയ്താൽ 6-7 വർഷക്കാലത്തോളം ആദായകരമായ വിളവ് തരുന്ന ദീർഘകാല പുല്ലിനങ്ങളായ കോംഗോ സിഗ്നൽ, ഗിനി, ആൻഡ്രോപോഗൺ, സ്റൈറൊപോഗൺ, സ്റ്റേലോ സാന്തസ് എന്നിവയുടെ വിത്ത് കർഷകർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്ത് പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നു. വിത്ത് വില ഇനത്തിൽ 50% ധനസഹായവും, രാസവള സബ്സിഡിയായി ഒരു ഹെക്ടറിന് 500/- രൂപയും അനുവദിക്കുന്നു. ടി വിത്തിനങ്ങൾ ഉപയോഗിച്ച് പുൽ കൃഷിനടത്തുന്ന നിരവധി കർഷകർ പഞ്ചായത്തിലുണ്ട്.

### 2. തീറ്റപ്പുൽക്കട ഉപയോഗിച്ചുള്ള പുൽകൃഷി

ഉല്പാദനക്ഷമതയുള്ള മേൽത്തരം പുല്ലിനങ്ങളായ കോംഗോ സിഗ്നൽ, ഗിനി, ഹൈബ്രിഡ് നേപ്പിയർ എന്നിവയുടെ കടകൾ ഉപയോഗിച്ച് പുൽകൃഷി നടത്തുന്നു. പുൽക്കടയുടെ വിലയുടെ 50% സബ്സിഡിയും (പരമാവധി ഒരു ഹെക്ടറിന് 500/- രൂപ) രാസവള സബ്സിഡിയായി ഒരു ഹെക്ടറിന് 500/- രൂപയും കർഷകർക്ക് നൽകുന്നു.

## വിററാമിൻ സപ്ലിമെൻറ്

കന്നുകുട്ടികളുടെയും കറവപ്പശുക്കളുടേയും ശരിയായ വളർച്ചയ്ക്കും ആരോഗ്യപരിപാലനത്തിനുമായി സൗന്യ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

## മാതൃകാ ഡയറി യൂണിറ്റ്

രണ്ടു കറവപ്പശുക്കളെയെങ്കിലും വളർത്തുന്ന ക്ഷീര കർഷകന് വീണ്ടുമൊരു കറവപശുവിനെ വാങ്ങുന്നതിനും, ജലസേചനം, പുൽകൃഷി തുടങ്ങിയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പരമാവധി 7000/- രൂപാ ധനസഹായമായി നൽകുന്നു.

## നാടൻ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ്

ആഭ്യസ്ത വിദ്യരായ, തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനും, പാലിൻെറയും പാൽ ഉല്പന്നങ്ങളുടേയും ഉപഭോഗവും വിപണനവും വർദ്ധിപ്പിക്കുന്നതിനും ഉല്പാദകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുമായ ലക്ഷ്യമിട്ടിരിക്കുന്ന ഒരു പദ്ധതിയാണിത്. ഒരു യൂണിറ്റിൽ S.S.L.C വരെയെങ്കിലും വിദ്യാഭ്യാസമുള്ള 4 വനിതകൾ ഉണ്ടായിരിക്കും. ക്ഷീരസംഘങ്ങൾ, മഹിളാസമാജങ്ങൾ, വായനശാലകൾ, സന്നദ്ധസംഘടനകൾ എന്നിവയാണ് ഈ യൂണിറ്റുകളുടെ സ്പോൺസറിംഗ് ഓർഗനൈസേഷനുകൾ ആയി പ്രവർത്തിക്കുക. വിവിധ ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണം, യൂണിറ്റിൻെറ കണക്കുകൾ തയ്യാറാക്കൽ, മാർക്കറ്റിംഗ് എന്നീ വിഷയങ്ങളിൽ തെരഞ്ഞെടുക്കുന്ന യൂണിറ്റംഗങ്ങൾക്ക് ക്ഷീരവികസന വകുപ്പിൻെറ നേതൃത്വത്തിൽ 15 ദിവസത്തെ പരിശീലനം നൽകുന്നു. പരിശീലനം പൂർത്തിയാക്കുന്ന യൂണിറ്റ് ട്രെയിനിംഗ് ബാറ്റ ഇനത്തിൽ 1500/- രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് ആകെ മുതൽ മുടക്കിൻെറ 66% (പരമാവധി 20,250/- രൂപ)ഉം ആയി ആകെ 21,750/- രൂപാ ധനസഹായം നൽകുന്നു.

### പ്രത്യേക ഘടക പദ്ധതി/ പ്രത്യേക കേന്ദ്രസഹായ പദ്ധതി

സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽകുന്ന ദുർബ്ബലവിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷകക്ക് തൊഴിൽ നൽകുന്നതിനും, പാൽ ലഭ്യമാക്കുന്നതിനും, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി 'ഡയറി യൂണിറ്റ്'' സ്ഥാപിക്കുന്നതിനു് (കാലിത്തൊഴുത്ത്, കറവപ്പശു) ധനസഹായം നൽകുന്ന പദ്ധതിയാണിത്.

ക്ഷീരവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ വരുത്താവുന്ന ഭേദഗതികളെ സംബന്ധിച്ച് കുറിപ്പ്:

## തീറ്റപ്പുൽകൃഷി

വാണിജ്യാടിസ്ഥനത്തിലുള്ള പുൽകൃഷി

വാണിജ്യാടിസ്ഥാനത്തിൽ 1 ഹെക്ടർ സ്ഥലത്ത് 15000/- രൂപാ ധനസഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന ഈ പദ്ധതി കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണം കുറച്ച് (ഉദാ:- 50 സെൻറ്, 1 ഏക്കർ etc) സബ്സിഡി തുക ആനുപാതികമായി കുറച്ച് കൂടുതൽ കർഷകർക്ക് നൽകുന്നതിന് സൗകര്യം ചെയ്താൻ ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ കർഷകർക്ക് നൽകുന്നതിനു കഴിയും. പുറമ്പോക്ക് ഭൂമികൾ, തരിശുനിലങ്ങൾ എന്നിവയിൽ താല്പര്യമുള്ള കർഷകരെ പങ്കെടുപ്പിച്ച് പുൽകൃഷി നടപ്പാക്കുകയും അതിൽ നിന്ന് ലഭിക്കുന്ന പുല്ല് ക്ഷീരസംഘങ്ങൾ വഴി വില്പന നടത്തുകും ചെയ്താൽ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് ആദായകരമയി കാലിത്തീറ്റ ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. അതുപോലെ കാലിവളർത്തൽ ഇല്ലാത്തവരും എന്നാൽ തെങ്ങിൻ തോപ്പുകളോ മററ് ഭൂമിയോ പുൽകൃഷി ചെയ്യുന്നതിന്

അനുയോജ്യമായിട്ടുള്ള വ്യക്തികളുമായി പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ട് ടി സ്ഥലങ്ങളിൽ താത്പര്യമുള്ള വ്യക്തികളോ, ക്ഷീരസംഘങ്ങളോ, പഞ്ചായത്ത് തല പദ്ധതി മുഖേനയോ പുൽകൃഷി നടത്തി ക്ഷീരസംഘങ്ങൾ മുഖേന പുല്ല് കച്ചവടം നടത്തുന്നതിനു സാധിക്കും.

## മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം

കാലിത്തൊഴുത്ത് നിർമ്മാണത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള ധനസഹായം 1250/- രൂപയാണ്. തൊഴുത്തു നിർമ്മാണത്തിനുള്ള വസ്തുക്കളുടെ വില വർദ്ധന കൂടി കണക്കിലെടുത്ത് ധനസഹായം 3000/- രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാവുന്നതാണ്.

## കാലിത്തീറ്റയ്ക്ക് സബ്സിഡി

പാലുല്പാദനത്തിനുള്ള വർദ്ധിച്ച ചെലവ് പരിഗണിച്ച് ക്ഷീരസംഘങ്ങൾ മുഖേന പാൽ വ്യാപാരം നടത്തുന്ന കർഷകർക്ക് കാലത്തീറ്റയ്ക്ക് 50% എങ്കിലും സബ്സിഡി യോടുകൂടി കാലിത്തീറ്റ വിതരണം ചെയ്യാനുള്ള ഒരു പദ്ധതിയും പഞ്ചായത്തിന് നടപ്പാക്കാവുന്നതാണ്. അങ്ങിനെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ച പ്പെടുത്തുവാനും സാധിക്കും.

## സർവ്വേ

പഞ്ചായത്തുതലത്തിൽ ഒരു സർവ്വേ നടത്തി പഞ്ചായത്തിൽ ആകെയുള്ള കന്നുകാലികളുടെ എണ്ണം തിട്ടപ്പെടുത്തുകയും, നല്ലയിനം പശുക്കൾ, കിടാരികൾ എന്നിവയുടെ പ്രത്യേക ലിസ്റ്റുണ്ടാക്കുന്നതും നന്നായിരിക്കും. നല്ലയിനം പശുക്കളെ വളർത്തുന്ന കർഷകർക്ക് തങ്ങളുടെ 'ഡയറി യൂണിറ്റ്'' മെച്ചപ്പെടു ത്തുന്നതിന്റെ ഭാഗമായി സഹകരണബാങ്കുകൾ വഴി വായ്പ എടുക്കുന്ന തിനുള്ള സൗകര്യം ചെയ്യുന്ന പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. ഇങ്ങനെയുള്ള കർഷകർക്ക് 'മാതൃകാ ഡയറി യൂണിറ്റ്'' വിഭാഗത്തിൽപ്പെടുത്തി ക്ഷീരവികസന വകുപ്പ് മുഖേനയുള്ള 7000/- രൂപാ സബ്സഡി നൽകാവുന്നതാണ്.

***



# മത്സ്യബന്ധനം

മുളക്കുളം പഞ്ചായത്തിൻെറ വടക്കേ അതിർത്തി മൂവാറ്റുപുഴയാറാണ്. ആറിനോട് ചേർന്ന 1-ാം വാർഡിൽ ഏകദേശം ഒരു കിലോമീറ്റർ ചുറ്റളവിൽ-45 ധീവരഹിന്ദു കുടുംബങ്ങൾ പരമ്പരാഗത മത്സ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ച് കഴിഞ്ഞുവരുന്നു. ഇവർ ഒരു കോളനി പോലെ തിങ്ങി പാർക്കുന്നവരാണ്. ഇതു കൂടാതെ പൂഴിക്കോലിൽ മൂന്ന് കുടുംബങ്ങളും ഈ തൊഴിൽ ചെയ്തു ജീവിക്കുന്നുണ്ട്. ഇവർ പുഴകളിലും തോടുകളിലും പൂഞ്ച നിലങ്ങളിലും മത്സ്യബന്ധനം നടത്തുന്നു. മുൻ കാലങ്ങളിൽ പുറമേനിന്നും വള്ളങ്ങളിൽ മത്സ്യം കൊണ്ടുവന്ന് വിപണനം ചെയ്തിരുന്നു. ഇപ്പോൾ വണ്ടികളിലാണ് മത്സ്യംകൊണ്ടുവന്ന് വില്പനനടത്തുന്നത്. സ്ത്രീകളിൽ ഭൂരിപക്ഷവും വിവിധ പ്രദേശങ്ങളിൽ നടന്ന് വില്പന നടത്തി വരുന്നു. പഞ്ചായത്തിൻെറ ഇതരഭാഗങ്ങളി ലായി -25-30 പേർ മത്സ്യബന്ധനം ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ് ഇവർ. സെപ്തംബർ-ഒക്ടോബർ -നവംബർ-മാസങ്ങളിൽ മത്സ്യബന്ധനം നടത്തുകയും മറ്റു സമയങ്ങളിൽ കൃഷിപണികളിൽ ഏർപ്പെടുകയും ചെയ്യുന്നു.

### പട്ടിക

| | |
|---|---|
| മത്സ്യബന്ധനം നടത്തുന്നവർ | 125 |
| ഇല്ലാത്തവർ | 8 |
| വിൽപ്പനമാത്രം നടത്തുന്നവർ (പുരു.) | 5 |
| " (സ്ത്രീകൾ) | 50 -60 |
| ശരാശരി വരുമാനം | 55 - 75 |
| സ്ത്രീകൾക്ക് | 45 - 50 |
| വാർദ്ധക്യകാലപെൻഷൻ കിട്ടുന്നവർ (പു.) | 18 |
| " (സ്ത്രീകൾ) | 8 |

### ഉപകരണ വില

| | |
|---|---|
| ഏകദേശം - വള്ളം - വല | 15000/- |
| ബാങ്ക് വായ്പ ലഭിക്കുന്നത് | 9000/- |
| ശരാശരി വരുമാനം - ജൂൺ-ജൂലൈ | 60 - 70 |
| ആഗസ്റ്റ് - ഡിസംബർ | 10 - 15 |
| ജാനുവരി - മെയ് | 25 - 50 |

### മത്സ്യബന്ധന രീതി

പ്രധാനമായും മീൻപിടിക്കുവാൻ ഉടക്കു വലയാണ് ഉപയോഗിക്കുന്നത്. ഇതിന് വള്ളം അത്യാവശ്യമാണ്. വീശുവല, ചൂണ്ട, വട്ടവല, കോരുവല എന്നിവയും ഉപയോഗിക്കുന്നു.

പ്രശ്നങ്ങൾ : പുരുഷന്മാർ മത്സ്യബന്ധനത്തിന് രാത്രികാലങ്ങളിൽ വീട്ടിൽ നിന്നും അകന്ന് നില്ക്കുന്നു. സ്ത്രീകൾ മത്സ്യവിപണനത്തിനായി പകൽ സമയം ദൂരെ പ്രദേശങ്ങളിൽ പോകേണ്ടിവരുന്നു.

1. മുളക്കുളത്ത് പൊതുവായ വിപണസ്ഥലം ഇല്ലാത്തത് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.
2. മത്സ്യം സൂക്ഷിക്കുന്നതിന് ആധുനിക സൗകര്യങ്ങൾ ഇവിടെ ലഭ്യമല്ല.
3. പ്രജനന സമയങ്ങളിൽ അശാസ്ത്രീയമായ മത്സ്യ ബന്ധനം മൂലം ചില മാസങ്ങളിൽ മത്സ്യം തീരെ കുറയുവാൻ ഇടയാകുന്നു.
4. ക്ഷേമനിധി പദ്ധതിയുടെ പ്രയോജനം ഈ മേഖല യിലുള്ള എല്ലാ തൊഴിലാളികൾക്കും ലഭിക്കുന്നില്ല.

### സാദ്ധ്യതകൾ

1. "ഊത്ത" കാലത്തെ മീൻ പിടുത്തത്തിന് നിയന്ത്രണം ഏർപ്പെടുത്തണം.
2. പുഞ്ചനിലങ്ങളിൽ മത്സ്യം യഥേഷ്ടം കയറുവാൻ സാധിച്ചാൽ പഞ്ഞ മാസങ്ങളിൽ ഇവ കൂടുതൽ വംശ വർദ്ധനവിന് ഇടയാകും. കൂടുതൽ സംഭരണവും നടക്കും. പുഞ്ചകളിൽ വെള്ളം കയറുകയും ഇറങ്ങുകയും ചെയ്യുന്നു. ഇതിന് മണപ്പുഴ പാലത്തിന് സമീപവും വളപ്പിൽ പാലത്തിന് സമീപവും ചിപ്പുകൾ നിർമ്മിച്ച് പുഴയിലേക്ക് ഒഴുകുന്ന ജലം തടഞ്ഞുനിർത്തി കൃത്രിമ ജലാശയമാക്കി പുഞ്ചയെ സൂക്ഷിച്ച് -ചെമ്മീൻ -ആറ്റുകൊഞ്ച് കൃഷി നടത്തിയാൽ സെപ്തംബർ മുതൽ 4 മാസം മത്സ്യബന്ധനത്തിലൂടെ ഈ വിഭാഗങ്ങളുടെ ദാരിദ്ര നിർമ്മാജ്ജനം ചെയ്യാനാവും. ഇങ്ങനെ ശേഖരി ക്കുന്ന മത്സ്യം സംഭരിക്കുന്നതിനും വിപണനം നടത്തു ന്നതിനും സഹകരണസംഘം ആവശ്യമാണ്. മുളക്കുളത്ത് ഒരു പൊതുവായ വിപണന കേന്ദ്രം അത്യാവശ്യമാണ്. ഇതിന് മുളക്കുളത്ത് തരിശായി കിടക്കുന്ന പഴയ വല്ലേജ് ഓഫീസ് വക സ്ഥലമോ വയാന ശാലക്കു സമീപമുള്ള P.W.D പുറമ്പോക്കോ ഇതിനായി സൗകര്യപ്പെടുത്താ വുന്ന താണ്.

***

# വ്യവസായം

വ്യവസായ മേഖലയിൽ മുളക്കുളം ഗ്രാമ പഞ്ചായത്തിന് കാര്യമായ നേട്ടങ്ങളൊന്നും തന്നെ എടുത്തു പറയുവാനില്ല. പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ ബീഡി വ്യവസായത്തിൽ 100 ഓളം തൊഴിലാളികൾ 1935 മുതൽ തൊഴിൽ ചെയ്തിരുന്നു. 1960കളിൽ ഇതൊരു സഹകരണ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംരംഭമായി. എന്നാൽ 1979 ഓടുകൂടി ഇത് നാമാവശേഷമായി. ചുരുക്കം ചിലർ ഇന്നും ബീഡിതെറുത്ത് ഉപജീവനം നടത്തുന്നുണ്ട്. കള്ളുവ്യവസായരംഗത്ത് ചെത്തു തൊഴിലാളികളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരുന്നത് ആ മേഖലനേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഒരു തലമുറകൂടി കഴിയുമ്പോൾ ആ രംഗത്തും തൊഴിലാളികൾ ഉണ്ടാവില്ലാത്ത അവസ്ഥയാണ്. ഇപ്പോൾ 45 ഓളം തൊഴിലാളികളാണ് ഈ രംഗത്തുള്ളത്. 1970 കാലഘട്ടങ്ങളിൽ ഏതാണ്ട് മൂന്നോളം കൈത്തറി ശാലകൾ ആരംഭിക്കുകയും 100–ൽ അധികം ആളുകൾ അതുകൊണ്ട് ഉപജീവനം നടത്തിയും വന്നിരുന്നു. 75 കളുടെ ആരംഭത്തിൽ തന്നെ അത് നിന്നുപോവുകയും ചെയ്തു. ഇപ്പോൾ ഈ പഞ്ചായത്തിൽ ഒരു വീട്ടിൽ മാത്രം കൈത്തറി യൂണിറ്റ് നിലനില്ക്കുന്നു. ഈ മൂന്നു വ്യവസായങ്ങളുടെ അവസ്ഥകളെക്കുറിച്ച് ഇങ്ങനെയാകാനുണ്ടായ കാരണങ്ങൾ വസ്തുനിഷ്ഠമയി പഠിക്കേണ്ടിയിരിക്കുന്നു. പഴയകാല വ്യവസായങ്ങളിൽപെടുന്ന കുട്ടനെയ്ത്, ചക്ക് മുതലായവ ഈ പഞ്ചായത്തിലും ഉണ്ടായിരുന്നതായി കാണുന്നു. പരമ്പരാഗതമായി നടത്തുന്ന ഇരുമ്പു പണി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുലത്തൊഴിൽ എന്നനിലയിൽ 20 കുടുംബങ്ങൾ ചെയ്തുവരുന്നു.

മുളക്കുളം പഞ്ചാത്തിനുള്ളിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നുതന്നെയില്ല എന്നു പറയാം. ഇതിനൊരപവാദമായി ഉള്ളത് ഏതാണ്ട് 40 ഓളം പേർ പണിയെടുക്കുന്ന ഒരു മെറ്റൽ ക്രഷറും 30 പേർ പണിയെടുക്കുന്ന ഒരു റബ്ബർ തടി Process ing Unit ഉം ആണ്. എന്നാൽ ഏഷ്യയിലെ ഏറ്റവും വലിയ പേപ്പർ ഫാക്ടറിയായ H.N.L തൊട്ടടുത്ത വെള്ളൂർ ഗ്രാമ പഞ്ചായത്തിൽ ആണെങ്കിലും നമ്മുടെ പഞ്ചായ ത്തിന്റെ അതിർത്തിക്കുള്ളിലേയ്ക്കും കൂടി കയറിയാണ് കിടക്കുന്നത്. ഈ പൊതു മേഖലാ സ്ഥാപന ത്തിൽ ഈ പഞ്ചായത്തിലെ നിരവധി ആളുകൾ ജോലി ചെയ്യുന്നു. ഈ ഫാക്ടറിയുടെ പരിസ്ഥിതി മലിനീകരണ മടക്കമുള്ള ദോഷഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭ വിക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ മേഖലയിൽ നമുക്കു ലഭിക്കേണ്ട സംരക്ഷണം പോലും ഈ കമ്പനിയിൽ നിന്നും നമുക്ക് ലഭ്യമാ കുന്നില്ല. ഈ ഫാക്ടറി പുറംതള്ളുന്ന ഉപയോഗശൂന്യമായ വസ്തുക്കളിൽ നിന്നും പല By Products- ഉം ഉണ്ടാക്കാവുന്നതാണ്. ഉദാ:- കാർഡ്ബോർഡ്, സിമിന്റ് etc. waste കരിയിൽ നിന്നും സിമിന്റ് ഉല്പാദിപ്പിക്കുന്ന ഒരു കമ്പനി ഇപ്പോൾ വെള്ളൂർ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ആരംഭി ച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഈ By Products- നെക്കുറിച്ച് സമഗ്രമായ ഒരു ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു ഈ By Product യൂണിറ്റുകൾ തുടങ്ങുവാനുള്ള സഹായങ്ങൾ HNL അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകണം. വേണമെങ്കിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ HNL waste കരിയും ചുണ്ണാമ്പുമെല്ലാം അരച്ച് ഇഷ്ടിക നിർമ്മിക്കുന്ന ഒരു വൻകിട വ്യവസായൂണിറ്റ് സഹകരണ മേഖലയിൽ തുടങ്ങാവുന്നതാണ്.

1980–കൾക്ക് ശേഷവും 92 വരെയുള്ളകാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ വ്യവസായരംഗത്ത് കാര്യമായ ചലനങ്ങൾ ഒന്നും തന്നെ ഉണ്ടായില്ല. തൊഴിൽ മേഖലയിൽ കൂടുതൽപേരും ടാപ്പിംഗ്, മണൽവാരൽ, കരിങ്കൽ കയറ്റിറക്ക്, ഇഷ്ടികനിർമ്മാണം മറ്റുകൂലിപ്പണികൾ തുടങ്ങിയജോലികൾ ചെയ്ത് ഉപജീവനം നടത്തുന്നു. 92നു ശേഷമാണ് പൂർണ്ണമായും എക്സ്പോർട്ടിംഗ് മാത്രം മുൻ നിറുത്തി സ്വകാര്യമേഖലയിൽ ഒരു റബ്ബർ തടി സംസ്ക്കരണ യൂണിറ്റ് തുടങ്ങിയത്. ഇവിടെ ഏതാണ്ട് 30 ഓളം തൊഴിലാളികൾ ജോലിചെയ്യുന്നു. 95–96 കാലഘട്ടത്തിൽ സ്വകാര്യ മേഖലയിൽ ആരംഭിച്ച മെറ്റൽ ക്രഷറിൽ ഏതാണ്ട് 40 ഓളം തൊഴിലാളികൾ തൊഴിൽ ചെയ്യുന്നു.

## സ്ത്രീകളുടെ പങ്കാളിത്തം

മൊത്തമായി തൊഴിൽ മേഖലയിൽ പുരുഷന്മാർക്ക് ആധിപത്യമുണ്ടെങ്കിലും ചില വ്യവസായത്തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾക്ക് വ്യക്തമായ പങ്കുണ്ട്. ചെറുകിട മേഖലയിലുള്ള ഗാർമെൻറ്സ് യൂണിറ്റുകളിലും ഹാൻഡിക്രാഫ്റ്റ് യൂണിറ്റുകളിലും ഇഷ്ടികകളങ്ങളിലും ഇവർ മുമ്പന്തിയിൽ നില്ക്കുന്നു. എങ്കിലും വിപണനസാധ്യതയുള്ള വനിത വ്യവസായയൂണിറ്റുകൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടില്ല. ഇതിനായി വനിതകൾ ആരും തന്നെ മുന്നിട്ടിറങ്ങുന്നില്ല എന്നതാണ് വാസ്തവം. ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് സമിതികളിൽ തെരഞ്ഞെടുക്കപ്പെട്ട 5 വനിതകൾ മുന്നിട്ടിറങ്ങിയാൽ പഞ്ചായത്തിൽ അഭ്യസ്തവിദ്യരായ. തൊഴിൽരഹിതരായ യുവതികളെ സംഘടിപ്പിച്ച് രണ്ടോ മൂന്നോ വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ കഴിയും. നമ്മുടെ പഞ്ചായത്തിലെ വിപണികൾ മാത്രം ആശ്രയിച്ചാൽ പോലും വളരുവാൻ സാധ്യതയുള്ള നിത്യോപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ മുന്നോട്ടുവരാത്ത നമ്മുടെ നാട്ടിലെ സ്ത്രീകളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തിയെടുക്കുവാൻ പൊതുരംഗത്തു പ്രവർത്തിക്കുന്ന വനിതകൾ മുന്നോട്ടിറങ്ങണം.

## പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങൾ

### പട്ടിക 1 മുതൽ മുടക്ക് കൂടുതലുള്ള വ്യവസായങ്ങൾ

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | പുരുഷന്മാർ | സ്ത്രീകൾ | |
| 1. | റബ്ബർ തടിസംസ്ക്കരണം (Exporting) | 30 | ഉണ്ട് | 30 |
| 2. | മെറ്റൽ ക്രഷർ | 40 | 50% തമിഴ് നാട്ടുകാർ | 40 |

### പട്ടിക 2

### ചെറുകിടവ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 1 | എൻജിനീയറിംഗ് | 23 | 100 | – | 100 |
| 2 | അച്ചടി | 2 | 4 | – | 4 |
| 3 | റെഡിമെയ്ഡ് ഗാർമെൻറ്സ് | 3 | 6 | 18 | 24 |
| 4 | കരിങ്കല്ല് വ്യവസായം | 14 | 64 | 76 | 140 |
| 5 | ഇഷ്ടികകളം | 7 | 150 | 100 | 250 |
| 6 | കറിപൗഡർ | 3 | 6 | 9 | 15 |
| 7 | ഫർണീച്ചർ | 5 | 25 | | 25 |
| 8 | തടിമില്ല് | 3 | 12 | 12 | |
| 9 | വാഹനബോഡിനിർമ്മാണം സർവ്വീസിംഗ് | 2 | 35 | – | 35 |
| 10 | ഹാൻഡിക്രാഫ്റ്റ് (കരകൗശലം) | 4 | 60 | 20 | 80 |
| 11 | കോൺക്രീറ്റ് കട്ടിള ജനൽ | 2 | 10 | – | 10 |
| 12 | മറ്റുള്ളവ | 12 | 24 | 6 | 30 |
| | ആകെ | 80 | 496 | 229 | 725 |

## പട്ടിക 3

## പരമ്പരാഗത കുടിൽവ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീകൾ | ആകെ |
| 1 | മൺപാത്രനിർമ്മാണം | 1 | 2 | 3 |
| 2 | ഇരുമ്പുപണി (ആല) | 20 | 20 | 40 |

ചെറുകിട മേഖലക്ക് കാർഷികമേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത അവസ്ഥയാണ് ഇപ്പോൾ ഉള്ളത്. കാർഷികമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാവുന്ന ഒട്ടനവധി ചെറുകിട വ്യവസായങ്ങൾക്ക് സാധ്യതയുള്ള പ്രദേശമാണിത്.

ഉദാ:- റബ്ബറധിഷ്ഠിതമായ വ്യവസായങ്ങൾ

(റബ്ബർ ബാൻറ് നിർമ്മാണം, നാളികേരാധിഷ്ഠിത വ്യവസായങ്ങൾ, തേങ്ങാപൗഡറും ക്രീമും, വെളിച്ചെണ്ണ, തോങ്ങാവെള്ളമുപയോഗിച്ചുള്ള ശീതളപാനീയങ്ങൾ, നേന്ത്രക്കായ, കപ്പ ചിപ്സ് നിർമ്മാണം തുടങ്ങിയവ)

കരിങ്കൽ ക്വാറികളിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കൂടാതെ ഈ മേഖലയിൽ 95 ഓളം പേർ കയറ്റിറക്കു രംഗത്തും പണി എടുക്കുന്നു.

തടികച്ചവടരംഗത്ത് ഏതാണ്ട് 130 പുരുഷതൊഴിലാളികളും 2 സ്ത്രീതൊഴിലാളികളും പണിയെടുക്കുന്നു.

മെറ്റൽ ക്രഷറിൽ പണി എടുക്കുന്ന 50% പേർ തമിഴ്നാട്ടുകാരും അതുപോലെ തന്നെ ഇഷ്ടികക്കളങ്ങളിൽ പണിയെടുക്കുന്ന 75% പേരും മറ്റു പ്രദേശങ്ങളിൽ നിന്നുള്ളവരും ആണ്.

പരമ്പരാഗതങ്ങളായ കുടിൽ വ്യവസായങ്ങളായ പനമ്പു നെയ്ത്, പപ്പടനിർമ്മാണം, കയറുപിരിക്കൽ തുടങ്ങിയവ ഇന്നും പഞ്ചായത്തിൽ നിലനില്ക്കുന്നുണ്ട്. ഇതിൽ പപ്പടനിർമ്മാണവുമയി ബന്ധപ്പെട്ട് കുറച്ചധികം കുടുംബങ്ങൾ ഉണ്ട്.

### പ്രശ്നങ്ങൾ

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചയ്ക്കാവശ്യമായിട്ടുള്ള അനുകൂലഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യപരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമപ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തത്പരത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും തഴെ പറയുന്ന കാരണങ്ങൾകൊണ്ടാണ്.

1. ഒരു വ്യവസായസ്ഥാപനം തുടങ്ങുവാൻ ആവശ്യമായ 230V ലഭിക്കുന്ന വൈദ്യുതി ലഭിക്കാനുള്ള മാർഗ്ഗങ്ങൾ കുറവ്.
2. വ്യവസായസംരംഭകർക്ക് ആവശ്യമായ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും കിട്ടുവാനുള്ള കാലതാമസം.
3. സാങ്കേതിക പരിജ്ഞാനക്കുറവ്.
4. ധനസഹായസ്ഥാപനങ്ങളുടെ നിരുത്സാഹപെടുത്തൽ.
5. വ്യവസായമേഖലയിലുള്ള സമ്പർക്കകുറവ്
6. ശാസ്ത്രീയമായ ബോധവല്ക്കരണ കുറവ്.
7. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസീക തയ്യാറെടുപ്പിൻെറ ശക്തമായിട്ടുള്ള പ്രേരണകുറവ്.
8. പഞ്ചായത്തിൽ സുലഭമായിക്കിട്ടുന്ന റബ്ബർ (പാലും, തടിയും) വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
9. വനിതായൂണിറ്റ് സംരംഭങ്ങൾ ഇല്ല.
10. പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവം.

വ്യവസായം നേരിടുന്ന പ്രധാനപ്രശ്നങ്ങളിൽ ഒന്ന് ചിലവ്യവസായങ്ങളിൽ കുറഞ്ഞ കൂലി നിലക്കു കാരണം തൊഴിലാളികളെ കിട്ടാത്ത അവസ്ഥ. പ്രത്യേകിച്ച് സ്ത്രീതൊഴിലാളികളുടെ.

### സാധ്യതകൾ

സാക്ഷരതയുടെ അടിസ്ഥാനത്തിൽ നോക്കിയാൽ പഞ്ചായത്തിലെ യുവതീയുവാക്കൾ വിദ്യാസമ്പന്നരാണ്. ഇവരിൽ കുറെപേരെങ്കിലും സ്വന്തമായി വ്യവസായം ആരംഭിക്കുവാൻ തയ്യാറുള്ളവരാണ്. അവരെ തേടിപിടിച്ച് വേണ്ട വിധത്തിൽ ബോധവത്കരണം നടത്തിയാൽ വ്യവസായരംഗത്ത് വളരെയധികം നേട്ടം ഉണ്ടാക്കുവാൻ കഴിയും.

### റബ്ബർവ്യവസായം

റബ്ബർ സുലഭമായിട്ടുള്ള ഒരു ഗ്രാമമാണ് നമ്മുടേത്. അതുകൊണ്ടുതന്നെ റബ്ബർ അധിഷ്ഠിത വ്യവസായ

മേഖലയിൽ വളരെയധികം സാധ്യതകളുണ്ട്. റബ്ബർ ഉപയോഗിച്ചുള്ള വ്യവസായങ്ങളെക്കുറിച്ച് റബ്ബർബോർഡ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് പഠനക്ലാസുകൾ കൊടുക്കേണ്ടിയിരിക്കുന്നു.

ഇതുകൂടാതെ ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കുവാൻ സാധ്യതയുള്ള വ്യവസായങ്ങൾ തരംതിരിച്ചെടുത്ത് അവയെകുറിച്ച് അഭ്യസ്തവിദ്യരുടെ ഇടയിൽ ശക്തമായ ബോധവത്കരണ പരിശീലനം കൊടുക്കണം.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. പരമ്പരാഗതമായ വ്യവസായങ്ങളെ പുന:രുദ്ധരിക്കുക.
2. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനം നല്കുക.
3. വ്യവസായസംരംഭകരെ നിരുത്സാഹപ്പെടുത്തുന്നവിധം ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടാകുന്ന സമീപനങ്ങൾ ഒഴിവാക്കുക.
4. പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അർച്ചന ഖാദിസെൻററും, AUCS Ltd ഉം പുനരുദ്ധരിക്കുക.
5. പഞ്ചായത്ത് അടിസ്ഥാനത്തിൽ രണ്ടോ മൂന്നോ വാർഡുകൾ വീതം കേന്ദ്രീകരിച്ചുകൊണ്ട് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
6. ചെറുകിടവ്യവസായസംരംഭകർക്ക് പ്രത്യേക പ്രോത്സാഹനം നല്കുക.

## നിർദ്ദേശങ്ങൾ

I വ്യവസായസംരംഭകരെ സംബന്ധിച്ചിടത്തോളം പൊതുവെ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും ഒരു അനുകൂലസമീപനം ഉണ്ടാകാറില്ല. ഇക്കാര്യത്താൽ വ്യവസായമേഖലകളിലേക്ക് കടന്നുവരുവാൻ പലരും മടിച്ചുനില്ക്കുന്നു. വ്യവസായങ്ങൾ തുടങ്ങിയവർ പലരും പിന്തിരിയുന്നു. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടിയിരിക്കുന്നു,. അതിനുള്ള നിർദ്ദേശങ്ങൾ പ്രധാനമായും 2 എണ്ണമാണുള്ളത്.

1. വ്യവസായങ്ങൾ തുടങ്ങുവാൻ താല്പര്യമുള്ളവരേയും പഞ്ചായത്തതിർത്തിയിലെ സാമ്പത്തിക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരേും ഇലക്ട്രിസിറ്റി ബോർഡ്, മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ദിവസം നീണ്ടുനില്ക്കുന്ന ഒരു സെമിനാർ പഞ്ചായത്തിൻെറ നേതൃത്വത്തിൽ സംഘടിപ്പിക്കുക.
2. നിലവിൽ വ്യവസായം നടത്തുന്നവരെ സംഘടിപ്പിച്ച് അവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു സമിതി രൂപികരിക്കുക.

II വൈദ്യുതി, വെള്ളം, സ്ഥാപനം തുടങ്ങുവാനുള്ള സ്ഥലം ഇവ പലപ്പോഴും വ്യവസായസംരംഭകരെ വലയ്ക്കുന്നു. ഇക്കാരണങ്ങൾകൊണ്ട് വ്യവസായം തുടങ്ങുവാൻ മടിച്ചുനില്ക്കുന്നവരെ കണ്ടെത്തുകയും അവരെ വ്യവസായ മേഖലയിലേക്ക് കൊണ്ടുവരികയും വേണം. അതിനായി പഞ്ചായത്തടിസ്ഥാനത്തിൽ 4 വാർഡുകൾക്കായി ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വീതം ഉണ്ടാക്കാവുന്നതാണ്. ഇതിനായി പഞ്ചായത്തിൻേറതായ സ്ഥലങ്ങള്ള പുറമ്പോക്കുകളും ഉപയോഗിക്കാവുന്നതാണ്.

ഉദാ:- വടകുന്നപ്പുഴ H.W സെൻററിനോടു ചേർന്ന സ്ഥലം

മൂർക്കാട്ടിപടി സ്റ്റേഡിയം (ഇതൊരു കളിസ്ഥലമായി ഉപയോഗ്യമല്ല)

4-ാം വാർഡിൽ അർത്തക്കുളം പുറംമ്പോക്ക്

5-ാം വാർഡിൽ ആലുംചുവടിനുസമീപം

3-ാം വാർഡിൽ പഞ്ചായത്തുവക 2 ഏക്കർ 30 സെൻറ് സ്ഥലം എന്നിവ ഉപയോഗിക്കാം.

വൻകിടവ്യവസായങ്ങൾ തുടങ്ങുവാൻ ആരും തന്നെ മുന്നോടുവരുവാൻ താല്പര്യം കാണിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഇതിനൊരു പരിഹാരമായി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വ്യവസായം ആരംഭിച്ച് വിജയിപ്പിച്ച് മാതൃകകാട്ടേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നു.

പഞ്ചായത്ത് 51% മുതൽ മുടക്കിയും ബാക്കി തുക ആഭിമുഖ്യമുള്ള qualified ആളുകളിൽ നിന്നും സ്വരൂപിച്ചും ഒരു Ltd. കമ്പനി രൂപികരിക്കുക. അടുത്ത ഒരു വർഷക്കാലത്തിനുള്ളിൽ ഇതു നടപ്പിൽ വരുത്താൻ ശ്രമിക്കണം.

## തുടങ്ങാവുന്ന വ്യവസായം

പ്ലാസ്റ്റിക് items production unit

പ്ലാസ്റ്റിക് കവറുകൾ മുതൽ ഗൃഹോപകരണങ്ങൾ വരെ എത്രയും പെട്ടെന്നു തന്നെ ഇതിനുള്ള project details സംഘടിപ്പിക്കാൻ ശ്രമിക്കുക.

ഈ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമമനുസരിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ പുതിയൊരു വ്യവസായ വികസനകാലമുണ്ടായി ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സാംസ്ക്കാരിക പുരോഗതിക്ക് ആക്കം കൂട്ടി പുതിയ ജീവിതാനുഭവങ്ങളും വിാസനവളർച്ചയും ഉണ്ടാവാൻ കാരണമാകുകയും ചെയ്യും.

***

# വിദ്യാഭ്യാസം




അക്ഷരങ്ങളുടെയും തടാകങ്ങളുടെയും റബ്ബറിൻെറയും നാട് (ലാൻറ് ഓഫ് ലെറ്റേഴ്സ്, ലെയിക്സ്, ആൻറ് ലാറ്റെക്സ്) എന്നറിയപ്പെടുന്ന കോട്ടയം ജില്ലയുടെ വടക്കു പടിഞ്ഞാറെ അറ്റത്ത് 26.15 ചതുരശ്ര കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന രമണീയമായ പ്രദേശമാണ് മുളക്കുളം ഗ്രാമപഞ്ചായത്ത്. ഇൻഡ്യയിലെ ഒന്നാമത്തെ സമ്പൂർണ്ണ സാക്ഷരതാ നഗരം എന്നറിയപ്പെടുന്ന കോട്ടയം പട്ടണത്തിൽ നിന്നും 40കിലോമീറ്റർ ദൂരത്തു സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തിൻെറ ഔപചാരിക വിദ്യാഭ്യാസചരിത്രം ആരംഭിക്കുന്നത് എ.ഡി. 1906-ാം മാണ്ടിനോടടുത്താണ്.

## സ്വാതന്ത്ര്യത്തിനും മുമ്പുള്ള ചരിത്രം

കോരളത്തിലെ മറ്റു ഗ്രാമങ്ങളെപ്പോലെ തന്നെ ഇവിടെയും ആദ്യാക്ഷരത്തിൻെറ ഹരിശ്രീ കുറിച്ചിരുന്നത് എഴുത്താശാന്മാരുടെ ഇളംതിണ്ണ കളിലായിരുന്നു. നാരായത്തിൽ കരിമുക്കി കരിമ്പനഓലയിൽ എഴുതിയ അക്ഷരങ്ങൾ മങ്ങിമറഞ്ഞുകൊണ്ടിരിക്കുന്ന ഒരു തലമുറയുടെ അക്ഷരസ്മൃതികളിൽ ഒരു പക്ഷേ ഇപ്പോഴും പച്ചപിടിച്ച് നില്ക്കുന്നുണ്ടാവാം. ലഭ്യമായ അറിവുകൾ പ്രകാരം പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം ആരംഭിച്ചത് 1906-ാം മാണ്ടിൽ അന്നത്തെ പഞ്ചായത്ത് ആസ്ഥാനമായ മുളക്കുളത്തുതന്നെയായിരുന്നു. മുളക്കുളത്തെ മുറംതൂക്കിൽ കുടുംബമായിരുന്നു ഈ പ്രാഥമിക വിദ്യാഭ്യാസസ്ഥാപനത്തിൻെറ സ്ഥാപകരും രക്ഷാധികാരികളും. പിന്നീട് മുളക്കുളത്തെതന്നെ നായ്ക്കംപറമ്പിൽ കുടുംബക്കാർ മുൻകൈ എടുത്ത് ഈ പ്രദേശത്ത് ഒരു പെൺപള്ളികൂടം സ്ഥാപിച്ചതായി രേഖകളിൽ കാണുന്നു. കാലക്രമേണ ഈ രണ്ടുകലാലയങ്ങളും ഏകീകരിച്ചു പ്രവർത്തിക്കാൻ തീരുമാനമാവുകയും 36 സെൻെറിൽ നടന്നു വന്നിരുന്ന ഈ വിദ്യാഭ്യാസസ്ഥാപനത്തിലേക്ക് മുളക്കുളത്തെ വളപ്പിൽ കുടുംബക്കാർ 40 സെൻറ് സ്ഥലം കൂടി സൗജന്യമായി നല്കിയതായും പിന്നീട് 1982-ാമാണ്ടോടെ ഈ സ്കൂൾ യു.പി.നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്തതായി രേഖകളിൽ കാണുന്നു.

പഞ്ചായത്തിലെ രണ്ടാമത്തെ വിദ്യാലയമെന്ന ബഹുമതി 17-6-1912-ൽ കൊട്ടാരത്തിൽ കുടുംബം വക കീഴൂരിൽ ആരംഭിച്ച എൽ.പി. സ്കൂളായിരുന്നു. പിന്നീട് 30-5-1918ൽ പ്രസ്തുത സ്കൂൾ കിഴൂർ കരയിൽ കൊട്ടാരത്തിൽ ഗോവിന്ദ ഈശ്വരൻ എന്നയാൾ സർക്കാറിലേക്ക് തിറാധാരം ചെയ്തുകൊടുത്തതായി കാണുന്നു. പഞ്ചായത്തിലെ വിദ്യാഭ്യാസചരിത്രത്തിലെ മൂന്നാമത്തെ സ്കൂൾ ആരംഭിക്കുന്നത് 1914-ാ മാണ്ടിൽ പെരുവയിൽ ആണ്. പുന്നയ്ക്കൽ തറവാടിൻെറ മേൽനോട്ടത്തിൽ കിട്ടൻരാമച്ചാർ എന്ന ജന്മിയായിരുന്നു ഈ സ്ക്കുളിൻെറ സ്ഥാപകൻ. പെരുവ പാഴൂർ (പെരുവമന) മനക്കാരാണ് 7-ാം ക്ലാസുവരെ പഠനസൗകര്യമുണ്ടായിരുന്ന ഈ വിദ്യാഭ്യാസസ്ഥാപനത്തിന് സ്ഥലം നല്കിയിരുന്നത്.

പഞ്ചായത്തിലെ തെക്കൻ പ്രദേശത്തെ ആദ്യത്തെ പ്രാഥമിക വിദ്യാഭ്യാസസ്ഥാപനം 1922 ൽ അറുനൂറ്റി മംഗലം പള്ളിയോടനുബന്ധിച്ചാരംഭിക്കുന്ന സെൻറ് ആൻറണീസ് സ്കുളായിരുന്നു.

വിദ്യാഭ്യാസ സമതുലിതാവസ്ഥയിൽ പിന്നോക്കം നിന്നിരുന്ന കിഴക്കൻ പ്രദേശത്തെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമായിരുന്നു 1932 ൽ സ്ഥാപിച്ച അവർമ എൻ.എസ്.എസ്. എൽ.പി. സ്കൂൾ. ബാലാരിഷ്ടതകൾ ഏറെയുണ്ടായിരുന്ന ഈ സ്കൂൾ 1956-ാം മാണ്ടിൽ ഗവൺമെൻറിനു കൈമാറിയതായി രേഖകളിൽ കാണുന്നു. ഇതോടെ പഞ്ചായത്തിലെ സ്വാതന്ത്ര്യത്തിനുമുമ്പുള്ള വിദ്യാഭ്യാസ ചരിത്രത്തിലെ എടുത്തു പരാമർശിക്കേണ്ട അറിവുകൾ തീരുകയാണ്.

## സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ചരിത്രം

സ്വതന്ത്രഭാരതപിറവിക്കു ശേഷമാണ് പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിൻെറ രണ്ടാംഘട്ടം ആരംഭിക്കുന്നത്. രാഷ്ട്രീയ സാംസ്കാരിക നവോത്ഥാനത്തിൻെറ പുത്തനുണർവ്വിൽ ആരംഭിച്ച രണ്ടാം ഘട്ടം പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനപരിഷ്കരണ കാലഘട്ടമായി കണക്കാക്കാം.

പഞ്ചായത്തിൻെറ കിഴക്ക് മുളക്കുളം മണ്ണുക്കുന്ന് സെൻറ് മേരീസ് പള്ളിയോടനുബന്ധിച്ച് ഒരു പ്രാഥമിക വിദ്യാലയം പ്രവർത്തിച്ചിരുന്നതായി അറിയുന്നു. തുടക്കത്തിൽ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന ഈ പ്രാഥമിക കേന്ദ്രം പിന്നീട് ചളുവേലി എന്ന പ്രദേശത്തേക്കും അവിടെനിന്ന് താന്നിമറ്റം എന്ന സ്ഥാലത്തേക്കും മാറ്റിയതായി അറിയപ്പെടുന്നു. വിദ്യാർത്ഥികളുടെ കുറവും പ്രാഥമികസൗകര്യങ്ങളുടെ അപര്യാപ്തതയും മൂലം ഈ വിദ്യാഭ്യാസകേന്ദ്രം പിന്നീട് നിന്നുപോവുകയാണുണ്ടായത്. ഇതേ കാലത്തുതന്നെ (1948) പൂഴിക്കോൽ പ്രദേശത്ത് സി.എം.എസ്. മിഷനറിമാർ നടത്തിവന്ന ഒരു എൽ.പി. സ്കൂളിൻെറ പ്രവർത്തനവും നിലച്ചതായി ചില രേഖകളിൽ കാണുന്നു.

മുളക്കുളം പഞ്ചായത്തിലെതന്നെ കാരിക്കോട് പ്രദേശത്തെ ആദ്യത്തെ സ്കൂൾ ആരംഭിക്കുന്നത് കാരാമ്മേൽ കുടുംബത്തിൻെറ ശ്രമഫലമായിട്ടായിരുന്നു. പിന്നീട് ഈ സ്കൂളിൻെറ നടത്തിപ്പ് മുളക്കുളത്തെ ഒരധ്യാപകനായിരുന്ന ശ്രീ. അച്യുതൻ പിള്ളസാർ ഏറ്റെടുക്കു കയും വർഷങ്ങൾക്കു ശേഷം വീണ്ടും കാരാമേൽ കുടുംബത്തിലെതന്നെ അനന്തരാവകാശികൾ സ്കൂൾ ഏറ്റെടുക്കുകയും ചെയ്തു.

സാമൂഹ്യസാംസ്ക്കാരിക മാററത്തിന് നാന്ദി കുറിച്ച ആ കാലഘട്ടത്തിലെ വിദ്യാഭ്യാസ പരിഷ്ക്കരണമായിരുന്നു പിന്നോക്ക സമുദായവിദ്യാഭ്യാസപ്രോത്സാഹനത്തിനായി പഞ്ചായത്തിലെ പൂഴിക്കോൽ പ്രദേശത്ത് അനുവദിച്ച ഹരിജൻ വെൽഫെയർ ഗവൺമെൻറ് എൽ.പി. സ്കൂൾ .

ആക്കാലത്ത് മുളക്കുളം പഞ്ചായത്തിൽ ഹൈസ്കൂൾ പഠനശാലകൾ ഇല്ലാതിരുന്നതിനാൻ വിദ്യാർത്ഥികളിലേറിയ കൂറും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി പിറവം, നാമക്കുഴി, വടകര, തലയോലപ്പറമ്പ്, കടുത്തുരുത്തി എന്നിവിടങ്ങളിലെ ഹൈസ്കൂൾ ക്ലാസുകളെയായിരുന്നു ആശ്രയിച്ചിരുന്നത്. ഇതിനൊരു പരിഹാരമുണ്ടായത് 1960-61 വർഷത്തോടു കൂടിയായിരുന്നു. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ബഹുമാനപ്പെട്ട പന്നിക്കോട്ടിൽ ശ്രീ. പി.വി.പത്രോസിൻെറ ശ്രമഫലമായി പെരുവ യു.പി.സ്കൂളിനോടനുബന്ധിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനനുമതി ലഭിച്ചത് പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിലെ സുപ്രധാനമായൊരു വഴിത്തിരിവായിരുന്നു.

ഇതേവർഷത്തിൽ തന്നെയായിരുന്നു (1963) ലോവർ പ്രൈമറി വിദ്യാഭ്യാസം ഹൈസ്കൂൾതലത്തിൽ നിന്നും വേർപെടുത്തി ഒരു പ്രത്യേക മേൽക്കൂരക്കു കിഴിലാക്കിക്കൊണ്ട് പെരുവ എൽ.പി.സ്കൂൾ ആരംഭിച്ചതും.

ഈ കാലത്തെ വിദ്യാഭ്യാസ ചരിത്രത്തിലെ മറ്റൊരു വഴിത്തിരിവായിരുന്നു പെരുവ ഗേൾസ് ഹൈസ്കൂളിൻെറ സ്ഥാപനം. അന്നത്തെ ഹെഡ്മാസ്റ്ററും സീനിയർ അസിസ്റ്റൻഡ് ശ്രീ.ടി.കെ. ജോസഫ് സാറും നാട്ടിലെ പല പ്രമുഖവ്യക്തികളും ചേർന്നാണ് ഇതിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. അങ്ങനെ 1975 ജൂൺ മാസത്തോടെ ഈ പുതിയ വിദ്യാഭ്യാസസ്ഥാപനം നിലവിൽ വന്നു.

കാരിക്കോട്, മുടക്കാരി പ്രദേശങ്ങളിലെ ഹൈസ്കൂൾ വിദ്യാഭ്യാസസൗകര്യത്തിന് തുടക്കം കുറിച്ച ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനമായിരുന്നു ക്രിസ്ത്യൻ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കിഴിൽ ആരംഭിച്ച ഫാദർ ഗീവർഗ്ഗീസ് മെമ്മോറിയൽ ഹൈസ്കൂൾ.

ബാപ്പുജി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ (കുന്നപ്പിള്ളി) സരസ്വതി വിദ്യാമന്ദിർ (മനയ്ക്കപ്പടി, കാരിക്കോട്) ഫസ്കോ ഇംഗ്ലീഷ് മീഡിയം സ്കൂൾ (കിഴൂർ) എന്നീ മൂന്നു വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് കഴിഞ്ഞ പത്തുവർഷത്തിനുളളിൽ പഞ്ചായത്തിൽ സ്ഥാപിതമായ പ്രധാനപ്പെട്ട സ്കൂളുകൾ.

കിഴൂർ തെക്കേക്കര ക്ഷേത്രത്തോടനുബന്ധിച്ച് ഒരു സംസ്കൃതപഠനശാല പ്രവർത്തിച്ചിരുന്നതായി ചില നാട്ടറിവ് ചരിത്രപ്രകാരമള്ള രേഖകളിൽ കാണുന്നു.

മാതൃകാ അധ്യാപകരെന്ന പ്രസിഡണ്ട് അവാർഡുകൾ കരസ്ഥമാക്കിയ അഭിവന്ദ്യ ഗുരുനാഥന്മാരായ ശ്രീ പൈലി സാറി(കാപ്പിക്കര)ൻെറയും, ഫാ.ജോർജ്ജ് സി. ചാലപ്പുറത്തിൻേറയും സേവന മാതൃക പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിലെ നേട്ടമായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

ദീർഘമായ ഈ വിദ്യാഭ്യാസ ചരിത്രത്തിൽ, ആവശ്യമായ രേഖകളുടെ അപര്യാപ്തതമൂലം സ്മരണാർഹരായ പല മഹാമനസ്ക്കരുടെയും പേരുകൾ വിട്ടുപോയിട്ടുണ്ട്. അതുപോലെതന്നെ ആദരണീയരായ പല ഗുരുക്കന്മാരുടെയും അർപ്പണബോധത്തെയും മറക്കേണ്ടതായി വന്നിട്ടുണ്ട്. അങ്ങിനെയുളളവരുടെ പേരുകൾ രേഖകൾക്കതീതമായ സ്നേഹസ്മാരകങ്ങളായി നാം പൂർണ്ണമായികരുതുന്നു.

## ഗവൺമെൻറ്, എയിഡഡ്, അൺ എയിഡഡ് സ്കൂളുകളെ സംബന്ധിക്കുന്ന പൊതുവിവരങ്ങൾ

പഞ്ചായത്തിലെ 7 ഗവൺമെൻറ് സ്കൂളുകളിലും 5 എയിഡഡ് സ്കൂളുകളിലും ഏക അൺ എയിഡഡ് സ്കൂളിലുമായി യു.പി.തലം മുതൽ ഹൈസ്കൂൾ തലം വരെ 4256-ഓളം വിദ്യാർത്ഥീ-വിദ്യാർത്ഥിനികൾ പഠിക്കു ന്നുണ്ട്. ഇതിൽ 2127 ആൺകുട്ടികളും 2129 പെൺകുട്ടികളും ഉൾപ്പെടുന്നു. ഏകദേശം 171 ഓളം പേർ ഇത്രയും സ്കൂളുകളിലായി അധ്യാപകവൃത്തിയിലേർപ്പെട്ടിരിക്കുന്നു.

(തരം തിരിച്ചുളള കണക്കുകൾക്ക് പട്ടിക I A നോക്കുക)

### പട്ടിക 1 A

### വിദ്യാർത്ഥികൾ, അധ്യാപകർ

| നമ്പർ | സ്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| . | | | ആൺ | പെൺ | ആകെ | പുരു: | സ്ത്രീ | ആകെ |
| 1 | ഗവ:എൽ.പി.എസ്. സ്കൂൾ പെരുവ | ഗവൺമെൻറ് | 174 | 154 | 328 | — | 11 | 11 |
| 2 | ഗവ: യു.പി. പെരുവ (Boys) | " | 185 | — | 445 | 11 | 9 | 20 |
| | ഗവ: എച്ച്.എസ്. പെരുവ (Boys) | | 260 | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 ഗവ: V.H.S.S ഫോർ ബോയ്സ്<br>&ഗേൾസ് സ്കൂൾ പെരുവ എച്ച.എസ് | <br>438 | 250 | 688 | 9 | 22 | 31 | |
| 4 ഗവ: എൽ.പി.സ്കൂൾ മുളക്കുളം "<br>ഗവ: യു.പി. സ്കൂൾ മുളക്കുളം | 73<br>58 | 67<br>59 | 257 | 2<br>4 | 3 | 9 | |
| 5 K.A.M. L.P.സ്കൂൾ കാരിക്കോട്<br>K.A.M.U.P.സ്കൂൾ കാരിക്കോട് | എയിഡഡ് | 203<br>226 | 183<br>188 | 800<br>13 | 13<br>26 | 26 | |
| 6 ഗവ: എൽ.പി. സ്കൂൾ അവർമ (പെരുംമ്പടവം) | ഗവൺമെൻറ് | 56 | 63 | 119 | — | 4 | 4 |
| 7 ഫാദർ. ഗീവർഗ്ഗിസ് മെമ്മോറിയൽ എച്ച.എസ്.<br>കാരിക്കോട് | എയിഡഡ് | 256 | 152 | 408 | 10 | 10 | 20 |
| 8 ഗവ: എൽ.പി.സ്കൂൾ<br>കിഴൂർ | ഗവൺമെൻറ് | 70 | 68 | 138 | 3 | 2 | 5 |
| 9 സെൻറ്. ലൂക്ക്സ് യു.പി.<br>സ്കൂൾ പൂഴിക്കോൽ | എയിഡഡ് | 82 | 75 | 157 | 1 | 3 | 4 |
| 10 സെൻറ്. മാർത്താസ് യു.പി.<br>സ്കൂൾ പൂഴിക്കോൽ | എയിഡഡ് | 92 | 62 | 154 | 6 | — | 6 |
| 11 ഗവ: എൽ.പി.സ്കൂൾ ഹരിജൻ വെൽഫെയർ<br>പൂഴിക്കോൽ | ഗവൺമെൻറ് | 24 | 27 | 51 | — | 4 | 4 |
| 12 ബാപ്പുജി ഇംഗ്ലീഷ്<br>മീഡിയം, കുന്നപ്പിള്ളി എൽ.പി<br>യു.പി<br>എച്ച്.എസ്. | അൺഎയിഡഡ് | 66<br>36<br>34 | 49<br>35<br>28 | <br>248<br>2 | <br><br>13 | 3 | <br>18 |
| 13 സെൻറ് ആൻറണീസ്<br>എൽ.പി. സ്കൂൾ<br>അറുനൂറ്റിമംഗലംഎയിഡഡ്<br>യു.പി. | | 108<br>134 | 113<br>108 | 436 | 0 | 13 | 13 |
| | | | ആകെ | 4256 | 57 | 114 | 171 |

അവലംബം : സെക്കൻററി ഡാറ്റ.

ആകെയുള്ള4256 വിദ്യാർത്ഥികളിൽ 1655 പേർ എൽ.പി. ക്ലാസുകളിലും 1433 പേർ യു.പി. ക്ലാസുകളിലും ബാക്കി 1168– ഓളം വിദ്യാർത്ഥികൾ ഹൈസ്ക്കൂൾ ക്ലാസ്സുകളിലും പഠിക്കുന്നവരാണ്. എൽ.പി, യു.പി, എച്ച്.എസ്, വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരങ്ങളും (പട്ടിക 1 -B) പട്ടികജാതി , പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്കും (പട്ടിക 1-c) ഗവൺമെൻറ് സ്കൂളുകളിലെ അധ്യാപകരുടെയും വിദ്യർത്ഥികളുടെയും വേർതിരിച്ചുള്ള കണക്കുകളും (പട്ടിക 1- D) ശ്രദ്ധിക്കുക.

## പട്ടിക 1 (B)

### LP, U.P, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 4256 | 856 | 799 | 48.2 | 731 | 702 | 48.9 | 550 | 618 | 52.9 |

ആകെ 50%

അവലംബം : സെക്കൻററി ഡാറ്റ.

## പട്ടിക 1 (C)

### പട്ടിക ജാതി/പട്ടികവർഗ വിദ്യർത്ഥികളുടെ കണക്ക്

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1655 | 162 | 9.8 | 1433 | 148 | 10.3 | 1168 | 111 | 9.4 |

ആകെ % - 9.87

അവലംബം: സെക്കൻററി ഡാറ്റ.

## പട്ടിക 1 (D)

### ഗവ:സ്കൂളുകളിലെ അധ്യാപകരുടെയും വിദ്യർത്ഥികളുടെയും കണക്ക്

| ആകെ അധ്യാപകർ (പഞ്ചായത്തിലെ) | ഗവ:വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | ഗവ:അധ്യാപകരുടെ എണ്ണം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ:സ്കൂളുകളിലെ വിദ്യാർത്ഥികൾ |
|---|---|---|---|---|
| 171 | 87 | 84 | 2230 | 2026 |

അവലംബം: സെക്കൻററി ഡാറ്റ

### കഴിഞ്ഞ അഞ്ചുവർഷത്തെ എസ്.എസ്.എൽ.സി. വിജയ ശതമാനം

പഞ്ചായത്തിലെ ഹൈസ്കൂൾ വിദ്യാഭ്യാസരംഗത്തെ കഴിഞ്ഞ അഞ്ചുവർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാന നിരക്കനുസരിച്ച് പെരുവ ഗവ: വൊക്കേഷണൽ ഗേൾസ് ഹൈസ്കൂൾ ഒന്നാം സ്ഥാനത്തും, ഫാദർ ഗീവർഗ്ഗിസ് മെമ്മോറിയൽ ഹൈസ്കൂൾ കാരിക്കോട് രണ്ടാം സ്ഥാനത്തും ഗവ: ബോയിസ് ഹൈസ്കൂൾ മൂന്നാം സ്ഥാനത്തും നില്ക്കുന്നു. വിശദവിവരത്തിന് പട്ടിക 1 (E) നോക്കുക.

## പട്ടിക 1 (E)

### കഴിഞ്ഞ അഞ്ചുവർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം

| | സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| 1 | ഗവ: എച്ച.എസ്. പെരുവ (Boys) | 53% | 38% | 58% | 39% | 47% |
| 2 | ഗവ: വി.എച്ച്.എസ്.എസ്. ഗേൾസ് പെരുവ | 87% | 87% | 82% | 87% | 90% |
| 3 | ഫാദർ:ഗീവർഗ്ഗിസ് മെമ്മോറിയൽ H.S.കാരിക്കോട് | 80% | 78% | 74% | 82% | 70% |

### വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒരു നൂതന കാൽവയ്പ്പ്

വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനം എന്ന ആശയത്തിൽ നിന്നുമായിരുന്നു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഉദയം. അങ്ങനെ 1990-91 വർഷത്തിൽ പെരുവ ഗവ:ബോയിസ് ഹൈസ്കൂളിനോട നുബന്ധിച്ച് അക്കൗണ്ടിങ്ങ് ആൻറ് ആഡിറ്റിങ്ങ്, സെയിൽസ് മാൻഷിപ്പ് ആൻറ് മാർക്കറ്റിങ്ങ് എന്നി രണ്ട് വൊക്കേഷണൽ വിഷയങ്ങൾ ആരംഭിക്കുവാൻ അനുമതി ലഭിച്ചു. ഇരുപത് വിദ്യർത്ഥിനി വിദ്യർത്ഥികൾ വീതമുള്ള ഓരോ കോഴ്സുകളിലായി ആകെ അമ്പതു കുട്ടികളും ഒമ്പത് അധ്യാപകരും ഉൾപ്പെട്ടിരിക്കുന്നു.

1995-96 വർഷത്തിലാണ് പെരുവ ഗേൾസ് ഹൈസ്ക്കൂളിനോടനുബന്ധിച്ച് M.L.T (മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ്) ഡൊമസ്റ്റിക് നഴ്സിങ്ങ്, കംപ്യൂട്ടർ എഡ്യൂക്കേഷൻ എന്നി വൊക്കേഷണൽ വിഷയങ്ങൾ ആരംഭിക്കുവാൻ അനുവാദം ലഭിച്ചത്. 25 വിദ്യാർത്ഥിനികൾ വിതമുള്ള ഓരോ കോഴ്സിലുമായി ആകെ 50 വിദ്യാർത്ഥി നികളും ഏഴ് അധ്യാപകരും ഒരു ക്ലാർക്കും ഉൾപ്പെട്ടിരിക്കുന്നു.

## പഞ്ചായത്തിലെ നഴ്സറി വിദ്യാഭ്യാസകേന്ദ്രങ്ങൾ

നമ്മുടെ പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലുമായി ഏകദേശം 27 ഓളം നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ കിഴൂർ മഹിളാസമാജം, കാരിക്കോട് രശ്മി മഹിളാസമാജം, വടകുന്നപ്പുഴ മഹിളാസമാജം, അറുനൂറ്റിമംഗലം പുളിയ്ക്കൽക്കവല നഴ്സറി, പ്രിയദർശിനി ബാലവാടി പുഴിക്കോൽ എന്നി സ്ഥാപനങ്ങൾ ബ്ലോക്കുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്.

ഈ നഴ്സറികളിൽ, ശ്രീ സരസ്വതി വിദ്യാമന്ദിർ, സെൻറ് ജോസഫ് നഴ്സറി സ്കൂൾ കീഴൂർ എന്നി സ്ഥാപനങ്ങളോടനുബന്ധിച്ച് എൽ.കെ.ജി., യു.കെ.ജി ക്ലാസുകളും 1,2,3 ഡിവിഷനുകളും പ്രവർത്തിക്കുന്നുണ്ട്. നഴ്സറി വിദ്യാഭ്യാസ രംഗത്തു പ്രവർക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരുകൾ പട്ടിക 1 (F)ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 1 (F) പഞ്ചായത്തിലെ നഴ്സറി വിദ്യാഭ്യാസകേന്ദ്രങ്ങൾ

| സ്കൂളിൻെറ പേര് | സർക്കാർ | പഞ്ചായത്ത് | സ്വകാര്യം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|
| 1 H.W.L.P.S. ആപ്പാഞ്ചിറ ഗവ: പി.ടി.എ.നടത്തുന്ന നഴ്സറി | | | | 15 |
| 2 S.N.D.P ബ്രാഞ്ച് ഓഫീസിൽ നടത്തുന്ന നഴ്സറി (പുഴിക്കോൽ) | | | | 38 |
| 3 പ്രതിഭാ ബാലവാടി | | | | |
| 4 ശ്രീ സരസ്വതി വിദ്യാമന്ദിർ (LKG, UKG, 1,2,3ക്ലാസുകൾ) | | | | 58 |
| 5 K.A.M നഴ്സറി (കാരിക്കോട്) | | | | |
| 6 N.S.S. വക നഴ്സറി (മനയ്ർരപ്പടി) | | | | 13 |
| 7 അവർവ ചളുവേലിൽ പ്രവർത്തനം നടത്തുന്ന നഴ്സറി | | | | |
| 8 ചെമ്മനം കുന്നേൽ (വിജി) നഴ്സറി | | | | |
| 9 മൂലംതുരുത്തേൽ (ജോണിയുടെ ഭവനത്തിൽ നടക്കുന്ന) നഴ്സറി | | | | |
| 10 ശാലിനി മന്ദിരം (രാധാമണി) | | | | |
| 11 നഴ്സറി (അറുനൂറ്റിമംഗലം പുളിക്കൽ കവല) | Block | | | |
| 12 കീഴൂർ മഹിളാസമാജം (ബ്ലോക്കിനോട് അനുബന്ധിച്ച്) | Block | | | 30 |
| 13 പ്രയദർശിനി ബാലവടി പുഴിക്കോൽ | Block | | | 21 |
| 14 നഴ്സറി സ്കൂൾ (കാരിക്കോട് മനയ്ക്കപ്പടിക്കു സമീപം) | | | | 13 |
| 15 നഴ്സറി, പെരുവ എൽ.പി. സ്കൂളിനോടനുബന്ധിച്ച് | | | | 15 |
| 16 കാരിക്കോട് രശ്മി മഹിളസമാജം | Block | | | 35 |
| 17 നിരപ്പേൻ നഴ്സറി (മോളി)പെരുവ | | | | 11 |
| 18 കീഴൂർ സെൻറ് ജോസഫ് നഴ്സറി സ്കൂൾ L.K.G., U.K.G. 1,2,3 ക്ലാസുകൾ | | | | 56 |
| 19 വടകുന്നപ്പുഴ വഹിളാസമാജം | Block | | | 22 |
| 20 നഴ്സറി പുഴിക്കോൻ എൽ.പി.സ്കൂളിനോടനുബന്ധിച്ച് | | | | 16 |
| 21 രശ്മി മഹിളസമാജം ഞാറുകുന്ന് (കീഴൂർ) | | | | 15 |
| 22 അറുനൂറ്റിമംഗലം സെൻറ് ജോസഫ് കോൺവെൻറ് | | | | 25 |
| 23 ശ്രീനാരായണ നഴ്സറി കുന്നപ്പിള്ളി | | | | 28 |
| 24 മുളക്കുളം വായനശാലയോടനുബന്ധിച്ചു നടക്കുന്ന നഴ്സറി | | | | 18 |
| 25 മുളക്കുളം എൻ.എസ്.എസ്. ഹാളിനോടനുബന്ധിച്ച് നടത്തുന്ന നഴ്സറി | | | | 28 |
| 26 വടുകുന്നപ്പുഴ മഹിള സമാജം | | | | 28 |
| 27 പെരുവ ഇൻഫൻഡ് ജിസസ്സ് നഴ്സറി | | | | 17 |
| 28 കന്നപ്പിള്ളി S.N.D.P നഴ്സറി | | | | |
| 29 കുന്നപ്പിള്ളി സൺണ്ടേ സ്കൂൾ നഴ്സറി | | | | |

അവലംബം: സെക്കൻററി ഡാറ്റ

## പട്ടിക 1 (G) അക്കാദമിക് ഭൗതിക സൗകര്യങ്ങളെക്കുറിച്ചുള്ള വിവരണം

| സ്കൂളിന്റെ പേര് | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | സിനിമപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | Black ബോർഡ് ആവശ്യമുള്ളത് | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | കളിസ്ഥലം | മാതൃസംഘം | P.T.A | കംപ്യൂട്ടർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. ഗവ: എ എൽ.പി.സ്കൂൾ പെരുവ | ഇല്ല | ഇല്ല | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 എണ്ണം | 1 | 2 | ഉണ്ട് | ഉണ്ട് | ഇല്ല | സജീവ മല്ല | സജിവം | ഇല്ല |
| 2. ഗവ: വി.എച്ച്.എസ്.എസ് പെരുവ | ഉണ്ട് | ഉണ്ട് | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | 10 | 3 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | സജീവ മല്ല | പ്രവർത്തി ക്കുന്നു | ഇല്ല |
| 3. ഗവ: വി.എച്ച്.എസ്.എസ് (ഗേൾസ്) പെരുവ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | വേണ്ട | 12 | 3 | ഉണ്ട് | ഉണ്ട് | ഇല്ല | സജീവമല്ല | സജീവം | ഉണ്ട് |
| 4. ഗവ: യു.പി മുളക്കുളം | ഉണ്ട് | ഉണ്ട് | പരിമിതം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | – | – | ഉണ്ട് | – | 50സെൻറ് | സജീവം | പ്രവർത്തി ക്കുന്നു | ഇല്ല |
| 5. കെ.എ.എം. കരിക്കോട് (യു.പി) | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 11 | 2 | – | ഉണ്ട് | ഉണ്ട് | 20 സെൻറ് | സജീവം | ഉണ്ട് | ഇല്ല |
| 6. ഗവ: എൽ.പി. അവർമ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 1 | 1 | 1 | ഇല്ല | ഉണ്ട് | 70 സെൻറ് | സജീവം | പ്രവർത്തി ക്കുന്നു | ഇല്ല |
| 7. ഫാദർ. ഗീവർഗ്ഗീസ് മെമ്മോറിയൽ എച്ച്.എസ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | വേണ്ട | 16 | 2 | ഉണ്ട് | ഉണ്ട് | 1 ഏക്കർ | സജീവം | ഇല്ല | ഉണ്ട് |
| 8. ഗവ: എൽ. പി. സ്കൂൾ കീഴൂർ | – | – | – | – | – | – | – | – | – | 1 | 1 | കിണർ | ഉണ്ട് | 20 സെൻറ് | – | – | ഇല്ല |
| 9. സെൻറ് ലൂക്സ് പൂഴിക്കോൽ | ഇല്ല | ഇല്ല | പരിമിതം | – | – | ഇല്ല | ഇല്ല | ഇല്ല | – | 1 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | പ്രവർത്തി ക്കുന്നു | പ്രവർത്തി ക്കുന്നു | ഇല്ല |
| 10. സെൻറ് മാർത്താസ് പൂഴിക്കോൽ | ഇല്ല | ഇല്ല | പരിമിതം | – | – | ഇല്ല | ഇല്ല | ഇല്ല | – | 2 | 1 | ഉണ്ട് | ഉണ്ട് | 50 സെൻറ് | പ്രവർത്തി ക്കുന്നു | പ്രവർത്തി ക്കുന്നു | ഇല്ല |
| 11. ഗവ: ഹരിജൻ വെൽഫയർ എൽ.പി.എസ്. ആപ്പാഞ്ചിറ | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | – | 1 | – | കിണർ | ഇല്ല | ഇല്ല | പ്രവർത്തി ക്കുന്നു | പ്രവർത്തി ക്കുന്നു | ഇല്ല |
| 12. ബാബുജി ഇംഗ്ലിഷ് മീഡിയം | – | – | – | – | – | – | – | – | – | – | – | – | – | – | – | – | ഇല്ല |
| 13. സെൻറ് ആൻറണിസ് യു.പി. സ്കൂൾ, അറുനൂറ്റിമംഗലം | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 11 | 2 | 2 | ഉണ്ട് | ഉണ്ട് | ഇല്ല | സജീവം | ഉണ്ട് | ഇല്ല |

## സ്വകാര്യ തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ വിവിധ തൊഴിൽ മേഖലയിലായി അഞ്ചു തരത്തിലുള്ള തൊഴിൽ പരിശീലന സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ദി ഭാരത് ടെക്നിക്കൽ ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് സെൻറർ കിഴൂർ (രജി. നമ്പർ —C3/ 55632), സെൻറ് മേരീസ് കാതോലിക്കേറ്റ് സെൻറർ, പെരുവ, തുടങ്ങി അഞ്ചോളം തയ്യൽ പരിശീലനകേന്ദ്രങ്ങളിലായി ഏകദേശം 84 വിദ്യാർത്ഥിനികൾ തയ്യൽ പരിശീലനം നേടുന്നു.

പഞ്ചായത്തിലെ മൂന്ന് ഡ്രൈവിങ്ങ് സ്കൂളുകളിൽ നിന്നുമായി വർഷത്തിൽ 250 പേർ ഡ്രൈവിങ്ങ് പരിശീലനം സിദ്ധിച്ച് പുറത്തിറങ്ങുന്നു. (ഇവരിൽ അപൂർവ്വം വനിതകളും ഉൾപ്പെടുന്നു).

പഞ്ചായത്തിലെ വിവിധ ടൈപ്പ്റൈറ്റിങ്ങ് ഇൻസറ്റിട്ട്യൂട്ടുകളിലും ഏക സ്വകാര്യ കംപ്യൂട്ടർ പഠനകേന്ദ്രത്തിലൂടെയും ഏകദേശം 80 വിദ്യാർത്ഥിവിദ്യാർത്ഥിനികൾ പഠന പരിശീലനം നേടുന്നുണ്ട്.

പെരുവയിൽ പ്രവർത്തിച്ചു വരുന്ന സെൻറ് ആൻസ് സയൻസ് അക്കാദമി എന്ന സ്വകാര്യ സ്ഥാപനത്തിലൂടെ ഏകദേശം നൂറോളം വിദ്യാർത്ഥിനികൾ മിഡ്വൈഫറി (രണ്ടുവർഷം, മൂന്നു വർഷം) കോഴ്സുകളിൽ പരിശീലനം നേടുന്നുണ്ട്.

## അവലോകനം: ഒരു പരിസമാപ്തി

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഥവാ പാരലൽ കോളേജുകളുടെ സേവനം മറന്നുകൊണ്ട് പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിനൊരു പരിസമാപ്തി കുറിക്കാൻ കഴിയുകയില്ല. കൈരളികോളേജ്, യൂണിവേഴ്സ്റ്റ്യൂട്ടേറിയൽ കോളേജ് എന്നി സ്ഥാപനങ്ങൾ പെരുവ ആസ്ഥാനമാക്കി വിദ്യാഭ്യാസ പ്രവർത്തനം നടത്തി വരുന്ന രണ്ടു സ്ഥാപനങ്ങളാണ്.

കൂടാതെ പഞ്ചായത്തിന് പുറത്ത് എച്ച്.എൻ. എൽ. സെൻട്രൽ സ്കൂൾ, പിറവം, കടുത്തുരുത്തി എന്നിവിടങ്ങളിലായി നമ്മുടെ പഞ്ചായത്തിലെ 400 ലധികം വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നുണ്ട്. ഡി.ബി. കോളേജ് തലയോലപ്പറമ്പ്, ഉഴവൂർ സെൻറ് സ്റ്റീഫൻസ് കോളേജ്, ദേവമാതാ കോളേജ് കുറിവിലങ്ങാട് എന്നി കോളേജുകളെയാണ്. പഞ്ചായത്തിലെ മിക്കവാറും വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ഉന്നത വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നത്.

## അധ്യാപകരക്ഷകാർത്ത്യ സംഘടനയുടെ പ്രവർത്തനം

ഏതൊരു സ്കൂളിൻെറയും അച്ചടക്കപൂർണ്ണമായ വികസനപ്രക്രിയയിൽ അധ്യാപക രക്ഷകർത്ത്യ സംഘടനകളുടെ ക്രിയാത്മകമായ സഹകരണം ആവശ്യമാണ്. സജീവവും ക്രിയാത്മകവുമായ സഹകരണത്തിലൂടെ മാതൃകാപരമായ വികസനം കാഴ്ചവച്ച ഒന്നുരണ്ടു സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അതിലൊന്നാണ് മുളക്കുളം എൽ.പി.സ്കൂൾ ഈ കഴിഞ്ഞ അധ്യയന വർഷത്തിൽ പ്രസ്തുത സ്കൂളിലെ അധ്യാപകരക്ഷ കർത്തൃസംഘടനയുടെ പ്രവർത്തന ഫലമായി ഏകദേശം 17,000 രൂപ സമാഹരിച്ചുകൊണ്ട് സ്കൂളിലെ ചിരകാല ആവശ്യമായിരുന്ന ശുദ്ധജല വിതരണത്തിന് ഒരു പരിഹാരം കണ്ടെത്താൻ കഴിഞ്ഞു.

അഭിനന്ദനാർഹവും ആസൂയാർഹവുമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞ മറ്റൊരു അധ്യാപകരക്ഷകർത്തൃസംഘടനയാണ് പെരുവ വൊക്കേഷണൽ ഹയർ സെക്കൻററി ഗേൾസ് ഹൈസ്കൂളിൻേറത്. 50,000 രൂപ വിദ്യാഭ്യാസ വകുപ്പിൽ കെട്ടിവച്ചുകൊണ്ട് സ്കൂളിനോടനുബന്ധിച്ച് കംപ്യൂട്ടർ കോഴ്സ് ആരംഭിക്കാനുള്ള തുടക്കം കുറിച്ചതും, 30,000 രൂപാ ചിലവിട്ടുകൊണ്ട് എം.എൽ. ടി. (മെഡിക്കൽ ലബോട്ടറി ടെക്നിഷ്യൻ) ഡൊമസ്റ്റിക് നഴ്സങ്ങിനായുള്ള ലാബൊറട്ടറി സജ്ജികരിച്ചതും കംപ്യൂട്ടർ പഠനോപകരണങ്ങൾ വാങ്ങിച്ചതും, സ്കൂൾ ആവശ്യത്തിലേക്കായി 10,000 രൂപാ ചിലവിൽ ഒരു പുതിയ ഉച്ചഭാഷിണി വാങ്ങിച്ചതും ഈ സ്കൂളിലെ അധ്യാപകരക്ഷകർത്ത്യ സംഘടനയുടെ എടുത്തു പറയത്തക്ക നേട്ടങ്ങൾ തന്നെയാണ്. ഇതിനോടകം തന്നെ ഒരു മാതൃകാ വിദ്യാലയം എന്ന ഖ്യാതിനേടിയ ഈ കലാലയത്തിലെ അധ്യാപകരക്ഷകർത്ത്യ സംഘടനയും അനുകരണനീയം തന്നെയാണ്.

പെരുവ ഗവ: എൽ.പി. സ്കൂളിലെ അധ്യാപകരക്ഷകർത്തൃ സംഘടനയുടെ പ്രവർത്തനഫലമായി ഏകദേശം 30,000 രൂപാ ചിലവിട്ടുകൊണ്ട് സ്കൂളിൽ ഒരു വാട്ടർ ടാങ്കും സ്ഥിരമായൊരു പാചകപ്പുരയും നിർമ്മിക്കാൻ കഴിഞ്ഞു.

വികസനപ്രവർത്തനങ്ങളിൽ സജീവമായ പങ്കാളിത്തം ഏറ്റെടുത്ത മറ്റാരധ്യാപകരക്ഷകർത്തൃസംഘടനയായിരുന്നു കിഴൂർ ഗവൺമെൻറ് എൽ.പി. സ്കൂളിൻേറത്. നനഞ്ഞൊലിക്കുന്ന ഓലപ്പുരകൾക്കുപകരം പുതിയ കെട്ടിടനിർമ്മാണ ചിലവിലേയ്ക്കായി 50,000രൂപാ സമാഹരിക്കാൻ കഴിഞ്ഞതും (കേന്ദ്ര ഗവ:സഹായധനം) ബ്ലോക്ക് ധനസഹായത്തോടെ നിർമ്മാണപ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കാൻ കഴിഞ്ഞതും ഈ സംഘടനയുടെ എടുത്തുപറയുവാൻ തക്ക നേട്ടങ്ങളാണ്. കൂടാതെ കാരിക്കോട് എബ്രാഹാം മെമ്മോറിയൽ യു.പി. സ്കൂളിലെ രക്ഷകർത്തൃസംഘടനയും പുരോഗമനോവന്മുഖവും സജിവവുമാണ്.

ഇത്രയും പരാമർശിച്ചതിൽ നിന്നും വികസനതലത്തിലും അക്കാദമിക് തലത്തിലും അധ്യാപകരക്ഷകർത്ത്യ സംഘടനയുടെ പ്രസക്തി എത്രമാത്രമുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. ഈ അർത്ഥത്തിൽ പഞ്ചായത്തിലെ മറ്റുസ്കൂളുകളിലെ അധ്യാപകരക്ഷകർത്തൃസംഘടനകൾ നിർജിവവും ഉത്തരവാദിത്വരഹിതവുമാണെന്ന് പറയേണ്ടിയിരിക്കുന്നു.

## വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ

വിദ്യാഭ്യാസരംഗത്ത് ഇന്ന് ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും അധികം പുരോഗതി കൈവരിച്ചത് കേരളമാണെ

ങ്കിലും നമ്മുടെ വിദ്യാഭ്യാസരംഗം സങ്കിർണ്ണമായ പല അനിശ്ചിതത്വങ്ങളും നേരിടുകയാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ചവരുടെ തൊഴിലില്ലായ്മ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭിച്ചവരുടെ ദൗർലഭ്യം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം, ലക്ഷ്യ ബോധമില്ലാതെ ആരംഭി ക്കുന്ന പുതിയ പഠന കോഴ്സുകൾ, സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടന്നുകയറ്റം, ഇംഗ്ലിഷ് മീഡിയങ്ങ ളോടുള്ള അഭിമുഖ്യം, എന്നിങ്ങനെ സമീപഭാവിയിലെങ്ങും ഒരു ക്രമനിയമപദ്ധതിയിലൂടെ ചിട്ടപ്പെടുത്താൻ കഴിയാത്ത വിധം നമ്മുടെ വിദ്യാഭ്യാസ രംഗമാകെ തകിടം മറിഞ്ഞിരി ക്കുകയാണ്. ഈയവസരത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ കുറിച്ച് അപ്പടി മറന്നുകൊണ്ട് ഹൈസ്കൂൾ തലം വരെയെ ങ്കിലുമുള്ള വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ചും അവയുടെ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും അല്പമൊന്ന് ചിന്തിക്കുന്നതാ യിരിക്കും ഉചിതം. പഞ്ചായത്തിലെ ഹൈസ്കൂൾ തലം വരെ യുള്ള മിക്കവാറും വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പൊതുവേ അഞ്ചായി തരം തിരിക്കാം.

1) പഠനോപകരണങ്ങളുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും അഭാവം

2) വിദ്യാഭ്യാസരംഗത്ത് രക്ഷിതാക്കൾ ഇടപെടാതിരിക്കുന്ന പ്രവണത

3) സമരങ്ങൾ മൂലം നഷ്ടമാകുന്ന വിദ്യാഭ്യാസ ദിനങ്ങൾ

4) അധ്യാപകരുടെ അർപ്പണ മനോഭാവത്തിൽ വന്ന വ്യതിയാനം

5) സാമൂഹ്യരംഗത്തെ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതി.

## 1. പഠനോപകരണങ്ങളുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും അഭാവം

വികസിത രാജ്യങ്ങളിലെ ക്ലാസ്സുമുറികളിൽ കമ്പ്യൂട്ടറുകൾ വഴി ബോധനം നടത്തുമ്പോൾ നമ്മുടെ സ്കൂളുകളിൽ ഒരു വിദ്യർത്ഥിക്കുവേണ്ട അടിസ്ഥാന ബോധനസൗകര്യങ്ങൾ പോലും വളരെ പരിമിതമാണ് ചില സ്കൂളുകളിൽ ഒട്ടുമേ ഇല്ലെന്നു തന്നെ പറയാം (അക്കാദമി സൗകര്യങ്ങളെക്കുറിച്ചും ഭൗതിക സാഹചര്യങ്ങളെക്കുറിച്ചുമുള്ള പട്ടിക 1(G) നോക്കുക)

ദൃശ്യശ്രവ്യമാധ്യമങ്ങളുലൂടെയുള്ള അധ്യയനരീതി കുട്ടികളെ വേഗത്തിൽ കാര്യങ്ങൾ ഗ്രഹിക്കുന്നതിന് പ്രാപ്തരാക്കുകയും അങ്ങിനെ ലഭിക്കുന്ന അറിവുകൾ അവരുടെ ഓർമ്മയിൽ ദീർഘകാലം തങ്ങിനില്ക്കുകയും ചെയ്യുമെന്ന് ശാസ്ത്രീയ പരീക്ഷണങ്ങളിലൂടെ തെളിയിച്ചിട്ടുണ്ട്. നിർഭാഗ്യമെന്നുപറയട്ടെ ഒരു ഭൂപടം പോലും കുട്ടികളുടെ മുമ്പിൽ പ്രദർശിപ്പിക്കാൻ കഴിയാത്ത സാമ്പത്തിക പരാധിനതയുള്ള സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുള്ളപ്പോൾ പഠനോപകരണങ്ങളുടെ കുറവ് നമ്മുടെ വിദ്യാഭ്യാസ നിലവാരത്തെ എത്രമാത്രം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് മനസ്സിലാക്കാമല്ലോ.

കാലപ്പഴക്കംകൊണ്ട് ബലക്ഷയം സംഭവിച്ച കെട്ടിടങ്ങൾ, അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ചോർന്നൊലിക്കുന്ന ക്ലാസ് മുറി, ആവശ്യത്തിനുള്ള ബഞ്ചിൻെറയും ഡസ്ക്കിൻെറയും മേശ, കസേര, അലമാര തുടങ്ങിയ വസ്തുക്കളുടെയും അഭാവം, ഇനിയും പണിയാൻ കഴിഞ്ഞിട്ടില്ലാത്ത ചുറ്റുമതിലുകൾ, ആവശ്യത്തിനുവേണ്ട കളിസ്ഥലവിസ്തീർണ്ണത്തിൻെറ കുറവ് ഇതെല്ലാം പഞ്ചായത്തിലെ ഗവ: വിദ്യാലയങ്ങൾ അഭിമുഖികരിക്കുന്ന പ്രശ്നങ്ങളാണ്.

## 2. വിദ്യാഭ്യാസരംഗത്ത് രക്ഷിതാക്കൾ ഇടപെടാതിരിക്കുന്ന പ്രവണത

വിദ്യാഭ്യാസരംഗത്ത് മാതാപിതാക്കളുടെ ഉത്തരവാദിത്വത്തോടു കൂടിയ ഇടപെടൽ കുറഞ്ഞവരുന്നത് നമ്മുടെ വിദ്യാഭ്യാസരംഗത്തെ അച്ചടക്കത്തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. പതിവിലും അധികം സ്വാതന്ത്രേച്ഛ കണ്ടുവരുന്ന ഇന്നത്തെ തലമുറയിൽ വിദ്യാഭ്യാസരംഗത്ത് ഫലപ്രദമായ നിയന്ത്രണം കേവലമൊരധ്യാപകനാൽ മാത്രം സാധ്യമല്ല. ഈ സാഹചര്യത്തിൽ സ്വന്തം കുട്ടികളുടെ മേൽ വ്യക്തിപരമായ ഒരു കണ്ണ് ഓരോ മാതാപിതാക്കളും ഉറപ്പിക്കുന്നത് വളരെയധികം ഗുണം ചെയ്യുമെന്നുള്ളത് ഉറപ്പാണ്.

## 3. സമരങ്ങൾ മൂലം നഷ്ടമാകുന്ന ദിനങ്ങൾ

അനാവശ്യ സമരങ്ങൾ മൂലം നഷ്ടമാകുന്ന ദിനങ്ങൾ ഒരു വിദ്യാർത്ഥി യുടെ ജീവിതത്തിൽ പണിയപ്പൊടാതെ പോകുന്ന ഇഷ്ടിക കളാണ്. ഇത്തരം ദിവസങ്ങൾ ഏറെയും ബാധിക്കുന്നത് പഠിക്കാൻ ആഗ്രഹമുള്ള സാമ്പത്തിക സ്ഥിതി കുറഞ്ഞകുടു ബങ്ങളിലെ കുട്ടികളെയാണ്. സ്വകാര്യട്യൂഷൻ മുഖേന മറ്റുകുട്ടികൾ ആദിനം മുതലാക്കുമ്പോൾ ഒരു ന്യൂനപക്ഷത്തെ സംബന്ധിച്ചിട ത്തോളം ആദിനങ്ങൾ സമ്പൂർണ്ണമായി നഷ്ടപ്പെടുന്നു.

## 4.അധ്യാപകരുടെ അർപ്പണ മനോഭാവത്തിൽ വന്ന വ്യതിയാനം

ആരോഗ്യകരമായ ഒരു ഗുരുശിഷ്യബന്ധം ഇന്നത്തെ വിദ്യാഭ്യാസ മണ്ഡലത്തിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. മറ്റു സേവന രംഗങ്ങളിൽ നിന്നും വ്യത്യസ്തമായി മനസ്സുകളെയും ബോധത്തെയും കരുപ്പിടിപ്പിക്കുകയും നേർവഴിക്കുനയിക്കുകയും തെയ്യുന്ന ഒരധ്യാപകൻ സാങ്കേതികാർത്ഥത്തിൽ ഒരു തൊഴിലാളിയാണെങ്കിൽ കൂടിയും മാനസീകതലത്തിൽ മഹനീയനായ ഒരു സേവന ദാതാവ് കൂടിയാണ്. നിർഭാഗ്യമെന്നു പറയട്ടെ അപൂർവ്വം ചില സ്കൂളുകളിലൊഴിച്ചാൽ അധ്യാപകരുടെ അർ പ്പണ മനോഭാവത്തിൻെറ ഗ്രാഫിക് ലൈനുകൾ ചലിക്കുന്നത് അവരോഹണ ദിശയിലാണെന്ന് സ്മരിക്കേണ്ടതായി വരുന്നു.

## 5. സാമൂഹ്യ രംഗത്തു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതി

നമ്മുടെ സമൂഹം പരിവർത്തനോന്മുഖവും ഗതിവേഗമാർന്നതുമായ ഒരു മാറ്റത്തിലൂടെ കടന്നു പൊയ്ക്കൊ

ണ്ടിരിക്കുകയാണ്. നാളിതുവരെ പുലർത്തിക്കൊണ്ടുവന്ന പല സങ്കല്പങ്ങൾക്കും മൂല്യങ്ങൾക്കും ഉലച്ചിൽ തട്ടിയിരിക്കുന്നു. ടെലിവിഷൻ, സിനിമ, മറ്റുവാർത്താ മാധ്യമങ്ങൾ എന്നിവയുടെ പ്രചുരപ്രചാരത്തോടെ ഈ മാറ്റങ്ങൾ അനന്തവും ത്വരിത വുമായ ഗതിവേഗമാർജിച്ചിരിക്കുകയാണ്. കാലാകാലങ്ങളിൽ ഇത്തരത്തിലുള്ള സാമൂഹ്യമാറ്റങ്ങൾ ലക്ഷ്യാധിഷ്ഠിതവും അവയുടെ പരിസമാപ്തിയിൽ പുതിയൊരു മൂല്യസങ്കല്പസങ്കേതം നിലവിൽ വരികയും ചെയ്തിരുന്നു. നിർഭാഗ്യവശാൽ പഴയ മൂല്യസങ്കല്പങ്ങളെ കടപുഴക്കി എറിയുന്ന നവാഗത മൂല്യസങ്കല്പബോധം രണ്ട് വിപരീതദിശകളിലാണ് പ്രയാണം നടത്തുന്നത്. ഒന്ന് പുതിയതിനെയെല്ലാം പുച്ഛിച്ചുകൊണ്ട് അതിപുരാതനമായ ഒരു സംസ്കൃതിയുടെ അസമത്വബോധമാണ് ശരി എന്നു വ്യാഖ്യാനിക്കുമ്പോൾ മറ്റൊന്ന് പുരാതനവും ആധുനികവുമായ എല്ലാമൂല്യസങ്കല്പങ്ങളെയും കടപുഴക്കി എറിഞ്ഞുകൊണ്ട് ഒരു "ആധുനികോത്തര അടിപൊളി" സംസ്കാരത്തെ ആലിംഗനം ചെയ്ത് സായൂജ്യമടയുന്നു. ഈ രണ്ട് വ്യത്യസ്തപ്രയാണങ്ങൾക്കും മദ്ധ്യേ ഏതാണ് ശരി എന്നറിയാതെ പകച്ചുനില്കയാണ് ഇന്നത്തെ നമ്മുടെ സമൂഹം. ജീർണ്ണതയും മരവിപ്പും കയറി ചേതന നശിച്ച ഈ സമൂഹ മന:സാക്ഷിയുടെ ഒരു ഓജസ്സില്ലായ്മ തന്നെയാണ് നമ്മുടെ വിദ്യാഭ്യാസ, രംഗത്തും പ്രതിഫലിച്ചുകാണുന്നത്.

## ചില രജത രേഖകൾ

മേൽപ്പറഞ്ഞ പോരായ്മകളെല്ലാം തന്നെ നമ്മുടെ വിദ്യാഭ്യാസരംഗത്തെ ശോഭമറയ്ക്കുന്ന കാർമേഘങ്ങളാണെങ്കിൽ തന്നെയും ഈ ദുർദശയുടെ ഇരുട്ടിനപ്പുറം പ്രത്യാശയുടെ ചില സുവർണ്ണകിരണങ്ങൾ നമുക്ക് ആശ്വാസം തരുന്നു. അതിലൊന്നാണ് പഞ്ചായത്തിലെ പെരുവ ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി ഗേൾസ് ഹൈസ്കൂ ളിന്റെ പ്രകടനം. കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്തെ ഏറ്റവും മികച്ച വിജയ ശതമാനം പുലർത്തിപോരുന്ന ഗവ:സ്കൂളുകളുടെ പട്ടികയിൽ നമ്മുടെ പഞ്ചായത്തിലെ ഈ സ്കൂളിന്റെ പേർ കൂടി ഉണ്ടെന്നുള്ളത് നമുക്കേവർക്കും അഭിമാനാർഹമായ ഒരു വസ്തുതയാണ്.

കേരളസർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിക്കുന്ന വിദ്യാരംഗം മാസികയുടെ 1996 ഓക്ടോബർ ലക്കത്തിൽ ഈ സ്കൂളിന്റെ നേട്ടങ്ങളെ കുറിച്ച് ഇപ്രകാരം പ്രതിപാദിച്ചിരിക്കുന്നു.

"എല്ലാവർഷവും തൊണ്ണൂറ് ശതമാനത്തോളം വിദ്യാർത്ഥികൾ ഈ സ്കൂളിൽ നിന്ന് എസ്.എസ്.എൽ.എസി. പരീക്ഷയിൽ വിജയം കൈവരിക്കുന്നു. കഴിഞ്ഞ പരീക്ഷയിൽ സംസ്ഥാനതലത്തിൽ 18-ാ മതു റാങ്കുനേടിയ സംഗീത പി. എന്ന വിദ്യാർത്ഥിനി ഈ സ്കൂളിന്റെ നേട്ടമാണ്. ഈ വിദ്യാലയം എസ്.എസ്.എൽ.എസി. വിജയശതമാനം വർദ്ധിപ്പിക്കുന്ന തിൽ കാര്യമായി പ്രയത്നിച്ചുവരുന്നുണ്ട്. ഓരോ ടേം കഴിയുമ്പോഴും പിന്നോക്കക്കാരായി കാണുന്ന വിദ്യാർത്ഥിനികളെ പ്രത്യേകം ശ്രദ്ധിക്കുകയും വേണ്ട ക്ലാസുകൾ നൽകുകയും ചെയ്തു വരുന്നു. ഉയർന്ന റാങ്കുനേടാൻ സാധ്യതയുളള വരെയും പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. അച്ചടക്കബോധവും ആത്മാർത്ഥയുമുള്ള 35 അധ്യാപകർ സേവനപാരമ്പര്യവും ദീർഘവീക്ഷണവുമുള്ള പക്വമതിയായ പ്രിൻസിപ്പാളിന്റെ നിർദ്ദേശാനുസരണം പ്രവൃത്തി എടുക്കുന്നു.

പഠന കാര്യത്തിലെന്നപോലെ പാഠ്യേതര പ്രവർത്തനങ്ങളിലും ഈ സ്കൂൾ മുൻപന്തിയിലാണ്. കോട്ടയത്ത് വച്ച് കഴിഞ്ഞവർഷം നടന്ന സംസ്ഥാന യുവജനോത്സവത്തിൽ പങ്കെടുത്ത് മിമിക്രിയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കുമാരി ആശാവിജയൻ ഈ സ്കൂളിലെ വിദ്യാർത്ഥിനിയായിരുന്നു. സാരാഭായ് സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതലമത്സരങ്ങളിൽ പങ്കെടുത്ത് ഇവിടത്തെ വിദ്യാർത്ഥിനികൾ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. 1982 ലും 83 ലും ദക്ഷിണമേഖലാ സയൻസ് ഫെയറിൽ ഏറ്റവും നല്ല പ്രൊജക്ട് വർക്കിനുള്ള ബഹുമതി പത്രങ്ങൾ ഈ സ്ഥാപനത്തിനാണ് ലഭിച്ചത്. ഈ സ്കൂളിൽ പ്രവർത്തിച്ചുവരുന്ന സ്കൗട്ട് ആൻറ് ഗൈഡ്സിന്റെ രണ്ടു യൂണിറ്റുകൾക്കാണ് പാലാ വിദ്യാഭ്യാസജില്ലയിലെ ഏറ്റവും നല്ല ട്രൂപ്പിനുള്ള അവാർഡും സാനിറ്റേഷൻ പ്രോഗ്രാമിന് ഡി.പി.ഐ. നൽകുന്ന പ്രത്യേക സർട്ടിഫിക്കറ്റും ലഭിച്ചത്. ഈ സ്കൂളിലെ ഷട്ടിൽ ബാറ്റ്മിൻറൻ ടീം പാലാജില്ലയിൽ തുടർച്ചയായി കഴിഞ്ഞ വർഷവും ഒന്നാം സ്ഥാനം നേടിയിരുന്നു."

വിദ്യാരംഗം 1996 ഒക്ടോബർ ലക്കം (വാല്യം - 21) പേജ് -31, 32

അക്കമിട്ടു നിരത്താവുന്ന പാഠ്യേതര നേട്ടങ്ങൾ കുറവാണെങ്കിലും അക്കാദമിക് തലത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന പഞ്ചായത്തിലെ 2-ാമത്തെ സ്കൂളാണ് റവ.ഫാദർ ഗിവർഗ്ഗീസ് മെമ്മോറിയൽ ഹൈസ്കൂൾ കാരിക്കോട്. കഴിഞ്ഞ അഞ്ചുവർഷക്കാലമായി ഈ സ്കൂളിലെ എസ്.എസ്.എൽ.എസി. വിജയശതമാനം 70 നും 80 നും മധ്യേയാണ്.

പഠന സൗകര്യങ്ങളുടെ കാര്യത്തിലും പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിലും ധാരാളം പരിമിതികൾ ഉള്ള ഒരു വിദ്യാഭ്യാസസ്ഥാപനമാണ് പെരുവ ഗവ.ബോയ്സ് ഹൈസ്കൂൾ. ഇനിയും ചുറ്റുമതിലുകൾ പണി തീർത്തിട്ടില്ലാത്ത ഈ സ്കൂൾ കോമ്പൗണ്ടിൽ അടുത്തകാലത്തായി സാമൂഹ്യവിരുദ്ധരുടെ ശല്യം ഏറുന്നതായി പരാതിയുണ്ട് ചുറ്റുമതിലിന്റെ അഭാവം മൂലം ഉയർന്നുവന്നിട്ടുള്ള മറ്റൊരാക്ഷേപം പുറത്തെ ശബ്ദകോലാഹലങ്ങളിൽപ്പെട്ട് കുട്ടികളുടെ ശ്രദ്ധ നഷ്ടപ്പെടാനുള്ള സാധ്യത ഏറുന്നുഎന്നുള്ളതാണ്. രക്ഷകർത്താക്കളുടെ ഭാഗത്തുനിന്നുള്ള അന്വേഷണമില്ലായ്മ, അടിക്കടി ഉണ്ടാകുന്ന അനാവശ്യസമരങ്ങൾ സർവ്വോപരി ഫലപ്രദമായ ഒരച്ചടക്ക നിയന്ത്രണ സംവിധാനത്തിൻ കീഴിൽ പെൺകുട്ടികളെ പ്പോലെ എളുപ്പം രൂപപ്പെടുത്തി എടുക്കാൻ കഴിയാത്ത തരത്തിലുള്ള ആൺ കുട്ടികളുടെ ജനിതകസ്വഭാവരീതി എന്നിങ്ങനെയുള്ള ഘടകങ്ങൾ

ഈ സ്കൂളിലെ അധ്യയ നത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കാലപ്പഴക്കമുളള ഈ സ്കൂളിലെ പല ക്ലാസുമുറികളും ആവശ്യത്തിന് ബലമോ ഉറപ്പോ ഇല്ലാത്തതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി കൂടി പ്രവർത്തിക്കുന്ന ഈ സ്കൂളിൽ ആവശ്യത്തിനു ബഞ്ചിൻെറയും ഡസ്കിൻെറയും അഭാവം കൂടിയുണ്ട്. കൂടാതെ അധ്യാപകരുടെ ഭാഗത്തുനിന്നും ഒരു ടീം വർക്കിലൂടെ ആവുന്നത്ര നേട്ടങ്ങൾ കൈവരിക്കാനുള്ള ശുഷ്കാന്തി ചോർന്നു പോയതും ഈ സ്കൂളിലെ പഠനനില വാരത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ലേ എന്നും ചിന്തനീയമാണ്.

എങ്കിലും , ഈ സ്കൂളിലെ വിജയശതമാനം സംസ്ഥാന ശരാശരിക്കൊപ്പം നില്ക്കുന്നു എന്ന വസ്തുത നിരവധി പോരായ്മക്കിടയിലും ചൂണ്ടിക്കാണിക്കാവുന്ന ഒരാശ്വാസമാണ്. ഒരു പ്രതീക്ഷയും.

### കൂടുതൽ ശ്രദ്ധ നൽകേണ്ട എൽ.പി., യു.പി.ക്ലാസുകൾ

ഇന്നത്തെ സാഹചര്യത്തിൽ ഒരു കുട്ടിയുടെ വിദ്യാഭ്യാസ നിലവാരം കണക്കാക്കുന്നത് ആ വിദ്യാർത്ഥിക്ക് എസ്.എസ്.എൽ.എസി. പരീക്ഷക്ക് ലഭിച്ച മാർക്കിൻെറ അടിസ്ഥാനത്തിലാണ്. അതായത് കഴിഞ്ഞ പത്തുവർഷക്കാലം ഒരു വിദ്യാർത്ഥിക്കു കരസ്ഥമാക്കാൻ കഴിഞ്ഞ ഒരു ശരാശരി ബോധനിലവാരത്തെയാണ് 10-ാം ക്ലാസിലെ ഒരു മിനിമം പരീക്ഷയിലൂടെ നാം വിലയിരുത്തുന്നത്. കഴിഞ്ഞ ഒൻപതു വർഷത്തെ പഠനം നേടിയിട്ടും. മലയാള അക്ഷരങ്ങൾ പോലും നേരാവണ്ണം എഴുതാൻ കഴിയാത്ത ധാരാളം വിദ്യാർത്ഥികൾ 10-ാം ക്ലാസുകളിൽ എത്തപ്പെടുന്നുണ്ട്. അതുകൊണ്ട് കുട്ടികളുടെ വ്യക്തിപരമായ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് നഴ്സറിതലം മുതൽ തന്നെ പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. ഈ അടിസ്ഥാനത്തിൽ നമ്മുടെ എൽ.പി.സ്കൂളിലെ പഠന നിലവാരം അത്രമെച്ചപ്പെട്ടതാണെന്ന് പറയാൻ കഴിയില്ല.

## സാധ്യതകൾ, നിർദ്ദേശങ്ങൾ

അനൗപചാരിക വിദ്യാഭ്യാസത്തിൻെറ ഭാഗമായി നടന്ന സാക്ഷരതാ പ്രവർത്തനങ്ങളിൽ മാതൃകാപരമായ ഒരു പ്രകടനം കാഴ്ച വച്ച പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. അതിനാൽ പുനർ വിദ്യാഭ്യാസമെന്നനിലയിൽ വീണ്ടും സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കണമെന്ന ഗ്രാമസഭയുടെ ആവശ്യം സാധ്യമാക്കേണ്ടതാണ്.

തൊഴിലില്ലായ്മ രൂക്ഷമായ ഇന്നത്തെ സാഹചര്യത്തിൽ, പ്രത്യേകിച്ചു ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയ അഭ്യസ്ത വിദ്യരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുമ്പോൾ ചെയ്യാവുന്ന ഒരേ ഒരു മാർഗ്ഗം തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതുമാത്രമാണ്. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് ഇൻസ്റ്റിട്യൂട്ടുകളിൽ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളുടെ പ്രയത്നം കൊണ്ടുമാത്രം ഈ രംഗത്തെ തൊഴിലവസരങ്ങൾ നികത്തപ്പെടുന്നുമില്ല. ഈ സാഹചര്യത്തിൽ നാട്ടിൻപുറങ്ങളിലെ സ്ഥലസൗകര്യമുള്ള എല്ലാസ്കൂളികളിലും ഏതെങ്കിലും ഉന്നത തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടി ആരംഭിച്ചുകൊണ്ട് തൊഴിലില്ലായ്മ എന്ന പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ ശ്രമിക്കുന്നത് അഭിലഷണീയമാണ്. അതിലേയ്ക്കായി ആവശ്യത്തിന് ക്ലാസുമുറികൾ ലഭ്യമായ പെരുവ ഗവ.ബോയിസ് ഹൈസ്കൂളിനോടനുബന്ധിച്ച് ഗ്രാമപ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള മോട്ടോർ എഞ്ചിനീയറിങ്ങ്, ഇലക്ട്രിക്കൽ എഞ്ചനീയറിങ് (ദ്വിവൽസര) എന്നി ട്രേഡുകൾ തുടങ്ങുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്തിൻെറ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

പെരുവ ഗവ.ഗേൾസ് ഹൈസ്കൂളിനോടനുബന്ധിച്ച് ഒഴിവുള്ള ക്ലാസ് മുറികളിൽ ഇ.സി.ജി (E.C.G), സർജിക്കൽ ഇൻസ്ട്രമെൻറ് (Surgical Instrument) ഇവയിലേതെങ്കിലും ഒരു വൊക്കേഷണൽ വിഷയം കൂടി ആരംഭിക്കാനുള്ള നിർദ്ദേശം ഗ്രാമപഞ്ചായത്തിൻെറ അടിയന്തരിര ശ്രദ്ധയിൽ വിഷയീഭവിക്കേണ്ടതാണ്.

ജനസാന്ദ്രത ഏറിയ പ്രദേശങ്ങളിലും എല്ലാ എൽ.പി. സ്കൂളിനോടനുബന്ധിച്ചും നഴ്സറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഇതുമൂലം പഞ്ചായത്തിലെ പ്രീ-പ്രൈമറി അധ്യാപക കോഴ്സ് പാസായ ഏതാനും പേർക്കെങ്കിലും സ്ഥിരമായ ഒരു തൊഴിലും ലഭ്യമാകുന്നതാണ്.

ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവിർഭാവം സാംസ്ക്കാരിക തലത്തിൽ രണ്ടു തരത്തിലുള്ള പൗരന്മാരെ വാർത്തെടുക്കുമെന്നുള്ളത് വാസ്തവം തന്നെയാണ്. ഗുണദോഷ സമ്മിശ്രമായ ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ദേശീയതലത്തിലുള്ള ഒരു നിയമ നിർമ്മാണത്തിലൂടെ മാത്രമെ സാധ്യമാകൂ എന്നുറപ്പാണ്.

വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ പ്രതിലോമമായി ബാധിക്കുന്ന ഒരു കാര്യമാണ് വരുമാനാടിസ്ഥാനത്തിലുള്ള സ്ക്കോളർഷിപ്പ് മാനദണ്ഡം. ഇതുമൂലം ദേശീയ തലത്തിലും സംസ്ഥാനതലത്തിലും മാർക്കടിസ്ഥനത്തിൽ സ്ക്കോളർഷിപ്പ് ലഭിക്കാൻ അർഹതയുള്ള പല വിദ്യാർത്ഥികൾക്കും അതു നഷ്ടപ്പെടുന്നതായുള്ള പരാതിയുണ്ട്.

ആൺ-പെൺ സ്കൂളുകൾ എന്ന വിവേചനം അവസാനിപ്പിച്ചുകൊണ്ട് കഴിയുന്നതും മിക്സഡ് സ്കൂളുകൾക്കു പ്രോത്സാഹനം നൽകേണ്ട ഒരു വിചാര രീതിക്ക് തുടക്കം കുറിക്കേണ്ടത് കാലഘട്ടത്തിൻെറ ഒരാവശ്യമായി മാറിയിട്ടില്ലേ എന്നു പരിശോധിക്കേണ്ടത് ഈ അവസരത്തിൽ ചിന്തനീയമാണ്.

ഇന്നത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് അധ്യാപകർ, രക്ഷകർത്തൃസംഘടനകൾ മറ്റു വിദ്യാഭ്യാസ സാമൂഹ്യപ്രവർത്തകർ ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ ഒരു പ്രവർത്തനം ആവശ്യമാണ്.

നേടിയ വിദ്യാഭ്യാസം തനിക്കും രാജ്യത്തിനും വിനിയോഗിക്കണമെന്ന ഒരു സാമൂഹ്യബോധം ഓരോ വിദ്യാർത്ഥിയിലും വളർത്തി എടുക്കുന്നതിലേയ്ക്കായി ഹൈസ്കൂൾ തലം മാത്രം ലക്ഷ്യം വച്ച് ഒരുബോധവത്കരണ പരിപാടിക്ക് രൂപം നല്കുന്നത് ഫലപ്രദമായിരിക്കും. ഇതിലേയ്ക്കായി വർഷംതോറും നടത്തിവരാറുള്ള മൂന്നു പരിക്ഷ സമയങ്ങളിലെ വെക്കേഷൻ കാലയളവിൽ ഓരോ ദിവസം നീണ്ടുനില്കുന്ന മൂന്നു ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ഇങ്ങനെ നടത്തുന്ന മീറ്റുങ്ങുകളിൽ കവികൾ, കലാകാരന്മാർ, വിദ്യാഭ്യാസസാംസ്ക്കാരിക പ്രതിഭകൾ എന്നിവരുടെ പ്രചോദനമരുളുന്ന സാന്നിധ്യം ഉറപ്പാക്കുകയും ചെയ്യുക.

ഏതുതൊഴിലും മാന്യമാണെന്ന ബോധം കുട്ടികളിൽ വളർത്തുന്നതിനായി ഓരോ സ്കൂളിനോടനുബന്ധിച്ച് ഒരു മാതൃകാ കൃഷിതോട്ടനിർമ്മാണം (പൂച്ചെടി, പച്ചക്കറി) ആരംഭിക്കുക. ഇതിനുവേണ്ടി ഒന്നോ രണ്ടോ സെൻറ് സ്ഥലം ഓരോ ഹൈസ്കൂൾ ഡിവിഷനുകൾക്കുമായി വീതിച്ചു നല്ക്കുക.

കൊല്ലത്തിലൊരിക്കൽ എല്ലാ കുട്ടികളെയുമുൾപ്പെടുത്തി സ്കൂളിൽ നിന്ന് അധികം അകലെയല്ലാത്ത ഏതെങ്കിലുമൊരു സ്ഥലത്തേക്ക് ഒരു വിനോദയാത്ര സംഘടിപ്പിക്കുക. കുട്ടികളിൽ സാമൂഹ്യബോധവും സഹവർത്തിത്വവും വളർത്താനുപകരിക്കുന്നതാണ്.

മികച്ചതരത്തിലുള്ള കായികോപകരണങ്ങൾ വാങ്ങുക, കളിസ്ഥലവിസ്തീർണ്ണം വർദ്ധിപ്പിക്കുക, മികച്ചപരിശീലനം ലഭ്യമാക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ കായികപരിശീലനത്തിന് അനുയോജ്യമായൊരന്തരീക്ഷം എല്ലാ സ്കൂളിലുമുണ്ടാക്കേണ്ടതാണ്.

(പെരുവ ബോയ്സ് ഹൈസ്കൂളിനു മുൻ വശത്തുള്ള വോളിബോൾ കോർട്ട് മണ്ണിട്ടു നികത്തി മൽസരയോഗ്യമാക്കേണ്ടതും, മുളക്കുളം യു.പി.സ്കൂളിന് ആവശ്യത്തിനു സ്ഥലസൗകര്യമുണ്ടാക്കുന്നതിലേയ്ക്കായി നാട്ടുകാർ ചേർന്ന് 15000 രൂപാ സമാഹരിക്കുകയും അക്വസിഷൻ നടപടിക്കായി 487 രൂപാ ഡി.ഡി. ഓഫിസിൽ കെട്ടിവക്കുകയും ചെയ്തശേഷം നാളിതുവരെ നടപടിയൊന്നുമുണ്ടാകാത്തതും ഗ്രാമപഞ്ചായത്തിൻെറ സത്വര ശ്രദ്ധ പതിഞ്ഞ് ഉടൻ പരിഹാരം കണ്ടെത്തേണ്ട പ്രശ്നങ്ങളിൽ പെട്ടതാണ്.)

അധ്യാപക പുന:പരിശീലനത്തിനായി പഠനക്ലാസുകൾ ഒരധ്യയനവർഷത്തിൽ രണ്ടു ദിവസമെങ്കിലും സംഘടിപ്പിക്കുക ഇതിനുവേണ്ട മാർഗരേഖകൾ തയ്യാറാക്കുമ്പോൾ പഞ്ചായത്തിലെ തന്നെ മറ്റുവിദ്യാഭ്യാസ വിദഗ്ധരെ കൂടി ഉൾപ്പെടുത്തുക. അധ്യാപനം ഒരു രാഷ്ട്ര സേവനം എന്ന നിലയിൽ വളർത്താനും അധ്യാപകരെ കർമ്മോന്മുഖരാക്കി അവരുടെ കഴിവുകളെ വേണ്ടവണ്ണം ഉപയോഗിക്കാനും ഇത്തരത്തിലൂള്ള പുനഃപരിശീലന പരിപാടികൾ വഴി സാധിക്കുന്നതാണ്.

കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും അച്ചടക്കം ഉറപ്പുവരുത്തുവാനും രക്ഷിതാക്കളുടെ പങ്ക് പ്രധാനമാണെന്ന ബോധ്യം അവരിൽ തന്നെ വളർത്തിയെടുക്കുമാറുതകും വിധം അധ്യാപക രക്ഷകർത്തൃസംഘടനയുടെ പൊതുയോഗങ്ങൾ ഉപയോഗപ്പെടുത്തണം. ഈ പ്രശ്നത്തിന്മേൽ രക്ഷകർത്തൃ അധ്യാപക സമിതിയുടെയും മറ്റുവിദ്യാഭ്യാസ സാമൂഹ്യപ്രവർത്തകരുടെയും നിരന്തരമായ ശ്രദ്ധയും ഇടപെടലും ഉറപ്പുവരുത്തുകയും ചെയ്യണം.

ഗ്രാമസഭാ പ്രതിനിധികൾ മാസത്തിലൊരുതവണയെങ്കിലും സ്കൂളുകൾ സന്ദർശിച്ച് അധ്യാപകരക്ഷകർത്തൃസമിതിയുടെ പ്രതിനിധികളോടും കഴിയുന്നത്ര വിദ്യാർത്ഥികളോടും സ്കൂളിൻെറ എല്ലാ വിഷയങ്ങളെ സംബന്ധിച്ചും സംസാരിക്കുകയും പരിഹരിക്കാവുന്ന പ്രശ്നങ്ങളിൽ ഉടനടി തീർപ്പുണ്ടാക്കുകയും ചെയ്യുക.

ഈ പ്രവർത്തനങ്ങൾ ഫലവത്തായി നടപ്പിൽ വരുത്തുന്നതിനു മുന്നോടിയായി പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലെയും പ്രധാനാധ്യാപകന്മാർ രക്ഷകർത്താസമിതിയുടെ സെക്രട്ടറി/പ്രസിഡണ്ട്, വിദ്യാലയങ്ങൾ സ്ഥിതി ചെയ്യുന്ന വാർഡിലെ പഞ്ചായത്ത് മെമ്പറന്മാർ, വിദ്യാഭ്യാസ സാമൂഹ്യ പ്രവർത്തകർ (2 പേർ) തുടങ്ങിയവരുൾപ്പെട്ട ഒരു സ്കൂൾ സംരക്ഷണസമിതി ഗ്രാമപഞ്ചായത്തിൻെറ നേതൃത്വത്തിൽ രൂപീകരിക്കുക. ഇതേപോലെ തന്നെ ഓരോ സ്കൂളിലും പ്രത്യേകം പ്രത്യേകം സ്കൂൾ സംരക്ഷണസമിതികൾ അതാത് ഗ്രാമപഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ രൂപീകരിക്കുക. ഈയടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള വിദ്യാലയങ്ങളുടെ പഠനനിലവാരം മെച്ചപ്പെടുത്തി ഭാവി തലമുറയെ രാജ്യസ്നേഹികളും നാടിൻെറ ഉത്തമ സന്താനങ്ങളുമാക്കി വളർത്തി എടുക്കുന്നതിനുള്ള ശ്രമങ്ങൾക്ക് നമുക്ക് ഒരുമിച്ചു പ്രയത്നിക്കാം.



# കുടിവെള്ളം പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനതയാണ് ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുന്നത്. ശുചിത്വമുള്ള പരിസരം വായു, ജലം എന്നിവആരോഗ്യപൂർണ്ണമായ സമൂഹ നിർമ്മിതിയ്ക്ക് അനുപേക്ഷണീയമായ ഘടകങ്ങളാണ്. ഈ നിലയ്ക്കു നോക്കുമ്പോൾ കുടിവെള്ളത്തിന് വലിയ സ്ഥാനമുണ്ട്.

എന്നാൽ കുന്നിൻ പ്രദേശങ്ങൾ ധാരാളമുള്ള നമ്മുടെ പഞ്ചായത്തിൽ പല ഭാഗത്തും ആവശ്യത്തിന് കുടിവെള്ളം ലഭ്യമാകുന്നതിൽ വലിയ ബുദ്ധിമുട്ടനുഭവപ്പെടുന്നു. പഞ്ചായത്തിലെ ഏറിയകൂറും പ്രദേശങ്ങളിലും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. ആകെയുള്ള ശുദ്ധജല ഉപഭോഗത്തിൻെറ 65% നിർവ്വഹിക്കുന്നത് കിണറുകളിലൂടെയാണ്. വേനൽ ആകുന്നതോടെ ഭൂരിഭാഗം കിണറുകളും വറ്റുന്നു. പിന്നീട് മാർച്ച് മാസം മുതൽ കാലവർഷം ആരംഭിക്കുന്നതുവരെയുള്ള കാലയളവിൽ ജനങ്ങളുടെ കുടിവെള്ള ആവശ്യം പരിഹരിക്കുന്നത് പൈപ്പുവെള്ളത്തിലൂടെയും താരതമ്യേന ഉയർന്ന പ്രദേശങ്ങളിൽ പഞ്ചായത്തിൽ നിന്നും ടാങ്കർ ലോറികളിൽ എത്തിച്ചു കൊടുക്കുന്ന നാമമാത്രമായ വെള്ളത്തിലൂടെയുമാണ്.

എന്നാൽ ഈ പകരം സംവിധാനങ്ങളൊന്നും തന്നെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിനു മതിയാകുന്നതല്ല. ആകെയുള്ള വിസ്തൃതിയുടെ (26.15 സ്ക്വയർ കി.മീ.) 75% പ്രദേശങ്ങളിലും ഡിസംബർ മാസം മുതൽ തന്നെ വരൾച്ച അനുഭവപ്പെടുന്നു. പഞ്ചായത്തിൻെറ ഭൂപ്രകൃതി എടുത്തു നോക്കിയാൽ നിമ്നോന്നതമായ ഉപരിതലമാണ് നമ്മുടേത്. അതുകൊണ്ടു തന്നെ വേനലാകുന്നതോടെ താരതമ്യേന ഉയർന്ന ഭൂഭാഗങ്ങളിൽ ആദ്യം മുതൽക്കേ ജലക്ഷാമം അനുഭവപ്പെടുന്നു. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള സ്ഥായിയായ സംവിധാനമൊരുക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്.

കേരള വാട്ടർ അതോറിറ്റിയുടെ ഒരു ജലവിതരണ പദ്ധതി നമ്മുടെ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. CWSS അനുസരിച്ച് 1980-ൽ തുടങ്ങിയ ഈ പദ്ധതി വൈക്കം മുൻസിപ്പാലിറ്റിയേയും 14 സമീപ പഞ്ചായത്തുകളെയും ഉദ്ദേശിച്ചുള്ളതാണ്. ശുദ്ധജലത്തിൻെറ ഉപയോഗം 1980-ൽ നിന്ന് വളരെയേറെ വർദ്ധിച്ചിരിക്കുന്നതിനാൽ ഈ പദ്ധതിയുടെ മുഴുവൻ ശേഷിയും ഉപയോഗിച്ചാലും ഇവിടത്തെ ജലക്ഷാമം കുറയ്ക്കാൻ കഴിയില്ല. കൂടാതെ വിതരണ ക്രമത്തിലെ പോരായ്മയും അശാസ്ത്രീയമായ ഉപയോഗവും പ്രശ്നം വളരെ ഗുരുതരമാക്കിയിരിയ്ക്കുന്നു. നമ്മുടെ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ആകെ 50 Km. ദൂരത്തിൽ KWA പൈപ്പുലൈൻ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഒരു തുള്ളി ജലം പോലും ഒഴുകാത്ത പൈപ്പുലൈനുകൾ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ നല്ലശതമാനം വരും. വെള്ളം കിട്ടുന്ന പൈപ്പുകളിൽ പോലും അത് ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം മാത്രമേ കിട്ടുന്നുള്ളു.

ഈ പറഞ്ഞതിൽ നിന്നും നിലവിലുള്ള പദ്ധതിയുടെ പോരായ്മ നമ്മളെ എത്രത്തോളം ബാധിക്കുന്നുണ്ടന്നു മനസ്സിലാകും. ഈ പരിതസ്ഥിതി മുന്നിൽ കണ്ടാണ് നമ്മുടെ പഞ്ചായത്ത് 1991-ൽ പുതിയൊരു പദ്ധതിയുടെ ആവശ്യം ചൂണ്ടിക്കാണിച്ചത്. അതനുസരിച്ച് കേരളാ വാട്ടർ അതോറിറ്റി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ARWSS അനുസരിച്ചുള്ള നിർദ്ദിഷ്ട വെളിയന്നൂരും സമീപപ്രദേശങ്ങളും ഉൾക്കൊള്ളുന്ന പദ്ധതിയുടെ ഒന്നാം ഘട്ടം. ഈ പദ്ധതി തുടങ്ങുന്നതിനാവശ്യമായ ഭൂമി HNL ആണു നൽകിയത്. ഇതു സാധിച്ചെടുക്കാൻ കഴിഞ്ഞത് നമ്മുടെ വലിയ നേട്ടമാണ്. ഇതിൻെറ ഭരണ സാങ്കേതികങ്ങളായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ട്. ഇതനുസരിച്ച് നമ്മുടെ പഞ്ചായത്തതിർത്തിയിൽ സ്ഥാപിക്കുന്ന 5 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക് ഉപയോഗപ്പെടുത്തിയാൽ മുളക്കുളം പഞ്ചായത്തിലെ എത്ര ഉയർന്ന പ്രദേശത്തും ശുദ്ധജലമെത്തിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സാധിക്കും. ഈ പദ്ധതി കാലത്തുതന്നെ ഇതിൻെറ പണി ആരംഭിക്കുന്നതാണ്. ഭാവിയിൽ ഈ പദ്ധതി പൂർണ്ണമായും പ്രയോജനപ്പെടുത്തിയുള്ള വികസന പരിപാടികൾക്ക് ആയിരിക്കും കുടിവെള്ളകാര്യത്തിൽ പഞ്ചായത്ത് കൂടുതലും ശ്രദ്ധിക്കുക.

### പൊതു ശുദ്ധജല സ്രോതസുകൾ

| പൊതു ടാപ്പുകൾ | ഗാർഹിക കണക്ഷൻ | ഗാർഹികേതര കണക്ഷൻ | ആകെ | കുഴൽ കിണർ | പഞ്ചാ. കിണർ |
|---|---|---|---|---|---|
| 210 | 400 | 35 | 645 | 20 | 8 |

നിലവിലുള്ള സംവിധാനമനുസരിച്ച് 210 പൊതുടാപ്പുകൾ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. ഇതുകൂടാതെ 400 ഗാർഹിക കണക്ഷനുകളും 35 ഗാർഹികേതര കണക്ഷനുകളും പഞ്ചായത്തിലുണ്ട്. വിവിധ വാർഡുകളിൽ പരീക്ഷണാർത്ഥം 8 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ രണ്ടു മൂന്നെണ്ണം മാത്രമേ ജനങ്ങൾക്കു പ്രയോജനപ്പെടുന്നുള്ളു. പഞ്ചായത്തിലെ ജനസംഖ്യയുടെ

60% ൽ ഏറെയും വേനൽക്കാലത്ത് ശുദ്ധജലക്ഷാമം അനുഭവിക്കുന്നവരാണ്. വരൾച്ച രൂക്ഷമാകുന്നതോടെ പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ 2 മുതൽ 3 കി.മീ. വരെ നടന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. ഇതിൽ നിന്നും പഞ്ചായത്തിലെ കുടി വെള്ള കാര്യത്തിൽ നമുക്കുണ്ടാകേണ്ട ഗൗരവം ബോധ്യ മാകുന്നു. എല്ലാ ഗ്രാമസഭകളും വളരെ കാര്യമായി ഈ പ്രശ്നം ചർച്ചചെയ്തതിൻെറ ഫലമായി പഞ്ചാ യത്തിൻെറ ധനസ്ഥിതിയ്ക്കുള്ളിൽ ഒതുങ്ങുന്ന ഒന്നോ അതിൽ കൂടുതലോ വാർഡുകൾക്കു പ്രയോജനം ലഭിക്കുന്ന പല ചെറുകിട ജലസേചന പദ്ധതികൾക്കും ആശയരൂപം കൊടുക്കാൻ കഴിഞ്ഞു. അത്തരത്തിലുള്ള ഏതാനം പദ്ധതികൾ വിശദമായ ചർച്ചകൾക്കും സൂക്ഷ്മ വിശകലനത്തിനായും ഇതോടൊപ്പം ചേർത്തിരിക്കുന്നു.

## പ്രശ്ന ബാധിത പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

വാർഡ് -I

1. വാർഡിലെ കുടിവെള്ളത്തിനു ബുദ്ധിമുട്ടുള്ള മത്സ്യ തൊഴിലാളി കോളനി മണ്ണുക്കുന്ന്- പുഞ്ചപ്പാടം റോഡ്, പാലക്കാട്ടുപടി-പുഞ്ചപ്പാടം റോഡ് എന്നിവിടങ്ങളിൽ KWA ലൈൻ സ്ഥാപിക്കണം.
2. ഏറ്റവും കൂടുതൽ വെള്ളത്തിനു ബുദ്ധിമുട്ടുള്ള പുളിക്കക്കുന്നിൽ ഒരു കുഴൽ കിണർ സ്ഥാപിക്കണം.
3. മൽസ്യതൊഴിലാളി കോളനി, പുളിക്കൽകുന്ന്, താന്നിമറ്റം എന്നിവിടങ്ങളിൽ പഞ്ചായത്ത് കിണർ സ്ഥാപിക്കണം.

വാർഡ് -II

1. വാർഡിൻെറ ഉയർന്ന ഭാഗമായ ചെല്ലാനിരപ്പിൽ ഒരു വാട്ടർ ടാങ്ക് നിർമ്മിച്ച് വാർഡിൻെറ കിഴക്കേ അറ്റമായ മണ്ണുക്കുന്ന് - പള്ളിക്കുന്ന് ഭാഗം വരെ വെള്ളം എത്തിക്കുക. ടി. ടാങ്കിലേക്ക് വളരെ എളുപ്പത്തിൽ ഉദ്ദേശം 250 മീറ്റർ ദൂരത്തുനിന്നും വെള്ളം അടിച്ചുകയറ്റുന്നതിനു സാധിക്കും. വാർഡിൻെറ പലഭാഗത്തു സ്ഥാപിച്ചിട്ടുള്ളതും ഒരു തുള്ളിവെള്ളം പോലും ഇതുവരെ ലഭിച്ചിട്ടില്ലാത്തതുമായ KWA ലൈനുകളിലൂടെ ജല വിതരണം നടത്തുന്നതിനും കഴിയും.
2. എഴുപ്പള്ളിക്കുന്നു പ്രദേശത്ത് ഒരു കുഴൽ കിണർ സ്ഥാപിക്കണം.
3. തുരുത്തിപ്പിള്ളി ഭാഗത്തേയ്ക്ക് KWA ലൈൻ നീട്ടണം.

വാർഡ് -III

1. താനിമറ്റം പ്രദേശത്തുള്ള 20 സെൻറ് വിസ്തൃതമായ ചാമേരിക്കുളം ഉപയോഗപ്പെടുത്തി ഒരു ചെറു പദ്ധതി രൂപപ്പെടുത്താൻ കഴിയും. വേനൽക്കാലത്തുപോലും വറ്റാത്ത നീരുറവാണ് ഇതിലുള്ളത്. ഈ കുളത്തിൻെറ ആഴം കൂട്ടി പള്ളിക്കുന്നു പ്രദേശത്ത് ടാങ്കു സ്ഥാപിച്ചാൽ 1, 2, 3 വാർഡുകളിലെ സമീപ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനും സാധിക്കും.
2. കടുകുന്നചാൽ എന്ന കുളം ഏകദേശം 5 സെൻറ് വിസ്തൃതിയള്ളതാണ്. ഇതുപയോഗപ്പെടുത്തിയാൽ ചെമ്മനം കുന്നു ഭാഗത്തെ ജല ദൗർലഭ്യം വലിയ അളവിൽ പരിഹരിക്കുന്നതിന് സാധിക്കും.
3. പെരുവ - കാഞ്ഞിരമറ്റം റോഡിൽ പഞ്ചായത്തുവക പുരയിടത്തിൽ സ്ഥിതിചെയ്യുന്ന കിണർ ഒരിക്കലും വറ്റാത്തതാണ്. ഇതുനന്നാക്കി, ഒരു ടാങ്ക്, പമ്പ് എന്നിവ സ്ഥാപിച്ചാൽ 4-ാം വാർഡിനും പ്രയോജനം ചെയ്യും.
4. വാർഡിലെ ഉയർന്ന പ്രദേശങ്ങളായ കൊടിയംകുന്ന്, വല്യാട്ടികുഴി ഭാഗം, മങ്ങാട്ടുകൊട്ടാരം, കൊരവേലിക്കുന്ന് എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കണം.
5. വരകുകാലക്കുഴി ഭാഗം, ചളുവേലി-പള്ളിക്കുന്ന് റോഡ്, കണ്ണം കേരിക്കുന്ന് എന്നിവിടങ്ങളിലേയ്ക്ക് KWA ലൈൻ നീട്ടണം.

വാർഡ് -4

1. മാർക്കറ്റ് - ഇടപ്പറമ്പ് റോഡ്, പെരുവമാർക്കറ്റ്- ലത്തീൻ പള്ളി റോഡ്, മത്സ്യ-മാംസ മാർക്കറ്റുകൾ എന്നീ പ്രദേശങ്ങളിൽ പുതിയതായി KWA ലൈൻ സ്ഥാപിക്കണം.
2. പെരുവ - കാഞ്ഞിരമറ്റം റോഡ്, കൂട്ടാനിക്കൽ കോളനി എന്നിവിടങ്ങളിൽ നിലവിലുള്ള ലൈനിൻെറ ശേഷി വർദ്ധിപ്പിക്കണം.
3. ഇടപ്പറമ്പ്, ചെത്തിക്കാട്, ചെത്തുകുന്ന് തുടങ്ങിയ പ്രദേശങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കണം.
4. പെരുവ ടൗണിൽ ആവശ്യമായ ടാപ്പുകൾ സ്ഥാപിച്ച് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യുക.

വാർഡ് -5

1. ഞീഴൂർ പഞ്ചായത്തിൻെറ 2-ാം വാർഡിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച 15 സെൻറ് വിസ്തൃതിയുള്ള ഒരു കുളമുണ്ട്. ഈ കുളം നന്നാക്കി ടാങ്ക്, പമ്പ് എന്നിവ സ്ഥാപിച്ചാൽ വാർഡിൻെറ പടിഞ്ഞാറെ അറ്റം വരെ കുടിവെള്ളമെത്തിക്കുന്നതിനു സാധിക്കും.
2. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ നന്നാക്കി ഉപയോഗ യോഗ്യമാക്കുക.
3. KWA സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുകയും സൗകര്യപ്രദമായ പ്രദേശങ്ങളിലേയ്ക്ക് ലൈൻ നീട്ടുകയും ചെയ്യുക.
4. നിർദ്ദിഷ്ട MVIP പദ്ധതിയുടെ സബ് കനാൽ വാർഡിൻെറ കിഴക്കു പടിഞ്ഞാറു ഭാഗത്തുകൂടി നിർമ്മിച്ചാൽ ഇവിടുത്തെ കുടിവെള്ള പ്രശ്നം കാര്യമായി പരിഹരിക്കാൻ കഴിയും.

വാർഡ് -6

1. വാർഡിൻെറ പടിഞ്ഞാറു ഭാഗത്തു സ്ഥിതിചെയ്യുന്ന ചിറപ്പുറത്തുകുളം ആഴം കൂട്ടി സൈഡുകെട്ടി എടുത്താൽ ഒരു ചെറു ജലസേചനപദ്ധതി രൂപപ്പെടുത്താൻ കഴിയും. 6-ാം വാർഡിൻെറ പകുതി പ്രദേശങ്ങളിലും 5,9 വാർഡുകളിലെ ചില ഭാഗങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിന് ഈ പദ്ധതിയ്ക്കു കഴിയും.
2. നിലവിലുള്ള KWA ലൈനിൽ ഒരു തുള്ളി വെള്ളം പോലും ലഭിക്കാത്ത പ്രദേശങ്ങളുണ്ട്. ഈ കുറവ് പരിഹരിക്കാൻ കഴിഞ്ഞാൽ മങ്ങാട്ടോരം ഭാഗങ്ങളിലെ കുടിവെള്ളപ്രശ്നങ്ങൾക്കു പരിഹാരമാകും.
3. പുതിയതായി KWA ലൈനുകൾ സ്ഥാപിച്ച് വാർഡിലെ ഉയർന്ന പ്രദേശങ്ങളിൽ വെള്ളമെത്തിക്കണം.
4. കാരിനിരപ്പു പ്രദേശത്ത് ഒരു കുഴൽ കിണർ സ്ഥാപിക്കുക.

വാർഡ് -7

1. പഞ്ചായത്തിലെത്തന്നെ ഉയർന്ന പ്രദേശങ്ങളിലൊന്നായ ചെമ്മഞ്ചിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഇവിടെ ഒരു ടാങ്ക് നിർമ്മിച്ച് നിലവിലുള്ള KWA ലൈനിലൂടെ വെള്ളം ഈ ഭാഗത്തു വിതരണം ചെയ്യുക.
2. വാർഡിലെ കുടിവെള്ളത്തിൻെറ വിതരണത്തെ HNL-ൻെറ കുടിവെള്ള സംവിധാനവുമായി ബന്ധിപ്പിക്കുക.
3. ചേലചുവട് ഭാഗത്ത് ഒരു കുഴൽ കിണർ സ്ഥാപിക്കുക.
4. നിലവിലുള്ള പഞ്ചായത്ത് പൊതുകിണർ ഉപയോഗ യോഗ്യമാക്കുക.

വാർഡ് -8

1. വാർഡിൻെറ എല്ലാ ഭാഗങ്ങളിലും കുടിവെള്ളത്തിനു ബുദ്ധിമുട്ടനുഭവപ്പെടുന്നു. നിലവിലുള്ള KWA ലൈനിലൂടെ കൃത്യമായി വെള്ളമെത്തിക്കാൻ കഴിയണം.
2. പുതിയ പൈപ്പുലൈനുകൾ സ്ഥാപിക്കുകയും HNL ൻെറ കുടിവെള്ള സംവിധാനത്തിൽ നിന്നും വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.
3. നിലവിലുള്ള പൊതു കിണർ നന്നാക്കി ആഴം കൂട്ടുക.
4. ജാതിക്കാമല, ഒളാമഠത്തിൽ പടി എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക.

വാർഡ് -9

1. വാർഡിലെ ജല ലഭ്യത കൂടുതലുള്ള ഭാഗത്ത് കുളം കുഴിച്ച് ആനക്കുഴി ഭാഗത്ത് ഒരു ടാങ്ക് നിർമ്മിച്ചാൽ നിലവിലുള്ള KWA ലൈനിലൂടെ വാർഡിൻെറ എല്ലാ ഭാഗങ്ങളിലും വെള്ളമെത്തിക്കുന്നതിനുസാധിക്കും.
2. പൈപ്പ് ലൈൻ നിലവിൽ ഇല്ലാത്ത ഭാഗങ്ങളിൽ പുതിയതായി പൈപ്പ് ലൈൻ സ്ഥാപിക്കണം.
3. HNL ൻെറ കുടിവെള്ള സംവിധാനത്തിൽ നിന്നും വാർഡിലെ ആവശ്യത്തിന് ജലം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
4. ആനക്കുഴി നിരപ്പ് കോളനി, തവളക്കുളം എന്നീ ഭാഗങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

വാർഡ് -10

1. നിലവിലുള്ള K.W.A ലൈനിൽ നിന്നും തടത്തിൽ ഭാഗം മുതുകുളം, കണിയാൻ കുന്ന്, വേട്ടാംകുഴി, ഈട്ടിമല എന്നിവിടങ്ങളിലേക്ക് 1 കി.മീ. വീതം നീളത്തിലും കരിക്കുളം, മണിയൻകണ്ടം, പേഴാടി, കടുവാക്കുഴി എന്നിവിട ങ്ങളിലേക്ക് 1/2 കി.മീ. വീതം ദൂരത്തിലും പുതിയതായി പൈപ്പ് ലൈൻ സ്ഥാപിക്കുക.
2. പ്ലാംചുവട് വരെ ലൈനിലൂടെ വരുന്ന വെള്ളം ഉയർന്ന പ്രദേശങ്ങളിൽ എത്തുന്നില്ല. അതിനാൽ നിലവിലുള്ള വിതരണ ടാങ്കിൻെറ ശേഷിവർദ്ധിപ്പിക്കുക.
3. വാർഡിൻെറ ആവശ്യത്തിനു മതിയാകുന്ന രീതിയിൽ അറുനൂറ്റി മംഗലം കുരിശു മലയുടെ മുകളിൽ ഒരു വാട്ടർ ടാങ്ക് സ്ഥാപിക്കുക.

വാർഡ് -11

1. പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണിത്. വാർഡിൻെറ തെക്ക്, പടിഞ്ഞാറ്, വടക്ക് എന്നീ താഴ്ന്ന ഭാഗങ്ങളിൽ വെള്ളം സുലഭമായി ലഭിക്കും. വാർഡിലെ ഉയരം കൂടിയ ഭാഗങ്ങളിൽ ഈ വെള്ളം കൃഷി ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു പദ്ധതി രൂപപ്പെടുത്തിയാൽ ഇവിടത്തെ കുടിവെള്ള ക്ഷാമവും വലിയൊരളേവോളം പരിഹരിക്കാൻ കഴിയും.
2. ഇതു കൂടാതെ നിലവിലുള്ള K.W.A. ലൈൻ ജല ദൗർലഭ്യം കൂടുതലുള്ള ഭാഗങ്ങളിലേക്ക് നീട്ടണം.
3. ഷാപ്പുംപടി, കാരിക്കാകുഴി, കൊരക്കാല, കരിക്കാട്, ലക്ഷം വീട് കോളനി, പൂഴിക്കോൽ സ്ക്കൂളിൻെറ പരിസരം എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

മേൽ വിവരിച്ചരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി അതാതു പ്രദേശങ്ങളിലെ തന്നെ ജല സ്രോതസുകളെ കൂടുതൽ ആശ്രയിച്ചുള്ള പദ്ധതി നിർദ്ദേശങ്ങൾക്കു രൂപംകൊടുക്കുവാൻ മിക്കഗ്രാമസഭകൾക്കും കഴിഞ്ഞിട്ടുണ്ട്. തീർന്നുകൊണ്ടിരിക്കുന്ന നമ്മുടെ ജല സ്രോതസുകളുടെ ശേഷി നിലനിർത്തുന്നതിനും കുടിവെള്ളത്തിൻെറ അശാസ്ത്രീയമായ ഉപയോഗം നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ സഹായം ആവശ്യമാണ്. ഒരു തുള്ളി വെള്ളം പാഴാക്കാതിരിക്കുക എന്നാൽ അത്രയും വെള്ളം നിർമിക്കുക എന്നാണ് അർത്ഥം. അത്തരത്തിലുള്ള ചിന്ത ആളുകൾക്ക് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ആവശ്യം പരിഹരിക്കാൻ ശ്രമിക്കുന്നതുപോലെതന്നെ അവരിൽ ഇത്തരത്തിലുള്ള ബോധം വളർത്തുന്നതിനാവശ്യമായ പരിശ്രമം ജനകീയ സമിതികളും സർക്കാരും ബന്ധപ്പെട്ട വകുപ്പുകളും എല്ലാം ചേർന്ന് നടത്തേണ്ടതാണ്.

# ആരോഗ്യം

ആരോഗ്യമെന്നാൽ ശരീരത്തിൻേറയും മനസ്സിൻേറയും സമൂഹത്തിൻെറ ആകെയും രോഗവിമുക്തമായ അവസ യാണ്. ഭക്ഷണം, പാർപ്പിടം, വായു, ജീവിക്കുന്ന ചുറ്റുപാടുകൾ എന്നിവയെല്ലാം മനുഷ്യൻെറ ആരോഗ്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ആദിമകാലത്ത് പ്രകൃതിയുമായി ഇണങ്ങി പ്പോവുന്ന ജീവിതരീതിയായിരുന്നു മനുഷ്യർ സ്വീകരിച്ചി രുന്നത്. കാലക്രമത്തിൽ ഈ സ്ഥിതിക്ക് മാറ്റം വരികയും തത്ഫലമായി അവൻെറ ആരോഗ്യ സ്ഥിതയിലും കാര്യമായ വ്യത്യാസങ്ങൾ ഉണ്ടാവുകയും ചെയ്തു. ആധുനിക വ്യവസായങ്ങളുടെ ബാഹുല്യവും ജനസംഖ്യ യിലുണ്ടായ വർദ്ധനവും പ്രകൃതി വിഭവങ്ങളുടെ ദൗർലഭ്യവും ജനങ്ങളുടെ ആരോഗ്യാവസ്ഥയെ ബാധി ച്ചിട്ടുണ്ട്. പഴയ രോഗങ്ങളുടെ സ്ഥാനത്ത് പുതിയവ പ്രത്യക്ഷപ്പെടുന്നു. പൊതുവിൽ രോഗാതുരത കൂടി വരുന്നു. ഇതിനനുസരിച്ച് ചികിത്സാ സമ്പ്രദായങ്ങളിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ് അവ കൂടുതൽ സങ്കീർണ്ണവും ചിലവേറിയതുമാവുകയാണ്.

ആദ്യകാലത്ത് നാട്ടു ചികിത്സാ രീതിയാണ് മുഖ്യമായും ജനങ്ങളുടെ ആരോഗ്യരംഗത്ത് ഇവിടെ നിലനിന്നിരുന്നത്. പാരമ്പര്യമായും ചികിത്സിച്ചുപോന്നിരുന്ന നിരവധി ആളുകളെ നമ്മുടെ നാട്ടിൽ കണ്ടെത്താൻ കഴിയും. കണ്ണുചികിത്സാ, വിഷചികിത്സ, ബാലവൈദ്യം ചില പ്രത്യേകതരം രോഗങ്ങൾക്കുള്ള ഒറ്റ മൂലി പ്രയോഗങ്ങൾ, വയറ്റാട്ടികൾ തുടങ്ങി മൃഗങ്ങൾക്കുപോലും ഫലപ്രദമായ രോഗശുശ്രൂഷ നടത്തിയിരുന്ന പാരമ്പര്യ വൈദ്യന്മാർ നമ്മുടെ നാട്ടിൽ നിരവധിയായിരുന്നു. 1950-കൾ വരെ നാട്ടിലെ ആരോഗ്യരംഗത്ത് സജീവമായി നിലകൊള്ളുവാൻ ഇവർക്ക് കഴിഞ്ഞു. 1953-ൽ മുളക്കുളം ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ സർക്കാർ ആശുപത്രി പ്രവർത്തനമാരംഭിച്ചു. തുടർന്ന് ജനസംഖ്യയിൽ വന്ന വർദ്ധനവും, വ്യവസായവൽ ക്കരണ ത്തിൻേറയും മറ്റും ഫലമായി ജൈവസംവിധാനത്തിൽ വന്ന മാറ്റവും മൂലം പാരമ്പര്യ-ആയുർവ്വേദ ചികിത്സാ പദ്ധതിക്ക് മുമ്പുണ്ടായിരുന്ന സ്ഥാനം കുറയുകയും അലോപ്പതിക്ക് പ്രാധാന്യം ഏറുകയും ചെയ്തു. പിന്നീടുള്ള എല്ലാ ജനകീയ ആരോഗ്യ പ്രശ്നങ്ങളിലും സജീവമായി നിലകൊണ്ടത് അലോപ്പതി ക്രമയാണ്.

ഇന്നു നമ്മുടെ പഞ്ചായത്തിൽ ചികിത്സാരംഗത്ത് രണ്ട് സർക്കാർ അലോപ്പതി ആശുപത്രികളടക്കം പതിനെട്ടു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഇതര സ്ഥാപനങ്ങൾ, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ, ഹോമിയോ, അലോപതി സ്ഥാപനങ്ങളാണ്. കൂടാതെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയുമുണ്ട്. ആയുർവ്വേദ, വിഷചികിത്സാരംഗത്ത് പാരമ്പര്യമുള്ള രണ്ടു വൈദ്യന്മാർ ഇപ്പോഴും പഞ്ചായത്തിൽ ചികിത്സിച്ചു വരുന്നു. ഇത്രയേറെ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പൊതു ആരോഗ്യസ്ഥിതിയിൽ ഇതിന് അനുസരിച്ചുള്ള ഗുണപരമായൊരു മാറ്റം ഉണ്ടായിട്ടില്ല എന്ന് കണക്കുകൾ നോക്കിയാൽ കാണാൻ കഴിയും. 1995-96 ൽ 1170 ജലജന്യരോഗങ്ങളും 38 വായു ജന്യരോഗങ്ങളും 22 പ്രാണിജന്യരോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇത് കൂടാതെ 33131 മറ്റുരോഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായതായി കണ്ടു. (പഞ്ചായത്തിലെ ആശുപത്രിയിൽ മാത്രം ചികിത്സ ക്കെത്തിയത്)

മാരകമായ പകർച്ചവ്യാധികൾ നമ്മുടെ ആരോഗ്യ രംഗത്തെ ഏറെ അലട്ടുന്നില്ലന്നു തന്നെ പറയാം. പഞ്ചായ ത്തിൻെറ ജനനമരണനിരക്കുകൾ സംസ്ഥാന ത്തിൻെറ നിലവാരത്തിന് ഒപ്പം തന്നെയാണ്. ശരാശരി കുടുംബവലിപ്പം 5 ആണ് എന്ന് കാണാൻ കഴിയും. കിടത്തി ചികിത്സിക്കാൻ സൗകര്യമുളള രണ്ട് ആശുപത്രികൾ ഉണ്ടെങ്കിലും പഞ്ചായത്തിനു പുറത്തുള്ള സൗകര്യങ്ങളാണ് കൂടുതൽ ആളുകളും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുന്നത്. വിദഗ്ധ ചികിത്സാക്കായി പഞ്ചായത്തിൽ നിന്നും ഏറെദൂരം സഞ്ചരിക്കേണ്ടതുണ്ട്. ചുരുങ്ങിയ ചിലവിൽ മുഴുവനാളു കൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിലുള്ള ഒരു ജനകീയ ആരോഗ്യനയം രൂപപ്പെടു ത്തുന്നതുവഴി രോഗ വിമുക്തമായ ഒരു ജനതയെ സൃഷ്ടിക്കുകയാണ് വേണ്ടത്. അത്തരത്തി ലുള്ള ഒരു ചർച്ചയാണ് ഗ്രാമസഭകളിൽ നിന്നും പൊതുവെ ഉണ്ടായിട്ടുള്ളത്.

## സ്ഥാപനങ്ങൾ-സേവനങ്ങൾ

മുളക്കുളം ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖലയിലെ പൊതുസ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

പ്രാഥമിക ആരോഗ്യകേന്ദ്രം-- 2എണ്ണം

1. പി.എച്ച്. സെൻറർ, അറുനൂറ്റി മംഗലം
2. പി.എച്ച്.സെൻറർ, പെരുവ.

F.W. ഉപകേന്ദ്രങ്ങൾ - 3 എണ്ണം

1. F.W.സെൻറർ, വടുകുന്നപ്പുഴ
2. F.W.സെൻറർ, അവർമ്മ
3. F.W.സെൻറർ കീഴൂർ

ഇവയിലാകെ 28 ജീവനക്കാരുണ്ട്.

ഇതിൽ അറുനൂറ്റി മംഗലം P.H. സെൻററിൽ മാത്രമാണ് കിടത്തി ചികിത്സാസൗകര്യമുളളത്. പെരുവയിലെ P.H.സെൻററിൽ കൂടി ഈ സൗകര്യം അടിയന്തിരമായി ഏർപ്പെടുത്തേണ്ടതുണ്ട്. അതേപോലെ തന്നെ ഈ സ്ഥാപനങ്ങൾ വിപുലീകരിച്ച്, ചികിത്സാസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം. ചികിത്സയ്ക്കാവശ്യമുളള പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളാണ് നമുക്കുള്ളത്. ഉപകരണങ്ങളു ടേയും ജീവനക്കാരുടെയും അപര്യാപ്തത ഇവയുടെ പ്രവർത്തനങ്ങളെ വലിയ അളവിൽ ബാധിക്കുന്നുണ്ട്.

ഇക്കാരണങ്ങളാൽ സാധാരണജനങ്ങളെ ഈ സ്ഥാപന ങ്ങളിൽ നിന്നും അകറ്റി നിറുത്തുന്നു. ചികിത്സാസൗകര്യ ങ്ങളെക്കുറിച്ച് തെറ്റായ ധാരണപുലർത്തുന്ന ആളുകളും നമ്മുടെയിടയിലുണ്ട്. ഇങ്ങനെ പലവിധ കാരണങ്ങളാൽ നമ്മുടെ പൊതു ആരോഗ്യ സ്ഥാപനങ്ങളെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താതെ പോകുന്ന ജനങ്ങളുടെ മനോ

ഭാവത്തിന് മാറ്റം വരണം. അത്തരത്തിലുള്ള ഒരു മാറ്റത്തിന് പഞ്ചായത്തും ആരോഗ്യ വകുപ്പും ഉദ്യോഗസ്ഥരും മറ്റും ചേർന്നുള്ള പരിശ്രമം അനിവാര്യമായിരിക്കുന്നു.

ആരോഗ്യം നിലനിറുത്തുന്നതിന് അനുപേക്ഷണീയമായ ഒരു ഘടകമാണ് ശുചിത്വം പാലിക്കുകയെന്നുള്ളത്. ആരോഗ്യപൂർണ്ണമായ ജീവിതത്തിന് പരിസര ശുചിത്വം ആവശ്യമാണെന്ന് പറയേണ്ടതില്ലല്ലോ. വൈയക്തികവും കൂട്ടായതുമായ ശ്രമം കൊണ്ടേ ഇതു സാധിക്കുകയുള്ളൂ. ജനങ്ങളിൽ കാര്യമായ ബോധവൽക്കരണം ഇക്കാര്യത്തിൽ ഉണ്ടാവണം. അതിനുള്ള തയ്യാറെടുപ്പാണ് പ്രാഥമികമായും ഇക്കാര്യത്തിൽ നമുക്ക് ചെയ്യാനുള്ളത്. കക്കൂസുകളുടെ ഉപയോഗം മുഴുവൻ ആളുകൾക്കും ലഭ്യമാക്കുകയാണ് പരമപ്രധാനം. പഞ്ചായത്തിലെ ഏകദേശം 28% ആളുകൾക്ക് കക്കൂസില്ല. ഇതുമൂലം തജ്ജന്യമായ രോഗങ്ങൾ നമ്മുടെ നാട്ടിൽ സാധാരണമാണ്.

എന്നാൽ മുഴുവൻ ആളുകൾക്കും കക്കൂസ് നൽകുക എന്നതിൻെറ പ്രായോഗിക പ്രശ്നങ്ങൾ എല്ലാ ഗ്രാമസഭകളും പൊതുവിൽ ചർച്ച ചെയ്യുകയുണ്ടായി. അവയെ താഴെ കാണുംപ്രകാരം സംഗ്രഹിക്കാം.

| പ്രശ്നങ്ങൾ | | പരിഹാര മാർഗ്ഗം |
|---|---|---|
| 1. സാമ്പത്തിക ബുദ്ധിമുട്ട് | – | പഞ്ചായത്ത് നേരിട്ടും ജില്ലാ പഞ്ചായത്തിൻെറ " നിർമ്മൽ 2000" ഉപയോഗപ്പെടുത്തിയും. |
| 2. സ്ഥലപരിമിതി (കോളനികൾ) | – | പൊതുടാങ്കുകൾ നിർമ്മിക്കുക. |
| 3. ആവശ്യകത വേണ്ടത്ര | – | ബോധ്യപ്പെടാത്തതിനാൽ ബോധവൽക്കരണം നടത്തുക. |

## പരിസരമലിനീകരണം

നമ്മുടെ പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ലെങ്കിലും തൊട്ടു സമീപ പഞ്ചായത്തിലാണ് എച്ച്.എൻ.എൽ പ്രവർത്തിക്കുന്നത്. ഇവിടെ നിന്നും വമിക്കുന്ന പുകയും പൊടിപടലങ്ങളും മറ്റുരാസവസ്തുക്കളും ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. ഇതിൻെറ ദൂഷ്യഫലങ്ങൾ എറ്റവും കൂടുതൽ അനുഭവിക്കുന്നത് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളാണ്. കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ശ്വാസകോശ സംബന്ധമായ രോഗം ബാധിക്കുന്നവരുടെ എണ്ണം കൂടിവരുന്നതായി കാണാം. മാത്രമല്ല, ഫാക്ടറി പരിസരത്ത് കെട്ടിക്കിടക്കുന്ന ജലത്തിൽ നിന്നും ഉണ്ടാകുന്ന കൊതുക് നമ്മുടെ ആരോഗ്യ പ്രവർത്തനങ്ങളെയാകെ അവതാളത്തിലാക്കുന്ന തരത്തിലാണ് പെരുകി വരുന്നത്. നിസാരമായി തള്ളിക്കളയാവുന്ന ഒന്നല്ലയിത്. ഇത്തരം ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എച്ച്.എൻ.എൽ ൻെറ സഹായം വലിയ തോതിൽ ആവശ്യമാണ്. സമീപ പഞ്ചായത്തുകളെല്ലാം ഇതിന് പരിശ്രമിക്കണം.

മേൽപറഞ്ഞ കാര്യങ്ങളെ ക്കുറിച്ച് ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ചയും പരിഹാരങ്ങളും നിർദ്ദേശങ്ങളും ഇനിനോക്കാം.

വേനലാകുന്നതോടെ പഞ്ചായത്തിലെ ഭൂരിഭാഗം കിണറുകളും വറ്റുന്ന സ്ഥിതിയാണ്. വെള്ളം വറ്റി തുടങ്ങുന്നതോടെ മലിനമായ കുടിവെള്ളത്തിൽനന്നും ഉണ്ടാകുന്ന രോഗങ്ങൾ പടർന്നു പിടിക്കുന്നു. പ്രത്യേകിച്ചും മഞ്ഞപ്പിത്തം, ഛർദ്ധി, വയറിളക്ക രോഗങ്ങൾ പോലുള്ളവ. പഞ്ചായത്തിലെ വിവിധ കോളനികളെ കേന്ദ്രീകരിച്ചാണ് ഇതു കൂടുതലായി കണ്ടുവരുന്നത്. വൃത്തിഹീനമായ രീതിയിൽ കുടിവെള്ളവും കുളത്തിൻെറയും കിണറുകളുടെയും മറ്റും പരിസരവും ഉപയോഗിക്കുന്നതുകൊണ്ടാണ് ഇതുണ്ടാകുന്നത്. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവാൻമാരാക്കേണ്ടതുണ്ട്. ആശുപത്രികളിലെ പകർച്ച വ്യാധികളിൽ ഏറെയും കുടിവെള്ളജന്യരോഗങ്ങളായിരുന്നു എന്നതിൽ നിന്നും ഇതിൻെറ ഗൗരവം ബോധ്യമാകും.

ഒന്നാം വാർഡായ മുളക്കുളമാണ് പഞ്ചയാത്തിലെ ഏറ്റവും താണുകിടക്കുന്ന പ്രദേശം. മുവാറ്റുപുഴയാറിൻെറ സാമീപ്യം ഈ വാർഡിൻെറ പ്രത്യേകതയാണ്. അതികൊണ്ടു തന്നെ മഴക്കാലത്ത് വെള്ളപ്പൊക്കക്കെടുതികൾ ഇവിടെ നിരവധിയാണ്. വെള്ളം പൊങ്ങുന്നതോടെ ഇവിടുത്തെ കുടിവെള്ളാവശ്യം അതീവഗുരുതരമായി തീരുന്നു. ഇതിനൊരു പരഹാരം കണ്ടെത്തേണ്ടതാണ്. വെള്ളമിറങ്ങുന്നതോടെ ആവശ്യമായ ക്ലോറിനേഷനടക്കമുള്ള നടപടികൾ ജനങ്ങളുടെ സഹകരണത്തോടെ ആരോഗ്യവകുപ്പ് നടപ്പിലാക്കണം. അതേ പോലെ തന്നെ വെള്ളം പൊങ്ങുന്ന സമയത്തെ കുടിവെള്ള ആവശ്യത്തിലേയ്ക്കായി ആ പ്രദേശങ്ങളിൽ വാട്ടർ അതോറിറ്റി പൊതുടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

മുളക്കുളം ഗ്രാമ പഞ്ചായത്തിൻെറ കേന്ദ്രമാണ് നാലാം വാർഡായ പെരുവ. പഞ്ചായത്ത് കേന്ദ്രമെന്നനിലയിൽ ധാരാളം ആളുകൾ വന്നുപോകുന്ന പെരുവ ടൗണിൽ ഒട്ടേറെ ആരോഗ്യപ്രശ്നങ്ങൾ നിലനില്ക്കുന്നു. പെരുവ മാർക്കറ്റും പരിസരമുമാണ് ഇക്കാര്യത്തിൽ ഏറെ ചർച്ച ചെയ്യപ്പെടേണ്ടത്. മാർക്കറ്റിൻെറ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പ്രാഥമിക സൗകര്യങ്ങളൊന്നും തന്നെ നമുക്കില്ല. മത്സ്യ-മാംസ ചന്തയിലെ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനുള്ള സൗകര്യങ്ങശ തീർത്തും ഉപയോഗശൂന്യമാണ്. മാംസ മാർക്കറ്റിൽ സ്ലോട്ടർ ഹൗസുകളോ മാംസം വില്ക്കുന്ന സ്റ്റാളുകളോ ഇല്ല. നിലവിലുള്ള സൗകര്യങ്ങൾ തന്നെ വൃത്തിയായി സൂക്ഷിക്കാവാനുള്ള ശുദ്ധജലസംവിധാനമില്ല.

മത്സ്യക്കച്ചവടം ഇപ്പോൾ പെരുവ ടൗണിൻെറ എല്ലാഭാഗും നടന്നു വരുന്നസ്ഥിതിയാണുള്ളത്. മാർക്കറ്റ് നടക്കുന്ന ദിവസങ്ങൾ കൃത്യമായി പാലിക്കുന്നതടക്കം മാർക്കറ്റിൽ ദൈനംദിനം കുന്നുകൂടുന്ന ചപ്പുചവറുകൾ സൗകര്യപ്രദമായ സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതുവരെ നിരവധിയായ കാര്യങ്ങൾ ആ രംഗത്തു ചെയ്യുവാൻ കഴിയണം.

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുവെ ഗ്രമസഭയിൽ ഉയർന്നു വന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മാർക്കറ്റ് ദിനങ്ങൾ ഇപ്പോഴുള്ള തിങ്കൾ, വ്യാഴം ദിവസങ്ങളിൽ മാത്രമായി നടത്തുക.
2. പഴക്കം ചെന്ന സ്റ്റാളുകൾ പുതുക്കി പണിയുക.
3. മാർക്കറ്റിൽ എത്തുന്ന വരുടെ എണ്ണം നോക്കിയാൽ ഇവിടുത്തെ സ്ഥലപരിതി വലിയ ഒരു പ്രശ്നമാണ്. അതുകൊണ്ട് മാർക്കറ്റിനായികുറേക്കൂടി ഭൂമിപഞ്ചായത്ത് 'അക്വയർ' ചെയ്യുക.
4. വളരെ അടിയന്തിരമായി, പരിസരമലിനീകരണം ഉണ്ടാക്കാത്ത ഒരു ആധുനിക സ്ലോട്ടർ ഹൗസ് നിർമ്മിക്കുകയും അത് വൃത്തിയായി സൂക്ഷിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തുകയും ചെയ്യുക. വേണ്ടത്ര വെള്ളം കിട്ടുന്നസ്ഥിതിയുണ്ടാക്കുക.
5. മാർക്കറ്റിലെയും പെരുവ ടൗണിലെയും ഓടകൾ കാലാകാലങ്ങളിൽ വൃത്തിയാക്കുകയും ഓടകളില്ലാത്തിടത്ത് അവനിർമ്മിക്കുകയും ചെയ്യുക. കടകളിൽ നിന്നും പുറത്തുകളയുന്ന പാഴ് വസ്തുക്കളും മറ്റു ചപ്പുചവറുകളും ഓടകളിലും നിരത്തുകളിലും തള്ളാതെ അവ ഒരിടത്ത് ശേഖരിച്ച് നശിപ്പിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കണം.
6. ഹോട്ടലുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുകയും അവിടെ നിന്നും ഉണ്ടാകുന്ന മാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുക.

മേൽപറഞ്ഞ കാര്യങ്ങൾ കൃത്യമായിപാലിക്കുന്നതിനായി പഞ്ചായത്തും ആരോഗ്യവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

പെരുവയിൽ നിലവിൽ ഒരു കംഫർട്ട് സ്റ്റേഷൻ ഇല്ല. ഈ കുറവ് അടിയന്തിരമായി പരഹരിക്കണം.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള പൊതുശ്മശാനത്തിൻെറ സ്ഥലത്തിൻെറ കുറച്ച് ഭാഗം ഏതാനും സ്വകാര്യവ്യക്തികൾ കൈയേറിയരിക്കുകയാണ്. ആ സ്ഥലം വീണ്ടെടുക്കുകയും ചുറ്റുമതിൽ കെട്ടി, മുഴുവൻ ജന വിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്നതരത്തിൽ സംരക്ഷിക്കേണ്ടതുമാണ്.

വാർഡുകളിലെ ആരോഗ്യപ്രശ്നങ്ങളുടെ പട്ടിക ചേർത്തിട്ടുണ്ട്.

പൊതുവിൽ രോഗം വന്നതിന്ശേഷം ചികിത്സിക്കുക യെന്നതിന് പകരം, രോഗംവരാതിരിക്കാനുള്ള ഒരു ജീവിതരീതി കരുപ്പിടിപ്പിക്കുക എന്നതിനായിരിക്കണം ഇനിയുള്ള നമ്മുടെ ശ്രമം. അതിനായി ആരോഗ്യവകുപ്പും ജനങ്ങളും പഞ്ചായത്തും കൂട്ടായിയത്തിക്കണം. ശുചിത്വമുള്ള പരിസരം, ശുദ്ധവായു, ശുദ്ധജലം എന്നിവ ഇതിനനിവാര്യമാണ്. നിലവിലുള്ള ചികിത്സാസംവിധാനങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് വിപുലീകരിക്കണം. പാരമ്പര്യ ചികിത്സാസമ്പ്രദായങ്ങളെ സംരക്ഷിക്കുവാനുള്ള നടപടികൾ കൈക്കൊള്ളണം. പൊതുചികിത്സാ സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുവാൻ ജനങ്ങളെ സന്നദ്ധരാക്കേണ്ടതുണ്ട്. രോഗപ്രതിരോധചികിത്സകൾ സമയാസമയത്ത് ലഭ്യമാക്കണം. ബാലവാടികൾ, മഹിളാസമാജങ്ങൾ, കോളനികൾ എന്നിവ കേന്ദ്രീകരിച്ച് ആരോഗ്യക്ലാസുകൾ സംഘടിപ്പിക്കണം. പുകവലി, വെറ്റിലമുറുക്ക്, മദ്യപാനം മുതലായ ദുഷ്യസ്വഭാവങ്ങളെ ഇല്ലാതാക്കുവാൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത് നല്ലതാണ്. ആധുനിക കാലഘട്ടത്തിലെ വഴിവിട്ട ജീവിത ശൈലിയുടെ ഫലമായുണ്ടാകുന്ന ചില ഭീകര രോഗങ്ങൾ നമ്മുടെ പഞ്ചായത്തിലും തലയുയർത്തി തുടങ്ങിയിട്ടുണ്ട്. ഇത് നിയന്ത്രിക്കുന്നതിന് വ്യക്തിജീവിതത്തിൽ ആരോഗ്യ പൂർണ്ണമായ അച്ചടക്കം പാലിക്കുകയും സാമൂഹ്യബോധമുൾകൊണ്ട് ജീവിക്കുകയുമാണ് വേണ്ടത്. ഇതിന് വേണ്ടിയുള്ള പ്രചാരണപ്രവർത്തനങ്ങളിൽ ഗണ്യമായ പങ്കവഹിക്കുവാൻ സ്കൂളുകൾ, മതസ്ഥാപനങ്ങൾ, സാംസ്കാരികസംഘടനകൾ എന്നിവയ്ക്ക് കഴിയുന്നതാണ്.

## ഹെൽത്ത് കാർഡുകൾ

മുൻപ് സ്കൂളുകളിൽ നൽകിയിരുന്ന "ഹെൽത്ത് കാർഡ്" മുഴുവൻ ജനങ്ങൾക്കും ഗുണകരമായ ഒരു സംവിധാനമാണ്. ചികിത്സയ്ക്കെത്തുന്ന വ്യക്തിയുടെ മുൻകാലരോഗ വിവരങ്ങൾ രോഗനിർണ്ണയവും ചികിത്സയും എളുപ്പമുള്ളതാക്കുന്നു. സന്നദ്ധസംഘടനകളുടെയും പഞ്ചായത്തിൻെറയും സഹകരണത്തോടെ ഇത് നടപ്പിലാക്കാവുന്നതാണ്.

അതുപോലെ തന്നെ വ്യായാമം ചെയ്യുന്നതിനും മറ്റുമായി പൊതുകളിസ്ഥലം ഉപയോഗപ്പെടുത്തണം. മാനസിക ആരോഗ്യം മെച്ചപ്പെടുത്തുവാൻ യോഗാക്ലാസുകളും യോഗാകേന്ദ്രവും സ്ഥാപിക്കണം. രക്തദാനത്തെയും നേത്രദാനത്തെയും പ്രോത്സാഹിപ്പിക്കണം.

ഇത്തരത്തിൽ നിലവിലുള്ള സംവിധാനങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി, ആരോഗ്യസ്ഥാപനങ്ങളെയും സന്നദ്ധപ്രവർത്തകരെയും കൂട്ടിയിണക്കിയാൽ "രോഗ വിമുക്തമായ ഒരു പഞ്ചായത്ത്" എന്ന നമ്മുടെ സങ്കൽപ്പം പൂർത്തിയാക്കാൻ കഴിയും. അതിനാവട്ടെ ഇനിയുള്ള നമ്മുടെ കൂട്ടായശ്രമം.

## പഞ്ചായത്തിലെ ആരോഗ്യരംഗത്തെ വാർഡ് തിരിച്ചുള്ള സ്ഥിതിവിവരം

| വാർഡ് | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| I | ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല | ഒരു ഹോമിയോ ക്ലിനിക്ക്, ഒരു ആയുർവേദക്ലിനിക്ക് | ത്വക്രോഗങ്ങൾ, മലിനജലജന്യ രോഗങ്ങൾ | ആരോഗ്യക്ലാസുകൾ നടക്കാറില്ല. | ഒരു FW കേന്ദ്രം സ്ഥാപിക്കണം. ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം. |
| II | ഒരു കുടുംബക്ഷേമകേന്ദ്രം (സബ്സെൻറർ) | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | വയറിളക്കം, ചൊറി | കോളനികൾ കേന്ദ്രീകരിച്ച് വേണ്ടത്ര ആരോഗ്യപ്രവർത്തനങ്ങൾ നടക്കാറില്ല | ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടറുടെ സേവനം സബ്സെൻററിൽ ലഭ്യമാക്കണം. |
| III | ഒരു കുടുംബക്ഷേമകേന്ദ്രം സബ്ബ് സെൻറർ ഉണ്ട് | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | ചിക്കൻപോക്സ്, വയറിളക്കം, പനി | മാസത്തിൽ ഒരിക്കൽ മാത്രമേ ഡോക്ടർ വരുന്നുള്ളു. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു | സ്വന്തമായി കെട്ടിടം പണിയണം. ഡോക്ടർ ആഴ്ചയിൽ ഒരിക്കലെങ്കിലും വരണം. ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കണം. |
| IV | ഒരു പ്രൈമറി ഹെൽത്ത് സെൻറർ | ആലോപ്പതി ക്ലിനിക്ക് 3 എണ്ണം. ഹോമിയോ ക്ലിനിക്ക് 3 എണ്ണം. ആയുർവേദ ക്ലിനിക്ക് 4 എണ്ണം | വയറിളക്കം, ജലദോഷം | മുഴുവൻ സമയവും ഡോക്ടർ ഇല്ല ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല | കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടാക്കണം. മുഴുവൻ സമയവും ഡോക്ടർ ഉണ്ടാവണം, മരുന്നുകൾ ലഭ്യമാക്കണം. ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം |
| V | പൊതു സ്ഥാപനങ്ങൾ ഇല്ല സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | പനി, ഛർദ്ദി | ആരോഗ്യക്ലാസുകൾ നടക്കാറില്ല സമയത്ത് ചികിത്സ ലഭ്യമല്ല ചികിത്സയ്ക്ക് ദൂരെ സ്ഥലത്ത് പോകേണ്ടി വരുന്നു | കുടുംബ ക്ഷേമകേന്ദ്രം സ്ഥാപിക്കണം. ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം. ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കണം. |
| VI | ഒരു പ്രൈമറി ഹെൽത്ത് സെൻറർ | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | ചെങ്കണ്ണ്, ചിക്കൻ പോക്സ്, വയറിളക്കം | സാമാന്യം തൃപ്തികരം ആരോഗ്യക്ലാസുകൾ നടത്താറില്ല. ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്താറില്ല. ആരോഗ്യകേന്ദ്രത്തിൽ മരുന്നുകൾ കുറവാണ്. | 50 രോഗികളെ കിടത്തി ചികിത്സിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം. അതിനുള്ള സ്ഥലസൗകര്യങ്ങൾ ലഭ്യമാണ്. ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കണം |
| VII | പൊതു സ്ഥാപനങ്ങൾ ഇല്ല സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | പനി, വയറിളക്കം | ആരോഗ്യപ്രവർത്തനങ്ങൾ നടത്താറില്ല | ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം. ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കണം. |
| VIII | പൊതുസ്ഥാപനങ്ങൾ ഇല്ല | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | ശ്വാസംമുട്ടൽ, ചുമ, പനി, മഞ്ഞപ്പിത്തം | ആരോഗ്യപ്രവർത്തനങ്ങൾ നടത്താറില്ല | ഒരു സബ്ബ് സെൻറർ സ്ഥാപിക്കണം ആരോഗ്യക്ലാസുകൾ സംഘടിപ്പിക്കണം |
| IX | പൊതുസ്ഥാപനങ്ങൾ ഇല്ല | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | ജലദോഷം പനി, മഞ്ഞപ്പിത്തം | സമീപത്തുള്ള കുടുംബക്ഷേമകേന്ദ്രത്തിൽ സ്ഥിരമായി ജീവനക്കാർ ഇല്ല. P.H. സെൻറിൽ നിന്നുംആവശ്യത്തിന് മരുന്നുകൾ ലഭ്യമല്ല. | ഒരു സബ്ബ് സെൻറർ സ്ഥാപിക്കണം. ആരോഗ്യക്ലാസുകൾ നടത്തണം. P.H. സെൻറിൽ നിന്നും ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കണം |
| X | പൊതു സ്ഥാപനങ്ങൾ ഇല്ല | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, ചെങ്കണ്ണ് | ഹെൽത്ത് സെൻററിൽ എത്തിച്ചേരുവാൻ വളരെ ദൂരം സഞ്ചരിക്കണം, ബാലവാടിയിൽ നടത്തുന്ന ആരോഗ്യക്ലസിന് വേണ്ടത്ര പ്രചരണം ഇല്ല | ഒരു ഹോമിയോ/ആയുർവേദ ആശുപത്രി സ്ഥാപിക്കണം. ആരോഗ്യക്ലാസുകൾ നല്ലപ്രചരണത്തോടെ നടത്തണം. പകർച്ച വ്യാധികൾ തടയാൻ ആരോഗ്യവകുപ്പ് വേണ്ടത്ര ശുഷ്കാന്തി കാണിക്കണം |
| XI | പൊതു സ്ഥാപനങ്ങൾ ഇല്ല | സ്വകാര്യസ്ഥാപനങ്ങൾ ഇല്ല | വാതം, ആസ്മ, ചിക്കൻപോക്സ്. | പൊതു പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്താറില്ല | ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കണം. ഒരു ഹോമിയോ/ ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കണം. |

## കുട്ടികളുടെ ആരോഗ്യപോഷണനിലവാരം

| പ്രായം | നോർമൽ | | 1-ാംഗ്രേഡ് | | 2-ാംഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| വയസ്സ് | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 0-1 a | 119 | 132 | 6 | 8 | — | — | — | — |
| b | 29 | 42 | 1 | 6 | — | — | — | — |
| 1-3 a | 260 | 263 | 5 | 6 | — | — | — | — |
| b | 46 | 61 | 2 | 2 | — | — | — | — |
| 3-6 a | 376 | 414 | 13 | 15 | — | — | — | — |
| b | 51 | 81 | — | — | — | — | — | — |

1- ാം ഗ്രേഡ് – ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് – മിതമായ പോഷണക്കുറവുള്ളവർ

3-ാം ഗ്രേഡ് – ഗുരുതരമായ പോഷണക്കുറവുള്ളവർ

[95 - 96 ൽ (a) പെരുവ P.H. സെൻറർ

(b) അറുനൂറ്റിമംഗലം P.H സെൻറർ

## ചികിത്സ ലഭിച്ചവരുടെ കണക്ക് 95-96

| പൊതുസ്ഥാപനങ്ങൾ | | | സ്വാകാര്യസ്ഥാഫനങ്ങൾ | | | | |
|---|---|---|---|---|---|---|---|
| പെരുവ PHC | അറുനൂറ്റിമംഗലം PHC | | ആലോപ്പതി | | ഹോമിയോ | ആയുർവേദം | വിഷവൈദ്യം |
| | O.P. | കിടത്തി ചികിത്സ | O.P. | കിടത്തി ചികിത്സ | | | |
| 34040 | 20241 | 231 | 26628 | 210 | 10501 | 5780 | 17 |

* * *



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

നമ്മുടെ നാടിന്റെ വികസന പ്രക്രിയയിൽ ഗതാഗത സൗകര്യങ്ങൾക്ക് സുപ്രധാനമായ സ്ഥാനമാണുള്ളത്. കരമാർഗ്ഗവും ജലമാർഗ്ഗവുമുള്ള ഗതാഗതത്തെയാണ് സാധാരണജനങ്ങൾ മുഖ്യമായി ആശ്രയിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് കരമാർഗ്ഗമുള്ള ഗതാഗതത്തിന് കാളവണ്ടിയും കുതിരവണ്ടിയുമാണ് നാം ഉപയോഗിച്ചിരുന്നത്. 1930 കളിൽ തന്നെ ഈ പഞ്ചായത്തിലൂടെ പെട്രോൾ ബസ് ഗതാഗതം ആരംഭിച്ചു. വൈക്കം-തൊടുപുഴ റൂട്ടിലുള്ള പ്രസ്തുത ബസ്സ് സർവ്വീസ് നടത്തിയിരുന്നത് ഈ പഞ്ചായത്തിലെ പുത്തൂർ മേലാറായിൽ കുടുംബക്കാരാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത് പെട്രോൾ ക്ഷാമം ഉണ്ടായപ്പോൾ കരിഗ്യാസ് ഉപയോഗിച്ചാണ് ബസ്സ് ഓടിച്ചിരുന്നത്. 1950 കളിൽ തന്നെ ഈ പഞ്ചായത്തിന്റെ തെക്കെ അറ്റത്തുകൂടി റെയിൽ ഗതാഗതവും ആരംഭിച്ചു. ഈ പഞ്ചായത്തിലെ പ്രധാന കയറ്റുമതി ഉൽപ്പന്നമായ മഞ്ഞൾ, ചുക്ക്, കുരുമുളക്, കച്ചോലം തുടങ്ങിയ മലഞ്ചരക്കുകൾ കയറ്റി അയച്ചിരുന്നത് ജലഗതാഗത മാർഗ്ഗത്തിലൂടെയായിരുന്നു. മുളക്കുളത്തു നിന്നും മൂവാറ്റുപുഴ ആറിലൂടെയായിരുന്നു ചരക്കുകൾ ആലപ്പുഴയിലേക്കും കൊച്ചിയിലേക്കും കെട്ടുവള്ളങ്ങളിൽ കൊണ്ടുപോയിരുന്നത്. കൂടാതെ അപ്പാഞ്ചിറയിൽ നിന്നും അലപ്പുഴയിലേക്കും ഗതാഗത സൗകര്യം ഉണ്ടായിരുന്നു. ഇന്ന് ചരക്കുകൾ കൊണ്ടുപോകുന്നതിന് കെട്ടുവള്ളങ്ങൾക്ക് പകരം ലോറികളെയാണ് മുഖ്യമായി ആശ്രയിക്കുന്നത്.

ഗ്രാമ വികസനത്തിൽ റോഡുകളുടെ പ്രാധാന്യം നമ്മുടെ പൂർവ്വികർ മനസ്സിലാക്കിയിരുന്നു. ഈ പഞ്ചായത്തിലെ റോഡുകളിലധികവും ജന പങ്കാളിത്തത്തോടെ നിർമ്മിക്കപ്പെട്ടവയാണ്. രാജഭരണകാലം മുതൽ നിലവിലുള്ള റോഡാണ് വൈക്കം-കൂത്താട്ടുകുളം റോഡ്. ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡും ഇതു തന്നെയാണ്. പിറവം കടുത്തുരുത്തി റോഡാണ്, പ്രധാനപ്പെട്ട മറ്റൊന്ന്. വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ഫാക്ടറിയിലേക്കുള്ള പ്രധാന റോഡ് ഈ പഞ്ചായത്തിലെ മൂർക്കാട്ടിൽ പടിയിൽ നിന്നും ആരംഭിച്ച് കാരിക്കോട് പോലീസ് സ്റ്റേഷൻ പടിയിലൂടെ ഫാക്ടറിയിലെത്തുന്നു. HNL ന്റെ നിയന്ത്രണത്തിലാണ് ഈ റോഡ്.

## റോഡുകളുടെ സ്ഥിതി

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗമാണ് റോഡ് ഗതാഗതം. വ്യവസായ കേന്ദ്രമായ എറണാകുളത്തേയും, ജില്ലാ ആസ്ഥാനമായ കോട്ടയത്തേയും ചരിത്രമുറങ്ങുന്ന വൈക്കത്തേയും ബന്ധിപ്പിക്കുന്ന പ്രധാനറോഡുകൾ ഈ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തു കൂടി കടന്നുപോകുന്നു. കാർഷിക മേഖലയായ മുളക്കുളത്തിന്റെ സിരാകേന്ദ്രവും പ്രധാനവിപണിയുമായ പെരുവ മാർക്കറ്റിലേയ്ക്ക് കാർഷികോല്പന്നങ്ങൾ എത്തിക്കുന്നത് പ്രധാനമായും റോഡുഗതാഗത്തെ ആശ്രയിച്ചാണ്. പഞ്ചായത്തിൽ ഗതാഗത യോഗ്യമായ 128 കിലോമീറ്റർ റോഡ് ഉണ്ട് ഇതിൽ 38 കിലോമീറ്റർ റോഡ് ടാറിട്ടതും 90 കിലോമീറ്റർ റോഡ് ടാറിടാത്തുമാണ്. പഞ്ചായത്ത് റോഡുകളുടെ വിശദവിവരം പട്ടിക III ലും P.W.D. റോഡുകളുടെ വിവരം പട്ടിക I ലും ഉടനെ ടാറിംഗ് നടത്തേണ്ട റോഡുകളുടെ പട്ടിക II ലും കൊടുത്തിരിക്കുന്നു.

ടാറിട്ട റോഡുകളിൽ വൈക്കം കൂത്താട്ടുകുളം റോഡിൽ കീഴൂർ മുതൽ പെരുവ വരെയുള്ള ഭാഗം ഒഴിച്ചാൽ ബാക്കി റോഡുകളുടെ സ്ഥിതി ശോചനീയമാണ്. മറ്റൊരു പ്രധാനപ്പെട്ട റോഡായ പിറവം - കടുത്തുരുത്തി റോഡിന് ആവശ്യമായ വീതി പോലുമില്ല. തന്മൂലം ഈ റോഡുകളിലൂടെയുള്ള വാഹനഗതാഗതം ദുർഘടമാണ്. ആറു വാർഡുകളെ ബന്ധിപ്പിക്കുന്ന റോഡാണ് ആപ്പാഞ്ചിറ - കയ്യൂരിക്കൽ - മുളക്കുളം റോഡ് മൂന്നു വാർഡുകളെ ബന്ധിപ്പിക്കുന്ന പെരുവ - മണ്ണുക്കുന്ന് - മുളക്കുളം റോഡ്, കടുത്തുരുത്തി - കീഴൂർ റോഡ് എന്നിവയും സഞ്ചാര യോഗ്യമല്ല. ടി. റോഡുകളിലുണ്ടായിരുന്ന ബസ്സ് സർവ്വീസുകൾ നിലച്ചത് റോഡുകളുടെ ശോചനീയമായ അവസ്ഥ മൂലമാണ്. പെരുവ മാർക്കറ്റിലേക്ക് കാർഷികോൽപന്നങ്ങൾ ഏറ്റവും കൂടുതൽ കൊണ്ടുവരുന്നതും, കൃഷിക്കാർ കൂടുതൽ തിങ്ങിപ്പാർക്കുന്നതും, 3, 4 വാർഡുകളുടെ ഹൃദയഭാഗത്തു കൂടി കടന്നുപോകുന്നതുമായ പെരുവ - ചെത്തിക്കാട് - കാഞ്ഞിരമറ്റം റോഡിന്റെ അവസ്ഥ പരിതാപകരമാണ്. ടി. റോഡ് ഗതാഗത യോഗ്യമാക്കി ബസ്സ് സർവ്വീസുകൾ ആരംഭിക്കേണ്ടത് അനിവാര്യമാണ്. പെരുവ കൂട്ടാനിക്കൽ കോളനിയിലേക്കും, കുന്നപ്പിള്ളി വേലിയാങ്കര കോളനിയിലേക്കും വടുകുന്നപ്പുഴ പള്ളിപ്പുറം കോളനിയിലേക്കും വഴി നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കാൻ കഴിയാത്തതുമൂലം ക്ലേശിക്കുന്ന ദുർബ്ബല വിഭാഗക്കാരുടെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്. പുതിയ റോഡുകൾ തുറക്കുന്നതിനും, നിലവിലുള്ള റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനും വേണ്ടി ജനകീയ പങ്കാളിത്വത്തോടെ ശ്രമം നടത്തേണ്ടതുണ്ട്. പെരുവ ടൗണിന്റെ വികസനത്തിനും ടൗണിലുണ്ടാകുന്ന നിരന്തരമായ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനും ടൗണുമായി ബന്ധപ്പെട്ട റോഡുകൾ വീതി കൂട്ടി ഗതാഗത യോഗ്യമാക്കുന്നതിനും, പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഗ്രാമസഭകളിൽ ഏറ്റവും അധികം മുഴങ്ങി കേട്ടതും

റോഡുകളെ സംബന്ധിച്ച പ്രശ്നങ്ങളാണെന്നത് നമ്മുടെ പഞ്ചായത്തിലെ റോഡുഗതാഗതത്തിൻെറ അപര്യാപ്തത കളിലേക്ക് വിരൽ ചൂണ്ടുന്നു.

## പട്ടിക I

## P.W.D റോഡുകൾ

| | |
|---|---|
| 1. | വൈക്കം-കൂത്താട്ടുകുളം റോഡ് |
| 2. | കടുത്തുരുത്തി-പിറവം റോഡ് |
| 3. | അറുന്നൂറ്റിമംഗലം-ഞീഴൂർ |
| 4. | കീഴൂർ-അറുന്നൂറ്റിമംഗലം |
| 5. | അവർമാ മറ്റപ്പിള്ളിക്കുന്ന്-മുളക്കുളം |
| 6. | പെരുവ-ശാന്തിപുരം-മോനിപ്പള്ളി |
| 7. | മുളക്കുളം അമ്പലപ്പടി-ചങ്ങലപ്പാലം |
| 8. | മൂർക്കാട്ടിപ്പടി- HNL |
| 9. | ആപ്പാഞ്ചിറ-കീഴൂർ-കയ്യൂരിക്കൽ |
| 10. | മുളക്കുളം-കയ്യൂരിക്കൽ |
| 11. | വൈക്കം-കോട്ടയം (ആപ്പാഞ്ചിറ വഴി) |
| 12. | പുല്ലുവട്ടം-കാഞ്ഞിരത്തുംമല (പണിനടക്കുന്നു) |

## പ്രശ്നങ്ങൾ

റോഡുകൾക്ക് ഓടകൾ ഇല്ലാത്തതിനാൽ മഴക്കാലത്ത് വെള്ളം കുത്തിഒഴുകുകയും കെട്ടിനിൽക്കുകയും ചെയ്യുന്നതു മൂലം റോഡുകൾ മിക്കതും തകരുന്നു. അവശ്യമായ കലുങ്കുകളും കുഴലുകളും ഇല്ലാത്തതും ഇതിന് കാരണമാണ്.

വീതി കുറഞ്ഞ റോഡുകളും, ഗതാഗതത്തിന് തടസ്സമായി റോഡുകളിലേയ്ക്ക് കയറി നിൽക്കുന്ന ഇലക്ട്രിക് - ടെലിഫോൺ പോസ്റ്റുകളും മരങ്ങളും പെട്ടിക്കടകളും റോഡു ഗതാഗതം ദുർഘടമാക്കുകയും അപകടങ്ങൾ വിളിച്ചു വരുത്തുകയും ചെയ്യുന്നു. റോഡിന് ഇരുവശവുമുള്ള പുരയിടങ്ങളിൽ നിന്നുമുള്ള മണ്ണൊലിപ്പും റോഡ് തകർച്ച യ്ക്ക് കാരണമാകുന്നു. മുളക്കുളം പഞ്ചായത്തിൻെറ സിരാകേന്ദ്രമായ പെരുവ ജംഗ്ഷനിൽ റോഡപകടങ്ങൾ നിത്യ സംഭവമാണ്. റോഡുകളുടെ ശോചനീയാവസ്ഥയും, അശാസ്ത്രീയമായ വാഹന പാർക്കിംഗും റോഡു കൈയ്യേ റ്റവും, സ്ഥലപരിമിതിയും വർദ്ധിച്ചവരുന്ന ജനത്തിരക്കും ഇതിന് കാരണമാണ്. ട്രാഫിക് ഐലൻറ് ജംഗ്ഷനിൽ സ്ഥാപിക്കുന്നതിനും, വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കാനും കഴിയാത്തത് ജംഗ്ഷൻെറ വീതി കുറവു കൊണ്ടാണെന്ന് പറയാം. ക്രമാതീതമായ വാഹന വർദ്ധനവ് മൂലം പാർക്കിംഗ് സംവിധാനം താറുമാറായിരിക്കുകയാണ് ഇതു മൂലം വ്യാപാരികൾക്കുണ്ടാകുന്ന പ്രശ്നങ്ങളും പരിഹരി ക്കേണ്ടതുണ്ട്. ട്രാഫിക് കുരുക്കുകളിൽ നിന്നും മോചനം നേടാൻ മണിക്കൂറുകൾ കാത്തിരിക്കേണ്ട സാഹചര്യവും ടൗണിലുണ്ട്. മുളക്കുളം പഞ്ചായത്തിൻെറ ഏറ്റവും വലിയ പാടശേഖരമായ എടാട്ടുപാടത്തേക്ക് കാർഷിക വസ്തുക്കൾ കൊണ്ടുപോകുന്നതിന് പുതതായി റോഡ് നിർമ്മിക്കണ മെന്നത് കൃഷിക്കാരുടെ നിരന്തരമായ ആവശ്യമാണ്. മുളക്കുളത്ത് മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തെ റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടത് അവരുടെ ചിരകാല അഭിലാഷങ്ങളിലൊന്നാണ്.

വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയോട് ചേർന്നുള്ള കാരിക്കോട് പ്രദേശത്തിൻെറ വികസനത്തിനുവേണ്ടിയുള്ള മുറവിളി കേട്ടില്ലെന്ന് നടിയ്ക്കാനാവില്ല. നമ്മുടെ പഞ്ചായ ത്തിലെ പ്രധാന ഹൈസ്ക്കൂളുകളിലൊന്നായ Fr. ഗീവർഗീസ് മെമ്മോറിയൽ ഹൈസ്ക്കൂളിലേക്കുള്ള യാത്രാ സൗകര്യം വർദ്ധിപ്പിയ്ക്കേണ്ടതുണ്ട്. രണ്ട് ജില്ലകളെ തമ്മിൽ ബന്ധിപ്പി ക്കുന്ന ഇടയോടി - കുമ്മത റോഡിൻെറ നിർമ്മാണം പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്.

## നിർദ്ദേശങ്ങൾ

1) പെരുവയിലെ ബസ്സ്റ്റാൻഡ് പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക.

2) ടാക്സി സ്റ്റാൻഡിന് പുതുതായി സ്ഥലം എടുത്ത് വേഗം പണികൾ തീർത്ത് വാഹനങ്ങൾ അങ്ങോട്ട് മാറ്റി പെരുവ ജംഗ്ഷനിലെ പാർക്കിംഗ് അവസാനിപ്പിക്കുക.

3) പെരുവ ജംഗ്ഷനിൽ അപകടാവസ്ഥയിൽ നിൽക്കുന്ന ആൽ മരം മുറിച്ചുമാറ്റി, വെയിറ്റിംഗ്ഷെഡ് പുതിക്കു പ്പണിയും ജംഗ്ഷൻ വീതികൂട്ടി, റോഡിലേക്ക് ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് - ടെലഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച് ജനത്തിരക്ക് ഒഴിവാക്കുന്ന തിന് നടപടി സ്വീകരിക്കുക.

4) പഞ്ചായത്ത്-PWD റോഡുകൾക്ക് ഇരുവശവും ഓടകൾ നിർമ്മിക്കുകയും, യഥാസമയം ഓടകൾ തെളിക്കുകയും ചെയ്യുക.

5) ജനസാന്ദ്രതയുള്ള ഭാഗങ്ങളിലെ എല്ലാ പഞ്ചായത്ത് റോഡുകളും പുനരുദ്ധരിച്ച് ടാറിംഗ് നടത്തുകയും, മറ്റു റോഡുകൾ പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കുകയും ചെയ്യുക.

6) പെരുവ ജംഗ്ഷനിൽ വന്നു ചേരുന്ന എല്ലാ റോഡുകളു ടെയും ഇരുവശങ്ങളിലും മുന്നൂറ് മീറ്ററെങ്കിലും നീളത്തിൽ ഓടകൾ സ്ഥാപിച്ച് കോൺക്രീറ്റ് സ്ലാബിടുക.

7) ടാറിട്ട റോഡുകളിലെ വളവുകളും തിരിവുകളും നിവർത്തി, റോഡുകളുടെ വീതികൂട്ടി അറ്റകുറ്റപണികളും റീടാറിംഗും നടത്തുക.

8) പെരുവ ടൗൺ വികസനത്തിനും ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനും വേണ്ടി മാന്താനത്തുകുഴി- ബസ് സ്റ്റാൻഡ് റോഡിന് ബാക്കി സ്ഥലം എടുത്ത് പണി പൂർത്തീകരിക്കുകയും പെരുവ ജംഗ്ഷൻ-പള്ളിപ്പടീ റോഡ്, പള്ളിപ്പടി ഭാഗത്തുനിന്നും നേരെ വടക്കോട്ട്,

## പട്ടിക II

## മുളക്കുളം ഗ്രാമപഞ്ചായത്തിൽ ടാറിടുന്നതിന് മുൻഗണന കൊടുക്കേണ്ട റോഡുകൾ

| Sl.No. | റോഡിൻെറ പേര് | വാർഡ് |
|---|---|---|
| 1. | പുളിയ്ക്കക്കുന്ന്-താന്നിമറ്റം | I |
| 2. | പള്ളിനിരപ്പ്-ചങ്ങലപ്പാലം | I |
| 3. | മുളക്കുളം ആറാട്ടുകടവ്-കുമ്പളശ്ശേരി | I |
| 4. | ആനിക്കാട്ടുപടി-പള്ളിക്കുന്ന് | II |
| 5. | പെരുവ അമ്പലപ്പാടി-പള്ളിക്കുന്ന് | II |
| 6. | ഹെൽത്ത് സെൻറർ | II |
| 7. | അവർമാ – കാഞ്ഞിരമറ്റം | III |
| 8. | ഇടയോടി-കുമ്മത | III |
| 9. | പെരുവ-ചെത്തിക്കാട്-കാഞ്ഞിരമറ്റം | III |
| 10. | പെരുവ-ചാലുമുഖം | IV |
| 11. | ചെത്തുകുന്ന്-വർങ്ങനാൽ | IV |
| 12. | കാഞ്ഞിരംകണ്ടം-പ്ലാപ്പിള്ളി | IV |
| 13. | കുന്നപ്പിള്ളി ആക്യമാൽ-കോയിയ്ക്കപ്പടി | V |
| 14. | പാനനട-വേലിയാങ്കര കോളനി | V |
| 15. | കുന്നപ്പിള്ളി-കാഞ്ഞിരംപാറ | V |
| 16. | അറുന്നൂറ്റിമഗംലം ലയക്ഷംവീട്-ചാക്കപ്പള്ളി | VI |
| 17. | ചൂളായിക്കോട്-പെരുമാലിൽ | VI |
| 18. | അറുന്നൂറ്റിമംഗലം-കരിമ്പിനാക്കുഴി | VI |
| 19. | പള്ളിനിരപ്പ്-ചെമ്മഞ്ചി- HNL | VII |
| 20. | മൂർക്കാടിപടി-ചങ്ങലാംതുരുത്ത് | VII |
| 21. | കല്ലുങ്കൽകുഴി-കഴുന്നുകണ്ടത്തിൽപടി | VII |
| 22. | പോലീസ് സ്റ്റേഷമ്പടി-ഹൈസ്ക്കൂൾപടി | VIII |
| 23. | കല്ലുമട-കാരിക്കോട് | VIII |
| 24. | തച്ചുമറ്റത്തിൽപടി-മൂർക്കാട്ടിപടി | VIII |
| 25. | കീഴൂർ-കോയിയ്ക്കപ്പടി | IX |
| 26. | കീഴൂർ-ഒരപ്പാങ്കൽപടി-ആനക്കുഴിനിരപ്പ് | IX |
| 27. | കീഴൂർ-കയ്യൂരിക്കൽ | IX |
| 28. | അറുന്നൂറ്റിമംഗലം-ആപ്പാഞ്ചിറ | X |
| 29. | അമ്പാന്താനം-ആപ്പാഞ്ചിറ | X |
| 30. | കട്ടകുത്തിപ്പടി-പൂഴിക്കോൽ | X |
| 31. | ആപ്പാഞ്ചിറ-കീഴൂർ | XI |
| 32. | നടുവിലാക്കിൽ-കൊരക്കാലാ | XI |
| 33. | ചിറപ്പുറം-കാരിയ്ക്കാക്കുഴി | XI |

കൂത്താട്ടുകുളം റോഡിലേക്ക് തുറക്കുന്നതിന് സ്ഥലം എടുത്ത് പണിപൂർത്തീകരിക്കുകയും ചെയ്യുക.

പെരുവ-ചാലുമുഖം റോഡ്, കാഞ്ഞിരംകണ്ടം പ്ലാപ്പിള്ളിൽ റോഡ്, കാഞ്ഞിരംകണ്ടം-മുതിരപ്പറമ്പ് റോഡ്, എന്നിവ വീതികൂട്ടി ടാർചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ പെരുവയിൽ ഗതാഗതകുരുക്ക് ഉണ്ടായാൽ വാഹനങ്ങൾ തിരിച്ചുവിടാൻ കഴിയുമെന്നതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

9) നിർത്തിവച്ചിരിക്കുന്ന കുന്നപ്പിള്ളി-പാറശ്ശേരി റോഡി (MVIP സ്കീം) ൻെറ ടാറിംഗ് ഉൾപ്പെടെയുള്ള പണി പൂർത്തീകരിക്കുക.

10) പെരുവ കൂട്ടാനിക്കൽ കോളനിയിലേക്കും, കുന്നപ്പിള്ളി വേലിയാങ്കര കോളനിയിലേക്കും വടുകുന്നപ്പഴ പള്ളിപ്പുറം കോളനിയിലേക്ക് വഴിനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക. പെരുവ-ചെത്തിക്കാട് റോഡിൽനിന്നുമുള്ള തൊണ്ട് വികസിപ്പിച്ച് കോളനി വഴി ശാന്തിപുരം റോഡിലേയ്ക്ക് തുറന്ന് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

11) കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് റോഡരികിൽ കെട്ടിടങ്ങൾ പണിയുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതും, പുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തി വേർതിരിച്ചെടുക്കേണ്ടതുമാണ്.

12) സാമ്പത്തിക വർഷാവസാനം റോഡുകളുടെ അറ്റകുറ്റ പണികൾ നടത്താതെ, മഴക്കാലം കഴിയുമ്പോൾ തന്നെ പണികൾ നടത്തുവാൻ നടപടികൾ സ്വീകരിക്കുക.

13) K.S.R.T.C ബസ്സുകളും, ദീർഘദൂര സ്വകാര്യബസ്സുകളും മെയിൻ റോഡുകളിൽ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുക.

14) പഞ്ചായത്തിലെ പ്രധാനഭാഗങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.

15) ആപ്പാഞ്ചിറ-കയ്യൂരിക്കൽ-മുളക്കുളം, പെരുവ-മണ്ണുക്കുന്ന്-മുളക്കുളം, കടുത്തുരുത്തി-കീഴൂർ എന്നീ റോഡുകൾ റീടാറിംഗ് നടത്തി ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കുക.

16) പെരുവ-ചെത്തിക്കാട്-കാഞ്ഞിരമറ്റം റോഡ് ടാറിംഗ് നടത്തി ബസ്സ് സർവ്വീസുകൾ ആരംഭിക്കുക.

17) പെരുവ ജംഗ്ഷനിൽ ട്രാഫിക് ഐലൻറ് സ്ഥാപിക്കുന്നതിനും, ട്രാഫിക് പോലീസിനെ നിയോഗിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

18) പെരുവ ജംഗ്ഷനിലും ഓടകളിലും, റോഡരികിലും കടകളിലെ മലിന വസ്തുക്കളും ചപ്പുചവറുകളും കൂട്ടിയിടുന്നത് നിരോധിക്കുക.

19) മുളക്കുളം എടാട്ടുപാടത്ത് നടുപ്പാടത്തേയ്ക്ക് വടുകുന്ന പ്പുഴ ആലിന്മാവ് ഭാഗത്തുനിന്നും ഹെൽത്ത് സെൻറർ ഭാഗത്തു നിന്നും വഴിവെട്ടിതുറന്ന് ഗതാഗത യോഗ്യ മാക്കുക.

20) കുന്നപ്പിള്ളി ഭഗവതി ക്ഷേത്രപ്പടി ഭാഗത്തുനിന്നുമുള്ള തൊണ്ട് വീതികൂട്ടി ചെത്തുകുന്ന്-വർങ്ങനാൽ റോഡുമായി ബന്ധിപ്പിക്കുകയും ടി ചെത്തുകുന്ന്- വർങ്ങനാൽ-ഭഗവതിക്ഷേത്രപ്പടി റോഡ് ടാർചെയ്ത് ഗതാഗത യോഗ്യമാക്കുകയും ചെയ്യുക.

21) കാക്കത്തുരുത്ത്-കൊച്ചുതുരുത്ത് എന്നീപ്രദേശങ്ങളിൽ വർഷകാലത്ത് വെള്ളപ്പൊക്കത്താൽ യാത്രചെയ്യാൻ നിവൃത്തിയില്ലാത്തതുകൊണ്ട് വള്ളം അനുവദിക്കുകയും, കാക്കത്തുരുത്ത് ഭാഗത്ത് ഫുട്ട്ബ്രിഡ്ജ് സ്ഥാപിക്കുകയും ചെയ്യുക.

22) മുളക്കുളത്തെ മത്സ്യതൊഴിലാളി കോളനിയിലേക്കുള്ള മുളക്കുളം-ആറാട്ടുകടവ് റോഡും, ആറാട്ടുകടവ് കുമ്പള ശ്ശേരിപ്പടി റോഡും ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക.

23) പോലീസ് സ്റ്റേഷൻപടി-ഹൈസ്ക്കൂൾ റോഡ് ടാറിംഗ് നടത്തി Fr. ഗീവർഗീസ് മെമ്മോറിയൽ ഹൈസ്ക്കൂളിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

24) രണ്ടു ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന (എറണാകുളം-കോട്ടയം) ഇടയോടി-കുമ്മത റോഡിൻെറ ടാറിംഗ് ഉടനെ നടത്തി ബസ്സ് സർവ്വീസ്സുകൾ ആരംഭിക്കുക.

## റെയിൽ ഗതാഗതം

പഞ്ചായത്തിൻെറ തെക്കേ അറ്റത്തായി വൈക്കംറോഡ് റെയിൽവേസ്റ്റേഷൻ സ്ഥിതിചെയ്യുന്നു. കോട്ടയത്തിനും എറണാകുളത്തിനുമിടയിൽ മെയിൻറോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഏക റെയിൽവേസ്റ്റേഷനാണിത്. കോട്ടയം ജില്ലയിലെ പ്രധാനസ്ഥലങ്ങളായ വൈക്കം, തലയോലപ്പറമ്പ്, കടുത്തുരുത്തി, കുറവിലങ്ങാട്, പാലാ തുടങ്ങിയ സ്ഥലങ്ങളിലുള്ളവർക്ക് യാത്രാസൗകര്യവും ഈ സ്റ്റേഷൻെറ പ്രത്യേകതയാണ്. പക്ഷേ, 1956ൽ നിലവിൽ വന്ന ഈ സ്റ്റേഷനിൽ ഇപ്പോഴും പാസഞ്ചർ ട്രെയിനുകൾ മാത്രമേ നിർത്താറുള്ളു. പ്രതിദിനം ആയിരത്തോളം യാത്രക്കാർ ഈ സ്റ്റേഷനിൽനിന്നും യാത്രചെയ്യാറുണ്ട്. പ്രതിമാസം 25,000 രൂപയുടെ വരുമാനം ടി സ്റ്റേഷനിലുണ്ട്.

വൈക്കം റോഡ് റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുകയും, ഇത് ഒരു ഔട്ട്സ്റ്റേഷൻ ആക്കി ഉയർത്തുകയും പാഴ്സൽ ബുക്കിംഗ് സർവ്വീസുകൾ പുനരാരംഭിക്കുകയും, കുടിവെള്ളം എത്തിക്കുകയും ചെയ്താൽ കൂടുതൽ യാത്രക്കാർ സ്റ്റേഷനിൽ വന്നുപോകുന്നതിനും, പ്രദേശത്തിൻെറ വികസനത്തിന് കൂടുതൽ വഴിതെളിക്കുകയും ചെയ്യും.

## ജലഗതാഗതം:

റോഡ് ഗതാഗതം അഭിവൃദ്ധിപ്പെട്ടതോടെ ജലഗതാഗതത്തിൻെറ പ്രാധാന്യം കുറഞ്ഞിരിക്കുകയാണ്. എങ്കിലും ഏറ്റവും ചെലവുകുറഞ്ഞ ഗതാഗതമാർഗ്ഗമെന്നനിലയിൽ ജലഗതാഗതം പുനരുദ്ധരിച്ചാൽ ഊർജ്ജ-സാമ്പത്തിക ലാഭം ഉണ്ടാക്കാൻ കഴിയും. അതിനാൽ ഉൾനാടൻ ജലഗതാഗതം ശക്തിപ്പെടുത്താനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം.

## പഞ്ചായത്തു റോഡുകളുടെ പട്ടിക III

### വാർഡ് 1 മുളക്കുളം

| | നീളം | വീതി |
|---|---|---|
| മുളക്കുളം – കാരിക്കോട് റോഡ് | 1 കി.മീ. | 8 മീറ്റർ |
| മുളക്കുളം – കടലാനിക്കാട്ട് റോഡ് | 1 കി.മീ. | 4 മീറ്റർ |
| മുളക്കുളം – ആറാട്ടുകടവ് റോഡ് | 500 മീറ്റർ | 8 മീറ്റർ |
| ആറാട്ട് കടവ – കുമ്പളശ്ശേരിപടി റോഡ് | 1. കി.മീ. | 3 മീറ്റർ |
| വായനശാല – പടി ആറ്റ് തീരം റോഡ് | 750 മീറ്റർ | 3 മീറ്റർ |
| വായനശാല – പമ്പ് ഹൗസ് റോഡ് | 400 മീറ്റർ | 2 മീറ്റർ |
| മുളക്കുളം – പമ്പ്ഹൗസ് റോഡ് | 500 മീറ്റർ | 3 മീറ്റർ |
| മുളക്കുളം – ആനിക്കാട്ട് പടി റോഡ് | 1 കി.മീ. | 3 മീറ്റർ |
| പാലക്കാട്ട് പടി – പുഞ്ചപ്പാടം റോഡ് | 1 കി.മീ. | 3 മീറ്റർ |
| മണ്ണുക്കുന്ന് താന്നിമറ്റം റോഡ് | 2.200 കി.മീ. | 7 മീറ്റർ |
| മണ്ണുക്കുന്ന് – പുഞ്ചപ്പാടം | 1 കി.മീ. | 3 മീറ്റർ |
| ചന്ദ്രവേലിപടി – പുഞ്ചപ്പാട്ടം | 500 മീറ്റർ വീതി, | 8 മീറ്റർ |
| വായനശാലപടി – പാറപുറം റോഡ് | 700 മീറ്റർ വീതി | 3 മീറ്റർ |

### വാർഡ് 2 വടുകുന്നപ്പുഴ

| | | റോഡിൻെറ തരം | നീളം (കി.മീ.) | വീതി (മീറ്റർ.) |
|---|---|---|---|---|
| 1. | വടുകുന്നപ്പുഴ – ഹരിജൻ കോളനി മണ്ണുക്കുന്ന് റോഡ് | പൂഴി | 1.200 | 5 |
| 2. | ആനിക്കാട്ടുപടി – പള്ളിക്കുന്ന് | ” | 1.400 | 4 |
| 3. | പെരുവ–കാവിക്കുളം–തുരുത്തിപ്പിള്ളി | ” | 0–800 | 3.5 |
| 4. | ഹെൽത്ത് സെൻറർ–ചെല്ലാനിരപ്പ് | | | |
| 5. | പെരുവ–കാവിക്കുളം–തുരുത്തിപ്പിള്ളി | “ | 0–800 | 4 |
| 6. | പെരുവ അമ്പലപ്പടി–പള്ളിക്കുന്ന് | ” | 1–000 | 4 |
| 7. | മാരടിത്താഴം – പള്ളിക്കുന്ന് | ” | 1–000 | 4 |
| 8. | പുതുശ്ശേരിക്കുഴി – ചെല്ലാനിരപ്പ് | ” | 0–500 | 3 |
| 9. | പുളിയാമഠം – അമ്പലപ്പടി | ” | 0–400 | 3 |
| 10. | നെടിയാഞ്ഞിപ്പള്ളി – അമ്പലപ്പടി | ” | 0–300 | 3 |
| 11. | ആലിൻ മാവ് – പട്ടികജാതി കോളനി | ടാറിട്ടത് | 0–300 | 6 |

## വാർഡ് 3 അവർമ്മ

| | റോഡിൻെറ പേര് | റോഡിൻെറ നീളം | നീളം കി.മീ. | വീതി മീറ്റർ |
|---|---|---|---|---|
| 1. | മണ്ണുക്കുന്ന് – താന്നിമറ്റം റോഡ് | പൂഴി | 0.600 | 3.5 |
| 2 . | അവർമാ – കാഞ്ഞിരമറ്റം | " | 1.000 | 4 |
| 3. | പള്ളിക്കുന്ന് – പാഴ്നിലം | " | 0.500 | 2.5 |
| 4. | അവർമ – കണ്ണംകേരികുന്ന് | " | 1.000 | 3.5 |
| 5. | ഇടയോടി – കുമ്മത | " | 1.000 | 8 |
| 6. | അവർമാ – ഹൗസിംഗ് കോളനി | " | 0.650 | 3.5 |
| | കൊട്ടുവായ്താഴം റോഡ് | | | |
| 7. | അവർമാ – പെരുമ്പടവം | " | 0.500 | 3 |
| 8. | മണ്ണുക്കുന്ന് – അവർമാ | " | 1.000 | 2.5 |
| 9. | പള്ളിക്കുന്ന് – ചളുവേലി | " | 1.000 | 2.5 |
| 10. | പെരുവ – കാഞ്ഞിരമറ്റം | " | 2.000 | 2.5 |
| 11. | വരകുകാലാക്കുഴി–കുളമ്പിള്ളിപ്പടി | " | 0.350 | 3 |

## വാർഡ് 4 പെരുവ

| | റോഡിൻെറ പേര് | റോഡിൻെറ നീളം | നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|---|---|
| 1. | പെരുവ – ചാലുമുഖം | " | 1.550 | 4മീറ്റർ |
| 2. | ചെത്തുകുന്ന് – വർങ്ങനാൽ | " | 1.100 | 4 മീറ്റർ |
| 3. | പെരുവ – ചെത്തിക്കാട് – കാഞ്ഞിരമറ്റം | " | 2.300 | 7 മീറ്റർ |
| 4. | കാഞ്ഞിരംകണ്ടം – പ്ലാപ്പിള്ളി | " | 0.800 | 4 മീറ്റർ |
| 5. | കാഞ്ഞിരംകണ്ടം – മുതിരപ്പറമ്പ് | " | 0.900 | 4 മീറ്റർ |
| 6. | പെരുവ ജംഗഷിൻ – പള്ളിപ്പടി | " | 0.300 | 4 മീറ്റർ |
| 7. | മാന്താനത്തുകുഴി – ബസ്സ്റ്റാൻഡ് | " | 0.200 | 6 മീറ്റർ |
| 8. | കൂട്ടാനിക്കൽ – മറ്റപ്പിള്ളിക്കുന്ന് | " | 0.750 | 2.5 മീറ്റർ |
| 9. | പെരുവ മാർക്കറ്റ് – ഇടപ്പറമ്പ് | " | 1.000 | 4 മീറ്റർ |
| 10. | ഞാണുവേലിൽ – കുമ്പിയ്ക്കൽ | " | 0.400 | 4 മീറ്റർ |

## വാർഡ് 5 കുന്നപ്പിള്ളി

| | റോഡിന്റെ പേര് | റോഡിന്റെ തരം | നീളം കി.മീ | വീതി മീറ്റർ |
|---|---|---|---|---|
| 1. | കുന്നപ്പിള്ളി ആക്യമാൽ-കോയിയ്ക്കപ്പടി റോഡ് | പൂഴിറോഡ് | 1.000 | 4 |
| 2. | അമ്പലപ്പടി-വേലിയാങ്കര | " | 6000 | 4 |
| 3. | കുറുവേലിപ്പടി -തേക്കും കാട് | " | 1.200 | 5 |
| 4. | കുന്നപ്പിള്ളി-കാഞ്ഞിരംപാറ | " | 1.000 | 4 |
| 5. | പാനനട-വേലിയാങ്കര കോളനി | " | 0.800 | 4 |
| 6. | മൂർക്കാട്ടിപ്പടി-ചെങ്ങമറ്റം | " | 0.600 | 4 |
| 7. | ആദ്യകാൽ-പെരുമാലിപ്പടി | ടാറിംഗ് | 0.900 | 8 |
| 8. | കുന്നപ്പിള്ളി-ആൾത്തടം | ടാറിംഗ് | 0.700 | 6 |
| | P.W.D. റോഡുകൾ | | | |
| | പുല്ലുവെട്ടത്തുമല - കാഞ്ഞിരമറ്റം റോഡ് (പണി നടക്കുന്നു) | | | |

## വാർഡ് 6 അറുന്നൂറ്റി മംഗലം

| | റോഡിന്റെ പേര് | നീളം കി.മീ | വീതി കി.മീ |
|---|---|---|---|
| 1. | അറുന്നൂറ്റി മംഗലം - ലക്ഷം വീട് കോളനി | 1.000 | 6 |
| 2. | ചൂളായിക്കോട് - പെരുമാലിൽ | 1.000 | 6 |
| 3. | അറുന്നൂറ്റി മംഗലം - കുരുമ്പിനക്കുഴി | 0.300 | 4 |
| 4. | പ്ലാക്കാട്ടേൽ - ഞീഴൂർ | 0.300 | 5 |
| 5. | ചരളേൽ - വെള്ളിത്താനം | 0.300 | 4 |
| 6. | പുന്നയ്ക്കമാൽ - മാങ്ങാട്ടോരം | 0.400 | 8 |
| 7. | കൊക്കരക്കുഴി - കർത്താമഠം | 1.000 | 6 |
| 8. | ചൂളായിക്കോട് - ഓമറ്റം | 0.500 | 3 |
| 9. | പാറശ്ശേരി - കാഞ്ഞിരം പാറ | 0.300 | 4 |
| 10. | പാറശ്ശേരി - കുന്നപ്പിള്ളി | 0.600 | 8 |
| 11. | അറുന്നൂറ്റി മംഗലം - ലക്ഷം വീട് | 0.200 | 8 |
| 12. | ചൂളായിക്കോട് - പെരുമ്പള്ളി | 0.500 | 6 |

## വാർഡ് 7 കാരിക്കോട്

| | റോഡിൻെറ പേര് | നീളം കി.മീ | വീതി മീറ്റർ |
|---|---|---|---|
| 1 | മനക്കപ്പടി – പള്ളിനിരപ്പ് റോഡ് | 2.200 | 8 മീറ്റർ |
| 2 | കൈയൂരിക്കൽ – കഴുന്ന്കണ്ടത്തൽ റോഡ് | 2 | 8 മീറ്റർ |
| 3 | പള്ളിനിരപ്പ് – വാതക്കാട്ട് താഴം റോഡ് | 1000 | 4 മീറ്റർ |
| 4 | പുതുമാലകുഴി റോഡ് | 1 കി.മീ | 4 മീറ്റർ |
| 5 | പോലീസ് സ്റ്റേഷൻ H.P.C റോഡ് | 540 മീറ്റർ | 8 മീറ്റർ |
| 6 | മാമ്പറത്താഴം – പാലക്കുന്ന് റോഡ് | 500 മീറ്റർ | 4 മീറ്റർ |
| 7 | മൂർക്കാട്ടിൽപടി – ചങ്ങലാംതുരുത്ത് റോഡ് | 1.200 | 5 മീറ്റർ |
| 8 | കൈയൂരിക്കൽ – മുളക്കുളം റോഡ് | 2.200 | 8 മീറ്റർ |
| 9 | പള്ളിനിരപ്പ് – ചെമ്മഞ്ചി H.N.L | 1.500 | 6 മീറ്റർ |
| 10 | മനക്കപ്പടി–പള്ളിനിരപ്പ് കോളനി റോഡ് | 400 | 4മീറ്റർ |
| 11 | ചെമ്മഞ്ചിചേലച്ചുവട് റോഡ് | 300 | 3.5 മീറ്റർ |
| 12 | മഞ്ഞക്കാല അരിക്കരത്തോട് റോഡ് | 200 | 4 മീറ്റർ |
| 13 | ചേലചുവട് – H.N.L റോഡ് | 250 | 3 മീറ്റർ |
| 14 | പള്ളിനിരപ്പ് – മുള്ളോലാംകുഴി | 300 | 2.5 മീറ്റർ |
| 15 | കല്ലുങ്കൽകുഴി –കഴുന്ന് കണ്ടത്തിൽ പടി റോഡ് | 600 | 8 മീറ്റർ |
| 16 | പന്നക്കോട് താഴം – പാലക്കുന്ന് | 500 | 4 മീറ്റർ |
| 17 | മനക്കപ്പടി – മുള്ളോലാംകുഴി | 300 | 4 മീറ്റർ |

## വാർഡ് 8 കാരിക്കോട് റോഡുകൾ

| | റോഡിൻെറ പേര് | നീളം കി.മീ | വീതി മീറ്റർ |
|---|---|---|---|
| 1. | കരുണക്കുഴി നിരപ്പു കൈയൂരിയ്ക്കൽ റോഡ് | 1.500 കി.മീ | 8 മീറ്റർ |
| 2. | വരാക്കുന്നേൽപടി ജാതിയ്ക്കാമ റോഡ് | 1 കി.മീറ്റർ | 4 മീറ്റർ |
| 3. | തച്ചമറ്റത്തിൽ പടിമുർക്കാട്ടിൽ പടി റോഡ് | 1.500 | 4 മീറ്റർ |
| 4. | ലൈബ്രറി പടി ജാതിയ്ക്കാമലറോഡ് | 700 മീറ്റർ | 4 മീറ്റർ |
| 5. | നാനാമറ്റത്തിൽ പടി ജാതിയ്ക്കാമല റോഡ് | 6 മീറ്റർ | 4 മീറ്റർ |
| 6. | കല്ലുമടകാരിക്കോട് റോഡ് | 1.200 | 6 മീറ്റർ |
| 7. | അമ്പലപടി കീഴൂർ റോഡ് | 1 കി.മീറ്റർ | 6 മീറ്റർ |
| 8. | പോലീസ് സ്റ്റേഷൻ പടി ഹൈസ്ക്കൂൾ റോഡ് | 1 കി.മീറ്റർ | 8 കി.മീറ്റർ |
| 9. | മനയ്ക്കപടി കണിയാം പറമ്പ് റോഡ് | 0.600 കി.മീറ്റർ | 4 മീറ്റർ |
| 10. | എൻ.എസ്.എസ് ജംഗ്ഷൻ അമ്പലപടി | 300 | 3 മീറ്റർ |
| 11. | ജാതിയ്ക്കാമല പൂവത്തുംചുവട് | 600 മീറ്റർ | 8 മീറ്റർ |
| 12. | കോയിയ്ക്ക പടി കീഴൂർ റോഡ് | 500 മീറ്റർ | 4 മീറ്റർ |
| 13. | പറയംകണ്ടത്തിപടി ജാതിയ്ക്കാമല റോഡ് | 600 മീറ്റർ | 3 മീറ്റർ |
| 14. | പെരുവ കാട്ടാംപിള്ളി റോഡ് | 1.200 | 6 മീറ്റർ |

## വാർഡ് 9 കീഴൂർ (നോർത്ത്)

| | റോഡിൻെറ പേര് | നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|---|
| 1. | ഇരുട്ടുതോട്-തവളക്കുളം റോഡ് | 1 കി.മീറ്റർ | 4.5 മീറ്റർ |
| 2. | പുല്ല്വട്ടം പൂത്തുംചുവട്, ജാതിക്കാമല റോഡ് | 1.5 മീറ്റർ | 8 മീറ്റർ |
| 3 | കീഴൂർ എൽ. പി. സ്ക്കൂൾ പടി തവളക്കുളം റോഡ് | 1.5 മീറ്റർ | 8 മീറ്റർ |
| 4 | കീഴൂർ – ആനക്കുഴി നിരപ്പ് | 1 കി.മീറ്റർ | 4 മീറ്റർ |
| 5 | ആനക്കുഴി നിരപ്പ് – ജാതിക്കാമല റോഡ് | 800 മീറ്റർ | 4.5 മീറ്റർ |
| 6 | കീഴൂർ - കോയിക്കൽപടി റോഡ് | 1 കി.മീറ്റർ | 4 മീറ്റർ |
| 7 | ജാതിക്കാമല – തവളക്കുളം റോഡ് | 1 കി.മീറ്റർ | 4 മീറ്റർ |
| 8 | കീഴൂർ – കൈയൂരിക്കൽ റോഡ് | 1.5 കി.മീറ്റർ | 8 മീറ്റർ |
| 9 | കീഴൂർ ഒരപ്പാങ്കൽ പടി ആനക്കുഴിനിരപ്പ് റോഡ് | 1കി.മീറ്റർ | 4 മീറ്റർ |
| 10. | കീഴൂർ കാരിക്കോട് ടെമ്പിൾ റോഡ് | 600 മീറ്റർ | 8 മീറ്റർ |

## വാർഡ് 10 കീഴൂർ (സൗത്ത്)

| | റോഡിൻെറ പേര് | നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|---|
| 1 | കീഴൂർ കാരിക്കാക്കുഴി റോഡ് | 2.5 കി.മീ· | 5 മീറ്റർ |
| 2 | അമ്പാന്താനം – റെയിൽവേ | 1.300 | 8 മീറ്റർ |
| 3 | കീഴൂർ – ആപ്പാഞ്ചിറ | 1.500 | 8 മീറ്റർ |
| 4 | ക്ഷേത്രം – അമ്പാന്താനം | .900 | 5 മീറ്റർ |
| 5 | കാരിക്കാക്കുഴി – ഞാറുകുന്നോൽ | 0.500 | 6 മീറ്റർ |
| 6 | പാലക്കോട്ടിൽ – കാരിക്കാക്കുഴി | 0.500 | 4 മീറ്റർ |
| 7 | കീഴൂർ ടെംബിൾ –റെയിവേ | 700 | 5 മീറ്റർ |
| 8 | കാഞ്ഞിരവളവ് – കട്ടിക്കുന്നേൽ റോഡ് | 1.500 | 4 മീറ്റർ |
| 9 | കാഞ്ഞിരവളവ് – അമ്പലവടി | 1.600 | 5 മീറ്റർ |
| 10 | കാഞ്ഞിരവളവ് – കരിക്കുന്നം റോഡ് | 500 | 5 മീറ്റർ |
| 11 | കൊല്ലംകുഴി – കളരിക്കൽ റോഡ് | 1.000 | 6 മീറ്റർ |
| 12 | അറുനൂററിമംഗലം – ആപ്പാഞ്ചിറ | 2.300 | 6 മീറ്റർ |
| 13 | കരികുളം – സെൻട്രൽ റോഡ് | 900 | 7 മീറ്റർ |
| 14 | കുന്നേൽ ബോല റോഡ് | .500 | 5 മീറ്റർ |
| 15 | കാരിക്കോട് കവല – കുരിശുമഠം റോഡ് | 3 കി. മീറ്റർ | 6 മീറ്റർ |
| 16 | പെടുവഴി – നട്ടുവിലെടം റോഡ് | 1.2 കി. മീറ്റർ | 4 മീറ്റർ |

## വാർഡ് 11 പൂഴിക്കോൽ

| | റോഡിൻെറ പേര് | നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|---|
| 1 | നട്ടുവിലേക്കൽ – കൊരക്കാല | 1.200 | 4 മീറ്റർ |
| 2 | ചിറപ്പുറം – കൊരക്കാല | 1.450 | 5 മീറ്റർ |
| 3 | കൊരക്കാല – കീഴൂർ | 841 മീറ്റർ | 4 മീറ്റർ |
| 4 | പൂഴിക്കോൽ – കടുത്തുരുത്തി | 450 | 4 മീറ്റർ |
| 5 | കാരിക്കാക്കുഴി – ചെമ്പന്നി | 1 കി. മീറ്റർ | 3.5 മീറ്റർ |
| 6 | പൂഴിക്കോൽ – N.E.S.ബ്ലോക്ക് | 800 മീറ്റർ | 4 മീറ്റർ |
| 7 | മന്ദിരം L.P.S – പൂവളത്തുമൂട് | 750 മീറ്റർ | 4 മീറ്റർ |

# ഊർജ്ജം

## വൈദ്യുതി:

മുളക്കുളം പഞ്ചായത്തിലെ പ്രധാന ഊർജ്ജ ഉറവിടമാണ് വൈദ്യുതി. ഗാർഹിക ഉപയോഗത്തിനാണ് ഇവിടെ വൈദ്യുതി കൂടുതലായി ഉപയോഗിക്കുന്നത്. ഈ പഞ്ചായത്തിൽ 2450 വീടുകൾ വൈദ്യുതീകരിച്ചവയാണ്. എല്ലാഭാഗത്തും വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. നിലവിലുള്ള 17 ട്രാൻഫോർമറുകൾക്കു പുറമെ അഞ്ച് എണ്ണംകൂടി അനുവദിച്ച് വോൾട്ടേജ് പ്രശ്നം പരിഹരിക്കാവുന്നതാണ്. മുളക്കുളം പഞ്ചായത്ത് പ്രതിവർഷം 80,000 രൂപയോളം വൈദ്യുതി ചാർജ് ഇനത്തിൽ ബോർഡിന് നൽകുന്നുണ്ടെങ്കിലും വഴിവിളക്കുകൾ മിക്കതും കത്തുന്നില്ലായെന്നത് ഖേദകരമാണ്. ഈ പഞ്ചായത്തിലെ ഒരു വാർഡിൽപോലും പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല. 2500 വീടുകളിൽ ഇനിയും വൈദ്യുതി എത്താനുണ്ട്. ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ പല വൈദ്യുതി ഓഫീസുകളുടെയും പരിധിയിൽ ആയതിനാൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുവാൻ വിഷമതകൾ നേരിടുന്നു. പ്രസരണ-വിതരണ ശൃംഖലകളിൽ ബോർഡിലെ ജീവനക്കാരുടെ ശ്രദ്ധക്കുറവ് എടുത്തു പറയേണ്ടതാണ്. ലൈൻ കമ്പികളിലേയ്ക്ക് മുട്ടിനിൽക്കുന്ന മരചില്ലകൾ മുറിക്കാത്തതും, കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തതുമൂലവും, അശ്രദ്ധകൊണ്ടും വന്നുകൂടുന്ന വൈദ്യുതി തകരാറ് നിത്യസംഭവമാണ്.

## നിർദ്ദേശങ്ങൾ:

1) എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.
2) പെരുവയിൽ ഇലക്ട്രിസിറ്റി ബോർഡിൻെറ സെക്ഷൻ ഓഫീസ് ആരംഭിക്കുക.
3) എല്ലാ പഞ്ചായത്ത് - PWD റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിക്കുകയും, നിലവിലുള്ളവ നന്നാക്കി പ്രവർത്തിപ്പിക്കുകയും ചെയ്യുക.
4) വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
5) ഇലക്ട്രിസിറ്റി ലൈൻമാൻമാരെ ഗ്രാമ പഞ്ചായ ത്തിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരികയും വഴി വിളക്കുകൾ ഇടുന്നതും, നന്നാക്കുന്നതും ഗ്രാമ പഞ്ചായത്തിൻെറ നേരിട്ടുള്ള മേൽനോട്ടത്തിൽ ആക്കുകയും ചെയ്യുക.
6) എല്ലാ കോളനികളിലും, പഞ്ചായത്തിൻെറ എല്ലാഭാഗത്തും വൈദ്യുതി എത്തിക്കുക.
7) ഇലക്ട്രിസിറ്റി ജീവനക്കാരുടെയും പൊതു ജനങ്ങളുടെയും സഹകരണത്തോടെ ലൈൻ കമ്പികളിലേയ്ക്ക് മുട്ടിനിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുക.
8) കേടായ മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയും, ഉപയോഗിക്കുന്ന വൈദ്യുതി കണക്കാക്കി ചാർജ്ജ് ഈടാക്കുകയും ചെയ്യുക. ഉപഭോക്താക്കൾ വൈദ്യുതി ഉപയോഗത്തിൽ സ്വയം നിയന്ത്രണം ഏർപ്പെടുത്തുക.
9) ഫ്ളൂറസെൻറ് ലാമ്പുകളുടെ ഉപയോഗം വർദ്ധിപ്പിക്കുക, സോളാർ വിളക്കുകൾ സ്ഥാപിക്കുക.

## പാചക ഇന്ധനം:

ഈ പഞ്ചായത്തിലെ 95% വീടുകളിലും പാചക ആവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്. ഗ്യാസ്-മണ്ണെണ്ണ സ്റ്റൗകൾ ഉപയോഗിക്കുന്നവർ 5%ൽ താഴെ മാത്രമേയുള്ളു.

| | |
|---|---|
| പഞ്ചായത്തിൽ ക്ഷമതയേറിയ പരിഷത്ത് അടുപ്പ് | 400 |
| ക്ഷമതയേറിയ സ്റ്റൗ | 400 |
| പ്രഷർകുക്കർ | 181 |
| ഫ്ളൂറസെൻറ് വിളക്ക് | 48 |
| സോളാർ വിളക്ക് | 17 |
| ഗോബർ ഗ്യാസ് | 20 |

ഊർജ്ജത്തിൻെറ പ്രധാന ഉറവിടമായ വിറകിൻെറ ദൗർലഭ്യം സാധാരണക്കാരെയും പാവപ്പെട്ടവരെയും അലട്ടുന്ന ഒന്നാണ്. പൊതുജന പങ്കാളിത്വത്തോടെ വിറകിനാവശ്യമായ മരങ്ങൾ വച്ചുപിടിപ്പിക്കുവാൻ കഴിഞ്ഞാൽ ഒരു പരിധിവരെ വിറക് ക്ഷാമം പരിഹരിക്കാം.

## മാർക്കറ്റ്

കാർഷിക മേഖലയായ മുളക്കുളം പഞ്ചായത്തിൻെറ ഹൃദയഭാഗമായ പെരുവ കേന്ദ്രീകരിച്ച് ദശാബ്ദങ്ങളായി ആഴ്ചചന്ത നിലനിന്നിരുന്നു. 1965ൽ 55 സെൻറ് സ്ഥലം വാങ്ങി പഞ്ചായത്ത് മാർക്കറ്റ് വിപുലീകരിച്ചു. വളരെ നാളുകൾക്കു മുമ്പു തന്നെ മലഞ്ചരക്ക് വ്യാപാരത്തിന് കേഴ്‌വി കേട്ടതായിരുന്നു പെരുവ മാർക്കറ്റ്. എന്നാൽ റബ്ബർ കൃഷിയുടെ പ്രചാരത്തോടെ മലഞ്ചരക്കു കൃഷി കുറഞ്ഞതോടെ ഇന്ന് ടി വ്യാപാരം നാമമാത്രമേയുള്ളു. ഇപ്പോൾ കോട്ടയം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട പച്ചക്കറി മാർക്കറ്റുകളിലൊന്നാണ് പെരുവ മാർക്കറ്റ്. വൈക്കം, തൃപ്പൂണിത്തുറ, എറണാകുളം, മട്ടാഞ്ചേരി, മൂവാറ്റുപുഴ, പെരുമ്പാവൂർ, കോതമംഗലം, അടിമാലി, ഏറ്റുമാനൂർ, തലയോലപ്പറമ്പ്, കോട്ടയം എന്നീ ടൗണുകളിലേയ്ക്ക് ഈ മാർക്കറ്റിൽ നിന്നും പച്ചക്കറികൾ ധാരാളമായി വ്യാപാരികൾ കയറ്റി അയച്ചുവരുന്നു. മറ്റൊരു പ്രധാന വ്യാപാരമാണ് റബ്ബർ വ്യാപാരം. ധാരാളം ചെറുകിട വ്യാപാരികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. കുരുമുളക്, മഞ്ഞൾ, ചുക്ക്, അടയ്ക്ക, കൊക്കോ, തേങ്ങ എന്നിവയുടെ വ്യാപാരവും നടക്കുന്നു.

ഇപ്പോൾ മാർക്കറ്റിൻെറ സ്ഥിതി വളരെ ദയനീയമാണ്. സ്ഥലപരിമിതിയും, സമയനിഷ്ടയില്ലാത്ത ചന്തയും, മലിനീകരണവും മൂലം ദുഃസ്ഥിതിയിലായ മാർക്കറ്റ് നവീകരിച്ച് വികസിപ്പിക്കുന്നതിനും, പഴയ പ്രതാപം വീണ്ടെടുക്കുന്നതിനും വേണ്ടി മുളക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രമിച്ചുവരികയാണ്.

### നിർദ്ദേശങ്ങൾ:-

1) പെരുവ മാംസ മാർക്കറ്റിൽ ആധുനിക രീതിയിൽ കശാപ്പുശാലയും വില്പനസ്റ്റാളും നിർമ്മിച്ച്, പരിസരമലിനീകരണം ഉണ്ടാകാത്തവിധം എത്രയും വേഗം പ്രവർത്തനം ആരംഭിക്കുക.
2) ഇപ്പോൾ പ്രയോജനമില്ലാതെ കിടക്കുന്ന സ്റ്റാളുകൾ പൊളിച്ചുനീക്കി, പച്ചക്കറി മാർക്കറ്റിന് കൂടുതൽ സൗകര്യം ഉണ്ടാക്കുക.
3) മത്സ്യമാർക്കറ്റിന് പ്രത്യേകം സ്റ്റാളുകൾ നിർമ്മിക്കുക.
4) മാർക്കറ്റിന് കൂടുതൽ സ്ഥലം ആവശ്യമായതിനാൽ മാർക്കറ്റിനോട് ചേർന്ന് പുറകിലുള്ള സ്ഥലം അക്വയർ ചെയ്തെടുക്കുകയും, നിലവിലുള്ള അതിർത്തി തിരിക്കുകയും ചെയ്യുക.
5) മത്സ്യ-മാംസ-സസ്യ മാർക്കറ്റ് പൂർണ്ണമായി വൈദ്യുതീകരിക്കുകയും, ക്ലീനിംഗിന് വാട്ടർ സപ്ലൈ കണക്ഷൻ കൊടുത്ത് വെള്ളം എത്തിക്കുകയും ചെയ്യുക.
6) സമയനിഷ്ടയില്ലാത്ത ചന്തകൾ കർശനമായി നിർത്തലാക്കി, കൃഷിക്കാരുടെയും വ്യാപാരികളുടെയും സഹകരണത്തോടെ തിങ്കൾ, വ്യാഴം എന്നീ രണ്ടു ദിവസങ്ങളിൽ മാത്രം രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണിവരെ മാത്രം ചന്ത നടത്തുന്നതിനുള്ള ക്രമീകരണം ചെയ്യുക.
7) ടോൾനിരക്ക് പ്രദർശിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുകയും, ടോൾ പിരിവിന് രസീത് കൊടുക്കുകയും ചെയ്യുക.
8) മാർക്കറ്റിൽ പരിസരമലിനീകരണം ഉണ്ടാകാത്തവിധം ശുചീകരണ പ്രവർത്തനങ്ങൾ നടത്തിക്കുന്നതിന് വേണ്ട നടപടികൾ കർശനമായി സ്വീകരിക്കുക.
9) മാർക്കറ്റിനകത്ത് മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ഓടകൾ നിർമ്മിച്ച് സ്ലാബിടുക.
10) മാർക്കറ്റിനോടനുബന്ധിച്ച് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുകയും, ശുചിത്വം പാലിക്കുകയും ചെയ്യുക.

***



# ഭവന നിർമ്മാണവും, സാമൂഹ്യക്ഷേമവും

സാമൂഹ്യജീവിതത്തിൽ മനുഷ്യന് ആഹാരവും വസ്ത്രവും പോലെ പ്രാധാന്യമുള്ളതാണല്ലോ സുരക്ഷിതമായൊരു വീട്. വീട് എന്ന സങ്കല്പം ഉടലെടുത്ത കാലഘട്ടം മുതൽ ജന്മി നാടുവാഴി ഭരണഘട്ടങ്ങളിലൂടെ കടന്ന് ജനാധിപത്യ ഭരണക്രമത്തിലേക്കു മാറിയപ്പോൾ ആ മാറ്റത്തിനനുസരിച്ച് വീടുകൾക്കും മാറ്റങ്ങളുണ്ടായി. ഒരു വ്യക്തിയുടെ അല്ലെങ്കിൽ കുടുംബത്തിൻെറ സാമൂഹ്യ പദവിയുടെ പ്രതിരൂപമായാണ് വീടുകൾ നിർമ്മിച്ചിരുന്നത്. പ്രതാപത്തിൻേറയും, പ്രൗഢിയുടേയും പ്രതിരൂപങ്ങളായി നാലുകെട്ടും, നടുമുറ്റവും, അറയും, നിരയും, ചുറ്റു മതിലും, പടിപ്പുരയുമുള്ള വലിയ വീടുകളായിരുന്നു അന്നുണ്ടായിരുന്നത്. നമ്മുടെ പഞ്ചായത്തിൽ ഇതിനു സമാനമായ ചില വീടുകളുണ്ട്.

രാജാവ് താമസിക്കുന്ന വീടിന് കൊട്ടാരം എന്നും, ബ്രാഹ്മണൻ താമസിക്കുന്ന വീടിന്, ഇല്ലം, മന, മഠം എന്നുമൊക്കെയാണ് വിളിച്ചിരുന്നത്. മറ്റുള്ളവർ താമസിക്കുന്നതിന് വീട് എന്നും വിളിച്ചിരുന്നു. സിമൻറ് കണ്ടുപിടിക്കുന്നതിനു മുമ്പ് വെട്ടുകല്ലും, തടിയും, ഓടും കൊണ്ടാണ് വീടുകൾ നിർമ്മിച്ചിരുന്നത്, കുമ്മായവും, മണലും, അരിച്ച് നീളത്തിൽ ആഴം കുറഞ്ഞ കുഴിയുണ്ടാക്കി അതിലിട്ട് പാകത്തിന് വെള്ളം ചേർത്തു ഇടിച്ചു പതം വരുത്തിയാണ് ഭിത്തികൾ തേച്ചുമിനിക്കിയിരുന്നത്. ഇതു പണിയുന്നവരുടെ കരവിരുത് വിളിച്ചറിയിക്കത്തക്ക വിധമുള്ള കൊത്തുപണികളും ധാരാളം ഉണ്ടായിരുന്നു. പഴയ കാലങ്ങളിൽ പണിതിട്ടുള്ള അമ്പലങ്ങളും, പള്ളികളും ചില വീടുകളും പരിശോധിച്ചാൽ അന്നത്തെ നിർമ്മാണ രംഗത്തുണ്ടായിരുന്ന പ്രത്യേകതകളെക്കുറിച്ചു മനസ്സിലാക്കാൻ കഴിയും.

എന്നാൽ അടിമത്വത്തിനു വിധേയരായി സമൂഹത്തിൻെറ പിന്നാമ്പുറങ്ങളിൽ മൃഗതുല്യരായി കഴിഞ്ഞിരുന്ന അധസ്ഥിത ജനവിഭാഗങ്ങൾ താമസിച്ചിരുന്ന വീടുകൾക്ക് "മാടം" എന്നേ പറയാമായിരുന്നുള്ളു. അന്നത്തെ സാമൂഹ്യ അവസ്ഥയിൽ അതിനേ കഴിയുമായിരുന്നുള്ളു. കാലിത്തൊഴുത്തിനു തുല്യമായ ചെറ്റക്കുടിലുകളിലായിരുന്നു ഈ വിഭാഗങ്ങൾ താമസിച്ചിരുന്നത്. മഹാകവി കുമാരനാശാൻെറ ഭാഷയിൽ പറഞ്ഞാൽ

കാണാം ചെറുതായകലെ നിന്നാലൊരു
കൂണെന്ന പോലെ വയൽ വരമ്പിൽ
അന്തികത്തിൽ ചെല്ലുംന്തോറുമൊരു
ചൊവ്വും ചന്തവുമില്ലാ കുടിലു കണ്ടാൽ
വൃത്തവും, കോണും ചതുരവുമില്ലായതിൽ
എത്തി നോക്കീട്ടില്ല ശില്പി തന്ത്രം.

ഇതുപോലെയുള്ള ചെറ്റക്കുടിലുകളിൽ മൃഗതുല്യരായി കഴിഞ്ഞിരുന്ന ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും ഇന്നും ചെറ്റക്കുടിലുകളിലാണ് താമസിക്കുന്നത്. പിന്നീട് പടിപടിയായിട്ടുള്ള സാമൂഹ്യ മാറ്റത്തിലൂടെ ഉച്ചനീചത്വങ്ങളുടെ ചങ്ങലക്കെട്ടുകൾ അഴിയാൻ തുടങ്ങി. അവസര സമത്വങ്ങളുടെ പന്ഥാവുകൾ വെട്ടിത്തെളിക്കാനുതകുന്ന സാമൂഹ്യ ഇടപെടലുകളുടെ ഫലമായാണ് ഇന്നത്തെ അവസ്ഥയിൽ നാം എത്തിനിൽക്കുന്നത്. ഇന്നിപ്പോൾ പണമുണ്ടെങ്കിൽ ജാതിമത ഭേദമെന്യേ ആർക്കും അവരവരുടെ അഭിഷ്ടമനുസരിച്ചു വീടു നിർമ്മിക്കാം.

ഭവനനിർമ്മാണരംഗത്ത് സിമൻറും, കമ്പിയും, മെറ്റലും, മണലും, ഉപയോഗിച്ചു കോൺക്രീറ്റു ചെയ്യാൻ തുടങ്ങിയതോടുകൂടി ഭവനനിർമ്മാണ ശൈലി തന്നെ മാറിപ്പോയി. രൂപത്തിലും ഭാവത്തിലും മാറ്റം വന്നു. സ്ഥാനം നോക്കി തച്ചുശാസ്ത്രവിധി പ്രകാരമായിരുന്നു വീടു നിർമ്മാണം നടന്നിരുന്നത്. ഇപ്പോഴും സ്ഥാനം നോക്കുന്ന പതിവുണ്ട്. പട്ടണ പ്രദേശങ്ങളിൽ സ്ഥാനം നോക്കുന്ന പതിവില്ല. ഇന്നിപ്പോൾ എൻജിനീയറിംഗ് സിസ്റ്റമാണ് കൂടുതലും ഉപയോഗപ്പെടുത്തുന്നത്. കഴിഞ്ഞ 30 വർഷങ്ങൾക്കുള്ളിൽ ഭവനനിർമ്മാണ രംഗത്ത് വമ്പിച്ചൊരു മാറ്റമാണ് വന്നത്. ഒന്നാമതായി നിർമ്മാണ രംഗത്തുള്ള വമ്പിച്ച മുതൽമുടക്കാണ്. സാധാരണക്കാരന് അപ്രാപ്യമായ നിലയിൽ സിമൻറിനും, കമ്പിക്കും, മണലിനും, ഇഷ്ടികയ്ക്കും, വെട്ടുകല്ലിനും, തടിയ്ക്കുമെല്ലാം വില ദുർവഹമായ നിലയിൽ വർദ്ധിച്ചു. 25 വർഷങ്ങൾക്കു മുമ്പ് പണിത വീടിൻെറ ചിലവിൻെറ കണക്കു കാണാൻ ഇടയായി. ഇന്നത്തെ വില എത്ര ദുർവഹവും, ഭീകരവുമാണ് എന്ന് ആ കണക്കു കണ്ടാൽ ബോദ്ധ്യമാകും.

അന്ന് 1 കോൽ പട്ടികയ്ക്ക് 25 പൈസയായിരുന്നത് ഇന്ന് 8 രൂപാ കൊടുക്കണം. ഒരു ചാക്ക് സിമൻറിന് 7 രൂപാ, 8 രൂപാ വിലയായിരുന്നത് ഇന്ന് 185 രൂപയാണ്. ഒരു ലോഡ് കരിങ്കല്ലിന് 18 രൂപയായിരുന്നത് ഇന്ന് 385 രൂപയാണ്. 100 വെട്ടുകല്ലിന് 15 രൂപയായിരുന്നത് 500 രൂപയാണ് വില. ഇഷ്ടികയ്ക്ക് 7 പൈസ, 10 പൈസ വിലയുണ്ടായിരുന്നതിന് ഇന്ന് 2 രൂപയിൽ കൂടുതലായി. 1 കിലോ കമ്പിക്ക് 65 പൈസ വിലയുണ്ടായിരുന്നത് ഇന്ന് 12 രൂപാ, 16 രൂപാ എന്നിങ്ങനെ വില കുതിച്ചു കയറുന്നു. പണിക്കൂലിയും സാധാരണക്കാരന് താങ്ങാനാവാത്ത വിധം വർദ്ധിച്ചു. 5 രൂപാ തച്ചു പണിക്കാരനും, 3 രൂപാ പല വേലക്കാരനും കൂലിയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് തച്ചുപണിക്കാരന് 150 രൂപാ കൂലിയും, പല വേലക്കാരന് 60 രൂപാ, 80 രൂപാ കൂലിയുമായി. അങ്ങനെ എല്ലാ രംഗത്തും വർദ്ധനവാണ് നിർമ്മാണ രംഗത്ത് വന്നത്.

ഇതിന് കാരണം പലതുണ്ട്. ഒന്ന് ഗൾഫ് പണത്തിൻെറ സ്വാധീനം, റബ്ബർ മേഖലയുടെ വളർച്ച, രൂപയുടെ

മൂല്യശോഷണം, കമ്പോള സംസ്ക്കാരം, എന്നിവയെല്ലാം ഈ വില വർദ്ധനവിനു കാരണമാണ്.

എന്നാൽ എത്ര വലിയ വില വർദ്ധിച്ചാലു, എത്ര കൂലിച്ചിലവു കൂടിയാലും, രണ്ടോ, മൂന്നോ, നാലോ പേർക്കു താമസിക്കുന്നതിന് ഇരുനില രമ്യഹർമ്മ്യങ്ങൾ പടുത്തുയർത്തുന്നതു കാണാം. മാർബിൾ, മൊസൈക്ക്, ഗ്രാനൈറ്റ് മുതലായ ഏറ്റവും വില കൂടിയ സാമഗ്രികൾ കൊണ്ടാണ് ഈ ഹർമ്മ്യങ്ങൾ പണിയുന്നത്. പ്രൗഢിയും, പ്രതാപവും കാണിക്കുന്നതിനും, കള്ളപ്പണം ചിലവഴിക്കുന്നതിനും വേണ്ടിയാണ് ലക്ഷങ്ങൾ ചിലവഴിച്ചുള്ള വീടുകൾ നിർമ്മിക്കുന്നത്. ഇവർ കുളിമുറിക്കും, കക്കൂസിനും മാത്രം ചിലവഴിക്കുന്ന പൈസയുണ്ടെങ്കിൽ ഈ പഞ്ചായത്തിൽ കുടിലുകളിൽ താമസിക്കുന്ന നാലഞ്ചു കുടുംബങ്ങൾക്ക് ഓടിട്ട വീടു നിർമ്മിച്ചു കൊടുക്കുവാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ ഒന്നും, രണ്ടും, വാർഡിൻെറ പടിഞ്ഞാറു ഭാഗം, നാലാം വാർഡ് 9,10, വാർഡുകൾ എന്നിവിടങ്ങളിൽ ആണ് ഏറ്റവും പണച്ചിലവുള്ള വീടുകൾ കാണുന്നത്. എന്നാൽ സാധാരണക്കാരന് ഒരു ചെറിയ വീട് പണിയുന്നതിന് എന്തെല്ലാം ക്ലേശങ്ങളാണ് സഹിക്കേണ്ടിവരുന്നത്. മിക്കപ്പോഴും വീടു പണികഴിയുമ്പോൾ വലിയ കടക്കാരനായി മാറുകയാണ്. നിരവധി ആളുകൾ ഭവന രഹിതരായി നമ്മുടെ പഞ്ചായത്തിലുണ്ട്.

നമ്മുടെ പഞ്ചായത്ത് 7191 ഏക്കർ സ്ഥലം വരുന്നതാണ്. 1991 സെൻസസ് പ്രകാരം 4754 വീടുകളിലായി 23,663 ജനങ്ങളുണ്ടെന്നായിരുന്നു കണക്ക്. എന്നാൽ നമ്മുടെ പഞ്ചായത്തിലുള്ള 4997 റേഷൻ കാർഡ്കളിലെ അംഗങ്ങളുടെ കണക്കു പരിശോധിച്ചപ്പോൾ 25650 ജനങ്ങളാണുള്ളത്. 22051 പ്രായപൂർത്തിയായവരും 3599 കുട്ടികളുമാണുള്ളത്. 1991 നേക്കാൾ ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടെന്നു കാണാം. ജനസംഖ്യാ വർദ്ധനവിൻെറ അടിസ്ഥാനത്തിൽ വീടുകളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. ഈ വർഷം വരെയുള്ള പഞ്ചായത്തു റജിസ്റ്റർ പ്രകാരം 6031 വീടുകളാണുള്ളത്. അതിൽ 2956 ഓടു വച്ച വീടുകളും 1021 കോൺക്രീറ്റുവീടുകളും, 520 ഓടും കോൺക്രീറ്റുമായ വീടുകളും 1534 കുടിലുകളുമാണ്. കുടിലുകളിൽ പലതും ഓടിട്ട വീടുകളായിട്ടുണ്ടാവും. I.R.D.P. സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ 753 പേർക്ക് വീടുകൾ ഉണ്ടാ കണം. വാർഡ് അടിസ്ഥാനത്തിൽ ആവശ്യമായ വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡുകൾ | വീടുകളുടെ എണ്ണം | വാർഡുകൾ | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | 80 | 7 | 50 |
| 2 | 52 | 8 | 86 |
| 3 | 45 | 9 | 31 |
| 4 | 108 | 10 | 65 |
| 5 | 89 | 11 | 93 |
| 6 | 54 | ആകെ | 753 |

സർക്കാർ അർദ്ധസർക്കാർ മുഖേന നടപ്പാക്കിയ പദ്ധതികൾ പ്രകാരം 79 വീടുകൾ അനുവദിച്ചതിൽ 43 എണ്ണമാണ് പൂർത്തീകരിച്ചത്.

R.H.S ഭവന നിർമ്മാണ പദ്ധതിയനുസരിച്ച്

| | | |
|---|---|---|
| 1985 മുതൽ 1987 വരെ | 152 | പേർക്ക് |
| 1987 മുതൽ 1989 വരെ | 38 | പേർക്ക് |
| 1990 കൈരളി ഭവനം | 19 | പേർക്ക് |
| 1993 4-ാം ഘട്ടം | 15 | പേർക്ക് |
| 1995 പ്രകൃതിക്ഷോഭം | 45 | പേർക്ക് |
| ആകെ | 269 | |

മറ്റെല്ലാത്തിനും ഉപരിയായി ഈ രംഗത്ത്, നിലവിലിരിക്കുന്ന ആസൂത്രണപരിപാടികളും, അതിൻെറ നടത്തിപ്പും എത്ര വികലവും അശാസ്ത്രീയവുമായിരുന്നുവെന്നതിനും വേറെ തെളിവ് ആവശ്യമില്ല.

1991-ലെ സെൻസസ് പ്രകാരമുള്ള 4754 വീടുകളിൽ നിന്നും പഞ്ചായത്തു രജിസ്റ്റർ പ്രകാരമുള്ള 6031 വീടുകളിലേക്കുള്ള വർദ്ധനവുകാണിക്കുന്നത് ജനസംഖ്യയും വർദ്ധിച്ചിട്ടുണ്ടെന്നാണല്ലോ. ഈ ജനസംഖ്യാ വർദ്ധനവ് കൂട്ടുകുടുംബങ്ങൾ വർദ്ധിക്കാനിടയാക്കുന്നുണ്ട്. അതുകൊണ്ട് ഭവനനിർമ്മാണരംഗത്തുള്ള നടപടികൾ തുടർന്നു കൊണ്ടേയിരിക്കണം. അതിനു തക്ക സ്ഥിരം സംവിധാനം വേണം.

ഭവന നിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന സംഘങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. കടുത്തുരുത്തി മണ്ഡലത്തിൽ, കടുത്തുരുത്തിയിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. വിവിധ പഞ്ചായത്തുകളിലെ ജനങ്ങൾ ഇതിൽ അംഗങ്ങളാണ് നമ്മുടെ പഞ്ചായത്തിലും നിരവധി അംഗങ്ങളുണ്ട്. എന്നാൽ സാധാരണക്കാർക്കും, കൂലിവേലക്കാർക്കും ഇവിടെ നിന്നും വായ്പയെടുത്ത് വീടു നിർമ്മിക്കാൻ കഴിയുന്ന തരത്തിലല്ല അവിടുത്തെ നടപടിക്രമങ്ങൾ. അമിതമായ പലിശയും, സങ്കീർണ്ണങ്ങളായ നടപടിക്രമങ്ങളും, കടുത്ത ജാമ്യ വ്യവസ്ഥയുമാണ് ഇതിനു കാരണം. സ്ഥിരം വരുമാനക്കാർക്കും സാമ്പത്തിക ഭദ്രതയുള്ളവർക്കും മാത്രമേ ഈ സംഘം കൊണ്ടു പ്രയോജനമുള്ളു.

ഭവന നിർമ്മാണ രംഗത്തുള്ള ഈ അരാജകാവസ്ഥക്കു പരിഹാരം കാണുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീടും സ്ഥലവും ഈടായി വായ്പ അനുവദിക്കുക.
2. പലിശ നിരക്കു കുറയ്ക്കുക.
3. പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ച് കെട്ടിട നിർമ്മാണസാമഗ്രികൾ നിർമ്മിച്ച് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുക.
4. ഇങ്ങനെയുള്ള സംഘങ്ങൾക്ക് സിമൻറ്, മണൽ, കമ്പി, മെറ്റൽ, മുതലായവ വില കുറച്ച് ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുക.

5. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന സാമഗ്രികൾക്കു നികുതി ഇളവു ചെയ്യുക.

6. പഞ്ചായത്ത് അടിസ്ഥനത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കണം.

7. ചിലവു കുറഞ്ഞതും മനോഹരവുമായ വീടുനിർമ്മാണത്തെ കുറിച്ച് ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുക.

8. താല്പര്യമുള്ള വരെ തെരഞ്ഞെടുത്ത് ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുക.

9. വീടു പണിയുന്നവർ തന്നെ പരമാവധി സാമഗ്രികൾ സ്വയം നിർമ്മിക്കാൻ തക്ക അറിവും അവസരവും സഹായവും നൽകുക.

10. ലക്ഷങ്ങൾ ചിലവിട്ട് വലിയ മണിമാളികകൾ പണിയുന്നത് നിയമം മൂലം നിരോധിക്കുക. ഇങ്ങനെയുള്ള കെട്ടിടങ്ങൾക്ക് ഇന്നുള്ള നികുതി വർദ്ധിപ്പിക്കുക.

11. സാമ്പത്തിക സഹായത്തിന്റെ തോത് വർദ്ധിപ്പിക്കുക.

ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിയുമെങ്കിൽ ഭവന നിർമ്മാണരംഗത്ത് മാറ്റങ്ങളുണ്ടാക്കാൻ കഴിയും.

## കോളനികളുടെ സ്ഥിതി

മുളക്കുളം പഞ്ചായത്തിലുള്ള 15 കോളനികളിലായി 445 വീടുകളുണ്ട്. അതിൽ 199 കുടുംബങ്ങൾ കുടിലുകളിലാണ് താമസിക്കുന്നത്. പഞ്ചായത്തടിസ്ഥാനത്തിൽ 1411 കുടുംബങ്ങൾക്ക് കക്കൂസില്ല. അതിൽ കോളനിവാസികളായ 227 പേർക്ക് കക്കൂസില്ല, 2696 കുടുംബങ്ങൾ വൈദ്യുതികരിച്ചിട്ടില്ല. അതിൽ 280 കുടുംബങ്ങൾ കോളനികളിലാണ്. 518 പുരുഷന്മാരും 542 സ്ത്രീകളും 326 ആൺകുട്ടികളും 285 പെൺകുട്ടികളുമടക്കം 1671 ജനങ്ങൾ കോളനികളിലായി ജീവിക്കുന്നുണ്ട്.

കൂട്ടാനിക്കൽ കോളനി, ഓലിപ്പടവുകോളനി, 8-ാം വാർഡിലെ വരാക്കുന്നേൽ കോളനി, ജാതിക്കാമല കോളനി എന്നിവിടങ്ങളിൽ യാതൊരു വികസനപ്രവർത്തനങ്ങളും നടന്നിട്ടില്ല. വരാക്കുന്നേൽ കോളനിയിൽ ഒരാൾക്കൊഴികെ മറ്റെല്ലാവർക്കും കക്കൂസു കിട്ടിയിട്ടുണ്ട് കോളനികളിൽ താമസിന്ന മുഴുവൻ കുടുംബങ്ങൾക്കും വീടും കക്കൂസും നൽകാനുള്ള നടപടികൾക്ക് മുൻഗണന നൽകണം. പള്ളിമുഖേന, S.N.D.P പോലുള്ള സംഘടനകൾ മുഖാന്തിരം അവർക്കു കഴിയാവുന്ന തരത്തിൽ വീടുകൾ നൽകിയിട്ടുണ്ട്.

അറുനൂറ്റിമംഗലം, പൂഴിക്കോൽ ലക്ഷം വീടുകൾ ഇടിഞ്ഞു പൊളിഞ്ഞു വീഴാറായി നിൽക്കുകയാണ്. എപ്പോൾ വേണമെങ്കിലും അപകടം സംഭവിക്കാം. ഈ കെട്ടിടങ്ങൾ എത്രയും വേഗം പൊളിച്ചുമാറ്റി ഓരോ കുടുംബങ്ങൾക്കും ഓരോ വീടു നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം ചെയ്യണം. ഈ കോളനികളിൽ പൊതു സ്ഥലങ്ങളും സാംസ്ക്കാരികകേന്ദ്രങ്ങളും ടി.വി.യും സ്ഥാപിക്കണം. കോളനികളിലും കോളനിക്കുവെളിയിലും ലോൺ എടുത്തും സ്വന്തം പൈസ മുടക്കിയും സാധാരണക്കാർക്കും പാവപ്പെട്ടവർക്കും പണിതിട്ടുള്ള വീടുകൾ ഇടിഞ്ഞു പൊളിഞ്ഞു വീഴാറായി നിൽക്കുകയാണ്. മുമ്പു സൂചിപ്പിച്ചതുപോലെ ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും, പണിക്കൂലിയുടെ വർദ്ധനവുമൂലം കൂലി വേലക്കാരായ ആളുകൾക്ക് വീടിന്റെ അറ്റകുറ്റപ്പണിതീർക്കാൻ കഴിയുന്നില്ല. പലയാളുകളും ഭീതിയോടെയാണ് ഇത്തരം വീടുകളിൽ കഴിഞ്ഞുകൂടുന്നത്. എപ്പോൾ വേണമെങ്കിലും അപകടം സംഭവിക്കാം. കെടുതികളിൽ പെട്ടുപോകുന്ന വീടുകൾക്കുമാത്രമേ ഇപ്പോൾ വില്ലേജാഫീസുമുഖാന്തരം തുഛമായ സാമ്പത്തിക സഹായം കിട്ടുന്നുള്ളു.

അതുപോലെ മുളക്കുളം പഞ്ചായത്തിൽ 17 കുടുംബങ്ങൾ റോഡുപുറംമ്പോക്കിൽ താമസിക്കുന്നു അതിൽ 8 കുടുംബങ്ങൾ കുന്നപ്പിള്ളി റോഡു പുറംമ്പോക്കിലാണ്. ഇവർക്ക് പട്ടയം നൽകി വീടു പണിയാനുള്ള സാമ്പത്തിക സഹായം ചെയ്യണം.

ഒരു ഭാഗത്ത് പണം എന്തുചെയ്യണമെന്ന് അറിയാതെ ലക്ഷങ്ങൾ ചെലവഴിച്ച് രമ്യഹർമ്മ്യങ്ങൾ പടുത്തുയർത്തുമ്പോൾ മറുവശത്ത് ഒന്നു തലചായ്ക്കാൻ ഇടമില്ലാത്തവരും കാലിത്തൊഴുത്തിനു സമാനമായ കുടിലുകളിൽ കഴിയേണ്ടി വരുന്നവരുമാണ് നമുക്ക് ചുറ്റും.

ഈ പരിത:സ്ഥിതികൾ പരിഗണിച്ച് ഭവന നിർമ്മാണ രംഗത്തുള്ള പ്രശ്നപരിഹാരങ്ങൾ ജനങ്ങളുടെ സഹകരണത്തോടും സഹായത്തോടും കൂടി നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

> "ഓരോരുത്തരുടേയും ആവശ്യങ്ങൾ നിർവഹിക്കുവാനുള്ള വിഭവങ്ങൾ ഇവിടെയുണ്ട് എന്നാൽ ആരുടേയും അത്യാഗ്രഹത്തിനനുസരിച്ചിട്ടില്ലതാനും."
>
> "മഹാത്മാഗാന്ധി"

## ദാരിദ്ര്യം

1991-ലെ സെൻസസ് പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 23,663 ആയിരുന്നു. എന്നാൽ മുളക്കുളം പഞ്ചായത്തിലെ 16 റേഷൻ കടകളിലായി നിലവിലുള്ള 4997 റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ള ജനസംഖ്യ 25650 ആണ്. I.R.D.P. സർവെ പ്രകാരം 2141 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കുതാഴെയാണ്. അതിൽ 100 കുടുംബങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടേതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ പൊതുവെ ഭൂരഹിതർ, നാമമാത്ര ഭൂമിയുള്ളവർ, കൂലിവേലക്കാർ എന്നീ തരത്തിൽപ്പെട്ടവരാണ്. കാർഷികമേഖലയിൽ നിന്നോ തൊഴിൽമേഖലയിൽ നിന്നോ ഈ സാമൂഹ്യ സാഹചര്യത്തിൽ മെച്ചപ്പെട്ട ജീവിതം കരുപ്പിടിപ്പിക്കുവാൻ പര്യാപ്തമായ വരുമാനം ലഭ്യമല്ലായെന്നതാണ് ഇവർ അനുഭവിക്കുന്ന പ്രധാന പ്രതിസന്ധി.

സമൂഹത്തിൽ ജീവിതക്ലേശമനുഭവിക്കുന്നവരുടെ യാതനകൾക്കും വേദനകൾക്കും അറുതിവരുത്തുകയെന്നത് ഏതൊരു ഭരണകൂടത്തിന്റേയും മുഖ്യ കടമയാണ്. അഗതികൾ, വാർദ്ധക്യത്തിലെത്തിയവർ, വികലാംഗർ, വിധവകൾ, രോഗബാധിതർ, മിശ്രവിവാഹിതർ, എന്നിവർ പ്രത്യേക സംരക്ഷണം അർഹിക്കുന്നവരാണ്. ഇവരുടെ ക്ഷേമത്തിന് നിരവധി പദ്ധതികൾ നിലവിലുണ്ട്. എന്നാൽ നാളിതുവരെയുള്ള പദ്ധതി നടത്തിപ്പുകൾ ഇവരുടെ പ്രശ്നങ്ങളൊന്നും

പരിഹരിക്കാൻ പര്യാപ്തമാകുന്നില്ല. അഥവാ എന്തെങ്കിലും ധനസഹായം ലഭിക്കുന്നവർക്ക് യഥാ സമയം ലഭിക്കുന്നില്ല. അനർഹരായവർ അവിഹിത മാർഗ്ഗത്തി ലൂടെ ഇത്തരം ധനസഹായങ്ങൾ തട്ടിയെടുക്കുന്നുവെന്ന ആക്ഷേപവും നിലവിലുണ്ട്.

## ദാരിദ്ര്യനിർമ്മാജ്ജന പരിപാടി

മുൻ സൂചിപ്പിച്ച ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 2141 കുടും ബങ്ങളെ ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിക്കാൻ നടത്തിയ സർക്കാർ നടപടികൾ പരിശോധിച്ചാൽ കടലിൽ കായം കലക്കിയതു പോലുള്ള അനുഭവമാണ്. ദാരിദ്ര്യരേഖയ്ക്കു താഴെ കണക്കാക്കിയിരുന്ന 2129 കുടും ബങ്ങളിൽ വെറും 141 കുടുംബങ്ങൾക്കാണ് സാമ്പത്തിക സഹായം ലഭിച്ചത്. ഈ സഹായം ലഭിച്ചവരിൽ വെറും 12 കുടുംബങ്ങളാണ് ദാരിദ്ര്യ രേഖക്ക് മുകളിൽ എത്തി യതെന്നാണ് ഒരു ഔദ്യോഗിക കണക്ക്. ഈ പദ്ധതികൾ നടപ്പാക്കിയവരുടെ മനസ്സമാധാന ത്തിനുണ്ടാക്കിയ കണക്കാണിതെന്ന് വ്യക്തമാണ്.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ കണക്കു പരിശോധിച്ചാൽ വെറും 17 പേരാണ് ഉള്ളത്. 116 പേരാണ് സ്വയം തൊഴിൽ കണ്ടെത്തിജീവിക്കുന്നവർ. സ്ത്രീകളിൽ തൊഴിൽ സംരഭകരായി വെറും 20 പേരാണ് ഉള്ളത്. 1995- 96 ൽ പഞ്ചായത്തിന്റെ 2-ാം വാർഡിലും, 1994-95 ൽ 11-ാം വാർഡിലും ആരംഭിച്ചതാണിത്. OWCRA പദ്ധതിപ്ര രമാണ് ഈ പദ്ധതികൾ ആരംഭിച്ചത്. 2-ാം വാർഡിൽ നെല്ലുകുത്തി അരിയാക്കി വില്ക്കുന്നതും 11-ാം വാർഡിൽ ഡയറി യൂണിറ്റുമാണ് പ്രവർത്തിക്കുന്നത്.

ഈ കണക്കുകളെല്ലാം സൂചിപ്പിക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെല്ലാം നിലവിലുള്ള പ്രശ്നങ്ങൾ ക്കൊന്നും പരിഹാരം കാണാൻ കഴിയാത്തതായിരുന്നു വെന്നാണ്.

## നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിന്റെ മേൽ നോട്ടത്തിലും നിയന്ത്രണ ത്തിലും ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ കണക്കു കൾ ശേഖരിക്കുക.
2. സ്വയം തൊഴിൽ ചെയ്യാൻ പറ്റുന്ന തരത്തിൽ സാമ്പത്തിക സഹായം ചെയ്യുക.
3. ചെറുകിട വ്യവസായം വളർത്തുവാനുള്ള കർമ്മ പരിപാ ടിക്ക് ശാസ്ത്രീയമായ സമീപനങ്ങൾ വിദഗ്ദ്ധരെ ഉപയോഗിച്ചു നടപ്പിലാക്കുക.

### I.R.D.P. സർവെ പ്രകാരം ദാരിദ്ര്യം നിർമ്മാർജ്ജന പദ്ധതി യുടെ രേഖ.

| വാർഡ് | I.R.D.P സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ നാളിതുവരെ | 1992 മുതൽ SC/ST സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ | സാമ്പത്തിക സഹായം ലഭിച്ച തുവഴി ദാരിദ്ര രേഖക്ക് മുകളിൽ എത്തയവർ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവരുൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 90 | 2 | 4 | 2 | _ | 90 |
| 2 | 202 | 7 | 21 | 3 | 1 | 201 |
| 3 | 190 | 3 | 5 | 2 | _ | 190 |
| 4 | 248 | 19 | 10 | 7 | 1 | 247 |
| 5 | 261 | 33 | 23 | 20 | 1 | 260 |
| 6 | 132 | 4 | 4 | 4 | _ | 132 |
| 7 | 287 | 5 | 7 | 2 | 1 | 286 |
| 8 | 240 | 5 | 21 | 8 | 4 | 236 |
| 9 | " | " | " | " | " | " |
| 10 | 180 | 3 | 12 | 2 | 1 | 179 |
| 11 | 311 | 19 | 34 | 17 | 3 | 308 |
| ആകെ | 2141 | 100 | 141 | 67 | 12 | 2129 |

4. ഓരോ ആറുമാസം കൂടുമ്പോഴോ, ഒരു വർഷം കഴിയുമ്പോഴോ പദ്ധതി നടത്തിപ്പിനെപ്പറ്റി അവലോകനം ചെയ്യുക.

# സഹായങ്ങൾ പെൻഷനുകൾ

## കർഷക തൊഴിലാളിപെൻഷൻ

പെൻഷൻ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണിത്. 1980-ൽ ഈ പഞ്ചായത്തിൽ 554 പേർക്ക് പെൻഷൻ കിട്ടിയതാണ്. അന്ന് ജനപ്രതിനിധികളാണ് പെൻഷൻ അർഹതയുള്ളവരെ തെരഞ്ഞെടുത്തിരുന്നത്. പിന്നീട് ഈ ചുമതല ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചു. അതുമൂലം ഇത് വെറും 135 പേർക്കായി കുറഞ്ഞു. അതിൽ അനഹർരായവരും പെൻഷൻ വാങ്ങുന്നുണ്ട്. അനർഹരെ ഒഴിവാക്കി, അർഹരായ മുഴുവൻ കർഷകതൊഴിലാളികൾക്കും പെൻഷൻ അനുവദിക്കണം.

## തൊഴിലില്ലായ്മ വേതനം

ഈ പഞ്ചായത്തിൽ നിലവിൽ 552 പേർ തൊഴിലില്ലായ്മ വേതനം വാങ്ങുന്നുണ്ട്. അനർഹരായവർ പലരും ഇത് നിയമ വിരുദ്ധമായി വാങ്ങുന്നുണ്ട്. ഇങ്ങനെയുള്ള വരെ തെരഞ്ഞു പിടിച്ച്, ഇവർ കൈപ്പറ്റിയതുക തിരിച്ചു പിടിക്കേണ്ടതാണ്. അർഹതയുള്ള പലർക്കും കിട്ടുന്നുമില്ല.

## വാർദ്ധക്യകാല പെൻഷൻ

ഈ പെൻഷന് അർഹരായവർ ഈ പഞ്ചായത്തിൽ നിരവധിയുണ്ട്. എന്നാൽ വെറും 15 പേർക്കാണ് കിട്ടുന്നത്. 32 പേർക്ക് അനുവാദമുണ്ട്. അർഹരായ മുഴുവൻ അപേക്ഷകർക്കും നൽകേണ്ട പെൻഷനാണിത്. 100 രൂപയാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്. ഈ തുക വർദ്ധിപ്പിക്കണം.

## വികലാംഗപെൻഷൻ

സാമൂഹ്യക്ഷേമ വകുപ്പു വഴിയാണ് ഇവർക്ക് ധനസഹയം ചെയ്യുന്നത്. 149 വികലാംഗർ നമ്മുടെ പഞ്ചായത്തിലുണ്ടെന്നാണ് കണക്ക്. ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്താനും തൊഴിൽ പരിശീലിപ്പിക്കാനും അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ സംരഭങ്ങൾക്ക് ആവശ്യമായ ധന സഹായം ചെയ്യണം. ഇപ്പോൾ കിട്ടുന്നതുകയിൽ വർദ്ധിപ്പിച്ചു നൽകണം. ഇപ്പോൾ - 75 രൂപയാണ് കിട്ടുന്നത്. 150 രൂപയായെങ്കിലും വർദ്ധിപ്പിക്കണം.

## വിധവാപെൻഷൻ

ഇപ്പോൾ, വിധവകളായ 91 പേർക്കാണ് സാമ്പത്തിക സഹായം ലഭിക്കുന്നത്. വില്ലേജാഫീസറന്മാരുടെ താല്പര്യമനുസരിച്ചാണ് പെൻഷൻ അനുവദിക്കുന്നത്. ഇപ്പോഴും അർഹരായ പല വിധവകൾക്കും ഈ സാമ്പത്തിക സഹായം ലഭിക്കുന്നില്ല. തികച്ചും അനുകമ്പ അർഹിക്കുന്ന ഇവരുടെ വാർഡു തലത്തിൽ ഉള്ള കണക്കു ശേഖരിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു സാമ്പത്തിക സഹായം ലഭ്യമാക്കണം.

## ക്ഷേമനിധികൾ

കർഷകതൊഴിലാളി ക്ഷേമനിധി, കർഷകക്ഷേമ നിധി, ആർട്ടിസാൻസ് ക്ഷേമനിധി എന്നിവയിൽ അംഗങ്ങളായിട്ടുള്ളവർ മുളക്കുളം പഞ്ചായത്തിലുണ്ട്. അതിൽ 1228 പേർ അംഗങ്ങളായി കർഷകതൊഴിലാളി ക്ഷേമനിധിയാണ് മുന്നിൽ നിൽക്കുന്നത്.

മുഴുവൻ തൊഴിലാളികളെയും, കൃഷിക്കാരെയും ക്ഷേമനിധികളിൽ അംഗങ്ങളാക്കി അതിൻെറ പ്രവർത്തനങ്ങളും പണമിടപാടുകളും പഞ്ചായത്തു കേന്ദ്രീകരിച്ചു പ്രവർത്തിപ്പിക്കാനും നടപടി സ്വീകരിക്കണം.

നമ്മുടെ പഞ്ചായത്തിൽ വിവിധ വിഭാഗത്തിൽ പെൻഷൻ ലഭിക്കുന്നവരുടെ പട്ടിക

| | | |
|---|---|---|
| വികലാംഗ പെൻഷൻ | – | 148 പേർക്ക് |
| വാർദ്ധക്യകാലപെൻഷൻ | – | 32 പേർക്ക് |
| വിധവാപെൻഷൻ | – | 91 പേർക്ക് |
| കർഷകതൊഴിലാളിപെൻഷൻ | – | 135 പേർക്ക് |
| തൊഴിലില്ലായ്മാ വേതനം | – | 552 പേർക്ക് |
| മഹളാ സമാജങ്ങൾ | | |

# അംഗൻവാടികൾ

നമ്മുടെ പഞ്ചായത്തിൽ 6 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട് 1, 4, 5, 7, 9, എന്നീ വാർഡുകളിൽ ബാലവാടികളോ, അംഗനവാടികളോ ഇല്ല.

പഞ്ചായത്തിൽ 15 കോളനികൾ ഉള്ളതിൽ മുളക്കുളം ഹരിജൻ കോളനിയിൽ മാത്രമാണ് ഒരു ബാലവാടി പ്രവർത്തിക്കുന്നത്. ഒരു രണ്ടു കിലോമീറ്ററിനുള്ളിൽ ഒരു ബാലവാടിയോ മാതൃസംരക്ഷണ കേന്ദ്രങ്ങളോ വേണ്ടതാണ്. എല്ലാ കോളനികളിലും, ബാലവാടിയോ, നേഴ്സറികളോ പ്രവർത്തിക്കണം. 91 സെൻസസ്സ് പ്രകാരം 2566 കുട്ടികളുണ്ടായിരുന്നു. ലഭ്യമായ കണക്കനുസരിച്ച് 170 കുട്ടികളാണ് ബാലവാടികളിലെത്തുന്നത്. ജനസംഖ്യാനുപാതികമായി ബാലവാടികളുടേയും, മാതൃസംരക്ഷണ കേന്ദ്രത്തിൻെറയും എണ്ണം കൂട്ടണം. ഒരു വാർഡിൽ 2 ബാലവാടികളെങ്കിലും സ്ഥാപിക്കണം. ബാലവാടി ടീച്ചർമ്മാർക്ക് നിസ്സാര ശമ്പളമേ ലഭിക്കുന്നുള്ളു. ആയമാർക്കും തുഛമായ ശമ്പളമേയുള്ളു. അവർക്ക് ജീവിക്കാനാവശ്യമായ ശമ്പളം കൊടുക്കാനുള്ള നടപടികൈക്കൊള്ളണം. ബാലവാടികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

സാമൂഹ്യക്ഷേമരംഗത്തു പ്രധാനപ്പെട്ട ഒന്ന് വിലകുറച്ച് ഭക്ഷ്യധാന്യങ്ങൾ ജനങ്ങൾക്ക് എത്തിക്കുന്ന ചുമതല നിർവഹിക്കുന്ന കേന്ദ്രങ്ങളാണ്, റേഷൻ കടകളും മാവേലിസ്റ്റോറും. നമ്മുടെ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ മാത്രമേ പ്രവർത്തിക്കുന്നുള്ളു. പഞ്ചായത്തിലെ ജനസാന്ദ്രതയനുസരിച്ച് ഇത് വളരെ അപര്യാപ്തമാണ്. പഞ്ചായത്തിൻെറ ഭൂവിസ്തീർണ്ണമനുസരിച്ചും ജനസാന്ദ്രത

യനുസരിച്ചും അറുനൂറ്റിമംഗലം, കാരിക്കോട്, കീഴൂർ, ഭാഗങ്ങളിലും ഓരോ മാവേലി സ്റ്റോർ ആരംഭിക്കേണ്ടതാണ്.

പഞ്ചായത്തിൽ മൊത്തമുള്ള 16 റേഷൻ കടകളിലായി 4997 റേഷൻ കാർഡുകളുണ്ട്. ഇത്രയും റേഷൻ കാർഡിലൂടെയുള്ള സ്ഥിതി വിവര കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| റേഷൻ കടകളുടെ എണ്ണം | – 16 |
| പഞ്ചായത്തിലെ ആകെ കാർഡുകൾ | – 4997 |
| ആകെ യൂണിറ്റ് | – 47691 |
| വൈദ്യുതീകരിച്ച വീടുകൾ | – 2443 |
| വൈദ്യുതീകരിക്കാത്ത വീടുകൾ | – 2696 |
| പ്രായപൂർത്തിയായവർ | – 22051 |
| മൈനർ | – 3599 |

റേഷൻ കടകളിലൂടെ പലചരക്കു സാധനങ്ങളും ന്യായ വിലക്ക് വിതരണം ചെയ്യാൻ നടപടിയുണ്ടാകണം. അഴിമതി രഹിതമായ ഇതിന്റെ പ്രവർത്തനം മുന്നോട്ടു പോകാൻ പഞ്ചായത്തു സമിതി ശ്രദ്ധിക്കുകയും നിയന്ത്രിക്കുകയും ചെയ്യണം. ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാനും ചെയ്യിക്കാനും അളവിലും തൂക്കത്തിലും നടക്കുന്ന വെട്ടിപ്പും, തട്ടിപ്പും അവസാനിപ്പിക്കാനുമുള്ള നടപടികൾ അത്യാവശ്യമാണ്.

ആരോഗ്യ രംഗത്ത് ജനക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന രണ്ടു ഗവൺമെൻറാശുപത്രികളും, ഒരു ഫാമിലി പ്ളാനിംഗ് ഹെൽത്ത് സെൻററും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അറുന്നൂറ്റിമംഗലം ഗവ: ആശുപത്രിയിൽ മാത്രമാണ് രോഗികളെ കിടത്തി ചികത്സിക്കാൻ സൗകര്യം ഉള്ളത്: നാമമാത്രമായ കിടക്കകളേ ഉള്ളു. മറ്റു സൗകര്യങ്ങളെല്ലാം വളരെ പരിമിതമാണ്. പെരുവ ഗവ: ആശുപത്രിൽ കിടക്കകളോടു കൂടിയ സൗകര്യങ്ങളൊന്നും ഇല്ല. വടകുന്നപ്പുഴയിൽ സ്ഥിതി ചെയ്യുന്ന ഫാമിലി പ്ളാനിംഗ് ഹെൽത്ത് സെൻറർ ആകെ പൊട്ടിപൊളിഞ്ഞ് ചോർന്നൊലിക്കുകയാണ്. അതുകൊണ്ട് അവിടെ താമസമില്ല. അവിടത്തെ ജീവനക്കാരി വന്നുപോയി നിൽക്കുകയാണ്. ഇതിനൊരു പരിഹാരം ഉണ്ടാകണം. സാമൂഹ്യ ക്ഷേമ രംഗത്ത് ഈ പഞ്ചായത്തിൽ നടക്കുന്നതും നടത്തേണ്ടതുമായ കാര്യങ്ങൾ ചർച്ച ചെയ്ത് ഉചിതമായ നടപടികളിലേക്ക് നമ്മൾ നീങ്ങേണ്ടതുണ്ട്. അതിനു ചില നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

1. ഒരു വാർഡിൽ 2 ബാലവാടികളെങ്കിലും പ്രവർത്തിക്കണം. ഓരോ കോളനി കേന്ദ്രീകരിച്ചും നിർബന്ധമായും വേണം.
2. അവിടെ മെച്ചപ്പെട്ട ഫീഡിംഗും., പഠനസൗകര്യങ്ങളും, ഉണ്ടാകണം.
3. ബാലവാടികളിലെയും അംഗനവാടികളിലെയും ജീവനക്കാർക്കുള്ള സേവന, വേതന വ്യവസ്ഥകളിൽ കാലോചിതമായ മാറ്റം വേണം. ശമ്പളം വർദ്ധിപ്പിച്ചുകൊടുക്കണം.
4. എല്ലാത്തരം പെൻഷൻ വിതരണവും ഗ്രാമ പഞ്ചായത്തു മെമ്പർമാരും പൊതു പ്രവർത്തകരും ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു കമ്പനിയുടെ നിയന്ത്രണത്തിലാക്കുക.
5. എല്ലാ മേഖലയിലും കൂലിപ്പണിയെടുക്കുന്ന തൊഴിലാളികളെ പഞ്ചായത്തടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് വിവിധ മേഖലകളിലുള്ള ക്ഷേമനിധികളിൽ അംഗങ്ങളാക്കുകയും ചെയ്യുക.
6. ആശുപത്രികളിലെയും ഹെൽത്ത്സെൻററിലെയും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും രോഗപ്രതിരോധ നടപടികളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും വേണം.
7. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.
8. സാമൂഹ്യ പിന്നോക്കാവസ്ഥയിൽ കഴിയുന്നവർക്കായി വിവിധ തരം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഗ്രാമപഞ്ചായത്തു മുൻകൈ എടുക്കണം.
9. വർഷകാലങ്ങളിൽ ദുരിതമനുഭവിക്കുന്ന കർഷക തൊഴിലാളികൾ, ടാപ്പിംഗ് തൊഴിലാളികൾ, വികലാംഗർ, വിധവകൾ എന്നിവർക്കായി സൗജന്യ റേഷൻ അനുവദിക്കണം.
10. കോളനി നിവാസികളുടെ മക്കളായിട്ടുള്ള പഠനത്തിൽ മുന്നോട്ടുനില്ക്കുന്ന കുട്ടികൾക്ക് അംഗീകാരവും പ്രോത്സാഹനങ്ങളും നൽകുക.

* * *



# സംസ്കാരം

ഒരു ജനതയുടെ സംസ്കാരം അവർ ജീവിച്ചുപോന്ന കാലഘട്ടത്തിൻെറ പരിച്ഛേദമാണന്നു അംഗീകരിച്ചാൽ ജനിമൃതികളുടെ കണ്ണികൾക്കിടയിലൂടെ, അനുസ്യൂതമായ മനുഷ്യപ്രവാഹം ഫലപുഷ്ടമായ നീരോരങ്ങളിൽ പാകി പ്പറിച്ചു.

സ്വന്തം ഹൃദയതാളങ്ങളിൽ നട്ടുവളർത്തിയ ഭാരതീയ സംസ്കാരത്തോട് ഇണങ്ങി നില്ക്കാൻ സ്പന്ദനം നില്യ്ക്കാത്ത ഒരു കൊച്ചു സാംസ്കാരിക പൈതൃകം മുളക്കുളം ഗ്രാമ പഞ്ചായത്തിൻെറയും സ്മരണ മൺഡലത്തിൽ തങ്ങി നില്പുണ്ട്.

രഥചക്രങ്ങൾക്കിടയിൽ ചതഞ്ഞരയപ്പെട്ട, കണ്ണീർ ചാലുകളിൽ വിരിഞ്ഞു നില്ക്കുന്ന അധഃസ്ഥിതൻെറ ചുണ്ടനക്കങ്ങൾ ജേതാക്കളുടെ വീരഗാഥകൾ, ഉദയാസ്തമനങ്ങൾക്കിടയിൽ ഒരു തുള്ളി വിശ്രമത്തിനു പോലും പഴുതില്ലാതെ ഉഴുതിമറിക്കപ്പെട്ട വേവുറ്റ മൺ തരികളിൽ വാടി വീണ കറുത്ത ബിംബങ്ങളുടെ ശബ്ദമറ്റ നിലവിളികൾ. പാടത്തും പറമ്പിലും ക്ഷീണം മറക്കാൻ ഐക്യത്തിൻേറയും ആവേശത്തിൻെറയും അലകളുയർത്തിയ വായ്ത്താരികൾ തേക്കു പാട്ടുകൾ,

ഞാറ്റുപാട്ടുകൾ കൊയ്ത്തു പാട്ടുകൾ. വരമൊഴികൾ അന്യമായിട്ടും വായ്മൊഴികളിലൂടെ കാതോടുകാത് മരണത്തെ അതിജീവിച്ചുപോന്ന ജീവസ്പന്ദികളായ കർഷക ഗാനങ്ങൾ. എല്ലാം ഇന്ന് കടങ്കഥകൾ മാത്രം. പാടങ്ങളും പറമ്പുകളും സംഗീതം നിലച്ച മൗനത്തിൻെ താഴ്‌വരകളായി പരിണമിച്ചു.

ചരിത്ര പരിണാമത്തിൽ ഉടമകൾ സൃഷ്ടിച്ച അറിവിൻെറയും അക്ഷരങ്ങളുടേയും സംസ്കൃത പ്രപഞ്ചവും ഏറെക്കുറെ കണ്ണടച്ചു കഴിഞ്ഞു. അന്വേഷണത്തിൻേറയും നിരീക്ഷണത്തിൻെറയും നാരായമുനകൾക്കു വഴങ്ങാതിരുന്ന പ്രകൃതി പ്രതിഭാസങ്ങൾക്കു കീഴടങ്ങി. അഗ്നിക്കും വെളിച്ചത്തിനും ജീവജാലങ്ങൾക്കും ബിംബകല്പന നൽകി. ആചാരനുഷ്ഠാനങ്ങൾക്കു വഴിയൊരുക്കിയ പൗരാണിക സംസ്കാരത്തിൻെറ കല്ലിൽ കൊത്തിയ വിശ്വാസപ്രമാണങ്ങൾക്കിടയിലൂടെ വളർന്നുവന്ന കൈത്തഴമ്പും കലാവിരുതും സൃഷ്ടിച്ച സാംസ്കാരിക ചൈതന്യം തന്നെയാണ് വർത്തമാനകാല സാമൂഹ്യ ജീവിതത്തിൻെറയും ശക്തമായ അസ്തിത്വധാരയായി നിലകൊള്ളുന്നത്.

അദ്ധ്വാനം പ്രകൃതിയേയും പ്രകൃതി മനുഷ്യനേയും പരസ്പരം മാറ്റിത്തീർത്തു കൊണ്ടിരിക്കുന്ന ചരിത്ര ഘട്ടത്തിൽ കലാരൂപങ്ങൾക്കും ആസ്വാദന രീതികൾക്കും പരിണാമം സംഭവിച്ചു. കാർഷിക മേഖല ശുഷ്ക്കമായതോടെ നാടൻ പാട്ടുകൾക്കും വിളവെടുപ്പുത്സവങ്ങൾക്കും നാടൻ കലാരൂപങ്ങൾക്കും മങ്ങലേറ്റു. പകരം വ്യാവസായിക മേഖലകളുടെ ലാഭക്കണ്ണുകൾക്ക് കലയും സംസ്കാരവുമെല്ലാം കച്ചവട വസ്തുവായി. ജനഹൃദയങ്ങളെ ശക്തമായി സ്വാധീനിച്ചുകൊണ്ടിരിക്കുന്ന നാടകശാഖ തന്നെ ഉദാഹരണമാക്കാം.

വ്യവസായ നാടകങ്ങളുടെ തള്ളിക്കയറ്റത്തിൽ നാട്ടിൻ പുറങ്ങളിലെ കൊച്ചു കൊച്ച് അമേച്ച്വർ സംഘങ്ങൾ നിലം പരിശായ കാഴ്ച നമ്മുടെ പഞ്ചായത്തിനേയും ബാധിച്ചു. ഇതോടെ ജീവിത വ്യാഖ്യാനങ്ങളിലും കാഴ്ചപാടുകളിലും കാര്യമായ മാറ്റം വന്നു. ഗ്രാമ ഗ്രാമാന്തരങ്ങളിൽ നിന്നും അരങ്ങൊഴിഞ്ഞ അമേച്ച്വർ നടന്മാർ കാണികൾക്കിടയിൽ ഇരിപ്പിടം തേടി. നാടകശാഖയുമായുള്ള ജനപങ്കാളിത്തം കുറഞ്ഞു.

അറുപതുകളിലും എഴുപതുകളിലും നാടകത്തെ ഗൗരവമായി സമീപിച്ചിരുന്ന മൂല്യാധിഷ്ഠിതമായ കാഴ്ചപ്പാടുകൾ ഇളകിത്തെറിച്ചു. വികലമായ രചനകൾക്കും ആർഭാട പൂർണ്ണമായ അവതരണങ്ങൾക്കും ജന മനസ്സുകളെ കച്ചവട മുഖവുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞു. ഇതിൻെറ യെല്ലാം ഫലമായി നമുക്കു മുന്നിൽ മരിച്ചു വീഴുന്നത് നടന്മാരല്ല. നാടകമാണ്. നമുക്കുമുന്നിൽ ജീവിക്കുന്നതും നടീനടന്മാരല്ല. നാടക രാജാക്കന്മാർ തന്നെ.

ജനകീയ കലാസൃഷ്ടികൾ പുലർത്തിപ്പോന്ന സാമൂഹ്യ പ്രതിബദ്ധതയെ പാടേ തകർത്തുകൊണ്ട് ചുണ്ടും മോണയും ഉപയോഗിച്ചു കൊണ്ടുള്ള ആസ്വാദന സമ്പ്രാദയം വളർത്തിയെടുക്കാനും, കലയുടേയും സംസ്ക്കാര ത്തിൻെറയും മുഖം വികൃതമാക്കാനും ജനപ്രിയകലാസൃഷ്ടി കൾക്കു വളരെ വേഗം കഴിയും എന്ന ദിശയിലേക്കാണ് ഈ വസ്തുതകളെല്ലാം വിരൽചൂണ്ടുന്നത്. ഇത്തരത്തിലൊരു മൂല്യ ശോഷണം നമ്മുടെ പഞ്ചായത്തിനേയും ബാധി ച്ചിട്ടുണ്ട്.

ജീവിതത്തിൻെറ അർത്ഥം തേടുന്നത് വ്യക്തിയാകട്ടെ ഗ്രാമമാകട്ടെ, രാഷ്ട്രമാകട്ടെ- അവർ രണ്ടുകാര്യം തേടിയിരിക്കണം. സാമ്പത്തിക പുരോഗതിയും സാംസ്ക്കാരിക പുരോഗതിയും. നിർഭയമായ ജീവിതത്തിനു ഇവ രണ്ടും കൂടിയേ കഴിയൂ. സമ്പത്തും സംസ്ക്കാരവും തുല്യനം ചെയ്യാത്തപക്ഷം ഏതൊരു കുപ്പുകുത്തും. അനുഭവവും കൈവരിക്കാൻ മണ്ണും മനസ്സും ഒരുപോലെ ഉഴുതുമറിക്കപ്പെടണം. നാളെ നാം എന്തായിത്തീരണമെന്നു നിശ്ചയിക്കാൻ അറിവിൻെറ മണ്ഡലവുമായി ഒരു കൂടിക്കാഴ്ചക്കു തയ്യാറാകണം. ഇക്കാര്യത്തിൽ സാംസ്കാരിക സ്ഥാപനങ്ങൾ വഹിക്കുന്ന പങ്കും നാം ഏറ്റെടുക്കേണ്ട ദൗത്യവും പഠന വിധേയമാക്കണം. പരസ്പരം അറിയാൻ അംഗീകരിക്കാൻ, ആദരിക്കാൻ നമ്മുടെ വൈജ്ഞാനിക മണ്ഡലം അറിയാൻ എത്രത്തോളം ശക്തമാണെന്ന് ആദ്യം നോക്കാം.

## നിലവിലുള്ള ഗ്രന്ഥശാലകൾ

| എണ്ണം | സ്ഥാപനത്തിൻെറ പേര് | രജി: | വാർഡ് | സ്ഥാപിച്ച വർഷം | പുസ്തകങ്ങൾ | അംഗങ്ങൾ | പത്രം | വീക്കിലി | ടി.വി. |
|---|---|---|---|---|---|---|---|---|---|
| I | പഞ്ചായത്ത് വായനശാല | 1668 | പെരുവ | 1955 | 5644 | 195 | 4 | 1 | ഇല്ല |
| II | ജയ് ഭാരത് വായനശാല | 1564 | മുളക്കുളം | 1917 | 7564 | 884 | 5 | 5 | ഉണ്ട് |
| III | വിശ്വഭാരതി വായനശാല | 1193 | മുളക്കുളം | 1951 | 4116 | 240 | 1 | ഇല്ല | ഉണ്ട് |
| IV | എ.ജെ. ജോൺ മെമ്മോറിയൽ | | കീഴൂർ | 1956 | 4117 | 544 | 2 | 3 | ഉണ്ട് |
| V | പബ്ലിക് ലൈബ്രറി | 4045 | കാരിക്കോട് | | 3324 | 200 | 1 | ഇല്ല | ഉണ്ട് |
| VI | ജയ് ശക്തി വായനശാല | ഇല്ല | കാരിക്കോട് | 1981 | 1500 | 130 | 1 | 2 | ഉണ്ട് |

## അല്പം ചരിത്രവും കുറെ വസ്തുതകളും

1917 ൽ ശ്രീമൂലം തിരുനാൾ മഹാരാജാവിൻെറ ഷഷ്ടിപൂർത്തിസ്മാരകമായി 3 സെൻറ് സ്ഥലം ഇരുപതു രൂപയ്ക്കു തീറെഴുതിവാങ്ങി പ്രവർത്തനം ആരംഭിക്കുകയും 1949ൽ അംഗീകാരം ലഭിക്കുകയും ചെയ്ത മുളക്കുളം ജയ് ഭാരത് വായനശാലയാണ് ഗ്രന്ഥശാലകളുടെ പട്ടികയിലെ മുത്തച്ഛൻ. പഞ്ചായത്തിൽ നിന്ന് ഗ്രാൻറായി നൽകിയ 2500 രൂപയും, രാജാറാം മോഹൻ റോയി ഫൌണ്ടേഷൻെറ 50000 രൂപ ഗ്രാൻറ് ലഭിച്ചിട്ടുള്ളതും ഈ വായനശാലയ്ക്കു തന്നെ. പുസ്തകങ്ങളുടെ എണ്ണത്തിലും വായനക്കാരുടെ സഹകരണത്തിലും ഒന്നാം സ്ഥാനത്തു നില്ക്കുന്നതും ജയ്ഭാരത് വായനശാലയാണ്.

പെരുവ ഗവ: എൽ.പി. സ്കൂളിനോട് അനുബന്ധിച്ചു തുടങ്ങിയ "പഞ്ചായത്തു വായനശാല" ചട്ടകളറ്റു നൂൽബന്ധമറ്റ പുസ്തക കൂമ്പാരമായി പല പല പരിണാമദശങ്ങളും പിന്നിട്ട് പെരുവയിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ തിരുമുറ്റത്ത് സ്വന്തമായ കെട്ടിടത്തിൽ ചികിത്സയും കാത്തു ദിവസങ്ങളെണ്ണിക്കഴിയുന്നു. ഗ്രന്ഥശാലാസംഘത്തിൻെറ അംഗീകാരമുണ്ടെങ്കിലും ഈ സ്ഥാപനത്തിന് ഗ്രാൻഡും കിട്ടുന്നില്ല. വാർഡുമെമ്പർമാറിൽ രണ്ടു പേർ അംഗങ്ങളാണ് 92 നുശേഷം പുസ്തകങ്ങളൊന്നും തന്നെ വാങ്ങിയിട്ടില്ല.

കാരിക്കോട് പബ്ലിക് ലൈബ്രറി ഗതികേടിൻെറ മറ്റൊരു പര്യായമാണ്. "വായിക്കുന്നവർ വിളയുമെന്നും വായിക്കാത്തവർ വളയുമെന്നും" വിശ്വസിച്ചിരുന്ന ഒരു കാലഘട്ടം നമുക്കുണ്ടായിരുന്നു. അവർ പടുത്തുയർത്തിയതാണ് ഈ ഗ്രന്ഥപ്പുര. രംഗം മാറി. രുചിയും മാറി. അറിവിൻെറ അക്ഷരത്താളുകൾ കെട്ടുകളാക്കി കുട്ടിയിട്ടിരിക്കുന്നതു കണ്ടാൽ പുസ്തകങ്ങളെ സ്നേഹിക്കുന്നവരുടെ കണ്ണുനിറയും. അതുകൊണ്ടാകാം ഗ്രാമവാസികൾ ഈ പുരാവസ്തു കേന്ദ്രം പുതുക്കിപ്പണിതത്. പരാതികളേറെയാണ് നോക്കിനടത്താൻ ആളില്ല. വായനക്കാർക്കു നൽകാൻ വേണ്ടത്ര പുസ്തകങ്ങളില്ല. ഗ്രന്ഥശാലാ സംഘത്തിൻെറ അംഗീകാരത്തിനുവേണ്ടി പരിശ്രമം തുടുരുന്ന കാരിക്കോട് ജയശ്കതി വായനശാലയ്ക്കുമാത്രമാണ് ആവശ്യത്തിനുള്ള ഫർണിച്ചറും ആരോഗ്യമുള്ള കെട്ടിടവുമുള്ളത് എങ്കിലും പുസ്തങ്ങളുടെ കുറവ് അവരെയും അലട്ടുന്നുണ്ട്.

## പഠനം നൽകുന്ന ഫലിതങ്ങൾ

നിലവിലുള്ള ആറുവായനശാലകളേയും നേരിട്ടു വായിച്ചുപഠിച്ചതിൽ നിന്നും വായനാശീലം സാക്ഷരകേരളത്തിൽ വളരെ കുറവാണെന്നാണ് കണക്കുകൾ സംസാരിക്കുന്നത്.

1991 ൽ നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 23663. വായനശാലകൾ മെമ്പർഷിപ്പുള്ളവരുടെ മൊത്തം സംഖ്യ 2193. വായനാശീലമുള്ളവർ 9.26%. കേരളത്തിൻെറ സാക്ഷരത 100% ഇതൊരു ചിന്തിപ്പിക്കുന്ന സംഗതിയാണ്.

വായന തലവേദനയായി മാറുന്നവർ 90.74% വരുമെന്നുള്ളത് പഠനവിഷയമാകേണ്ടമറ്റൊരു സംഗതി. മെമ്പർഷിപ്പുണ്ടായിട്ടും ആണ്ടിലൊരിക്കൽ പോലും പുസ്തകം വായനയെക്കടുത്തിട്ടില്ലാത്തവരുണ്ടെന്നറിഞ്ഞത് വേദനാജനകമായ വേറൊരു കാര്യം. പഞ്ചായത്തിലെ ജനപ്രതിനിധികളിൽ പകുതിയിലധികം പേർക്കും വായനശാലകളിൽ മെമ്പർഷിപ്പുപോലും ഇല്ല.

പഞ്ചായത്തിലെ ഹൈസ്കൂൾ, യു.പി.തലങ്ങളിൽ പ്രവർത്തിക്കുന്ന ലൈബ്രറികളിൽ റഫറൻസുബുക്കുകൾ ഉൾപ്പെടെയുള്ള പുസ്തശേഖരം. ചിതലും ചിലന്തിയുമല്ലാതെ അതുവായിക്കുന്ന അദ്ധ്യാപകവിദ്യാർത്ഥികളുടെ എണ്ണവും ഏറെക്കുറേശൂന്യം.

വായന ഒന്നിൻേറയും ഒറ്റമൂലിയല്ല. എന്നാൽ പലതിനും പരിഹാരമാണ്. വ്യക്തിയിൽ നിന്നും സമൂഹത്തിലേയ്ക്കും ഇരുളിൽ നിന്നും വെളിച്ചത്തിലേക്കും തിന്മയിൽ നിന്നും നന്മയിലേക്കും മനുഷ്യരാശിയെ കൈപിടിച്ചുയർത്താൻ തുറന്ന വായനയിലൂടെ വികാസം പ്രാപിച്ച മനുഷ്യഹൃദയങ്ങൾക്കുമാത്രമേ കഴിയൂ. ആഴമേറിയ പഠനങ്ങൾക്കും തീഷ്ണമായ ചിന്തകൾക്കും സമയം കണ്ടെത്താത്ത ശിരസ്സുകൾക്കുമേൽ മൂല്യച്യുതിയുടെ ധൂമകേതുക്കൾ ഭ്രമണം ചെയ്യുന്നുണ്ടെന്ന സൂചനയോടെ നമ്മുടെ സാംസ്ക്കാരിക മണ്ഡലത്തെ സ്വാധീനിക്കുന്ന മറ്റൊരു അധ്യായം തുറക്കാം.

## ആനുകാലികങ്ങളുടെ പട്ടിക

| പത്രങ്ങൾ | | | ആഴ്ചപ്പതിപ്പുകൾ | | ബാലസാഹിത്യം | |
|---|---|---|---|---|---|---|
| 1 | മാതൃഭൂമി | 375 | മനോരമ | 657 | ബാലമംഗളം | 35 |
| 2 | മലയാള മനോരമ | 609 | മംഗളം | 500 | ഉണ്ണിക്കുട്ടൻ | 75 |
| 3 | കേരള കൗമുദി | 20 | മാതൃഭൂമി | 35 | ബോബനും മോളിയും | 100 |
| 4 | ദീപിക | 50 | കലാകൗമുദി | 15 | കളിക്കുടുക | 85 |
| 5 | മംഗളം | 501 | കേരളശബ്ദം | 35 | പൂമ്പാറ്റ | 100 |
| 6 | ദേശാഭിമാനി | 160 | യുക്തിരാജ്യം | 25 | വിദ്യാരംഗം | 30 |
| 7 | ഇന്ത്യൻ എക്സ്പ്രസ്സ് | 45 | ചിത്രഭൂമി | 15 | ബാലഭൂമി | 125 |
| 8 | രാഷ്ട്രദീപിക | 100 | രാഷ്ട്രദീപിക | 20 | മുത്തശ്ശി | 20 |
| | | | കർഷകൻ | 10 | കുട്ടികളുടെ ദീപിക | 15 |
| | | | മനോരാജ്യം | 75 | ബാലരമ | 250 |
| | | | വനിത | 40 | ചിത്രകഥകൾ (മൊത്തം) | 400 |
| | | | സ്ത്രീ | 20 | | |
| | | | ഗൃഹലക്ഷ്മി | 45 | | |
| | | | സഖി | 30 | | |
| | ആകെ | 1860 | | 1522 | | 1245 |

## പത്രവായനയിലെ കാണാപ്പുറങ്ങൾ

1. ഒന്നുമുതൽ നാലുവരെയുള്ള പത്രങ്ങളുടെ വരിക്കാരിൽ അധികംപേരും പ്രബലമായ ചില സമുദായങ്ങളെ പ്രതിനീധികരിക്കുന്നതായി കാണാൻ കഴിഞ്ഞു. പത്രവായനയ്ക്ക് സാമുദായികമായ രുചിഭേദങ്ങളുണ്ടെന്നുള്ളത് ആരോഗ്യകരമായ സാമൂഹ്യബോധത്തിന്റെ ലക്ഷണമായി തോന്നുന്നില്ല.

2. ഏതെങ്കിലും കൃത്യമായ രാഷ്ട്രീയ ലൈൻ സ്വീകരിച്ചുകൊണ്ടുള്ള പത്രവായനയിൽ അധികം പേർക്കും താല്പര്യം കാണുന്നില്ല. ഇത് ന്യായാന്യായങ്ങളെ തിരിച്ചറിയാനുള്ള സ്വതന്ത്രചിന്താഗതിയുടെ ലക്ഷണമായി കരുതാം. ഭരണകർത്താക്കളുടെ പ്രവർത്തിദോഷങ്ങളിൽ നിന്നോ വായനക്കാരുടെ പക്ഷം പിടിക്കാത്ത നീതിബോധത്തിൽ നിന്നോ നാമ്പെടുക്കുന്ന നവബോധം, തെരഞ്ഞെടുപ്പുകളുടെ ജയപരാജയങ്ങളെ നിശ്ചയിക്കാൻ കഴിയുന്ന നിർണ്ണായക ശക്തിയായി വളർച്ച പ്രാപിക്കുകയാണ്.

3. നവസാക്ഷരരിൽ ഒരു ശതമാനം പോലും പത്രം വായിക്കാൻ പ്രാപ്തി നേടിയിട്ടില്ലെന്നുള്ള വാസ്തവം പുനർചിന്തനത്തിനു വിധേയമാക്കണം. വീട്ടമ്മമാരും തൊഴിലാളിസ്ത്രീകളും സ്കൂൾ വിദ്യാർത്ഥികളും പത്രപാരായണത്തിൽ പിന്നോക്കം നില്ക്കുന്നത് സാമൂഹ്യമാറ്റത്തിനു വിഘാതം സൃഷ്ടിക്കുന്നുണ്ട്. വാർത്തകളില്ലാത്ത ലോകത്തുനിന്നും വിദ്യാർത്ഥികളെ സംഭവബഹുലമായ ലോകത്തേക്ക് കൂട്ടിക്കൊണ്ടുവരാൻ സ്കൂൾ തോറും റീഡിങ് റൂം തുറന്നു പ്രവർത്തിക്കേണ്ടതത്യാവശ്യമാണ്.

4. ദിനപത്രങ്ങളുടെ വിലവർദ്ധനവും അതോടൊപ്പം തന്നെ പരസ്യങ്ങളുടെ ആധിക്യവും വായനക്കാരിൽ അമർഷം ഉണ്ടാക്കുന്നുണ്ട്. എങ്കിലും ദിനപ്പത്രം കണികണ്ടുകൊണ്ടു കണ്ണുതുറക്കണമെന്ന നിർബന്ധബുദ്ധിയുള്ളവരും, ഒരു ദിവസം പത്രം മുടങ്ങിയാൽ ആ ദിവസം നഷ്ടമായെന്നു കരുതുന്ന വായനക്കാരും നമ്മുടെ പഞ്ചായത്തിനു അലങ്കാരം തന്നെയാണ്.

വായനക്കാരെ തേടിയെത്തുന്ന വാരികകൾ എണ്ണത്തിൽ കുറയുമെങ്കിലും വാരികകൾ തേടി പരക്കം പായുന്ന വായനക്കാരുടെ എണ്ണം കൂടിവരികയാണ്. പത്രവായനയിൽ താല്പര്യമില്ലാത്ത സ്ത്രൈണ മനസ്സുകൾ രണ്ടാം നിര വീക്കിലികളുടെ ആരാധികകളായിതീരുന്നതിന്റെ മാന്ത്രിക രഹസ്യം വായനക്കാരുടെ മനസ്സിൽ തന്നെയാണ് ഒളിഞ്ഞിരിക്കുന്നത്. മയക്കുമരുന്നിനേക്കാൾ മാരകമായ ഈ വക പ്രസിദ്ധീകരണങ്ങൾ യുവ മനസുകളെ അതിവേഗം അടിമകളാക്കുന്നു. ഡമ്മി 1/8 ലൂടെ ഒഴുകുന്ന കണ്ണീർ കയങ്ങളിലൂടെ, തരംഗങ്ങളുയരുന്ന നീണ്ട കഥകളിലൂടെ, നട്ടുച്ചക്ക് നെയയ്തു കുട്ടുന്ന ദിവാസ്വപ്നങ്ങളിലൂടെ, ഹസ്തരേഖയിലൂടെ, ഈ വിഷക്കനികൾ മനുഷ്യനെ അറിവിന്റെ മണ്ഡലത്തിലേക്കല്ല; ചെളിപുരണ്ട അരാജക സാംസ്കാരത്തിലേയ്ക്കാണ് കുട്ടിക്കൊണ്ടുപോകുന്നത്. ഒടുവിൽ ഈ ആരാധകർ തന്നെ ഇത്തരം ബ്ലാക് ആൻറ് വൈറ്റ് വാരികകൾക്കുള്ള വാർത്താചിത്രങ്ങളായി വില്പനയെക്കത്തുന്ന മായാജാലം അധികം പേരും തിരിച്ചറിഞ്ഞിട്ടുണ്ടാവില്ല.

## ദൃശ്യമാധ്യമങ്ങൾ

മനുഷ്യമനസുകളെ നവീകരിക്കാനും മലിനീകരിക്കാനും ദൃശ്യശ്രാവ്യമാധ്യമങ്ങൾക്കുള്ള കഴിവ് മറ്റൊരു കലാരൂപങ്ങൾക്കും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എൺപതുകളുടെ അവസാനത്തിലും തൊണ്ണൂറുകളുടെ ആദ്യപകുതിയിലും ഇവിടെ ഉണ്ടായിരുന്ന ഒന്നു രണ്ടു സിനിമാശാലകളുടെ പ്രവർത്തനം നിലച്ചു പിന്നീടൊരിക്കലും മുളക്കുളം പഞ്ചായത്ത് വെള്ളിത്തിരകണ്ടിട്ടില്ല.

## റേഡിയോ

ഏറെക്കുറെ നിലവാരം താഴാതെ നോക്കാൻ റേഡിയോ നിലയങ്ങൾക്കു കഴിയുന്നുണ്ടെങ്കിലും ശ്രോതാക്കളുടെ എണ്ണം ക്രമേണ കുറഞ്ഞു വരികയാണ്. ആസ്വാദകരെല്ലാം ടെലിവിഷന്റെ പക്ഷം ചേർന്നു.

## ടെലിവിഷൻ ഉയർത്തുന്ന പ്രശ്നങ്ങൾ

കേവലം ഇരുപതോ ഇരുപത്തൊന്നോ ഇഞ്ചുകൾവരുന്ന സമചതുരക്കള്ളികളിൽ നാം ജീവിക്കുന്ന ലോകത്തെ ഒതുക്കി നിറുത്താൻ കഴിഞ്ഞത് ശാസ്ത്രത്തിന്റെ വില മതിക്കാനാകാത്ത നേട്ടങ്ങളിലൊന്നാണ്. എന്നാൽ മനുഷ്യമസ്തിഷ്ക്കമുൾപ്പെടെ ഏതൊരു നേട്ടവും വിലയ്ക്കെടുക്കപ്പെടുന്ന കമ്പോള സംസ്ക്കാരത്തിനു തള്ളിക്കയറാൻ മാത്രം ഈ ഉപകരണത്തെ ഉപയോഗപ്പെടുത്തുമ്പോൾ ശാസ്ത്രം മനുഷ്യനു നൽകിയ ഒട്ടേറെ സംഭാവനകളോടൊപ്പം ടെലിവിഷനും നമ്മുടെ ശാപമായിത്തീരുകയാണ്. എന്തെന്തു നല്ല സാദ്ധ്യതകളെയാണ് ഈ മാധ്യമം വഴി ദുരുപയോഗപ്പെടുത്തുന്നത്!

വ്യവസായപുരോഗതിനേടിയ രാഷ്ട്രങ്ങൾക്ക് വീണ്ടുമൊരു കുതിച്ചുചാട്ടം സാദ്ധ്യമാക്കണമെങ്കിൽ തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനും വ്യവസായ സ്ഥാപനങ്ങൾ നിർമ്മിച്ചുകൊണ്ട് വെട്ടിപ്പിടുത്തം തുടരാനും ആവശ്യമായ പഴുതുകൾ കണ്ടെത്തണം. തങ്ങൾ ഉന്നം വച്ചിരിക്കുന്ന രാജ്യങ്ങളെ തങ്ങളുടെ ഉപഭോക്തൃമേഖലയാക്കി മാറ്റുവാൻ ഒന്നാമതായും ചെയ്യേണ്ടത് എത്രയും വേഗം ആ രാജ്യത്തിന്റെ സാംസ്ക്കാരികമണ്ഡലം താറുമാറാക്കുക എന്നതാണ്. ഈ ഒരു ദൗത്യനിർവ്വഹണത്തിനു ഏതൊരു മുക്കിലും മൂലയിലും ടെലിവിഷൻ അതിന്റെ വക്രിച്ച മുഖവുമായി ഓടി എത്തണം. ആവശ്യമില്ലാത്ത ഏതൊന്നിനേയും അത്യാവശ്യവസ്തുക്കളാക്കി അംഗീകരിപ്പിക്കാൻ ജനങ്ങളുടെ വീക്ഷണത്തിലും മനോഭാവത്തിലും മാറ്റമുണ്ടാക്കണം. പരാതികളൊഴിവാക്കാൻ ഗുളികരൂപത്തിൽ വല്ലപ്പോഴും വീണുകിട്ടുന്ന കലാപരിപാടികൾ ഒഴികെ 'ദൂരദർശന'മില്ലാത്ത ദൂരദർശൻ പനയോലമുതൽ അപ്പൂപ്പൻ താടിവരെ വസ്ത്രമിട്ടുനില്ക്കുന്ന എണ്ണമറ്റ ചാനലുകളും നമ്മളിലെത്തിക്കുന്നത് ഉപഭോക്തൃസംസ്ക്കാരത്തിന്റെ വിത്തുകളാണ്. മദ്യസംസ്ക്കാരം, മയക്കുമരുന്നു സംസ്ക്കാരം, സ്ത്രീപീഢനം തുടങ്ങി നമുക്കു തുടച്ചുമാറ്റാൻ കഴിയുന്ന എല്ലാവിധ അധമസംസ്ക്കാരവും നാരിവേട്ടയിലേക്ക് കൗമാര ഹിംസയിലേക്കും അതിവേഗം വളരുന്നതിന്റെ കാരണവും ഇതു തന്നെയാണ്. സ്വന്തം മണ്ണിൽ വേരുറച്ചു വളരുന്ന സംസ്ക്കാര തസ്ക്കരസംഘങ്ങൾ പരത്തുന്ന നീലവെളിച്ചത്തിൽ നാം കണ്ണുചിമ്മി നില്ക്കുന്നത് എന്തുകൊണ്ടാണ്? അരാജക സംസ്ക്കാരത്തിന്റെ വിസ്മയലോകം നാമറിയാതെ തന്നെ നമ്മുടെ ബോധത്തെയും പിടികൂടികഴിഞ്ഞു.

സ്വന്തം രാജ്യത്തിന്റെ വായുവും വെളിച്ചവും വെള്ളവും മണ്ണും ഉൾപ്പെടെ സകലസമ്പത്തും സ്വന്തം ജനതക്കു നൽകിക്കൊണ്ടുള്ള ലക്ഷ്യാധിഷ്ഠിതമായ സജീവ പ്രവർത്തനമാണ് സമഗ്രവികസനം. അതിന്റെ തലച്ചോറാണ് സംസ്ക്കാരം.

സംസ്ക്കാരിക മേഖലയിൽ കാര്യമായ സംഭാവന നൽകാൻ കഴിയാത്ത ചരിത്രപശ്ചാത്തലമാണ് മുളക്കുളം പഞ്ചായത്തിനുള്ളത്. ഉപഭോക്തൃസംസ്ക്കാരം സൃഷ്ടിക്കുന്ന ഇരുളടഞ്ഞ ഇടനാഴിയിൽ നിന്നും രക്ഷപെടാൻ നമുക്കു കഴിയണം. നാളെയുടെ കുഞ്ഞിക്കാലുകൾ വ്രണവും ചലവും പ്രദർശിപ്പിച്ച് വഴിയോരങ്ങളിൽ തള്ളപ്പെടാതിരിക്കാൻ ഒരു നവ സംസ്ക്കാരത്തിനുള്ള ഗൗരവമായ കാഴ്ചപ്പാടുകൾ വികസന സെമിനാറിലും ഗ്രാമസഭകളിലും രൂപം കൊള്ളണം. ലക്ഷ്യം കൈവരിക്കാൻ മുളക്കുളം പഞ്ചായത്തിലെ 23663 പേരും മുന്നോട്ടുവരണം. ചരിത്രത്തിന്റെ താളുകളിൽ നമ്മുടെ പഞ്ചായത്തിനു മാന്യമായ സ്ഥാനം നേടിക്കൊടുക്കാൻ കഴിയണം.

## ആരാധനാലയങ്ങൾ

| | |
|---|---|
| ക്ഷേത്രങ്ങൾ | 15 |
| പള്ളികൾ | 24 |

ബുദ്ധിവികാസത്തിന്റെ പടിപടിയായുള്ള വളർച്ചയ്ക്കിടയിൽ മൂല്യാധിഷ്ഠിതമായ ജീവിതക്രമത്തിനു മനുഷ്യരാശി നൽകിയ കാല്പനിക ദർശനങ്ങളാണ് ആരാധന ക്രമത്തിന്റെ ആദിരൂപമായി കണക്കാക്കപ്പെടുന്നത്. പാശ്ചാത്യപൗരസ്ത്യമതാനുഷ്ഠാനങ്ങളുടെ പ്രാഗ്രൂപങ്ങളായ ചരിത്രാതീത കാലമനുഷ്യന്റെ ലിഖിത ചരിത്രമായ "വേദങ്ങളിൽ" ധന, ധാന്യ, നാല്ക്കാലി സമ്പന്നമായ ഭൗതീക ജീവിത സമൃദ്ധിയ്ക്കു വേണ്ടി പ്രകൃതിശക്തികളോടു നടത്തുന്ന അർത്ഥനകൾ മാത്രമാണടങ്ങിയിരിക്കുന്നത്. കലാസാഹിത്യങ്ങൾ ജനിച്ചതും വളർന്നതും ആരാധാന ക്രമങ്ങളുടെ ഗർഭാശയത്തിലാണ്. ആത്മാവിനും ശരീരത്തിനും വ്യത്യസ്തമായ സ്വർഗ്ഗ നരകങ്ങളുടെ സ്കെച്ചും പ്ലാനും വരച്ചുകൊടുത്ത എഞ്ചിനീയർമാർ തന്നെ ഗോത്രത്തലവന്മാരായും മാന്ത്രിക പ്രമുഖരായും (witch doctors) പാശ്ചാത്യപൗരസ്ത്യ ചരിത്രരേഖകളിൽ സമാനസ്വഭാവം പുലർത്തുന്നതും ആശ്ചര്യത്തിനുവക നൽകുന്ന കാര്യങ്ങളാണ്. ഋഷീശ്വരന്മാരും പ്രവാചകരും ദൈവദൂതന്മാരും ഈ ചിന്താധാരക്ക് പുതിയ മാനങ്ങൾ നൽകിയപ്പോൾ 'ആരാധന' എന്ന ഒരേ ഒരു അനുഷ്ഠാന ക്രിയ നിരവധിശാഖകളും ഉപശാഖകളുമായി ലോകമാകെ പടർന്നുപന്തിലിച്ചു. ആധുനിക മതങ്ങളുടെ പിറവിക്കു മുമ്പും പിമ്പും പുരോഹിതവാഴ്ചയുടെ പിടിമുറുക്കങ്ങൾക്കും ചുഷണാധിഷ്ഠിതമായ ശാസനക

ൾക്കും എതിരെ വിശ്വാസികളുടെ പക്ഷത്തുനിന്നു തന്നെ ഉണ്ടായ പോരാട്ടങ്ങളുടേയും എണ്ണമറ്റത്യാഗങ്ങളുടെയും മറ്റൊരു ചരിത്രവും സമാന്തരമായി വളർന്നുകൊണ്ടിരിക്കുന്നു. എങ്കിലും വർത്തമാനകാലത്തെ സ്വാധീനിക്കുന്ന മുഖ്യശക്തി ആത്മീയ ധാര തന്നെയാണ്.

മതദർശനങ്ങളുടെ അന്തഃസത്ത, തെറ്റായ വ്യാഖ്യാനങ്ങൾക്കു വഴിപ്പെടുമ്പോൾ അതിൻെറ ന്യൂക്ലിയസ്സായ അലിവിൻേറയും വിട്ടുവീഴ്ചയുടേയും സഹിഷ്ണുതയുടേയും സ്നേഹസാഹോദര്യ ബിംബങ്ങൾ തകർന്നടിയുന്ന ദുർനിമിത്തങ്ങളിൽ നിന്നും വ്യത്യസ്ഥമായ ബാഹ്യാന്തീഷം നിലനിറുത്താൻ മുളക്കുളം പഞ്ചായത്തിലെ ജനങ്ങൾക്കു നാളിതുവരെ കഴിഞ്ഞിട്ടുണ്ട്.

## ഉത്സവങ്ങൾ തിരുനാളുകൾ.

ഉത്സവങ്ങളോടനുബന്ധിച്ചു നടക്കുന്ന അനുഷ്ഠാനങ്ങളും വിശേഷാൽ പൂജകളും ഹൈന്ദവ മനസ്സുകളെ വളരെയേറെ സ്വാധീനിക്കുന്നു. ക്ഷേത്ര പ്രവേശന വിളംബരത്തിനുശേഷം ഹൈന്ദവ കാഴ്ചപ്പാടുകൾ ഇപ്രകാരമൊരു സാമൂഹ്യമാറ്റത്തിലൂടെ നേടാൻ കഴിയുന്ന മഹത്വം ഇന്ത്യയുടെ ചരിത്രത്താളുകൾക്ക് നിശ്ചയമായും മുതൽക്കൂട്ടാകും.

## ക്ലാസിക്കല

'കല' എന്ന വാക്കിൻെറ അർത്ഥം അടയാളം എന്നാണ്. സമൂഹത്തിൻെറ ഗുണപരമായ മാറ്റത്തിനുവേണ്ടി ചിട്ടപ്പെടുത്തിയെടുത്തു രംഗത്ത് അവതരിപ്പിക്കുന്ന മാറ്റത്തിനു വേണ്ടിയുള്ള സന്ദേശമുൾക്കൊള്ളുന്ന മുദ്രാവാക്യങ്ങളാണ് ദൃശ്യശ്രവ്യകലാരൂപങ്ങൾ.

കലകളുടെ കേളീഗൃഹം ക്ഷേത്രാങ്കണങ്ങളും രാജസദസ്സുകളും ആയിരുന്നല്ലൊ. ഇന്നും ക്ഷേത്രാങ്കണങ്ങൾ തന്നെ കലയുടെ കേദാര ഭൂമി. കേരളത്തിൻെറ തനതുകലയായ കഥകളിക്ക് മുടക്കം വരാതെ കളി വിളക്കുതെളിയുന്നത് മുളക്കുളം ശ്രീലക്ഷ്മണസ്വാമിക്ഷേത്രത്തിൽ മാത്രമാണ്. കുന്നപ്പിള്ളി ദേവീ ക്ഷേത്രത്തിലും കീഴൂർ ഭഗവി ക്ഷേത്രത്തിലും എല്ലാവർഷവും 'ഗരുഡൻ' പറവയും വല്ലപ്പോഴും 'മുടിയേറ്റ്' എന്ന കലാരുപവും നടത്തിവരുന്നു. ചെണ്ട, ചേങ്ങില, തിമില മദ്ദള കൊമ്പുകുഴലു, മൃദംഗ, വാദ്യമേളങ്ങളൊരുക്കുന്ന നാദബ്രഹ്മവും വല്ലപ്പോഴും ഓടി എത്തുന്ന ഓട്ടൻ തുള്ളലും ഒരു ന്യൂനപക്ഷം ആസ്വാദകർക്ക് ലഹരി പകരുന്നുണ്ടെങ്കിലും, നാടകം, ബാലെ, കഥാപ്രസംഗം തുടങ്ങിയ കലാപരിപാടികൾക്കു മുന്നിൽ മൈതാനം നിഞ്ഞു കവിയുന്ന സദസ്സുകൾ സർവ്വസാധാരണമാണ്.

## തിരുനാളുകൾ

മതപരമായ ചടങ്ങുകൾക്കാണ് മുൻതൂക്കം. മരണപ്പെട്ടവർക്കും വേണ്ടിയുള്ള സ്മാരക പ്രാർത്ഥനകൾ, ജീവിച്ചിരിക്കുന്നവർക്കുവണ്ടേിയുള്ള പ്രാർത്ഥനകൾ, കുർബാനകൾ, ലോകനന്മക്കുവേണ്ടിയുള്ള മതപ്രഭാഷണങ്ങൾ, സാരോപദേശങ്ങൾ എല്ലാം വളരെ കർക്കശമായി പാലിക്കുന്നുണ്ട്. നാടിൻെറ നാനാഭാഗങ്ങളിൽ കുടിയേറിപാർത്തവർപോലും ഇടവകപള്ളികളിലെ തിരുനാളുകളിൽ സംബന്ധി ക്കുകയും നേർച്ചകാഴ്ചകൾ അർപ്പിക്കുകയും ചെയ്യുന്നു. കലാപരിപാടികളുടെ നേർക്ക് ക്ഷേത്രഭാരവാഹികൾ കാണിക്കുന്ന വിശാല മനോഭാവം പള്ളി അങ്കണങ്ങളിൽ കാണുന്നില്ല. ചെണ്ടമേളം, ബാൻറുമേളം ചുരുക്കം ചിലയിടങ്ങളിൽ ഗാനമേളയും നാടകങ്ങളും നടത്താറുണ്ട്.

## ആഘോഷങ്ങളും സാമൂഹ്യവീക്ഷണവും

ഒട്ടുമിക്കസ്ഥലങ്ങളിലും ഉത്സവങ്ങൾ നടത്തുന്നത് ഉത്സവകമ്മറ്റികളും തിരുനാളുകൾ നടത്തുന്നത് പള്ളി ഭാരവാഹികളുമാണ്. ഇരു വിഭാഗവും ഉൾപ്പെടുന്ന കമ്മറ്റികൾ ഉത്സവങ്ങളും തിരുനാളുകളും സഹകരിച്ചു നടത്തുന്ന രീതിയിലേക്ക് നാമിനിയും വളർന്നിട്ടില്ല. എന്നാൽ ഉത്സവങ്ങൾക്കും തിരുനാളുകൾക്കും ജാതിമതഭേദമില്ലാതെ സംഭാവനകൾ നൽകിയും സഹകരണം നിലനിറുത്തിയും മുന്നോട്ടു പോകുന്നനല്ലൊരന്തരീക്ഷം പഞ്ചായത്തിലുടനീളം കാണാൻ കഴിയും. പല പേരുകളിൽ പല സഭകൾ സംഘടിപ്പിക്കുന്ന പ്രഭാഷണപരമ്പരകളിലും ധ്യാനകേന്ദ്രങ്ങളിലും ശുശ്രൂഷായോഗങ്ങളിലും സർവ്വാത്മനാ സഹകരിക്കുന്ന ഹൈന്ദവ സ്ത്രീകൾ മതസൗഹാർദ്ദത്തിൻെറ പ്രതീകങ്ങളാണ്. പള്ളികളിൽ നേർച്ചകാഴ്ചകൾ അർപ്പിക്കുന്ന ഹിന്ദുമതവിശ്വാസികളുടെ എണ്ണവും വർദ്ധിക്കുകയാണ്. ക്രിസ്തുമതബോധത്തിൻെറ പ്രത്യേകതയോ അതോ ഹിന്ദുമതാചാരങ്ങളുടെ പ്രത്യേകതയോ എന്താണറിഞ്ഞകൂടാ ഹിന്ദുമതവിശ്വാസികൾക്ക് പള്ളികളോടുള്ള വിശ്വാസം ഏറി വരുന്നതുപോലെ ക്രിസ്തുമത വിശ്വാസികൾക്ക് വളരെ വിരളമായേ ക്ഷേത്രാരാധനയോട് താദാത്മ്യം പ്രാപിക്കാൻ കഴിയുന്നുള്ളു.

ഇരുളിനെ വെളിച്ചമാക്കുന്ന താലപ്പൊലിയും പ്രദക്ഷിണവും ലദീഞ്ഞുമെല്ലാം സർവ്വമതസംഗമമായി ആഘോഷിക്കപ്പെടുന്ന നാളുകളിൽ മതസൗഹാർദ്ദം അതിൻെറ ഉച്ചസ്ഥായിൽ എത്തുമെന്നു നമുക്ക് ആശിക്കാം. നമ്മുടെ പഞ്ചായത്തിൻെറ ചുവട് വയ്പ്പ് ഈ ഒരു ലക്ഷ്യത്തിലേയ്ക്കാകട്ടെ.

## കലാകായിക സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പേരു നിലനിറുത്തുന്ന മൂപ്പത്തിമൂന്നോളം ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്.

ഓട്ടൽ തുള്ളൽ, ഗാനമേള, പമ്പമേളം, ബാൻറുമേളം തുടങ്ങിയ സുകുമാരകലകൾ പ്രൊഫഷണൽ രംഗത്ത് ചുവടുറപ്പിക്കാൻ ശ്രമിക്കുന്നത് അഭിമാനത്തിനു വക നൽകുന്ന ശുഭലക്ഷണങ്ങളാണ്. എന്നാൽ ബഹുഭൂരിപക്ഷം ക്ലബ്ബുകൾക്കും സ്വന്തമായ ഇരിപ്പിടങ്ങളോ സ്വന്തം വിലാസം പ്രദർശിപ്പിക്കാൻ ഒരു ബോർഡുപോലുമോ ഇല്ലെന്നുള്ളതാണ് സത്യം. സാമൂഹ്യമാറ്റങ്ങൾക്ക് കലാകായികരംഗത്തെ

ഉപയോഗപ്പെടുത്തുന്നതിൽ മിക്ക ക്ലബ്ബുകളുടെയും സംഭാവന വലുതൊന്നുമല്ല. ഓണം, ക്രിസ്തുമസ്സ് തുടങ്ങിയ ആഘോഷവേളകളിൽ മത്സരങ്ങൾ സംഘടിപ്പിച്ചും സാംസ്ക്കാരിക ഘോഷയാത്രകളൊരുക്കിയും, സാംസ്ക്കാരിക സമ്മേളങ്ങൾ ചേർന്നും നാടിൻെറ നാഡിമിടിപ്പു സൂക്ഷിക്കുന്നുണ്ടെന്ന കാര്യത്തിൽ പ്രസ്തുത കലാകായിക സംഘങ്ങളെ വാനോളം പുകഴ്ത്തേണ്ടതുണ്ട്. ഒരു മെഴുകുതിരിവെട്ടമെങ്കിലും ഇവർ ജനങ്ങൾക്കു നൽകുന്നുണ്ടല്ലൊ. ആണ്ടിലൊരിക്കൽ വീണുകിട്ടുന്ന ദേശീയാഘോഷവേളകളോടുപോലും പഞ്ചായത്ത് അധികൃതർ കണ്ണടക്കുമ്പോൾ ഇന്നാട്ടിലെ ജീവിതം കൊതിക്കുന്ന കലാകായിക സംഘങ്ങൾ ഏറ്റെടുത്തിരിക്കുന്ന ദൗത്യത്തിൻെറ ചാരുത ഏറെ പ്രശംസനീയമാണ്. എന്നാൽ മേൽപ്പറഞ്ഞ ഉത്തരവാദിത്വങ്ങൾ കഴിഞ്ഞാൽ പടംമടക്കുന്ന പ്രവർത്തന ശൈലിയാണ് കലാസാംസ്ക്കാരികരംഗത്തെ അലട്ടുന്ന മുഖ്യമായ പ്രശ്നം.

കായികരംഗത്തെ സ്ഥിതി കുറേക്കൂടി ഉണർവ്വുള്ളതാണെങ്കിലും വിശ്രമസമയത്തെ വിനോദത്തിനുപരി ചിട്ടയായി കായിക പരിശീലനം നടത്തുകയും വരും തലമുറകൾക്കും പരിശീലനം നൽകുകയും ചെയ്യുന്ന സ്പോർട്ട്സ് ക്ലബ്ബുകൾ എണ്ണത്തിൽ ചുരുക്കമാണ്. ഈ മൃതാവസ്ഥയിൽ നിന്നും നമ്മുടെ കലാകായിക സാസ്കാരിക രംഗത്തിന് പുനർജ്ജനിനൽകാൻ അനുഭവത്തിൻെറ പാഠക്കുറിപ്പുകളുമായി മുന്നോട്ടു വന്ന ക്ലബ്ബ് അംഗങ്ങളുടെ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിൻെറ സജീവ പരിഗണനക്കുവേണ്ടി അക്കമിട്ടുനിരത്തി കൊളളട്ടെ.

1. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത ക്ലബ്ബുകൾക്ക് അതിനുള്ള ധനസഹായം നൽകുക.
2. സ്വന്തമായി സ്ഥലം ഉള്ള ക്ലബ്ബുകൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള ധനസഹായം നൽകുക.
3. സ്ഥലവും കെട്ടിടവും ഉള്ള ക്ലബ്ബുകൾക്ക് സ്പോർട്ട് ഗുഡ്സുകൾ വാങ്ങുവാനുള്ള ധനസഹായമെ ത്തിക്കുക.
4. വാർഡുതലങ്ങളിൽ കലാകായിക മത്സരങ്ങൾ നടത്തി, പഞ്ചായത്തു തലത്തിൽ മികച്ചസംഘങ്ങളെ കണ്ടെത്തുകയും അവർക്ക് പരിശീലന കളരികളും കോച്ചിങ് ക്യാമ്പുകളും സംഘടിപ്പിക്കുക.
5. വായനശാലകളിൽ മുഴുവൻ ക്ലബ്ബ് അംഗങ്ങളും വാർഡു മെമ്പർമാരും മെമ്പർ ഷിപ്പ് എടുക്കണം.
6. ക്ലബ്ബ് അംഗങ്ങളും വാർഡുമെമ്പർമാരും മുൻകൈ എടുത്ത് വീടൊന്നുക്ക് ഒരാളെ എന്ന നിലയിൽ ഗ്രന്ഥശാലകളിൽ ചേർത്ത് വീടുകൾ തോറും വായനശീലം വളർത്തണം.
7. ഒന്നാമതായും ദിനപ്പത്രവും നിലവാരമുള്ള വീക്കിലികളും. ടി.വി, റേഡിയോ തുടങ്ങിയ ദൃശ്യമാധ്യമങ്ങളും ഓരോ ക്ലബ്ബുകൾക്ക് എത്തിച്ചുകൊടുക്കണം.
8. നൃത്തം , സംഗീതം വാദ്യമേളം, ചിത്രരചന തുടങ്ങിയ സുകുമാരകലകൾക്ക് പഞ്ചായത്തു തലത്തിൽ പാഠശാലകൾ തുറക്കുക.
9. സ്കൂൾ യുവജനോത്സവങ്ങളും വാർഷികാഘോഷങ്ങളും മുടങ്ങാതെ നടത്താനും നിലവാരമുയർത്താനുമുള്ള സാധ്യതകൾ കണ്ടെത്തുക.
10. നാടൻ കലാരൂപങ്ങൾക്ക് പരിശീലനക്കളരികൾ ഏർപ്പെടുത്തുക. വായ്മൊഴികളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന നാടൻ പാട്ടുകൾ സമാഹരിച്ചു പ്രകാശനം ചെയ്യുക.
11. മൂർക്കാട്ടുപടിയിലെ നിർദ്ദിഷ്ട മിനിസ്റ്റേഡിയം പണിതീർക്കുന്നതിനോടൊപ്പം തന്നെ പഞ്ചായത്തിൻെറ സിരാകേന്ദ്രമായ പെരുവയിൽ ഒരു കമ്യൂണിറ്റിഹാളും എത്രയും വേഗം പണിയുവാനുള്ള നടപടികൾ സ്വീകരിക്കുക.
12. പതിനൊന്നാം വാർഡിലെ പ്രവർത്തനം നിലച്ചു പോയവാ യനശാല തുടർന്നു പ്രവർത്തിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക.

## ക്ലബ്ബുകൾ ഏറ്റെടുക്കേണ്ട കടമകൾ

1. വായനയോടൊപ്പം മാസത്തിലൊരിക്കലെങ്കിലും ചർച്ചാക്ലാസുകളും സംവാദങ്ങളും നടത്തുക.
2. നിലച്ചുപോയ സാക്ഷരതാപ്രവർത്തനം ഏറ്റെടുത്തു ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ ക്ലബ്ബുകൾ തയ്യാറാകണം.
3. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുക.
4, സ്ത്രീ പീഢനങ്ങൾക്കും അരാജകസംസ്ക്കാരത്തിനുമെതിരെ കലാമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുക. മൂല്യച്യുതിക്കും ദൃശ്യമാധ്യമങ്ങൾ സൃഷ്ടിക്കുന്ന സുഖഭോഗസംസ്ക്കാരത്തിനുമെതിരെ പഞ്ചായത്തിലൂടനീളം കലാജാഥകൾ സംഘടിപ്പിക്കുക.
5. അഴിമതി, കൈക്കൂലി, മായം ചേർക്കൽ, ടൂറിസ്റ്റു സംസ്ക്കാരം തുടങ്ങി ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന മുഴുവൻ അനീതിക്കുമെതിരെ മുഖം നോക്കാതെ പ്രതികരിക്കാനുള്ള ധീരമായ സംസ്ക്കരധാരയിലേക്ക് ജനങ്ങളെ അണിനിരത്തുക.
6. ഗ്രാമപഞ്ചായത്ത് മുന്നോട്ടുവയ്ക്കുന്ന മുഴുവൻ വികസന പ്രവർത്തനങ്ങളുടേയും മുൻ നിരയിൽ യുവനിരകളെ അണിനിരത്താനുള്ള നേതൃത്വമേറ്റെടുക്കുക.
7. ഗ്രാമപഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടുള്ള റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുക.
8. മാസവരികൾ നിർബന്ധമാക്കിയും വിളവെടുപ്പുശേഖ

രണം നടത്തിയും വൈവിധ്യം നിറഞ്ഞ കൊച്ചു കൊച്ചുകലാപരിപാടികൾ ഗ്രാമാന്തരീക്ഷങ്ങളിൽ അവതരിപ്പിച്ച് സംഭാവനകൾ വാങ്ങിയും ക്ലബ്ബുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കു മുടക്കം വരുത്താതെ മുന്നോട്ടുകൊണ്ടുപോകുക.

## ശാസ്ത്രസാഹിത്യവും സാംസ്ക്കാരിക മുന്നേറ്റവും

ശാസ്ത്രനേട്ടങ്ങളെ നാം ആവോളം അനുഭവിക്കുമ്പോൾ തന്നെ ശാസ്ത്രം നൽകുന്ന ആശയങ്ങളെ ഉൾക്കൊള്ളാൻ ഒരു ന്യൂനപക്ഷം മാത്രമെ മുന്നോട്ടു വരുന്നുള്ളു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പൂർണ്ണമായും പിഴുതെറിയപ്പെടാൻ കഴിയാത്തതിൻെറ കാരണവും ഇതുതന്നെയാകാം.

പ്രകൃതിക്കുനേരേ കണ്ണുംനട്ട് അന്ധാളിച്ചു നിന്നവൻ നെയ്തെടുത്ത സാങ്കല്പികലോകവും അതിനുള്ള വ്യാഖ്യാനങ്ങളും ഒരു വശത്ത്. പ്രകൃതിയെ പരീക്ഷണശാലയാക്കി നിരീക്ഷണങ്ങളും നിഗമനങ്ങളും പ്രയോഗങ്ങളും സിദ്ധാന്തങ്ങളുമായി ബഹുദൂരം മുന്നോട്ടു പോയവർ ഇതുവരെയുണ്ടായിരുന്ന ആശയ മണ്ഡലത്തിൽ വലിയൊരു സ്ഫോടനത്തിനുള്ള നിമിത്തങ്ങൾ സൃഷ്ടിച്ചു. ഒരേ സംഭവങ്ങൾക്ക് നിരവധി ഉത്തരങ്ങളുമായി നീങ്ങിയ ലോക ത്തേക്ക് ശരിയായ ഉത്തരങ്ങൾ ഒഴുകാൻ തുടങ്ങി. അന്ധകാരത്തിൻെറ തിരശ്ശീലകൾ ഒന്നൊന്നായി പിച്ചിചീന്താനും ശാസ്ത്രബോധം ജനങ്ങളുമായി പങ്കുവയ്ക്കാനും വേണ്ടിയാണ് ശാസ്ത്രസാഹിത്യ പരിഷത്ത് രംഗത്തുവന്നത്. 1980 ൽ പെരുവയിൽ ആരംഭം കുറിച്ച പരിഷത്തിൻെറ പ്രവർത്തനം ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ആരോഗ്യം, വിദ്യാഭ്യാസം, പരിസ്ഥിതി തുടങ്ങിയ വിവിധ മേഖലകളിലേക്ക് അതിവേഗം കടന്നുചെന്നു. കാതോർ ത്താൽ സാക്ഷരതാ പ്രവർത്തനങ്ങൾക്കു പിന്നിൽ പരിഷത് പ്രവർത്തകരുടെ കാലൊച്ചകൾ ഇപ്പോഴും കേൾക്കാം. പരിഷത്തു തന്നെ രൂപകല്പന ചെയ്ത് രാജ്യാന്തരതലത്തിൽ അംഗീകാരം നേടിയ പുകയില്ലാത്ത അടുപ്പുകളിൽ തീയ്യെരിയുമ്പോൾ അമ്മ മാരുടെ മനസ്സിൽ തെളിയുന്ന ചിത്രവും പരിഷത്തിൻേറതു തന്നെ അറിവിൻെറ വിളബരവുമായി തെരുവുകോർണറുകളെപ്പോലും അവർ പാടി ഉണർത്തി. പുസ്തകവിതരണത്തിനും ആശയപ്രചരത്തിനും നാടൻ വേഷത്തിൽ ഇറങ്ങിത്തിരിച്ച ഈ ത്യാഗനിധികളെ കുഗ്രാമങ്ങൾപോലും തിരിച്ചറിയാൻ തുടങ്ങി. 1986 ൽ കേരളം കണ്ട ശാസ്ത്രകലാജാഥയ്ക്ക് മികച്ചനേട്ടങ്ങൾ ഉണ്ടാക്കിക്കൊടുത്തുകൊണ്ട് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ഏറ്റുവാങ്ങിയതും പെരുവയിലെ ശാസ്ത്ര സാംസ്ക്കാരിക പ്രവർത്തകരായിരുന്നു.

എന്നാൽ വേഗമേറിയ ഈ കുതിപ്പുകളെല്ലാം പിന്നീടുണ്ടായ കിതപ്പിൻെറ തുടക്കമായിരുന്നു. കെട്ടുറപ്പുണ്ടായിരുന്ന പെരുവയിലെ യുണിറ്റ് എവിടെയൊക്കെയോ ചിന്നിച്ചിതറിയ കൊച്ചുകൊച്ചുമുഖങ്ങളായി പോയി. വിദ്യാർഥികൾക്കുവേണ്ടിയുള്ള 'വിജ്ഞാനോത്സവം' മുടക്കം വരാതെ നടത്തി, സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്ന മഹത്തായ കാര്യമൊഴിച്ചാൽ ജീവിതത്തിൻെറ നാനാതുറകളേയും സ്പർശിക്കുന്നകാര്യമായ പ്രവർത്തനമൊന്നും കാണുന്നില്ല. പരസ്യകോലാഹലങ്ങളില്ലാതെ യുക്തിവാദികൾ ഇടയ്ക്കിടെ സംഘടിപ്പിക്കാറുള്ള സെമിനാറുകൾക്ക് ശ്രോതാക്കൾ കുറവാണെങ്കിലും ഇവർ നടത്തുന്ന ദിവ്യാത്ഭുത അനാവരണ പരിപാടികൾ ആദ്യന്തം ജനശ്രദ്ധ ആകർഷിക്കുന്നുണ്ട്. ഒരു സുഖാന്വേഷിക്ക് ഒരിക്കലും ഒരു സത്യാന്വേഷിയാകാൻ സാധിക്കുകയില്ല എന്ന പച്ച സത്യത്തിൻെറ പിൻബലമുള്ളതുകൊണ്ടോ അന്വേഷണം മനുഷ്യൻെറ ഉറക്കം കെടുത്തും എന്ന പഴമൊഴിയിൽ മനസ്സുപതിഞ്ഞതുകൊണ്ടോ അതോ യുക്തിവാദികൾ സജീവമായ സാംസ്ക്കാരിക പ്രവർത്തനത്തിലേക്ക് കടന്നുവരാത്തതുകൊണ്ടോ ഇവരെ തിരിച്ചറിയാൻ ഇനിയും ഈ പഞ്ചായത്തിലെ ജനങ്ങളിൽ അധികം പേർക്കും കഴിഞ്ഞിട്ടില്ല.

'യുക്തിചിന്ത' എന്നാൽ ഈശ്വരനിരാസമല്ല, കാര്യകാരണ സംബന്ധിയായ ചിന്ത മാത്രമാണെന്ന സത്യം ശാസ്ത്രം പഠിച്ച നമ്മുടെ ചെറുപ്പക്കാർ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. ജാതിയുടെയും മതത്തിൻെറയും ചട്ടക്കൂടു ഭേദിച്ചവനു മാത്രമേ മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയൂ എന്ന് നാം ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു.

എടുത്തുപറയത്തക്ക സംഭവങ്ങളൊന്നും തന്നെ ഇല്ലാത്ത മുളക്കുളം പഞ്ചായത്തിൻെറ സാംസ്കാരിക മേഖലയുടെ ഈ സങ്കല്പ ചിത്രത്തിനു ജീവൻ വയ്ക്കുവാനും അതുവഴി നമ്മുടെ വികസനപ്രവർത്തനങ്ങളുടെ ഗതിവേഗം നിർണ്ണയിക്കപ്പെടുവാനും വേണ്ട പ്രവർത്തനങ്ങളിൽ നമുക്ക് പങ്കാളികളാകാം.

***



# വനിതാക്ഷേമം

**ലോ**കജനസംഖ്യയുടെ പകുതിയിലേറെ വരുന്ന സ്ത്രീകൾ തങ്ങൾക്ക് പുരുഷന്മാരോടൊപ്പം സ്ഥാനം ലഭിക്കേണ്ടതിലേയ്ക്കായി പരിശ്രമിച്ചു കൊണ്ടിരിക്കെ സ്ത്രീവിമോചന പ്രസ്ഥാനങ്ങളും ഇതേ ലക്ഷ്യത്തിനു വേണ്ടി പോരാടുന്നു. ഈ പ്രസ്ഥാനങ്ങളുടെ മാറ്റൊലി ദേശീയ തലത്തിലും സംസ്ഥാന തലത്തിലു മെന്നപോലെ മുളക്കുളം പഞ്ചായത്തിലും എത്തിയിട്ടുണ്ട്.

സ്വാതന്ത്ര്യപ്രാപ്തിക്ക് മുൻപ് നാട്ടിൽ വിദ്യാഭ്യാസമെന്നത് സാമ്രാജ്യത്വ ശക്തിക്ക് ആവശ്യമായ ഗുമസ്തന്മാരെ വാർത്തെടുക്കുക എന്ന പ്രക്രിയ മാത്രമായിരുന്നു. ഈ മേഖലയിൽ സ്ത്രീകൾ വളരെ വിരളമായേ എത്തപ്പെട്ടിരുന്നുള്ളു. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷവും ഈ നിലയ്ക്ക് കാര്യമായ മാറ്റം വന്നില്ല. സ്ത്രീകൾ സാക്ഷരരാവുന്നത് തങ്ങളുടെ മേൽക്കോയ്മക്ക് ഹാനികരമാണെന്ന് കണ്ട പുരുഷന്മാർ സ്ത്രീകളുടെ വിദ്യാഭ്യാസത്തെ സുകൃതക്ഷയമായാണ് കരുതിയത്. ഇക്കാരണങ്ങളാൽ ആദ്യകാല സാമൂഹിക പ്രവർത്തനങ്ങളിലും പുരോഗമന പ്രസ്ഥാനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമായിരുന്നു.

സമൂഹത്തിൽ സ്ത്രീകൾക്ക് കല്പിക്കപ്പെട്ടിരുന്ന വിലക്കുകളും അവരെ സാമൂഹിക പ്രവർത്തനങ്ങളിൽ നിന്നും മാറ്റി നിർത്തി ബന്ധനം കൂടുതൽ ശക്തമായപ്പോഴാണ് കുറെ സ്ത്രീകളെങ്കിലും ചങ്ങല പൊട്ടിച്ച് പുറത്ത് വന്നത്. ആദ്യകാലത്ത് കുടിപള്ളിക്കൂടങ്ങളിൽ നിന്നാണ് വനിതകൾ അക്ഷരമഭ്യസിച്ചിരുന്നത്. ഈ സ്ഥലങ്ങളിൽ തന്നെ എല്ലാ മതവിഭാഗത്തിൽപെട്ടവർക്കും പ്രവേശനമുണ്ടായിരുന്നില്ല. കൊച്ചുകുട്ടികൾക്കിടയിൽ തന്നെ വർണ്ണവിവേചനം പ്രകടമായിരുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന ശൈശവ വിവാഹം, സതി, സ്ത്രീധന സമ്പ്രദായം തുടങ്ങിയ ദുരാചാരങ്ങൾ സ്ത്രീകളുടെ നില കൂടുതൽ വഷളാക്കി. പുരാണങ്ങളേയും മാമൂലുകളേയും അടിസ്ഥാനമാക്കിയുള്ള അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും ഇപ്പോഴും നമ്മുടെ സമൂഹത്തിൽ നിന്നും പിഴുതെറിയപ്പെട്ടിട്ടില്ല എന്നത് ഒരു വസ്തുതയാണ്. മാതൃത്വം ഒരളവുവരെ വനിതകളെ പൊതുരംഗത്തുനിന്നും ഒഴിച്ചു നിർത്തുന്ന ഘടകമാണ്. ഈ പരിതസ്ഥിതികളിലും ആദ്യകാലദേശീയ പ്രസ്ഥാനങ്ങളിലും പുരോഗമന സംഘടനകളിലും ചുരുക്കം ചില സ്ത്രീകൾ പ്രവർത്തിച്ചിട്ടുണ്ട് എന്നത് ആശ്വാസജനകമാണ്. പരോക്ഷമായിട്ടാണെങ്കിലും സാമൂഹിക പ്രതിബദ്ധതയുടെ ഒരു തലമുറയെ വളർത്തികൊണ്ടു വരുന്നതിലൂടെ സ്ത്രീകൾ പുരുഷന്മാരുടേതിനേക്കാൾ ഉത്തരവാദിത്വമുള്ള കർത്തവ്യമാണു ചെയ്യുന്നത് എന്നത് മറക്കാവുന്നതല്ല.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് കടന്നുവന്നിട്ടുള്ളത് സംവരണ സീറ്റിലൂടെ മാത്രമാണ്. വനിതാ സംവരണമില്ലെങ്കിൽ ഈ വനിതകൾ പൊതുരംഗത്തേക്ക് വരുമായിരുന്നോ എന്നത് ചിന്തനീയമാണ്. ജനപ്രതിനിധികളായോ ഉദ്യോഗസ്ഥകളായോ സമൂഹത്തിലേയ്ക്ക് കടന്നു വരുന്ന വനിതകൾ തന്നെ കാലാവധിക്ക് ശേഷം വീടുകളിലേയ്ക്ക് തന്നെ മടങ്ങി ഒതുങ്ങിക്കഴിയുവാനുള്ള പ്രവണത കാണിക്കുന്നു. സ്ത്രീകൾ വീടുകളുടെ അകത്തളങ്ങളിൽ ഒതുങ്ങിക്കഴിയേണ്ടവരാണെന്നുള്ള ധാരണ സമൂഹത്തിൽ രൂഢമൂലമായിട്ടുള്ളതിൻെറ പ്രതിഫലനമായിട്ടിതിനെ കാണാനാവും. സാമൂഹിക പ്രവർത്തനങ്ങൾക്കിറങ്ങുന്ന വനിതകളുടെ സ്വഭാവത്തെ കരിതേച്ചു കാണിക്കുവാനുള്ള പ്രവണതകളും സുലഭമാണ്.

നൂറുശതമാനവും ലംഘിക്കപ്പെടുന്ന ഒരു നിയമമാണ് സ്ത്രീധന നിരോധന നിയമം. അതിൻെറ ഭാഗമെന്നോണം സ്ത്രീധനത്തിൻെറ പേരിലുള്ള പീഢനങ്ങളും നാട്ടിൽ സുലഭമാണ്. ഇതിൻെറയെല്ലാം പിന്നിൽ സജീവമായി പ്രവർത്തിക്കുന്നതും സ്ത്രീകളാണ് എന്നത് എടുത്തു പറയേണ്ട ഒരു വിരോധാഭാസമായി നിലകൊള്ളുന്നു. പഞ്ചായത്തിൽ അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ, കേരള മഹിളാസംഘം, എൻ.എസ്.എസ് അഭിമുഖ്യ ത്തിലുള്ള മഹിളാ സമാജം, എസ്.എൻ.ഡി.പി ആഭിമുഖ്യ ത്തിലുള്ള വനിതാ സംഘടന തുടങ്ങിയ വനിതാ പ്രസ്ഥാന ങ്ങൾ ഇവിടെ പ്രവർത്തനം നടത്തുന്നുണ്ട്.

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യയായ 23663-ൽ 11900 പുരുഷന്മാരും 11763 സ്ത്രീകളും ഉൾപ്പെടുന്നു. സ്ത്രീകൾ പുരുഷന്മാരേക്കാൾ 137 പേർ കുറവാണ്. സംസ്ഥാനതലത്തിൽ സ്ത്രീകൾ ഭൂരിപക്ഷമാണെങ്കിലും മുളക്കുളം പഞ്ചായത്തിൽ സ്ത്രീകൾ ന്യൂനപക്ഷമായി നിലകൊള്ളുന്നു.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക താഴെ ചേർക്കുന്നു. സർക്കാർ, അർദ്ധ സർക്കാർ, സഹകരണമേഖല എന്നീ മേഖലകൾ ഇതിൽ ഉൾപ്പെടുന്നു.

| | |
|---|---|
| ആകെ എണ്ണം | 382 |
| സ്ത്രീകൾ | 149 |
| പുരുഷന്മാർ | 233 |

തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് തുല്യപങ്കാളിത്തം ലഭിക്കുന്നില്ല എന്നു ഈ പട്ടിക സൂചിപ്പിക്കുന്നു. എന്നാൽ അദ്ധ്യാപകവൃത്തിയിൽ സ്ത്രീകൾ തുല്യപങ്കാളിത്തം നൽകുന്നു എന്നത് ആശാവഹമാണ്. പഞ്ചായത്തിലെ വനിത

കൾ മേലധികാരികളായിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

| സ്ഥാപനങ്ങൾ | തസ്തിക |
|---|---|
| ഗവർണ്മെൻറ് വി.എച്ച്.എസ്.ഇ. ഫോർ ഗേൾസ് | പ്രിൻസിപ്പാൾ |
| ഗവർണ്മെൻറ് വി.എച്ച്.എസ്.ഇ. ഫോർ ബോയ്സ് | പ്രിൻസിപ്പാൾ |
| U.P സ്കൂൾ, കാരിക്കോട് | H.M |
| L.P സ്കൂൾ, പെരുവ | H.M |
| L.P സ്കൂൾ, അവർമ്മ | H.M |
| L.P സ്കൂൾ, ആപ്പാഞ്ചിറ. | H.M |
| പ്രാഥമികാരോഗ്യകേന്ദ്രം, പെരുവ | ഡോക്ടർ |
| കൃഷിഭവൻ | ഓഫീസർ |
| മൃഗാശുപത്രി | ഡോക്ടർ |

വകുപ്പു മേധാവികൾക്ക് പുറമേ, L.K.G, U.K.G അദ്ധ്യാപകർ, അംഗൻവാടി, ബാലവാടി പ്രവർത്തകർ, പെരുവ പാൽ സൊസൈറ്റി സെക്രട്ടറി, സ്വകാര്യമേഖലയിലെ ഹോമിയോ ഡോക്ടർ തുടങ്ങിയവരും വനിതകളുടെ പ്രാതി നിധ്യം വർദ്ധിപ്പിക്കുന്നു. വനിതകൾ നടത്തുന്ന രണ്ട് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും നാലു ബ്യൂട്ടിപാർലറുകളും ഏതാനും തയ്യൽ പരിശീലന കേന്ദ്രങ്ങളും പഞ്ചായത്തിലുണ്ട്. പെൺകുട്ടികൾക്ക് മാത്രമായി ഒരു ഹൈസ്കൂളും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും തയ്യൽക്കടകളും കൂടാതെ മിൽമയുടെ ആഭിമുഖ്യത്തിലുള്ള പാൽ ഉൽപന്നങ്ങളുണ്ടാക്കി വിതരണം നടത്തുന്ന 5 യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഇവർക്ക് വേതനമായിട്ടൊന്നും ലഭിക്കുന്നില്ല എന്നത് എടുത്തു പറയേണ്ട കാര്യമാണ്. ഇതിലേയ്ക്ക് പഞ്ചായത്തു കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. പഞ്ചായത്തിലെ 100 ലധികം കുടുംബങ്ങൾ സ്ത്രീകൾ നാഥകളായിട്ടുള്ളതാണ്.

## വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. പ്രത്യക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. ചെയ്യുന്ന തൊഴിലുകളിൽ തന്നെ വേതന നിരക്ക് പുരുഷന്മാരുടേതിനേക്കാൾ താഴെയാണെന്ന് താഴെ കൊടുത്തിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

| | തൊഴിൽ മേഖല | വേതനം | |
|---|---|---|---|
| | | സ്ത്രീ | പുരുഷൻ |
| 1. | കെട്ടിടനിർമ്മാണം | 55–65 | 80–150 |
| 2. | ക്വാറി (കരിങ്കൽ) | 50–60 | 60–100 |
| 3. | കാർഷിക മേഖല | 50–70 | 80–110 |
| 4. | ഇഷ്ടിക നിർമ്മാണം | 50–80 | 70–120 |
| 5. | തടി ലോഡിംഗ് | 100–110 | 125–150 |
| 6. | ഹാൻഡി ക്രാഫ്റ്റ് | 30–40 | 40–70 |
| 7. | തയ്യൽ | 20–35 | 50–80 |
| 8. | മത്സ്യതൊഴിലാളി | 50–70- | ----- |

മത്സ്യതൊഴിലാളി സ്ത്രീകളാണ് നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുള്ള തൊഴിൽ ചെയ്യുന്നത്. അവരുടെ ജീവിത നിലവാരവും വളരെ താഴെയാണ്. രാവിലെ 6 മണി മുതൽ വില്പന കഴിയുന്ന മുറക്ക് രാത്രി 6, 7 മണി വരെ ജോലി ചെയ്യുന്നു.

മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ട പിറവം, തൊടുപുഴ, മാറിക, ഇലഞ്ഞി, പുതുവേലി, മോനിപ്പള്ളി, രാമമംഗലം തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ പോലും പോയി വ്യാപാരം നടത്തുന്ന ഇവർക്ക് ദിനംപ്രതി ശരാശരി 50 രൂപാ മുതൽ 70 രൂപാ വരെ മാത്രമാണ് വേതനമായി ലഭിക്കുന്നത്. കച്ചവടം നഷ്ടത്തിലവസാ നിക്കുന്ന ദിവസങ്ങളും ഉണ്ടാവാറുണ്ട്.

2. സാമൂഹിക സേവനരംഗത്ത് സ്ത്രീകൾ സ്വയം പ്രവർത്തന സജ്ജരായി മുന്നോട്ട് വരുന്നില്ല.

3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ കൂടുതലായി ആകർഷിക്കപ്പെടുന്നില്ല.

4. സ്ത്രീകളിൽ വളരെക്കുറച്ചുപേർ മാത്രമാണ് അനൗപചാരിക വിദ്യാഭ്യാസമാർജ്ജിക്കുന്നത്. സ്ത്രീകളിൽ വായനാശീലം വളരെ കുറവാണ്. സ്ത്രീകളിൽ ബഹുഭൂരിപക്ഷവും ജനപ്രിയസാഹിത്യങ്ങളുടെയും പ്രത്യേകിച്ചു മൃദുല വികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന വാരികകളുടെയും പിടിയിലാണ്. പത്രമാധ്യമങ്ങളിൽ നിന്നും മറ്റ് നിലവാര മുള്ള ആനുകാലികങ്ങളിൽ നിന്നും ലഭിക്കേണ്ടുന്ന, ജീവിതനിലവാരമുയർത്തുന്നതിനത്യന്താപേക്ഷിതമായ അറിവുകൾ വനിതകൾക്ക് ലഭിക്കാതെ പോകുന്നുണ്ട്.

5. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. വനിതകളെ ബോധവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുമില്ല.

6. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള തടസ്സമായി നിലകൊള്ളുന്നു.

7. സർക്കാർ ധനസഹായ പദ്ധതികളെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടക്കാത്തതിനാൽ പല പദ്ധതികളും സ്ത്രീകൾ അറിയുന്നേയില്ല.

8. വിദ്യാലയങ്ങളിൽ പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പ്രാതിനിധ്യം കുറവാണ്.

9. ഉയർന്ന വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധന നിലവാരം കുറവായതിനാൽ സ്ത്രീകളുടെ ഇടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സുലഭമായുണ്ട്.

10. സ്ത്രീകളിൽ വലിയൊരു വിഭാഗം പുരുഷന് വേണ്ടി ജീവിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവരാണെന്നത് ഒരു വസ്തുതയാണ്. അവർ സംരക്ഷണം ആഗ്രഹിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലയിലും പുരുഷനോടൊപ്പം നിൽക്കാനുള്ള കഴിവ് സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം ഇനിയും നേടേണ്ടിയിരിക്കുന്നു.

## സാധ്യതകൾ

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരങ്ങളുണ്ടാകണമെങ്കിൽ അവർ സാമ്പത്തിക കാര്യങ്ങളിൽ പുരുഷനെ ആശ്രയിക്കാതെ ജീവിക്കാനുള്ള സ്വയം പര്യാപ്ത കൈവരിക്കണം. സ്വന്തമായി വരുമാനമുള്ള വനിതകളെ സമൂഹവും കുടുംബവും കൂടുതൽ മാനിക്കുന്നുണ്ട്. ഈ സ്ഥിതിവിശേഷം കൈവരിക്കാൻ സ്ത്രീകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കേണ്ടതാണ്. പച്ചക്കറിത്തോട്ടം, മെഴുകുതിരി നിർമ്മാണ യൂണിറ്റ് ചന്ദനത്തിരി നിർമ്മാണ യൂണിറ്റ്, കരകൗശല നിർമ്മാണ യൂണിറ്റ്, അവിൽ–അരിപ്പൊടി നിർമ്മാണ–വിതരണ യൂണിറ്റ്, സോപ്പുനിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കന്നുകാലിവളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ സംരംഭങ്ങൾ ഒറ്റയ്ക്കോ, കൂട്ടായോ നടപ്പിൽ വരുത്താവുന്നതാണ്. ഇതിലേയ്ക്കായി പഞ്ചായ ത്തിൽ നിന്നും സഹായസഹകരണങ്ങൾ ലഭ്യമാക്കേണ്ട താവശ്യമാണ്.

പഞ്ചായത്തിലെ മുഴുവൻ ബാലവാടികളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതോടൊപ്പം ബാലവാടികളില്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുകയും ടീച്ചർമാർക്ക് അർഹമായ വേതനം ലഭ്യമാക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

**സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.**

1. ഉൽപാദനപരമായ തൊഴിൽ സംരംഭങ്ങൾ സ്ത്രീകൾക്കിടയിൽ തുടങ്ങുവാൻ മുൻകൈയെടുക്കുക.

2. വിപണന സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അതിനുവേണ്ട പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുക.

3. ചുരുങ്ങിയത് 10 വനിതകൾക്കെങ്കിലും തൊഴിൽ ലഭ്യമാകത്തക്ക വണ്ണം ഓരോ വാർഡിലും എല്ലാ വർഷവും ഒരു വ്യവസായ യൂണിറ്റ് വീതം തുടങ്ങുക.

4. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം ലഭ്യമാക്കുക. ലോൺ കൊടുക്കുന്നതിൽ ബാങ്കുകൾ കാണിക്കുന്ന വിമുഖത മാറ്റാൻ ശ്രമിക്കുക.

5. പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക.

6. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ തുടങ്ങിയവ അർഹരായ എല്ലാവർക്കും ലഭ്യമാക്കുക.

7. സ്കൂളുകളിലെ പാഠ്യേതരവിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുക.

8. സ്ത്രീകൾക്കിടയിൽ വായനാശീലം മെച്ചപ്പെടുത്താനാവശ്യമായ ബോധവൽക്കരണം നടത്തുക. സാംസ്കാരിക നിലവാരമുയർത്തുവാനുതകുന്ന കൃതികൾ വായിക്കുവാനവരെ പ്രോൽസാഹിപ്പിക്കുക.

9. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നു കയറ്റത്തോടെ സ്ത്രീകളുടെ ശ്രദ്ധ അവരുടെ യഥാർത്ഥ ജീവിത പ്രശ്നങ്ങളിൽ നിന്നും വഴി തിരിച്ചു വിടുന്നതായി കാണാം. ടി.വി.യിൽ പ്രക്ഷേപണം ചെയ്യുന്ന നിലവാരം കുറഞ്ഞ പരിപാടികൾക്കെതിരെ പ്രതികരിക്കേണ്ടതാവശ്യമാണ്.

10. മുളക്കുളം പഞ്ചായത്തിന്റെ ഹൃദയഭാഗമായ പെരുവയിൽ സ്ത്രീകൾക്ക് വേണ്ടി ആവശ്യമായ ടോയിലറ്റ് സൗകര്യം നിർമ്മിക്കേണ്ടതാവശ്യമാണ്.

11. സ്ത്രീപീഢനകേസുകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

12. മദ്യപാനം തടയേണ്ടതിന്റെ ആവശ്യകതയേക്കുറിച്ച് ഗ്രാമസഭകളിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത് അനധികൃത മദ്യവ്യാപരമെങ്കിലും ശക്തമായി തടയുക.

13. സ്ത്രീകൾക്കുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കൗൺസലിംഗ് സെന്റർ ആരംഭിക്കണം.

14. ആളുകൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ കുട്ടികൾക്ക് വേണ്ടി കായിക–കലാവിനോദകേന്ദ്രങ്ങൾ സ്ഥാപിക്കുക.

15. തുല്യജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തുക.

16. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിക്കുക.

❖ ❖ ❖

# സഹകരണ രംഗം

മുളക്കുളം പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത് 1934-ൽ കീഴൂർ ഭഗവതി വിലാസം വിധോദ്ദേശ സഹകരണ സംഘം എന്ന പേരിലാണ്. പിന്നീട് H.W. 51 എന്ന ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘം പെരുവ ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ചു. ആദ്യകാലങ്ങളിൽ ഈ സംഘം നല്ല രീതിയിൽ പ്രവർത്തിച്ചു എങ്കിലും പിന്നീട് ഇതിൻെറ പ്രവർത്തനം മന്ദീഭവിക്കുകയും ഈ സംഘം പൂഴിക്കോൽ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന H.W. 47 എന്ന ഹരിജൻ വെൽഫെയർ സഹകരണസംഘത്തിൽ ലയിപ്പിക്കുകയുമുണ്ടായി. H.W.51 നുശേഷം 1963-ൽ മുളക്കുളം പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചു. ആദ്യകാലത്ത് നാമമാത്രമായ കാർഷിക വായ്പാ വിതരണം മാത്രമേ ഈ വായ്പാ സംഘങ്ങൾ നടത്തിയിരുന്നുള്ളു. ക്രമേണ സ്വർണ്ണപ്പണയവായ്പ, നിക്ഷേപ പദ്ധതികൾ തുടങ്ങിയ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. പിന്നീട് 1990-കളിൽ വിവിധതരം സഹകരണസംഘങ്ങൾ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. 1, 3, 4, 5, 8, 11 എന്നീ വാർഡുകളിൽ ക്ഷീര വ്യവസായ സംഘങ്ങളും 3, 5, 10 എന്നീ വാർഡുകളിൽ റബ്ബർ ഉല്പാദകസഹകരണസംഘങ്ങളും 1, 11 എന്നീ വാർഡുകളിൽ ഹരിജൻ വെൽഫെയർ സംഘങ്ങളും 4-ാം വാർഡിൽ പഴം, പച്ചക്കറി സഹകരണസംഘം, സഹകരണ ആശുപത്രി, അർബൻ സഹകരണ ബാങ്കിൻേറയും കോട്ടയം ജില്ലാ സഹകരണ ബാങ്കിൻേറയും ശാഖകൾ എന്നിവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റുസഹകരണ സ്ഥാപനങ്ങൾ. 1-ാം വാർഡിൽ പ്രവർത്തിച്ചിരുന്ന ഹരിജൻ വെൽഫെയർ സകരണസംഘം H.W-19 ഇപ്പോൾ കാർഷിക വെൽഫെയർ സഹകരണ സംഘം എന്ന പേരിൽ പ്രവർത്തിനരിതമായി നിലകൊള്ളുന്നു. കോട്ടയം ജില്ലാ കാർഷിക വികസന ബാങ്ക്, കടുത്തുരുത്തി ബ്ലോക്ക് ഹൗസിംഗ് സൊസൈറ്റി എന്നിവയുടെ പ്രവർത്തന മേഖലയിൽപ്പെട്ടതാണ് മുളക്കുളം പഞ്ചായത്ത്.

### സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

3, 4, 5 വാർഡുകളിലെ ക്ഷീരോല്പാദക സഹകരണ സംഘങ്ങളും, 4-ാം വാർഡിലെ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്കും, അർബൻ സഹകരണബാങ്കും കോട്ടയം ജില്ലാസഹകരണ ബാങ്കും, 9-ാം വാർഡിലെ കീഴൂർ സർവ്വീസ് സഹകരണബാങ്കും 5-ാം വാർഡിലെ ഒരു റബ്ബർ ഉല്പാദക സഹകരണ സംഘവും പഞ്ചായത്തിലെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളാണ്. സഹകരണ മേഖലയുടെ സേവനങ്ങൾ ഇവ നല്ല രീതിയിൽ ജനങ്ങളിൽ എത്തിയ്ക്കുന്നു. മുളക്കുളം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് കോട്ടയം ജില്ലയിലെ ലാഭത്തിൽ പ്രവർത്തിയ്ക്കുന്ന അപൂർവ്വം ചില ബാങ്കുകളിൽ ഒന്നാണ്. അറുനൂറ്റി മംഗലത്തുള്ള അലിക്സ് എന്ന വ്യവസായ സഹകരണ സംഘവും, പെരുവയിലുള്ള സ്വരാജ് ബീഡി തൊഴിലാളി സഹകരണസംഘവും, മുളക്കുളം വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണ സംഘവും, 10-ാം വാർഡിൽ അടുത്ത കാലത്ത് രജിസ്റ്റർ ചെയ്ത കാർഷിക സഹകരണ സംഘവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(പെരുവയിലെ രണ്ടു സ്കൂളുകളിലും സ്കൂൾ സഹകരണ സംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്)

### സഹകരണ സംഘങ്ങളുടെ പ്രവർത്തനം:

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് വായ്പാ സംഘങ്ങൾ വിവിധ ഇനം വായ്പകൾ അംഗങ്ങൾക്കു വിതരണം ചെയ്യുന്നു. കൃഷിവായ്പ, സ്വയംതൊഴിൽ വായ്പ, IRDP വായ്പ, സ്വർണ്ണപ്പണയവായ്പ, വാഹനവായ്പ, വീട്‌വായ്പ, ചിട്ടികൾ, മരണാനന്തരസഹായനിധി, ബാങ്കിംഗ് ഇടപാടുകൾ, വളം, കീടനാശിനിവ്യാപാരം, റബ്ബർ വ്യാപാരം, തുണിവ്യാപാരം, വിദ്യാഭ്യാസവായ്പ എന്നീ മേഖലകളിൽ മേൽപറഞ്ഞ ബാങ്കുകൾ പ്രവർത്തിക്കുന്നു.

ക്ഷീരസംഘങ്ങൾ തൊഴിലിനും വരുമാനവർദ്ധനയ്ക്കും കാരണമായിട്ടുണ്ട്. റബ്ബർ ഉല്പാദക സഹകരണസംഘങ്ങളും കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പൊതുവിൽ റബ്ബർ കർഷകർക്ക് പ്രയോജനകരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഴം, പച്ചക്കറി, സംഘങ്ങളുടേയും മറ്റും പ്രവർത്തനങ്ങൾ വിപുലീകരിച്ചാൽ ഉല്പാദനവിപണന രംഗത്ത് ധാരാളം സാധ്യതകൾ തുറന്നു തരുന്നതാണ്. കേരകർഷക സംഘം, നെല്ലുല്പാദക സംഘം, എന്നിവ വിപുലമായ പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട്. പെരുവയിലെ സഹകരണ ആശുപത്രി കൂടുതൽ ജനസഹകരണത്തോടെ വിപുലീകരിച്ചു കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ക്ഷീര സംഘങ്ങളുമായി ബന്ധപ്പെടുത്തിയും അല്ലാതെയും ക്ഷീര വികസന വകുപ്പ് തീറ്റപ്പുൽ വികസന പദ്ധതി, കാലിത്തൊഴുത്ത് നിർമാണം കാലിത്തീറ്റ സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ കർഷകർക്ക് നല്കുന്നുണ്ട്.

## വായ്പാസഹകരണസംഘങ്ങൾ

| സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | IMBD | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികം | കാർഷികേതരം | | ലാഭം തുക | നഷ്ടം തുക | സ്ഥിരം | മറ്റുള്ളവർ |
| മുളക്കുളം പഞ്ചായത്ത്, സർവ്വീസ് സഹകരണബാങ്ക് Ltd. No- K - 209 | 1963 | മുളക്കുളം പഞ്ചായത്തിലെ 1 മുതൽ 8 വരെയുള്ള വാർഡുകൾ | 6657 | 60.5 ലക്ഷം | 100000 | 7819751 | 4703245 | 7977279 | 2120710 | | | 5 | — |
| കീഴൂർ സർവ്വീസ് സഹകരണ ബാങ്ക് Ltd. No- K - 323 | 1934 | കീഴൂർ പുഴിക്കോൽ കരകൾ | 4942 | 2500000 | | 15317677 | 1725004 | 12573504 | 1095760 | | | 6 | — |

കടുത്തുരുത്തി അർബൻ ബാങ്കിൻേറയും കോട്ടയം ജില്ലാ സഹകരണ ബാങ്കിൻേറയും ഓരോ ബ്രാഞ്ചുകൾ പഞ്ചായത്തിൻെറ സിരാകേന്ദ്രമായ പെരുവയിൽ പ്രവർത്തിക്കുന്നു. ഇവ കർഷകർക്ക് വളരെ പ്രയോജനകരമായ രീതിയിൽ പ്രവർത്തിയ്ക്കുന്നു. ഈ ബാങ്കുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## ക്ഷീരോല്പാദക സഹകരണസംഘങ്ങൾ

| സംഘത്തിൻെറ പേര് | ശേഖരിക്കുന്ന പാൽ Litre/month | പ്രദേശത്ത് വിൽക്കുന്ന പാൽ Litre/month | പുറത്തേയ്ക്ക് അയക്കുന്ന പാൽ Litre/month | മെമ്പർ മാരുടെ എണ്ണം |
|---|---|---|---|---|
| പെരുവ ക്ഷീരോല്പാദക സഹകരണ സംഘം Ltd.No: K.27(D) APCOS | 1336.3 | 1200 | 136 | 293 |
| അവർമ ക്ഷീരോല്പാദക സഹകരണ സംഘം Ltd.No: K.72(D) APCOS | 2766.5 | 1728.2 | 1038.3 | 201 |
| കാരിക്കോട് ക്ഷീരോല്പാദക സഹകരണ സംഘം Ltd.No: K.74(D) APCOS | 9839.6 | 5583.3 | 4255.7 | 507 |
| കുന്നപ്പിള്ളി ക്ഷീരോല്പാദക സഹകരണ സംഘം Ltd.No: K.73(D) APCOS | 5379.3 | 902.6 | 4476.7 | 292 |
| മുളക്കുളം ക്ഷീരോല്പാദക സഹകരണ സംഘം Ltd.No: K.75(D) APCOS | 3526 | 2600.5 | 925 | 282 |
| അപ്പാഞ്ചിറ ക്ഷീരോല്പാദക സഹകരണ സംഘം Ltd.No: K.156(D) APCOS | 1340 | 920 | 420 | 208 |

## ദേശസാൽകൃത ബാങ്കുകൾ

സെൻട്രൽ ബാങ്ക്, ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിവയാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ദേശസാൽകൃത ബാങ്കുകൾ. ഇതിൽ സെൻട്രൽ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവ പെരുവയിലും ബാങ്ക് ഓഫ് ഇൻഡ്യ മുളക്കുളത്തും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അറുന്നൂറ്റി മംഗലത്തും പ്രവർത്തിയ്ക്കുന്നു. ഈ ബാങ്കുകൾ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക പുരോഗതിയിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. മറ്റിതരവായ്പകൾക്കു പുറമേ ഈ ബാങ്കുകൾ കാർഷിക വായ്പകളും വിതരണം ചെയ്തു വരുന്നു. ഈ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് അനുപാതികമായി വായ്പകൾ വിതരണം നടക്കുന്നില്ല എന്ന ആക്ഷേപം ശക്തമായി ജനങ്ങളുടെയിടയിൽ ഉണ്ട്.

## സഹകരണ പ്രസ്ഥാനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

വായ്പാസഹകരണ ബാങ്കുകൾ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം വർദ്ധിച്ചു വരുന്ന കുടിശ്ശികയാണ്. അംഗങ്ങൾ എടുക്കുന്ന വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാത്തതു വഴി കുടിശ്ശിക നാൾക്കുനാൾ വർദ്ധിയ്ക്കുകയും ബാങ്കുകളുടെ സുഗമമായ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്യുന്നു. മറ്റൊരു പ്രശ്നം നിക്ഷേപത്തിൻെറ അപര്യാപ്തതയാണ്. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ സഹകരണ ബാങ്കുകളിൽ പണം നിക്ഷേപിക്കുവാൻ വൈമുഖ്യം കാണിക്കുന്നതായി കാണുവാൻ സാധിക്കും. മറ്റു ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപങ്ങൾക്ക് കിട്ടുന്നതുപോലെയുള്ള ഉറപ്പ് ഇപ്പോൾ സഹകരണ ബാങ്കുകളിൽ ലഭിക്കുന്നുണ്ട്. ഡിപ്പോസിറ്റ് ഇൻഷുറൻസ് സ്കീം ഇപ്പോൾ സഹകരണ ബാങ്കുകളിൽ നടപ്പിലാക്കി കഴിഞ്ഞു. അതുകൊണ്ട് കർഷകന് ഏറെ ഗുണകരമായ വിധത്തിൽ പ്രവർത്തിക്കുന്ന സഹകരണബാങ്കുളിൽ പണംനിക്ഷേപിക്കുക വഴി ഈ ബാങ്കുകളെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാൻ നമുക്കു സാധിക്കും. നമ്മുടെ പഞ്ചായത്തിലെ ദേശസാൽകൃത ബാങ്കുകളെ അപേക്ഷിച്ച് നോക്കുമ്പോൾ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ തുലോം കുറവാണെന്നു കാണാം. ഈ സ്ഥിതിക്ക് മാറ്റം വരുത്തുവാൻ നമ്മൾ ഒത്തൊരുമിച്ച് ശ്രമിക്കണം.

സഹകരണ സംഘങ്ങൾ നഷ്ടത്തിലാകുവാൻ ഭീമമായ സിൽബന്തി ചിലവും, തൻചിലവും, പലിശയിലുള്ള അസന്തുലിതാവസ്ഥയും, വസ്തു, കെട്ടിടം എന്നിവയ്ക്കുള്ള മുടക്കുമുതലും, മുതലും പലിശയും വായ്പക്കാർ യഥാസമയം തിരിച്ചടയ്ക്കാത്തതു കൊണ്ടുണ്ടാകുന്ന കനത്ത കുടിശിഖയും കാരണങ്ങളാണ്. പുതിയ ഉദാരവൽക്കരണ നയംമൂലം 2 കോടി രൂപ സമാഹരിച്ചാൽ സ്വകാര്യ മേഖലയിൽ ബാങ്കുകൾക്ക് ലൈസൻസ് ലഭിക്കുമെന്നുള്ളതും, വാണിജ്യ ബാങ്കുൾക്ക് അവർ സ്വരൂപിക്കുന്ന നിക്ഷേപങ്ങൾക്ക് ഇഷ്ടാനുസരണം പലിശ ചുമത്താനുള്ള സ്വാതന്ത്ര്യവുമെല്ലാം സഹകരണ മേഖലക്കെതിരെ ഉയരുന്ന ഏറ്റവും പുതിയ വെല്ലു വിളികളാണ്. കൊമേഴ്സ്യൽ ബാങ്കുകൾക്ക് നിക്ഷേപങ്ങൾക്ക് അധിക പലിശനൽകാമെന്ന് വന്നത് സഹകരണ മേഖലയിലെ നിക്ഷേപങ്ങളെ ശോഷിപ്പിക്കുന്നു. ഉദാരവൽക്കരണം അടിസ്ഥാനമാക്കിയുള്ള പുതിയ സഹകരണനിയമങ്ങളും സഹകരണ മേഖലയ്ക്ക് ഭീഷണിയാണ്.

ഉദാരവൽക്കരണത്തിൻെറ ഭാഗമായി ഒരു വശത്ത് തൊഴിൽ ലഭ്യതയും വളർച്ചയുമുണ്ടാകുമ്പോൾ മറുവശത്ത് തൊഴിലില്ലായ്മയും ദാരിദ്ര്യവും വളരുന്നു. ഈ പോരായ്മ പരിഹരിയ്ക്കുവാൻ സഹകരണ പ്രസ്ഥാനത്തിന് വികസന പ്രക്രിയയിൽ ഇനിയും കൂടുതൽ ഗ്രാമീണ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിയിക്കുന്നു. സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള അടിസ്ഥാനഘടകമായി സഹകരണ പ്രസ്ഥാനത്തെ അംഗീകരിയ്ക്കുകയും തദനുസരണമായ ക്രിയാത്മക പ്രവർത്തനത്തിനുള്ള നടപടികളുണ്ടാവുകയും കൂടിയേ കഴിയൂ. കൃഷി, കന്നുകാലി വളർത്തൽ, കോഴി-താറാവ് വളർത്തൽ, കുടിൽ വ്യവസായങ്ങൾ, എന്നിവ പരിപോഷിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും വേണ്ട സംഘങ്ങൾ ഇനിയും ഗ്രാമീണ മേഖലയിൽ ഉണ്ടാകണം. ഗ്രാമീണ സഹകരണ പരിശീനപരിപാടി വ്യാപകമാക്കേണ്ടതായിട്ടുണ്ട്. നെൽകൃഷിയും മറ്റും നഷ്ടമാണെന്ന ധാരണ ഇന്ന് കർഷകരിൽ നിലനിൽക്കുന്നു. ഇത് കേരളീയരുടെ അടിസ്ഥാന ഭക്ഷ്യ വിളയായ നെൽകൃഷിയെ തളർത്തുന്നു. ഈ രംഗങ്ങളിലെല്ലാം ഗ്രാമീണ മേഖലയെ ശക്തിപ്പെടുത്തുന്നതിൽ മുഖ്യമായൊരു പങ്ക് സഹകരണ മേഖലയ്ക്ക് നിർവ്വഹിക്കുവാൻ കഴിഞ്ഞാലേ നമുക്ക് ഇനി പിടിച്ചു നില്ക്കാനാകു എന്ന സത്യം ഗൗരവമായി കാണണം.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ പദ്ധതികളിൽ നിർണായകമായ പങ്ക് ഈ മേഖലയ്ക്കുണ്ട്. പഞ്ചായത്ത് ഉല്പാദന വ്യാപാര മേഖലകളിൽ ഫലപ്രദമായി സഹകരണമേഖലയെ ഉപയോഗപ്പെടുത്തണം.
2. പഞ്ചായത്തിൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കണം, ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിയ്ക്കണം.
3. ക്രെഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യാനുസരണം വിവിധ സ്കീമുകളും ബിസിനസുകളും ആരംഭിക്കണം. വീട്ടുപകരണങ്ങളും ഫർണിച്ചറുകളും തവണകളായി തുക അടച്ച് കിട്ടത്തക്കവിധത്തിലുള്ള വായ്പാ സമ്പ്രദായം ഏർപ്പെടുത്തണം.
4. പെരുവയിലുള്ള കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പർചെയ്സ് ഡിപ്പോയിൽ റബ്ബർ ഷീറ്റ് ഗ്രേഡ് തിരിച്ചു വാങ്ങുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
5. K.209 മുളക്കുളം പഞ്ചായത്ത് സർവ്വീസ് ബാങ്കിൻെറ

ശാഖ കാരിക്കോട്ടിൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

6. അറുനൂറ്റി മംഗലത്ത് പ്രവർത്തിച്ചിരുന്ന അലിക്സ് വ്യവസായ സഹകരണസംഘം, പെരുവയിലെ മുളക്കുളം വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണസംഘം, കീഴൂരെ കാർഷിക സഹകരണ സംഘം മുളക്കുളം കാർഷികവികസന സഹകരണ സംഘം എന്നിവ പുനരുജ്ജീവിപ്പിക്കണം.

7. ഓഫീസുകളില്ലാത്ത സഹകരണ പ്രസ്ഥാനങ്ങൾക്ക് സ്വന്തമായി ഓഫീസ് കെട്ടിടം ഉണ്ടാക്കുവാൻ നിരുപയോഗമായി കിടക്കുന്ന പുറമ്പോക്കുകൾ ലഭ്യമാക്കണം.

8. സഹകരണ ആയുർവ്വേദാശുപത്രി പഞ്ചായത്തിൽ ആരംഭിക്കണം.

9. കൂടുതൽ മേഖലകളിൽ ക്ഷീര സംഘങ്ങളും വ്യവസായ സഹകരണ സംഘങ്ങളും രൂപീകരിക്കണം.

10. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് കറി പൗഡർ, മെഴുകുതിരി നിർമ്മാണം, കരകൗശല വസ്തു നിർമ്മാണം തുടങ്ങിയവയിലൂടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം.

11. കാർഷിക മേഖലയായ പഞ്ചായത്തിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും കാർഷിക വിഭവങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനും കാർ ഷിക വ്യവസായങ്ങൾ പ്രത്യേകിച്ച് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കണം.

12. സഹകരണ സംഘങ്ങളിലെ വായ്പാ സമ്പ്രദായം ലളിതമാക്കുക.

13. പെരുവയിൽ സഹകരണ സംഘത്തിന്റെ കീഴിൽ ഒരു ന്യായവില ഹോട്ടൽ ആരംഭിക്കുക.

14. പെരുവയിലെ സഹകരണ ആശുപത്രിയുടെ പോരായ്മകൾ പരിഹരിക്കുകയും നല്ല രീതിയിൽ പ്രവർത്തിക്കുവാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യണം.

15. 8-ാം വാർഡിൽ പ്രവർത്തിയ്ക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പോരായ്മകൾ പരിഹരിക്കണം.

16. ക്ഷീരോല്പാദക സഹകരണ സംഘങ്ങളെ നവീകരിക്കുവാൻ ഉല്പാദകർക്ക് പാൽ വില നൽകുന്നതിനുള്ള മൂലധനമായി 10000/- രുപ സംഘങ്ങൾക്ക് നൽകുന്നുണ്ട്. ഇത് തീരെ അപര്യാപ്തമാണ്. അതുകൊണ്ട് പാൽവില കർഷകന് കൃത്യമായി കിട്ടുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. ഇത് പരിഹരിക്കുവാൻ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ മൂലധനം മറ്റു സഹകരണ വായ്പാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

17. സഹകരണ സംഘങ്ങളിൽ മെമ്പർമാരുടെ ഓഹരിക്ക് പലിശ ഏർപ്പെടുത്തുക.

18. സഹകരണ സംഘങ്ങളുടെ ഓഡിറ്റിനു വേണ്ടി വരുന്ന ഫീസ് ഇപ്പോൾ സംഘങ്ങൾ തന്നെയാണ് വഹിക്കുന്നത്. ഈ ഫീസ് സർക്കാർ നൽകുവാനുള്ള നടപടികൾ ഉണ്ടാകണം.

19. സഹകരണ സംഘങ്ങളിലെ വായ്പകുടിശ്ശികകൾ ഈടാക്കുന്നതിലേക്ക് വേണ്ടി വരുന്ന ചെലവ് ഇപ്പോൾ സഹകരണ സംഘങ്ങൾ അഡ്വാൻസായി ഡിപ്പാർട്ടുമെൻറിൽ അടക്കുന്ന ഒരു സ്ഥിതി വിശേഷമാണുള്ളത്. വായ്പകുടിശ്ശികക്കാർ വായ്പകൾ അടച്ചുതീർക്കുന്ന മുറയ്ക്കേ ബാങ്കിന് ഈ തുക തിരിച്ചു കിട്ടുന്നുള്ളു. കുടിശ്ശികക്കാർ ബാങ്കിൽ അടയ്ക്കുന്ന മുറയ്ക്ക് ഈ തുകകൾ ഡിപ്പാർട്ടുമെൻറിൽ അടയ്ക്കുവാനുള്ള വ്യവസ്ഥ ഉണ്ടാകണം.

***



# പട്ടികജാതി പട്ടിക വർഗ്ഗ റിപ്പോർട്ട്

നൂറ്റാണ്ടുകളുടെ അടിച്ചമർത്തലിനും, ചൂഷണത്തിനും വിധേ യമായിരുന്ന അടിസ്ഥാനവർഗ്ഗമായ പട്ടിക ജാതി – വർഗ്ഗക്കാരെ സമൂഹത്തിൽ മൃഗ തുല്യമായി കരുതിയിരുന്നു എന്ന് പറഞ്ഞാൽ അതിശയോക്തിയില്ല. നമ്മുടെ ദേശീയ പ്രസ്ഥാനത്തിൻെറ ആരംഭകാലത്തും ഈ വിഭാഗം ജനങ്ങളെ മൃഗതല്ല്യരായാണ് മറ്റുള്ളവർ കണക്കാക്കിയിരുന്നത്. സ്വന്തമെന്ന് പറയാൻ ഒന്നും ഇല്ലാത്തവർ, വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവർ, കന്നുകാലികളെ പോലെ കരുതപെട്ടിരുന്നവർ, ജന്മിമാരാൽ പരസ്പരം കൈമാറ്റം(കച്ചവടം) നടത്തപെട്ടിരുന്നവർ, ഉടമകളുടെ വരുതിക്ക്മാത്രം ജീവിക്കാൻ വിധിക്കപ്പെട്ടവർ, സ്വന്തമായി കൂര ഇല്ലാത്തവർ, വഴിനടക്കുന്നതിനും വെള്ളം കോരുന്നതിനും, വസ്ത്രം ധരിക്കുന്നതിനും, അവകാശം നിഷേധിക്കപ്പെട്ടവർ. സ്ത്രീകൾക്ക് പോലും മാറ് മറക്കുന്നതിന് അവകാശം നിഷേധിക്കപ്പെട്ടിരുന്നു. പുതിയ വസ്ത്രങ്ങൾ വാങ്ങിയാൽ അഴുക്ക് പിടിപ്പിച്ച് മാത്രമേ ധരിക്കുവാൻ അനുവദിച്ചിരുന്നുള്ളു. എന്തിന് സർവ്വചരാചരങ്ങളേയും സൃഷ്ടിച്ച ഈശ്വരനെ ആരാധിക്കുന്നതിന് പോലും അവകാശം നിഷേധിക്കപ്പെട്ടിരുന്നു. തീണ്ടലു, തൊടിലും, ഉച്ചനീചത്വങ്ങളും, നിലനിന്നിരുന്ന കാലം. വരേണ്യ വർഗ്ഗത്തിന് കൊലക്ക് വരെ അധികാരം നിലനിന്നിരുന്നു.

"തൊട്ടു കൂടാത്തവർ, തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോർ
ഇങ്ങനെ ഒട്ടല്ല ഹോ ജാതി–
ക്കോമരങ്ങൾ.....
യാത്രക്കിടയിൽ ഈ വിഭാഗത്തെ

ദൃഷ്ടിയിൽ പെട്ടാൽ ഉയർന്ന ജാതിക്കാർ കുളിച്ചതിന് ശേഷമേ യാത്ര തുടരുമായിരുന്നുള്ളു, പ്രഭാതംമുതൽ പ്രദോഷം വരെ പാടത്തും പറമ്പിലും ഈ വിഭാഗം പണിയെടുത്തിരുന്നു. പണികഴിഞ്ഞ് ഉച്ച ഭക്ഷണത്തിന് വന്നാൽ മുറ്റത്തിന് വെളിയിൽ കുഴി കുഴിച്ച് ഇല വച്ച് അതിൽ ഭക്ഷണം കൊടുത്തിരുന്നു. വിളമ്പുന്ന സമയം അടിയാൻ ദൂരെ മാറിനില്ക്കണമായിരുന്നു. ഇത്തരത്തിലുള്ള നീചവും, നിന്ദ്യവും പൈശാചികവുമായ സമ്പ്രദായമാണ് ഒരു കാലത്ത് ഈ വിഭാഗം ജങ്ങൾ അനുഭവിച്ചിരുന്നത്.

നമ്മുടെ ദേശിയ പ്രസ്ഥാനത്തിൻെറയും നവോത്വാന പ്രസ്ഥാനങ്ങളുടെയും അലയടി ഈ വിഭാഗം ജനങ്ങളിലും എത്തിചേർന്നു. ഈ കാലഘട്ടത്തിൽ തിരുവിതാംകൂറിൻെറ തിരുമുറ്റത്ത് നിന്നും ഉദിച്ചുയർന്ന ശ്രീ അയ്യൻ കാളിയുടെയും, ഡോ. അബദ്കറുടെയും ശ്രീനാരായണ ഗുരുവിൻെറയും എൻ. ജോൺ ജോസഫിൻെറയും മറ്റ് സാമൂഹ്യ പരിഷ്കർത്താക്കളുടെയും പ്രചോദനങ്ങൾ ഉൾകൊണ്ട് പുരോഗമന പ്രസ്ഥാനങ്ങളുടെ സഹായത്തോടെ നടത്തിയിട്ടുള്ള എണ്ണമറ്റ ചെറുത്തുനില്പിൻെറയും പോരാട്ടങ്ങളുടെയും ഫലമായാണ് ഇന്നത്തെ സ്ഥിതിയിലെങ്കിലും ഈ വിഭാഗക്കാർക്ക് എത്തപെടാൻ കഴിഞ്ഞിട്ടുള്ളത്. ശ്രീ. അയ്യൻ കാളിയുടെ പാദസ്പർശം നമ്മുടെ ഗ്രാമത്തിലും ഏറ്റിട്ടുണ്ടെന്നാണ് വാമൊഴി പ്രകാരം മനസിലാക്കുന്നത്. ഇന്ന് വളരെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ പോലും മറ്റുള്ള ജനവിഭാഗങ്ങളുടെ ഒപ്പം ദേശിയധാരയിലേക്ക് ഉയർന്ന് വരാൻ ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

1991 ലെ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 23663 ആണ്. ഇതിൽ പട്ടിക ജാതിവിഭാഗങ്ങൾ 11.56% മാണ്. 451 പട്ടിക ജാതികുടുംബങ്ങളും, 4 പട്ടിക വർഗ്ഗകുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്. രണ്ട് പട്ടിക ജാതിസെറ്റിൽ മെൻറ് കോളനി ഉൾപ്പെടെ അംഗീകരിച്ച 15 കോളനികളും, അംഗീകരാമില്ലാത്ത, കുന്നപ്പിള്ളി PWD പുറം പോക്ക് കോളനിയും പുളിക്കുന്ന് മിച്ച ഭൂമി കോളനിയുൾപ്പൊടെ 17 കോളനികൾ ഈ പഞ്ചായത്തിൽ ഉണ്ട്. അനുബന്ധം I കാണുക.

കോളനീകളിൽ എല്ലാം കൂടി 227 പട്ടികജാതി കുടുംബങ്ങളുണ്ട്. കൂടാതെ 228 കുടുംബങ്ങൾ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നു. 91ലെ ലഭ്യമായ കണക്കനുസരിച്ച് പട്ടിക ജാതി – വർഗ്ഗക്കാരുടെ ജനസംഖ്യ 2737 ആണ്.

ഈ വിഭാഗത്തിന് സാമൂഹ്യസാമ്പത്തിക, വിദ്യാഭ്യാസ രംഗങ്ങളിൽ വേണ്ടത്ര വളരുവാൻ സാധിച്ചിട്ടില്ല. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഭരണഘടനാപരമായ ആനുകൂല്യങ്ങൾ കൊണ്ടും വിവിധ സാമൂഹ്യസംഘടനകളുടെ പ്രവർത്തനം കൊണ്ടും മാത്രമാണ് ഈ വിഭാഗങ്ങൾക്ക് അല്പമെങ്കിലും ഉയർച്ച കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. സ്വന്തം കൃഷിഭൂമിയുടെ കുറവ്, വ്യവസായിക മേഖലയിലെ പങ്കാളിത്തമില്ലായ്മ, തൊഴിലില്ലായ്മ, എന്നിവ ഈ സമൂഹത്തിൻെറ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. സർക്കാർ കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്ന പല പുരോഗമനപദ്ധതികളെ കുറിച്ചുമുള്ള അറിവില്ലായ്മ കൊണ്ടും അപ്രാപ്യമായ നിബന്ധനകൾ കൊണ്ടും പദ്ധതികളുടെ പ്രയോജനം വേണ്ടത്ര ജനങ്ങൾക്ക് ലഭിക്കുന്നില്ല. പട്ടിക ജാതിവർഗ്ഗക്ഷേമ പദ്ധതികൾ പലതും ലാപ്സായി പോകുകയും അനുവദിക്കുന്ന ഫണ്ട് വഴിമാറി ചിലവഴിക്കുകയും ചെയ്യുന്നതുകൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന പ്രയോജനം ഈ വിഭാഗത്തിന് പൂർണ്ണമായും ലഭിക്കുന്നില്ല.

സർക്കാറിൻെറ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ. ഈ വിഭാഗത്തിന്

സഹായകമാകുന്നുണ്ടെങ്കിലും ഇത് വളരെ അപര്യാപ്തമാണ്.

സാമൂഹിക സാംസ്കാരിക ചടങ്ങുകളിൽ ഈ സമൂഹത്തെ പൊതുവെ ഒഴിവാക്കുന്ന പ്രവണത പ്രത്യക്ഷമായും പരോക്ഷമായും കണ്ടുവരുന്നു. പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ ചടങ്ങുകളിൽ ഇതര സമുദായത്തിൽപ്പെട്ടവർ പൂർണ്ണമായും സഹകരിക്കാത്ത പ്രവണത ഇന്നും നിലനില്ക്കുന്നു. ഈ പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ജാതിപേര് ചേർത്തു വിളിക്കുന്ന പ്രവണത നിലനില്ക്കുന്നുണ്ട്. പ്രായത്തെപ്പോലും ബഹുമാനിക്കാതെ ഇതര വിഭാഗങ്ങളിൽപ്പെട്ടവരുടെ കുട്ടികൾ വരെ പട്ടികജാതി-വർഗ്ഗത്തിൽപ്പെട്ടവരെ പേരെടുത്ത് വിളിക്കുന്ന സ്വഭാവം നിലനില്ക്കുന്നു.

ഇവിടെ പരാമർശിച്ചിട്ടുള്ളതും പരാമർശിക്കാൻ പോകുന്നതുമായ പ്രശ്നങ്ങൾ ഏറിയും കുറഞ്ഞും മതപരിവർത്തനം നടത്തിയ ദലിത് ക്രൈസ്തവർക്കും ബാധകമാണ്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി ഈ വിഭാഗത്തിൽപെട്ട ആളുകൾ പൊതുവേ പിന്നോക്കമാണ്. സ്വകാര്യവിദ്യാലയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സർക്കാർ സ്ക്കുളുകളുടെ പഠന നിലവാരം പൊതുവേ മോശമാണ്. പട്ടികജതി കുട്ടികളിൽ 90%വും സർക്കാർ സ്കൂളുകളിലാണ് പഠിക്കുന്നത്. പൊതുവെ തൊഴിലാളികളായ രക്ഷകർത്താക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാൻ പറ്റാത്തതും പോഷകാഹാരക്കുറവ്, ആരോഗ്യക്കുറവ് എന്നിവയും പഠന നിലവാരം മോശമാകുന്നതിന് കാരണമാകുന്നു. പഠനത്തിൽ പിന്നോക്കം പോകുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക പരിഗണന നല്കി മറ്റ് കുട്ടികളുടെ ഒപ്പം എത്തിച്ചേരാൻ വേണ്ട സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഇത്തരം പ്രതികൂലസഹാചര്യങ്ങളെയും വീടുകളിലെ ഇല്ലായ്മകളെയും അതിജീവിച്ചുകൊണ്ട് കുറച്ചുപേർ മാത്രം വിദ്യാഭ്യാസം മുൻപോട്ട് കൊണ്ടുപോകുന്നു എന്നാൽ 248 കുട്ടികൾ പഠിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം ആറുമാത്രമാണ്. വിദ്യാസമ്പന്നരിൽ തന്നെ ഏതാണ്ട് 95% പേർ തൊഴിൽ രഹിതരായി കഴിയുന്നു. മത്സരപരീക്ഷകളിൽ ഈ വിഭാഗം കുട്ടികൾ സ്ഥിരമായി പിന്തള്ളപ്പെടുന്നു. ഇതിനൊരു പരിഹാരം കാണുന്നതിന് മത്സരപരീക്ഷകളിൽ വിജയിക്കുന്നതിനാവശ്യമായ സ്ഥിരമായൊരു പരിശീലനകേന്ദ്രം പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കായി പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

പട്ടിക ജാതി - കോളനിനിവാസികൾ താമസിക്കുന്ന പ്രദേശങ്ങളോടനുബന്ധിച്ച് പൊതുസ്മശാനങ്ങൾക്കാവശ്യമായ സ്ഥലം കണ്ടെത്തുക പെരുവ, കോയിക്കൽ (5 -ാം വാർഡ്) കാരിനിരഴപ്പൽ (6 -ാം വാർഡ്) വട്ടുകുന്നപ്പുഴ എന്നീസ്ഥലങ്ങളിലുള്ള പൊതുശ്മശാനങ്ങൾ അളന്ന് തിട്ടപ്പെടുത്തി ചുറ്റുമതിലുകൾ കെട്ടി സംരക്ഷിക്കുക.

നാലാം വാർഡിലെ കൂട്ടാനിക്കൽ കോളനിയിൽ ഇനിയും തുടങ്ങി കഴിഞ്ഞിട്ടില്ലാത്ത ക്ഷേമ പ്രവർത്തനങ്ങൾ കഴിയുന്നതും വേഗം തുടങ്ങണം. ഇവിടേയ്ക്കുള്ള പൊതു വഴി നിർമ്മിക്കണം. ഒരു വീട്ടിൽ തന്നെ പാർക്കുന്ന രണ്ടു കുടുംബങ്ങളെ പ്രത്യേകം പ്രത്യേകം വീടുകൾ നിർമ്മിച്ച് മാറ്റി പാർപ്പിക്കുക. കോളനികളിലെ എല്ലാ ഭവനരഹിതരായവർക്കും വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക പൊതുവേ പഞ്ചായത്തിലെ ഈ വിഭാഗത്തിൽ പെടുന്ന 60% കുടുംബങ്ങളും പ്രാഥമിക സൗകര്യം ഇല്ലാത്തവയാണ്. ഇങ്ങോട്ടുള്ള റോഡുകൾ ടാർ ചെയ്തും അറ്റകുറ്റപ്പണികൾ തീർത്തും സഞ്ചാരയോഗ്യമാക്കുക. മോശമായ വീടുകൾക്ക് പുനർനിർമ്മാണ പണികൾ നടത്തുന്നതിനാവശ്യമായ ധനസഹായം എത്തിക്കുക. കൂടാതെ ഈ സ്ഥലങ്ങളിൽ വായന ശാലകളും സാംസകാരികനിലയങ്ങളും സ്ഥാപിച്ച് ജനങ്ങളുടെ സാംസ്കാരികനിലവാരം ഉയർത്താനുള്ള ശ്രമങ്ങൾ ആരംഭിക്കുക. ഈ പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതിക്കാരും 17 കോളനികളിലായി തിങ്ങിപ്പാർക്കുന്നു. അതായത് 227 വീടുകൾ കോളനികളിൽ ഇടകലർന്നു താമസിക്കുന്നു (അനുബന്ധം 11 കാണുക) ഇതിൽ തന്നെ ഏകദേശം 60% വീടുകൾക്ക് വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിങ്ങനെയുള്ള പ്രാഥമിക സൗകര്യങ്ങൾ ഇതുവരെയും ലഭിച്ചിട്ടില്ല. അതിനാൽ കോളനി അടക്കമുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ തൊഴിൽ, വിദ്യാഭ്യാസം, പാർപ്പിടം, കുടിവെള്ളം, കക്കൂസ്, വൈദ്യുതി തുടങ്ങി എല്ലാ പ്രശ്നങ്ങളും എത്രയും പെട്ടെന്നു പരിഹരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

## പ്രശ്നങ്ങൾ

1. താഴ്ന്ന വിദ്യാഭ്യാസ നിലവാരം
2. വർദ്ധിച്ചു വരുന്ന ഭവനരഹിതരുടെ സംഖ്യ
3. സ്വന്തമായി കൃഷിയിടങ്ങളില്ലാത്തതു മൂലം സംഭവിക്കുന്ന സാമ്പത്തിക പരാധീനത.
4. കാർഷിക മേഖലയിൽ കുറഞ്ഞു വരുന്ന തൊഴിലവസരങ്ങൾ
5. പാർപ്പിട നിർമ്മാണത്തിനു പോലും സ്ഥലമില്ലാത്ത ഭൂരഹിതരുടെ വർദ്ധിച്ചുവരുന്ന എണ്ണം.
6. വീടിനുള്ള ധനസഹായം അപര്യാപ്തമായതു മൂലം കൊടുക്കുന്ന തുക ദുർവിനിയോഗം ചെയ്യുന്ന സ്ഥിതി.
7. ആരോഗ്യസംരക്ഷണ സംവിധാനത്തിൻെറ അപര്യാപ്തത.

## നിർദ്ദേശങ്ങൾ

1. പട്ടികജാതി കുടുംബത്തിലെ അംഗങ്ങൾക്ക് ചികിത്സിക്കും, പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം നല്ക.
2. പട്ടികജാതി കുടുംബത്തിലെ എല്ലാ കർഷകതൊഴിലാളികൾക്കും പ്രായമാകുമ്പോൾ പെൻഷൻ നൽക്കുക.
3. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സംവരണതത്വം പൂർണ്ണമായും പാലിക്കുക.

4. എല്ലാ കോളനികളിലേയ്ക്കുമുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

5. വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പ്രത്യേകം ട്യൂഷൻ കൊടുക്കുന്നതിനുവേണ്ട സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തുക. അതേപോലെ തന്നെ കുട്ടികളുടെ രക്ഷകർത്താക്കൾക്ക് വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ച് ബോധവത്കരണം നടത്തുക.

വീടില്ലാത്തമുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകൾ നിർമ്മിക്കുന്നതിന് മതിയായതുക ഗ്രാൻറായി അനുവദിക്കുക. വീടിനോടൊപ്പം തന്നെ കക്കൂസ്, കുളിമുറി, എന്നി എനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്താൻ കഴിയണം.

നിലവലുള്ള കോളനികൾ ശാസ്ത്രിയമായ പുനഃസംവിധാനം ചെയ്യുക. ഒരു തുണ്ട് ഭൂമിയിൽ ഉൾക്കൊള്ളാവുന്നതിലധികം ജനങ്ങളെ പാർപ്പിക്കുന്ന സമ്പ്രദായം അശാസ്ത്രീയവും അധാർമ്മികവുമാണ്. വ്യക്തികളുടെ മാനസികവും ഭൗതികവുമായ വളർച്ചയെ തടയുകയും അധഃപതിപ്പിക്കുകയും ചെയ്യുന്ന ഇത്തരത്തിലുള്ള കേന്ദ്രീകൃത ഭവന നിർമ്മാണ പ്രവർത്തനങ്ങൾ (കോളനിവത്കരണം) അവസാനിപ്പിച്ചുകൊണ്ട് വികേന്ദ്രീകൃത ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുക. പട്ടികജാതിക്കാരായ കുടുംബങ്ങൾക്കായി വിവിധ പ്രദേശങ്ങളിലായി ഒരു നിശ്ചിത സെൻറ് സ്ഥലമുൾപ്പെടെ വീടുനിർമ്മിച്ച് നല്കുക.

കൃഷിഭൂമി വാങ്ങുന്നതിന് പട്ടികജാതി വിഭാഗങ്ങൾക്ക് പലിശരഹിത വായ്പകൾ നല്കുക. ഇത്തരത്തിലുള്ള വായ്പകളുടെ നിബന്ധനകൾ ലഘൂകരിക്കുക.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിദ്യാസമ്പന്നരായ മുഴുവൻ യുവതീയുവാക്കൾക്കും തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ സ്വയം തൊഴിൽ പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ കഴിയണം. ഇതിലേക്കായി I.T.I തുടങ്ങിയ ട്രെയിനിംങ്ങ് സെൻെറുകൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കുകയും അർഹരായ പട്ടികജാതി യുവതികൾക്ക് തയ്യൽ മെഷീൻ, ടൈപ്പ്റൈറ്റിങ്ങ് മെഷീൻ തുടങ്ങിയവ വാങ്ങുന്നതിന് പഞ്ചായത്തുതലത്തിൽ ധനസഹായ ഏർപ്പെടുത്തുകയും ചെയ്യുക. അതുപോലെ തന്നെ കൊട്ട, പായ്പനമ്പ് എന്നീ പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വിപണത്തിനും വേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ രൂപവൽക്കരിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ ഏക പട്ടിതജാതി സഹകരണ സ്ഥാപനമായ വിവിധോദ്ദേശ സഹകരണ സംഘത്തിൻെറ നിലവിലുള്ള ശോച്യാവസ്ഥ പരിഹരിക്കുകയും ഇതിൻെറ ബ്രാഞ്ചുകൾ കൂടുതൽ പ്രദേശങ്ങളിൽ സ്ഥാപിച്ച് ഇതിൻെറ പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്യുക. ഇതിലൂടെ വേണ്ടത്ര ഗ്രാൻറുകളും, പലിശരഹിതവായ്പകളും അനുവദിച്ചുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ കൈതൊഴിൽ ചെറുകിട വ്യവസായം എന്നിവ തുടങ്ങുന്നതിനുള്ള ശ്രമം നടത്തുക.

## തൊഴിൽ

പട്ടികജാതി വിഭാഗങ്ങൾ ഭൂരിപക്ഷവും കാർഷിക മേഖലയെ മാത്രം ആശ്രയിച്ചാണ് ഉപജീവനം കഴിച്ചിരുന്നത്. എന്നാൽ കാർഷിക മേഖലയിലെ തകർച്ച യന്ത്രവത്കരണം എന്നിവ തൊഴിൽ നന്നേ കുറയാൻ കാരണമായി. അതുകൊണ്ടുതന്നെ തൊഴിൽ തേടി മറ്റ മേഖലകളെ ആശ്രയിക്കേണ്ടിവന്നു. ഇതിൽ ഭൂരിഭാഗവും കരിങ്കൽ മടകളിലേയ്ക്കും മറ്റുനിർമ്മാണമേഖലകളിലേക്കും തിരിഞ്ഞു. നാമമാത്രമായ ഭൂസ്വത്തു മാത്രമേ ഈ വിഭാഗത്തിനു കൈമുതലായുള്ളു. അയിതിനാൽ തൊഴിലിനെ മാത്രം ആശ്രിയിച്ചു ജീവിക്കുന്നവരാണ് ഈ വിഭാഗം. ഭൂമി കൂടുതലും കൈവശമുള്ള ആളുകൾ നാണ്യവിളകൾ കൃഷിചെയ്യുന്നതുകൊണ്ടും വൻകിട കെട്ടിടങ്ങൾ നിർമ്മിക്കുന്നതുകൊണ്ടും ഈ മേഖലയിലുള്ള തൊഴിലവസരങ്ങളും അനുപാതികമായി കുറഞ്ഞുവരുന്നു. കാർഷികമേഖലയിലെ തൊഴിലവസരങ്ങൾ സീസണുകളിൽ മാത്രം ഉണ്ടാകുന്നതിനാൽ മറ്റുള്ള സമയങ്ങളിൽ രൂക്ഷമായ തൊഴിലില്ലായ്മയും ഇതേ തുടർന്ന് കടുത്ത ദാരിദ്ര്യവും ഈ വിഭാഗങ്ങൾ അനുഭവിക്കുന്നു. അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമല്ലാത്തതിനാൽ പരമ്പരാഗതമായി കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സ്ഥിതിയും ഒട്ടും വിഭിന്നമല്ല. അതിനാൽ ആധുനിക തൊഴിൽ സംരംഭങ്ങൾ പട്ടികജാതി – വർഗ്ഗ വിഭാഗങ്ങൾക്കായി ആരംഭിക്കുകയും അതിൻെറ സാങ്കേതിക പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൻെറ ചുമതലയിൽ നടത്തേണ്ടതുമാണ്. കാർഷിക മേഘലയിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും ഭക്ഷ്യോല്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്.

## പാർപ്പിടം

പട്ടികജാതി – വർഗ്ഗ വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നത്തിന് പൂർണ്ണമായ പരിഹാരം കണ്ടെത്താൻ ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. വിവിധ പദ്ധതികൾ മുഖേന വീടു വയ്ക്കുന്നതിന് സർക്കാർ ധനസഹായം നല്കുന്നുണ്ടെങ്കിലും തുക വളരെ പരിമിതമാണ്.

തന്മൂലം അനുവദിച്ച വിടുകൾ തന്നെ പൂർണ്ണമായി പണിതീർക്കുന്നതിന് അധികം പേർക്കു കഴിഞ്ഞിട്ടില്ല. വായ്പയായോ, ഗ്രാൻറായോ, അനുവദിക്കുന്ന തുക വളരെ അപര്യാപ്തമാണ്. ഇന്നത്തെ വിലനിലവാരം വച്ചുനോക്കിയാൽ 50,000/ രൂപ എങ്കിലും ഉണ്ടെങ്കിലേ സർക്കാരിൻെറ കണക്കനുസരിച്ചുള്ള വീടുതീർക്കാൻ കഴിയൂ. അതുകൊണ്ട് വീടു നിർമ്മിക്കാൻ അനുവദിക്കുന്ന വായ്പയോ, ഗ്രാൻേറാ 50,000 രൂപയാക്കി നിജപ്പെടുത്തുക. വീടു നിർമ്മാണത്തോടൊപ്പം കക്കൂസും നിർമ്മിയ്ക്കാൻ ആവശ്യമായ നിബന്ധനകൾക്കു വിധേയമായി ഫണ്ട് അനുവദിക്കുക. പട്ടികജാതി കുടുംബക്കാർ താമസിക്കുന്ന സ്ഥലങ്ങളിലും നിലവിലുള്ള എല്ലാ കോളനികളിലും വെള്ളം ലഭ്യമാക്കുന്നതിന് പൈപ്പുലൈൻ നീട്ടികൊടുക്കുക പൈപ്പ് എത്താത്തസ്ഥലങ്ങളിൽ കിണർ, കുളം എന്നിവ നിർമ്മിച്ചു കൊടുക്കുക. കിണർ

കുഴിയ്ക്കുന്നതിന് ഭൂപരിധി പരിഗണിക്കാതെ ഗ്രാൻേറാ വായ്പയോ അനുവദിക്കുക.

സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സംവരണ തത്വം കർശനായി പാലിച്ചു ജോലി ലഭിക്കുന്നതിന് വേണ്ട നടപടികൾ നടത്തുക. പഞ്ചായത്തുതലത്തിൽ ഇൻഫർമേഷൻ സെൻെററുകൾ സ്ഥാപിച്ച് അഭ്യസ്തവിദ്യരായ യുവതിയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽക്കുക. മെഴുകുതിരി നിർമ്മാണം ഹോളോബ്രിക്സ്, അച്ചാറു നിർമ്മാണം എന്നീ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്ന തിനുള്ള ധനസഹായം ഉപാധിരഹിതമായ പലിശരഹിത വായ്പകൾ മുഖേന ലഭ്യമാക്കുക.

## മതപരിവർത്തനം ചെയ്ത പട്ടികജാതിക്കാർ:

മർദ്ദിതദേശീയ ജനതയിലുൾപ്പെട്ട ഒരു പറ്റം പട്ടിക ജാതി-വർഗ്ഗ വിഭാഗങ്ങൾ സാമൂഹ്യ സുരക്ഷിതത്വം പ്രതീക്ഷിച്ചാണ് വ്യത്യസ്തമതങ്ങളിലേക്കു ആകർഷിക്കപ്പെട്ട് മത പരിവർത്തനത്തിനു വിധേയരായത്. ഇവരെ പൊതുവെ ദളിത് ക്രൈസ്തവർ എന്ന് അറിയപ്പെടുന്നു. കേരളത്തിലും നമ്മുടെ ഗ്രാമപഞ്ചായത്തിലും പരിശോധിച്ചാൽ പട്ടിക ജാതി-വർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യാവസ്ഥയിൽ നിന്നും ഒട്ടും വിഭിന്നമല്ല ദളിത് ക്രൈസ്തവരെന്ന് പരിശോധിച്ചാൽ ബോദ്ധ്യം വരും. മുളക്കുളം പഞ്ചായത്തിൽ ഈ വിഭാഗത്തിൽ പെട്ടവരുടേതായി 448 വീടുകളുണ്ട്. ആകെ അംഗസംഖ്യ 1913 ആണ്.

അടിസ്ഥാനപരമായി പട്ടികജാതി-വർഗ്ഗ വിഭാഗങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ഈ വിഭാഗവും അനുഭവിക്കുന്നതുകൊണ്ട് ദേശീയതലത്തിൽ തന്നെ ഇവരെ പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം തത്വത്തിൽ മിക്ക രാഷ്ട്രീയ പാർട്ടികളും അംഗീകരിച്ചിട്ടുണ്ട്. അത് ഉടനടി നടപ്പാക്കി ഈ വിഭാഗത്തിൻെറ പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

## ആനുകൂല്യങ്ങൾ:

പട്ടികജാതി വിഭാഗത്തേക്കാൾ ജനസംഖ്യയിൽ ഇവർ മുൻപന്തിയിലാണെങ്കിലും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെടുത്തി (OEC) രണ്ട് ശതമാനം സംവരണം ലഭിക്കുന്നുണ്ട് ഇത് വളരെ അപര്യാപ്തമാണ്. വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ ദളിത് ക്രൈസ്തവർക്കും മറ്റ് ശുപാർശിത വിഭാഗങ്ങൾക്കുമായി ഒരു കോർപറേഷൻ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ സ്വയം തൊഴിൽ, ഭൂമിവാങ്ങുന്നതിന്, വദേശത്ത് പോകുന്നതിന് ഇവയ്ക്കായി വായ്പ കൊടുക്കുന്നുണ്ട്. എന്നാൽ നാളിതുവരെ അറിവിൽ പെട്ടിടത്തോളം ഒരാൾക്ക്മാത്രമാണ് ഇതിൻെറ സഹായം ലഭിച്ചുട്ടുള്ളത്. പഞ്ചായത്തിൽ ഇതിൻെറ വായ്പ നിബന്ധനകൾ ഗുണഭോക്താക്കൾക്ക് ലഭിക്കുവാൻ പര്യാപ്തമായ തരത്തിലല്ല. ഇതിൻെറ നിബന്ധനകൾ ലഘൂകരിക്കുകയും ആധുനിക തൊഴിൽ പരിശീലനം ഈ വിഭാഗം യുവതിയുവാക്കൾക്കും വേണ്ടി നടപ്പിലാക്കുവാൻ പഞ്ചായത്തു തലത്തിൽ തന്നെ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഈ വിഭാഗജംനങ്ങളിൽ ഭൂരിഭാഗവും ഭൂരഹിതരും കോളനികളിൽ തിങ്ങിപാർക്കുന്നവരും പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും കോളനിയായി അംഗീകരിച്ചിട്ടില്ലെങ്കിലും കൂട്ടായി താമസിക്കുന്നവരുമുണ്ട്. ഈ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ ഒരു സംവിധാനത്തിന് രൂപം നല്കേണ്ടതാണ്. ഈ പ്രവർത്തനങ്ങളിലൂടെ ഈ വിഭാഗം ജനങ്ങളെ ഇതര വിഭാഗങ്ങളോടൊപ്പം എത്തിക്കുന്നതിന് മേൽപ്പറഞ്ഞ കാര്യങ്ങൾ അടിന്തരമായി ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഭാഗമാളുകൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് സൗകര്യങ്ങൾസൃഷ്ടിക്കുന്നതിന് ഗ്രാൻറുകൾ അനുവദിക്കേണ്ടത് അനുപക്ഷണയമാണ്.

## അനുബന്ധം 3

ഈ പഞ്ചായത്തലെ സ്ക്കൂളുകളിൽ പഠിക്കുന്ന SC/ST കുട്ടികളുടെ വിവരം

| | ആകെ കുട്ടികൾ | SC/ST കുട്ടികളുടെ എണ്ണം |
|---|---|---|
| L.P.S | 1245 | 190 |
| U.P.S | 1120 | 168 |
| H.S | 1134 | 110 |
| English medium | 248 | 6 |
| S.S.L.C | – | 140 |
| P.D.C | – | |
| D.C | – | 26 |
| P.G | – | 3 |

## അനുബന്ധം - 1

| ക്രമനമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | പട്ടികജാതിക്കാരുടെ വീടുകൾ | മറ്റുള്ളവരുടെ വീടുകൾ | ആകെ വീടുകൾ | പുരുഷന്മാർ | സ്ത്രീകൾ | കുട്ടികൾ | ആകെ അംഗസംഖ്യ |
|---|---|---|---|---|---|---|---|---|---|
| 1 | II | മുളക്കുളം ഹരിജൻ സെറ്റിൽ കോളനി | 10 | 2 | 12 | 19 | 21 | 16 | 56 |
| 2 | II | മുളക്കുളം ഹരിജൻ കോളനി | 46 | 8 | 54 | 83 | 86 | 60 | 229 |

(മറുവശം)

(തുടർച്ച)

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | III | അവർമ്മ ലക്ഷം വീടു കോളനി | 10 | 7 | 17 | 22 | 25 | 26 | 73 |
| 4 | IV | കൂട്ടാനിക്കൽ 4 സെൻറ് കോളനി | 10 | 31 | 41 | 42 | 36 | 58 | 136 |
| 5 | IV | ഓലിപ്പടവു കോളനി | 7 | 5 | 12 | 13 | 15 | 23 | 51 |
| 6 | V | വേലിയാങ്കര ഹരിജൻ സെറ്റിൽ മെൻറ് കോളനി | 57 | 21 | 78 | 106 | 110 | 92 | 308 |
| 7 | V | മടത്താടു 4 സെൻറ് (I.H.D.P) കോളനി | 23 | 22 | 45 | 51 | 50 | 73 | 174 |
| 8 | VI | അറുന്നൂറ്റിമംഗലം ലക്ഷം വീട് കോളനി | 2 | 16 | 18 | 24 | 30 | 35 | 89 |
| 9 | VII | പള്ളിനിരപ്പു കോളനി | 3 | 16 | 19 | 23 | 29 | 35 | 87 |
| 10 | VII | ഇല്ലത്തു കോളനി | 8 | 17 | 25 | 22 | 29 | 49 | 100 |
| 11 | VIII | തട്ടാർകുന്നേൽ കോളനി | 7 | 14 | 21 | 30 | 25 | 23 | 78 |
| 12 | VIII | വരാക്കുന്നേൽ കോളനി | 7 | 13 | 20 | 22 | 23 | 44 | 89 |
| 13 | VIII | ജാതിക്കാമല കോളനി | 5 | 15 | 20 | 22 | 23 | 24 | 69 |
| 14 | IX | ആനക്കുഴി കോളനി | 8 | 10 | 18 | 20 | 19 | 27 | 66 |
| 15 | XI | പൂഴിക്കോൽ ലക്ഷം വീട് കോളനി | 13 | 4 | 17 | 19 | 21 | 26 | 66 |
| | | ആകെ | 216 | 201 | 417 | 518 | 542 | 611 | 1671 |
| | | **അംഗീകാരമില്ലാത്ത കോളനികൾ** | | | | | | | |
| 1 | V | കുന്നപ്പള്ളി ആലിൻ ചുവട് P.W.D പുറംപോക്കു കോളനി | 8 | – | 8 | 8 | 8 | 11 | 27 |
| 2 | I | ചന്ദ്രവേലി മിച്ചഭൂമി നിവാസികളുടെ കോളനി | 3 | 14 | 17 | 40 | 35 | 10 | 85 |
| | | ആകെ | 11 | 14 | 25 | 48 | 115 | 21 | 112 |

## പട്ടിക ജാതിവികാസനവകുപ്പ് പദ്ധതിപ്രവർത്തനങ്ങൾ

1. ആഫീസിൻെറ പേര് :

താലൂക്കുപട്ടികജാതി വികസന ആഫീസു, വൈക്കം

ആഫീസിൻെറ ഘടന : താലൂക്കുപട്ടികജാതി വികസന ആഫീസർ –1

യു.ഡി.ക്ലാർക്ക് –1

ക്ലാസ് IV - 1

പാർട്ട്–ടൈം ജീവനക്കാര് –1

2. സാമൂഹ്യവികസനപ്രവർത്തനങ്ങളിൽ ഓഫീസിൻെറ പ്രസക്തി.

പട്ടിക ജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസവികസനരംഗങ്ങളിലും മറ്റ് അർഹസമുദായങ്ങളുടെ വിദ്യാഭ്യാസ ആനുകൂല്യ വിതരണത്തിലും ഈ ആഫീസ് ഇടപെട്ടു പ്രവർത്തിക്കുന്നു. കൂടാതെ പ്രതേതക ഘടകപദ്ധതിയനുസരിച്ചു മറ്റുവകുപ്പുകൾ നടപ്പിലാക്കുന്ന വികാസ പ്രവർത്തനങ്ങളുടെ സാദ്ധ്യകൾ പഠിക്കുന്നതിനും ഈ ആഫീസിൻെറ സേവനം ഉപയോഗപ്പെടുന്നു. വകുപ്പു നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രധാനം വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണമാണ് പട്ടികജാതി വിഭാഗത്തിനു പുറമെ മറ്റർഹസമുായത്തിലും ഒ.ബി.സി., മറ്റു സമുദായങ്ങൾ എന്നീ വിഭാഗങ്ങളിലും പെടുന്ന കോളേജുവിദ്യാർത്ഥികളുടെ ആനൂകൂല്യങ്ങളും ഈ വകുപ്പുമുഖേന നടപ്പിലാക്കുന്നു.

3. നടപ്പിലാക്കുന്ന പദ്ധതികൾ

താലൂക്കുതലത്തിൽ ഈ ഓഫീസ്മുഖേന നടപ്പിലാുന്ന പദ്ധതകൾ താഴെ ചേർക്കുന്നു. ഇവയിൽ പഞ്ചായത്തു തലത്തിലും ബ്ലോക്കുതലത്തിലും തദ്ദേശഭരണസ്ഥാപങ്ങൾക്കു വിട്ടുകൊടുത്തിട്ടുള്ള പദ്ധതികൾ പ്രത്യേകം "P" എന്നും "B" എന്നും ബ്രാക്കാറ്റുചെയ്തിട്ടുണ്ട്. പഞ്ചായത്തുതലത്തിലും ബ്ലോക്കുതലത്തിലും ത്തിയിട്ടുള്ള പദ്ധതികളുടെ തിരഞ്ഞെടുപ്പു സഹായധനവിതരണവും ഒഴികെയുള്ള

ജോലികൾ ഈ ഓഫീസുമുഖേന നിർവ്വഹിച്ചു വരുന്നു. വകുപ്പുനേരിട്ടു നടപ്പിലാക്കുന്ന പദ്ധതികൾ മൂന്നു ഭാഗമായി തിരിച്ചാണ് ചേർത്തിരിക്കുന്നത്.

## I വിദ്യാഭ്യാസ പദ്ധതികൾ

1. പ്രീ പ്രൈമറി വിദ്യാഭ്യാസം: ഈ താലൂക്കിൽ ഒരു നഴ്സറിസ്കൂളും ഒരു ബാലവാടിയും പ്രവർത്തിക്കുന്നു. പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഒരാൾക്ക് പ്രതിദിനം 5 രൂപ എന്ന ക്രമത്തിൽ ചെലവാക്കുന്നു. ദിവസേന ഓരോഗ്ലാസ് പാൽ, ഉച്ചക്ക് ചോറും കറികളും, വൈകുനേരം പഴം അല്ലെങ്കിൽ ബിസ്ക്കറ്റ് എന്നീക്രമത്തിൽ നൽകുന്നു. ഒരു ടീച്ചറും ഒരു ആയയും ജീവനക്കാരായുള്ള ഇവിടെ 3 വയസിനും 5 വയസിനും ഇടയിലുള്ള 30 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നു. 10% സീറ്റ് പട്ടിക ജാതിയിൽപ്പെടാത്തവർക്ക് നൽകാവുന്നതാണ്. കൂടാതെ സർക്കാർ നഴ്സറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് 35 രൂപ വാർഷികലംപ്സംഗ്രാൻറ് നൽകുന്നു.

2. സ്കൂൾതലത്തിലുള ലംപ്സംഗ്രാൻറ്

1 മുതൽ 10 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കു 50, 55, 80, 90, 125 എന്നിനിരൽക്കുകളിൽ വാർഷികലംപ്സംഗ്രൻറ് നൽകുന്നു. ഈ ആനൂകുല്യം പട്ടിക ജാതിക്കാർക്കും മറ്റർ ഹസമൂദായവിദ്യാർത്ഥികൾക്കും ലഭ്യമാണ്. 95-96ലെയും 96-97ലെയും കണക്കുകൾ താഴെ ചേർക്കുന്നു.

| വർഷം | പട്ടിക ജാതി | | ഒ.ബി.സി | |
|---|---|---|---|---|
| | കുട്ടികൾ | തുക | കുട്ടികൾ | തുക |
| 95-96 | 5921 | 477126 | 5129 | 413402 |
| 96-97 | 5764 | 466367 | 5056 | 402789 |

3. പാരലൽ കോളേജുവിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം

കോളേജുകളിൽ പ്രവേശനം ലഭിക്കാതെ, നല്ലനിലയിൽ പ്രവർത്തിക്കുന്ന പാലരൽ കോളേജുകളിൽ പഠനം നടത്തുന്ന കുട്ടികൾ (പട്ടിക ജാതി/ ഒ.ബി.സി)ക്ക് കോളേജുകളിൽ നൽകുന്നതിരക്കിൽത്തന്നെ ആനൂകൂല്യങ്ങൾ നൽകുന്നു. പാരൽ കോളേജിൽ ചേർന്നു ഒരു മാസത്തിനകം നിശ്ചിത ഫാറത്തിൽ ജില്ലാ പട്ടിക ജാതിവികസന ആഫീസർക്ക് അപേക്ഷ നൽക്കേണ്ടാതാണ്. അർഹമായ തുക ഈ ആഫീസുമുഖേന വിതരണം ചെയ്യുന്നു. (ലംപ്സംഗ്രാഗൻറ് 270 + സ്റ്റൈപ്പൻഡ് 180/155+ ഫീസ്)

| വർഷം | അനുവാദം ലഭിച്ചവർ | നൽകിയ തുക |
|---|---|---|
| 95-96 | 16 | 39313 |
| 96-97 | 9 | ഫണ്ട് ലഭിച്ചിട്ടില്ല. തുക നൽകിയിട്ടില്ല. |

4. SSLC/PDC തോറ്റവർക്കുള്ള ധനസായം

ഓരോ വർഷവും SSLC/PDC/Degree എന്നിവയിൽ തോല്ക്കുന്നവർക്ക് പരീക്ഷയെഴുതി പാസാകുന്നതിന് നൽകിലവരുന്ന ധനസാഹയം. കുറഞ്ഞത് 25% മാർക്കെങ്കിലും വാങ്ങിയവർമാത്രമേ അപേക്ഷിക്കുവാൻ അർഹരാരാകു. PDC/Degree എന്നിവയിൽ ഓരോ പാർട്ടിനും 25% മാർക്ക് നിർബന്ധമാണ്. SSLC തോറ്റളർക്ക് സെപ്തംബറിൽ പരീക്ഷയെഴുതിയാൽ സഹായധാനത്തിൻെറ 50% തുകയും മാർച്ചിൽ പരീക്ഷയെഴുതിയാൽ മുഴുവൻ ധനസഹായവും ലഭിക്കും. എന്നാൽ ഡിഗ്രി വിദ്യാർത്ഥികൾക്ക് മാർച്ചിൽ പരീക്ഷയെഴുതിയാൽ മാത്രമേ ആനൂകൂല്യത്തിന് അർഹതയുള്ളു. ഓരോ വിഭാഗത്തിലും ലഭിക്കുന്ന ആനുകൂല്യം.

| | | | | |
|---|---|---|---|---|
| SSLC മുഴുവൻ വിഷയങ്ങൾ | | | 800 രൂ | |
| " ഒരു പാർട്ട് | | | 550/-" | |
| പ്രീഡിഗ്രി (Full) | 1ഗ്രൂപ്പ് | II ഗ്രൂപ്പ് | III & IV ഗ്രൂപ്പ് | |
| തിയറി | 800 | 800 | 800 | |
| പ്രാക്ടിക്കൽ | 300 | 450 | — | 400 യാത്രാപ്പടി |
| | 1100 | 1250 | 800 | |
| പ്രീഡിഗി (പാർട്ട്) | | | | |
| ഇംഗ്ലീഷ് | 600 | 600 | 600 | |
| രണ്ടാം ഭാഷ | 300 | 300 | 300 | |
| മെയിൻ (a) തിയറി | 600 | 600 | 600 | 100 രൂപ |
| (b) പ്രാക്ടിക്കൽ | 300 | 450 | | യാത്രാപ്പടി |

| വർഷം | അപേക്ഷിച്ചവർ | | അനുകൂല്യം ലഭിച്ചവർ | | പാസായവർ | |
|---|---|---|---|---|---|---|
| | SSLC | PDC | SSLC | PDC | SSLC | PDC |
| 95 - 96 | 52 | 4 | 27 | 3 | 20 | 2 |
| 96 - 97 | 49 | 5 | 21 | - | - | - |

ബഡ്ജറ്റു വിഹിതത്തിൻെറ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്കുലഭിക്കുന്നവരെയാണ് തെരഞ്ഞെടുക്കുന്നത്.

(IV) സ്വകാര്യ ഐ.റ്റി.സികളിലും തയ്യൽ സ്കൂളിലും പഠിക്കുന്നവർക്കുള്ള ധനസഹായം

താലൂക്കിലെ 2 സ്വകാര്യ ഐ.റ്റി.സികളിലും ഒരു തയ്യൽ സ്ഥാപനത്തനത്തിലും പഠിക്കുന്ന പട്ടികജാതി /OEC കുട്ടികൾക്ക് 175/150 രൂപ ലാപ്സാഗ്രാൻറും 125 സ്റ്റൈഫൻഡും നൽകുന്നു. കൂടാതെ അദ്ധ്യായനഫീസും നൽകുന്നു. സ്റ്റൈഫൽ ഡറിസീറ്റുകൾക്ക് സർക്കാരിൻെറ അംഗീകാരം ലഭിച്ചസ്ഥാപനങ്ങൾക്കു മാത്രമാണ് ഈ ആനൂകൂല്യം. കുട്ടികളെ തെരെഞ്ഞെടുക്കുന്നതു അതാത് ലോക്കൽ ബോഡിയിലെ ഒരു പ്രതിനിധിയും വകുപ്പിൻെറ ജില്ലയിലും താലുക്കിലുമുള്ള ഉദ്യോഗസ്ഥരും ചേർന്നു ഇൻററർവ്യൂ നടത്തിയാണ്.

| വർഷം | ആനുകുല്യം ലഭിച്ചവർ | | ചെലവായ തുക | |
|---|---|---|---|---|
| SC | OEC | SC | SC | OEC |
| 95-96 | 45 | 7 | 82727 | 12733 |
| 96-97 | 38 | 7 | സർക്കാരിൽ നിന്നും തുടർച്ചാനുമതി ലഭിക്കാത്തതിനാൽ ആനുകുല്യം നൽകിയിട്ടില്ല. | |

VI) പ്രീമെട്രിക് ഹോസ്റ്റൽ

5 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് താമസസൗകര്യവും ഭക്ഷണവും നൽകുന്ന ഈ സ്ഥാപനത്തിൽ 30 കുട്ടികളെ പ്രവേശിപ്പിക്കുന്നു. മൊത്തം സീറ്റിൻെറ 10% മറ്റു സമുദായ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു. ഓരോ വർഷവും ഒഴിവുവരുന്ന സീറ്റുകളിൽ അപേക്ഷ ക്ഷണിച്ചു ഉയർന്ന മാർക്കിൻെറ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നു. ഓരോ കുട്ടിക്കും ഹാജരിൻെറ അടിസ്ഥാനത്തിൽ പരമാവധി 300 രൂപ വരെ ചെലവു ചെയ്യുന്നു. കൂടാതെ 8 മുതൽ 10 വരെയുള്ള ക്ലാസുകളിൽ ഇംഗ്ലീഷ് , ഹിന്ദി, കണക്ക്, സയൻസ് എന്നീ വിഷയങ്ങൾക്ക് പ്രത്യേക ട്യൂഷനും നൽകുന്നു.

| വർഷം | ഹോസ്റ്റലിൽ ഉണ്ടായിരുന്നവർ | |
|---|---|---|
| | SC | Other |
| 95-96 | 27 | 3 |
| 96-97 | 27 | 1 |

എല്ലാവിദ്യാർത്ഥിനികൾക്കും യൂണിഫാറം നൽകുന്നതിന് 125 രൂപ അനുവദിക്കുന്നു. ഈ തുകക്ക് 2 ജോഡിവസ്ത്രം വാങ്ങി തയ്ച്ചു നൽകുന്നു,

II സാമ്പത്തിക ഉന്നമനപരിപാടി (B)

(i) ഭൂരഹിതഭവനരഹിത പുനരധിവാസ പദ്ധതി.

സ്വന്തമായി ഭൂമിയില്ലാത്തവരും വാടകവീട്ടിലോ, പതിച്ചു കിട്ടാൻ ഇടയില്ലാത്ത പുറംപോക്കുകളില്ലോ, കൂട്ടുകുടുംബമായോ താമസിക്കുന്നവരും 8000 രൂപയിൽ കുറഞ്ഞ വാർഷികവരുമാനമുള്ള 55 വയസ്സിൽ താഴെയുള്ളവരുമായ അപേക്ഷകരിൽ നിന്ന് നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നു. 4 സെൻറ് സ്ഥലം വാങ്ങുന്നതിന് 10000 രൂപയും (സ്റ്റാമ്പുഡ്യൂട്ടി ഒഴിവാണ്) വീടുവക്കുന്നതിന് 15000 രൂപയും നൽകുന്നു.

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർ |
|---|---|---|
| 95-96 | 54 | 4 |
| 96-97 | 97 | 5 |

95-96 ൽ ഈ പദ്ധതി നടപ്പിലാക്കിയത് താലൂക്കു തലത്തിൽ തെരഞ്ഞെടുപ്പു നടത്തിയാണ്. ഈ വർഷം മുനിസിപ്പൽ അതിർത്തിയിൽ നിന്നും മൂന്നു അപേക്ഷകൾ ലഭിച്ചെങ്കിലും ഭൗതിക ലക്ഷ്യം ഉണ്ടായിരുന്നില്ല.

(ii) ഭവന നിർമ്മാണ ധനസഹായം

സ്വന്തമായി ഭൂമിയുള്ള പ്രതിവർഷവരുമാനം 8000 രൂപയിൽ കുറവുള്ള അപേക്ഷകരിൽ നിന്നും നറുക്കെടുപ്പിലൂടെ കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് 15000 രൂപ ഭവന നിർമ്മാണ ധനസഹായമായി നൽകുന്നു.

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർ (മുനിസ്സിപ്പൽ അതിർത്തി) | |
|---|---|---|---|
| 95-96 | 69 | 22 | 8 |
| 96-97 | 22 | 11 | 1 |

(iii) വീടു ഓടു മേയൽ ധനസഹായം (P)

സ്വന്തമായി നിർമ്മിച്ച വീടുള്ളവർക്ക് വീടിൻെറ മേൽക്കുര ബലപ്പെടുത്തി ഓടുമേയുന്നതിന് പരമാവധി 3000 രൂപ നൽകുന്നു. 8000 രൂപയാണ് വാർഷിക വരുമാനപരിധി. നറുക്കെടുപ്പിലൂടെ ഗുണഭോക്താവിനെ കണ്ടെത്തുന്നു.

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർ |
|---|---|---|
| 95-96 | 1 | 1 |
| 96-97 | 1 | 1 |

(iv) വീടു ഓല മേയൽ ധനസഹായം (P)

പ്രതിവർഷവരുമാനം 4000 രൂപയിൽ കുറഞ്ഞ ഓലപ്പുരയിൽ താമസിക്കുന്നവർക്ക് 500 രൂപധനസഹായമായി നൽകുന്നു.

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർ |
|---|---|---|
| 95-96 | 19 | 17 |
| 96-97 | 44 | 15 |

മേൽപ്പറഞ്ഞ നാലു പദ്ധതികളുടെയും ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നത് ബഡ്ജറ്റ് വിഹിതത്തിൻെറയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലാണ്.

(v) ചികിത്സാ ധനസഹായം (P)

TB, കുഷ്ഠം, ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്കും ഗുരുതരമായി പരിക്കുപറ്റി ചികിത്സ വേണ്ടി വരുന്നവർക്കും 8000 രൂപ വാർഷിക വരുമാനം എന്ന പരിധിക്കുവിധേയമായി ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ 1000 രൂപ അനുവദിക്കുന്നു. കൂടുതൽ ധനസഹായം നൽകേണ്ട കേസുകളിൽ കൂടുതൽ തുക അനുവധിക്കുന്നതിനുള്ള അധികാരം സർക്കാരിനുണ്ട്.

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർ |
|---|---|---|
| 95-96 | 10 | 10 |
| 96-97 | 3 | 3 |

(vi) വിവാഹ ധനസഹായം (P)

8000 രൂപയിൽ കുറഞ്ഞ വരുമാനമുള്ളവരുടെ പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം 2000 രൂപയാണ്. വിവാഹത്തീയതിക്കുമുൻപ് അപേക്ഷനൽകിയിരിക്കണം. A മുതൽ E വരെ മുൻഗണനാ ഗ്രൂപ്പുകളായി തിരിച്ചാണ് ആനുകൂല്യം അനുവദിക്കുന്നത്. A മുതൽ D വരെയുള്ള എല്ലാഗ്രൂപ്പുകൾക്കും ആനുകൂല്യം അനുവദിച്ചശേഷം ഓരോ വർഷവും മാർച്ചിൽ മാത്രമെ ഫണ്ട് അലോട്ടുമെൻറിൻെറ ലഭ്യതയനുസരിച്ച് നറുക്കെടുപ്പിലൂടെയാണ് E ഗ്രൂപ്പുകാർക്ക് ആനുകൂല്യം അനുവദിക്കുന്നത്.

ഗ്രൂപ്പുകൾ

A മാതാപിതാക്കൾ ഇല്ലാത്തവർ

B പിതാവില്ലാത്തവർ

C മാതാവില്ലാത്തവർ

D വികലാംഗരുടെ മക്കൾ

E മാതാപിതാക്കൾ ഉള്ളവർ

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർ |
|---|---|---|
| 95–96 | 32 | 32 |
| 96–97 | 40 | – |

(viii) ഉദ്യോഗാർത്ഥികൾക്കുള്ള യാത്രാപ്പടി (P)

PSC ഇൻറർവ്യൂവിനു പോകുന്ന ഉദ്യോഗാർത്ഥികൾക്കു 2–ാം ട്രെയിൻ ചാർജ്ജോ യഥാർത്ഥ ബസ് നിരക്കോ നൽകുന്നു.

3/96 വരെ അപേക്ഷിച്ചവർ (95–96)

ആനുകൂല്യം അനുവദിച്ചവർ 407

ഇനിയും ശേഷിക്കുന്ന അപേക്ഷകൾ 427

3. സാമൂഹ്യ ഉന്നമന പദ്ധതികൾ

(i) മിശ്രവിവാഹധനസഹായം

8000 രൂപയിൽ താഴെ പ്രതിവർഷവരുമാനമുള്ള ദമ്പതികളിൽ ഒരാൾ പട്ടികജാതിക്കാരായവർക്ക് 2000 രൂപാ ധനസഹായം നൽകുന്നു. രേഖാമൂലം വിവാഹിതരായി ഒരുവർഷത്തിനുശേഷം മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളൂ.

95–96 ൽ അനുമതി ലഭിച്ചവർ 6

96–97 ൽ അനുമതി ലഭിച്ചവർ 6

(ii) തീവ്രസങ്കേത വികസന പരിപാടി (B)

തെരെഞ്ഞെടുക്കപ്പെട്ട പട്ടികജാതി ആവാസകേന്ദ്രങ്ങളിൽ എല്ലാ വികസന വകുപ്പുകളുടെയും ഏകോപിച്ച പദ്ധതികൾ നടപ്പിലാക്കുന്നു. 95–96 ൽ താലൂക്കിലെ അഞ്ചുകോളനികളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (വൈക്കം നഗരസഭാതിർത്തിയിലുള്ള ചാലപ്പറമ്പ് കോളനിയിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(iii) ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതിക്കാർക്കുള്ള പദ്ധതി

പട്ടികജാതിക്കാരിൽ തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മാവിലൻ, കരിമ്പാലൻ, നായാടി, വേടൻ എന്നീ സമുദായങ്ങളുടെ ഉന്നമനത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു. ഇവരിൽ ദൂരഹിതരായവരെ പുനരധിവസിപ്പിക്കുന്ന പദ്ധതിയനുസരിച്ച് 95–96 ൽ ഒരാൾക്ക് ഭൂമി വാങ്ങി വീടുവയ്ക്കുന്നതിന് 30000 രൂപ ധന സഹായം അനുവദിച്ചിട്ടുണ്ട്.

(IV) അതിക്രമങ്ങൾക്കു വിധേയമാകുന്നവർക്കുള്ള ധനസഹായം

അതിക്രമങ്ങൾക്കു വിധേയരാകുന്നവർക്ക് പുനരധിവാസ പദ്ധിതികളും സാമ്പത്തിക സഹായവും നൽകുന്ന 1989 ലെ അതിക്രമങ്ങൾ തടയുന്ന നിയമത്തിൻെറ കീഴിൽ 95–96 ൽ 3 പേർക്ക് നഷ്ടപരിഹാരമായി 3750 രൂപ നൽകി. 96–97 ൽ ഒരാൾക്ക് 2500 രൂപ അനുവദിച്ചിട്ടുണ്ട്

(V) സ്വകാര്യ നഴ്സറി സ്ക്കൂളുകളിൽ പഠിക്കുന്നവർക്കുള്ള ധനസഹായം

സർക്കാർ നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കുന്ന, നല്ലനിലയിൽ പ്രവർത്തിക്കുന്ന നഴ്സറി സ്ക്കൂളിൽ, പ്രതിവർഷ വരുമാനം 2400/– രൂപയിൽ കുറവായ മാതാപിതാക്കളുടെ കുട്ടികളെ തെരെഞ്ഞെടുത്ത് പഠന സൗകര്യങ്ങൾ നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാർത്ഥിക്ക് പരമാവധി വഷം തോറും 2200 രൂപ ധനസഹായം ലഭിക്കുന്നു. ഓരോസ്ഥാപനത്തിലും പരമാവധി 5 കുട്ടികളെ ഓരോ വർഷവും പ്രവേശിപ്പിക്കുന്ന ഈ പദ്ധതി 95 – 96 ൽ ആണ് ആരംഭിച്ചത്.

95 – 96 ൽ പ്രവേശനം നൽകിയവർ 5

96 – 97 ൽ പ്രവേശനം നൽകിയവർ 2

(VI) വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രത്യേക ധനസഹായം

സ്കാവഞ്ചിംഗ്, തുകൽപ്പണി തുടങ്ങിയവൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് തലത്തിൽ അനുവദിക്കുന്ന ധനസഹായമാണ്. ഓരോ വിദ്യാർത്ഥിക്കും ബ്ലോക്ക് ഗ്രാൻറായി 500 രൂപയും പ്രതിമാസം 25 രൂപ (ക്ലാസ് 1 –5) 40 രൂപ (6 – 8) 50 രൂപ (9 –10) എന്നീക്രമത്തിൽ സ്റ്റൈഫൻഡും അനുവദിക്കുന്നു.

| | | | |
|---|---|---|---|
| 94–95ൽ അനുവദിച്ചവർ | 5 (B) | 6(G) | 11 ആകെ |
| 95 – 96 ൽ അനുവദിച്ചവർ | 9 (B) | 5 (G) | 14 ആകെ |

5. തടസ്സങ്ങൾ

സാമ്പത്തിക ഉന്നമന പദ്ധതികൾ പലതും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. നിലവിലുള്ള പല ധനസഹായങ്ങളും പരിമിതമായതിനാൽ അവയുടെ പൂർത്തീകരണം ഗുണഭോക്താക്കളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ളതാകുന്നവയാണ്.

6. ഓരോ ധനസഹായത്തിനും കാലാനുസൃതമായും പ്രദേശത്തിൻെറ പ്രത്യേകത കണക്കിലെടുത്തു ആനുകൂല്യത്തിൻെറ പരിധി ഉയർത്തേണ്ടതാണ്. ആനുകൂല്യത്തിനു തെരഞ്ഞെടുക്കപ്പെടുന്നവർ പദ്ധതി പൂർത്തികരിക്കുന്നതിനും കഴിയും വിധം ബോധവൽക്കരണം ആവശ്യമാണ്. പട്ടികജാതി വികസനത്തിനായി സർക്കാരിൻെറ വിവിധ വികസനവകുപ്പുകൾ നടപ്പിലാക്കുന്ന പല പദ്ധതികളുടെയും ഗുണഫലം ആന്ത്യന്തികമായി അവരിലേക്കെത്തുന്നില്ല. പട്ടിക ജാതിവികസന വകുപ്പും നടപ്പിലാക്കുന്ന പദ്ധതികൾ ഭൂരിഭാഗവും വിദ്യാഭ്യാസ മേഖലയിലാണ്. പട്ടിക ജാതിക്ഷേമത്തിനു ചെലവാക്കുന്ന തുകയുടെ വിനിയോഗക്രമവും നടപ്പാക്കലും ഒറ്റ ഏജൻസിയുടെ കീഴിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം സംയോജിപ്പിച്ചുകൊണ്ടു നടപ്പിലാക്കുന്നതാണ് അഭികാമ്യം.

# വിഭവ സമാഹരണം

ഏതൊരു പദ്ധതിയുടേയും അടിസ്ഥാനം അതിൻെറ നടത്തിപ്പിനുവേണ്ടി വരുന്ന വിഭവങ്ങൾ കണ്ടെത്തുന്നതിലാണ്. അതുകൊണ്ട് തന്നെ വിഭവസമാഹരണം ആസൂത്രണത്തിൻെറ നട്ടെല്ലായിനിലകൊള്ളുന്നു. 9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതി ആയിരിക്കണം എന്ന നിർദ്ദേശം ഗ്രാമസഭകളിൽ മുഴങ്ങികേട്ടു. ലഭ്യമായ അറിവുകൾവച്ച് 9-ാം പദ്ധതിയുടെ അടങ്കൽ തുക 15,000 കോടി രൂപയാണ്. ഇതിൻെറ 40% തുക, 6000 കോടിരൂപ ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതമാണ്. പ്രതിവർഷം ശരാശരി ഒരു കോടി രൂപാ ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിക്കുമെന്ന് കണക്കുകൾ പറയുന്നു. കഴിഞ്ഞ 5 വർഷത്തേക്ക് മുളക്കുളം പഞ്ചായത്തിന് 19,88,065 രൂപാ മാത്രമാണ് ഗ്രാൻറായി ലഭിച്ചിട്ടുള്ളത്. ഇത്രയും തുക ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കു മ്പോൾ ഏജൻസികൾ മുഖേന ഗവണ്മെൻറ് നടത്തിയിരുന്ന പല പദ്ധതികളും ഈ ഗ്രാമപഞ്ചായത്തുകളാണ് ഏറ്റെടുത്തു നടത്തേണ്ടത്.

പഞ്ചായത്തുകളിൽ ഇത്രയും നാൾ ആവിഷ്കരിച്ചിരുന്ന പദ്ധതികൾ ഗ്രാമീണ റോഡുകളുടെ അറ്റകുറ്റ പണികൾ മാത്രമായിരുന്നു. വരുംകാലങ്ങളിൽ കാർഷിക വ്യവസായിക മേഖലകളിൽ തൊഴിലും അതുവഴിയുണ്ടാകുന്ന ഉല്പാദന വർദ്ധനവും സാദ്ധ്യമാക്കുക എന്ന കാഴ്ചപ്പാടിൽ വേണം പദ്ധതികൾ തയ്യാറാക്കേണ്ടത്. ഈ പദ്ധതികൾ യാഥാർത്ഥ്യമാകണമെങ്കിൽ പഞ്ചായത്തും കുറെ തുക കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇന്നത്തെ നമ്മുടെ വരുമാനം (ഗ്രാൻറുകളടക്കം 1995-96) 10,73,726 രൂപയാണ്. ഇതിൽ 9,56,472 രൂപ നിത്യനിദാനത്തിനായി ചെലവിടുന്നു.

### പട്ടിക I

### വരവിനങ്ങൾ

| വർഷം | കെട്ടിടനികുതി | വസ്തുകൈമാറ്റ നികുതി | തൊഴിൽ നികുതി | ലൈസൻസ് | കെട്ടിടവാടക | മാർക്കറ്റ് |
|---|---|---|---|---|---|---|
| 1991-92 | 2,43,445 | 99,454 | 98,786 | 3,846 | 15,459 | 86,790 |
| 92-93 | 1,83,005 | 1,00,957 | 79,611 | 5,092 | 15,084 | 1,01,340 |
| 93-94 | 2,35,223 | 1,53,864 | 1,30,361 | 3,229 | 17,872 | 72,565 |
| 94-95 | 3,11,124 | 1,13,545 | 1,25,115 | 3,701 | 22,741 | 78,887 |
| 95-96 | 2,73,253 | 88,568 | 1,42,283 | 6,047 | 18,887 | 83,702 |

### പട്ടിക II

### ഗ്രാൻറുകൾ

| വർഷം | എസ്റ്റാബ്ലിഷ് മെൻറ് ഗ്രാൻറ് | അടിസ്ഥാന നികുതി ഗ്രാൻറ് | അൺടൈഡ് ഗ്രാൻറ് | വില്ലേജ് റോഡ് മെയിൻറനൻസ് | മൈനർ ഇറിഗേഷൻ ഗ്രാൻറ് |
|---|---|---|---|---|---|
| 1991-92 | 23,408 | 45,966 | 2,01,200 | 39,627 | 17,800 |
| 92-93 | 56,700 | 46,095 | 2,08,000 | 45,530 | 17,850 |
| 93-94 | 47,450 | 45,530 | 2,14,990 | 39,627 | 17,850 |
| 94-95 | 69,118 | 54,563 | 2,89,050 | 38,765 | 17,850 |
| 95-96 | 49,740 | 56,117 | 2,99,030 | 38,249 | 17,850 |

## പട്ടിക III

### ചെലവിനങ്ങൾ

| വർഷം | എസ്റ്റാബിഷ്മെൻറ് മറ്റിനങ്ങൾ | മരാമത്ത് | കറൻറ് ചാർജ്ജ് സ്ട്രീറ്റ് ലൈറ്റ് ഉൾപ്പെടെ |
|---|---|---|---|
| 1991–92 | 4,04,875 | 55,112 | 40,320 |
| 92–93 | 3,82,118 | 1,09,385 | 55,352 |
| 93–94 | 3,78,514 | 1,31,967 | 53,365 |
| 94–95 | 4,94,143 | 2,46,347 | 53,076 |
| 95–96 | 5,04,442 | 3,69,584 | 82,446 |

റവന്യൂ കമ്മിയുടെ കാര്യം ഒരോ കുടുംബങ്ങളിൽ തൊട്ട് പഞ്ചായത്ത് സംസ്ഥാനം കേന്ദ്രം തുടങ്ങിയ എല്ലാതലത്തിലും നേരിടുന്ന പ്രശ്നമാണ്. വരവുമായി പൊരുത്തപ്പെടാത്ത ചെലവുകളാണ് പഞ്ചായത്തിനുള്ളതെന്ന് പട്ടിക സൂചിപ്പിക്കുന്നു. നിത്യനിദാന ചെലവുകൾക്കനുസരിച്ച് നികുതി, നികുതിയിതര വരുമാനം വർദ്ധിക്കുന്നില്ല എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തുകൾക്ക് വിപുലമായ അധികാരങ്ങളാണ് കൈവന്നിട്ടുള്ളത്. ഈ അധികാരങ്ങളുപയോഗിച്ച് നമ്മുടെ വാണിജ്യബാങ്കുകളിൽ നിന്നും വായ്പ എടുത്ത് വ്യവസായങ്ങൾ തുടങ്ങാവുന്നതും തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാവുന്നതുമാണ്. വ്യവസായങ്ങൾ തുടങ്ങുന്ന സംരംഭങ്ങളിൽ വാർഡുകളുടെ വികസനം എന്ന സങ്കുചിത മനോഭാവം ഉപേക്ഷിച്ച് പഞ്ചായത്തിനെ ഒന്നായി കാണുന്ന വിശാല കാഴ്ചപ്പാട് ആവശ്യമാണ്. മുളക്കുളം പഞ്ചായത്തിലെ വാണിജ്യ ബാങ്കുകളുടെ പട്ടിക ചുവടെ ചേർക്കുന്നു

| ബാങ്കിൻെറ പേര് | സ്ഥലം |
|---|---|
| മുളക്കുളം പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് K 209 | പെരുവ |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | പെരുവ |
| കീഴൂർ സർവീസ് സഹകരണബാങ്ക് | കീഴൂർ |
| ഫെഡറൽ ബാങ്ക് | പെരുവ |
| ഭാരതീയ സ്റ്റേറ്റ് ബാങ്ക് | അറുനൂറ്റിമംഗലം |
| കോട്ടയം ജില്ലാ സഹകരണ ബാങ്ക് | പെരുവ |
| അർബൻ കോപ്പറേറ്റീവ് ബാങ്ക് | പെരുവ |
| ബാങ്ക് ഓഫ് ഇന്ത്യ | മുളക്കുളം |

മേൽപഞ്ഞ എല്ലാ ബാങ്കുകളിലുമായി 15 കോടിലിലധികം തുക നിക്ഷേപമുള്ളതിൽ വളരെ ചെറിയ വിഹിതം മാത്രമാണ് ഈ പഞ്ചായത്തിൽ വായ്പയായി വിതരണം ചെയ്യുന്നത്. സഹകരണ ബാങ്ക് ഇതിനൊരപവാദമാണ്. നിക്ഷേപത്തിൻെറ ഭൂരിഭാഗവും മുളക്കുളം പഞ്ചായത്തിൽ വായ്പയായി വിതരണം ചെയ്യുന്നു എന്നത് എടുത്തു പറയത്തക്ക കാര്യമാണ്.

വായ്പകളേയും ഗ്രാൻറുകളേയും ആശ്രയിക്കാതെ പഞ്ചായത്ത് സ്വന്തനിലയിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. കാലോചിതമായി നികുതികൾ കണ്ടെത്തുന്നില്ല.
2. വരുമാനം വർദ്ധിപ്പിക്കാൻ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല.
3. നികുതി തിട്ടപ്പെടുത്തുന്നതിലുണ്ടാവുന്ന വ്യാപകമായ ക്രമക്കേടുകൾ
4. പരമ്പരാഗതമായ ഏതൊരു കാര്യത്തിനും ഗവണ്മെൻറിനെ സമീപിക്കുന്ന രീതി.
5. ജനങ്ങളുടെ മനസ്സിലുള്ള തെറ്റായ ധാരണകൾ, എല്ലാ വികസന പ്രവർത്തനങ്ങളും ഗവണ്മെൻറുകളും പഞ്ചായത്തുകളും, ജനപ്രതിനിധികളും ചെയ്യട്ടെ എന്ന വിചാരം
6. സാധ്യമായ മാനുഷികശേഷി ഉപയോഗപ്പെടുത്താതിരിക്കുക.

### കണ്ടെത്തലുകൾ

ഇപ്പോഴത്തെ മാർക്കറ്റിൻെറ നവീകരണവും പുനഃസംവിധാനവും വഴി 50% വരുമാന വർദ്ധനവ് കൈവരിക്കുവാൻ കഴിയും. പൂഴിക്കോൽ, കാരിക്കോട് (പോലീസ് സ്റ്റേഷൻ സമീപം) മുളക്കുളം, എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ തന്നെ നടക്കുന്ന മാർക്കറ്റുകൾ വികസിപ്പിക്കുക. പഞ്ചായത്തുവക പുറമ്പോക്കു ഭൂമിയിൽ കെട്ടിടങ്ങൾ പണിയുകയോ, നാട്ടുകാരിൽ നിന്നും സൗജന്യ നിരക്കിൽ ഭൂമി സംഘടിപ്പിച്ച് മാർക്കറ്റ് വിപുലപ്പെടുത്തുകയോ ചെയ്യാം.

### ലൈസൻസ് ഫീസ്

എല്ലാ കച്ചവടസ്ഥാപനങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തുകയും ഇതിനുള്ള ഫീസ് കൃത്യമായി പിരിച്ചെടുക്കുകയും

ചെയ്യുക.

ഇഷ്ടിക കളങ്ങൾ, കരിങ്കൽ ക്വാറികൾ, ചെങ്കല്ലുമടകൾ (വ്യാപാരം നടത്തുന്നവ) റബ്ബർ നേഴ്സറികൾ, വൻകിട റബർ തോട്ടങ്ങൾ തുടങ്ങിയവയിൽ നിന്നും പ്രത്യേക നികുതി ഈടാക്കാൻ സാധ്യമാണോ എന്ന് പരിശോധിക്കേണ്ടതാണ്. വൻകിട കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽ നിന്നും പ്രത്യേക നികുതി ഈടാക്കേണ്ടതാണ്.

മുളക്കുളം പഞ്ചായത്തിൻെറ അതിർത്തി പ്രകൃതിദത്ത മായ അതിർവരമ്പുകളുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണ യിക്കുക. മൂവാറ്റുപുഴയാറിൽ നിന്നും മണൽ വാരുന്ന വക യിൽ മുളക്കുളം പഞ്ചായത്തിന് ന്യായമായും ലഭിക്കേണ്ട നികുതി നേടിയെടുക്കേണ്ടതാണ്.

മുളക്കുളം പഞ്ചായത്തിലും വെള്ളൂർ പഞ്ചായത്തിലുമായി വ്യാപിച്ചു കിടക്കുന്ന ഏഷ്യയിലെ തന്നെ വൻകിടഫാക്ടറിയായ H.N.L ൽ നിന്നുമുള്ള നികുതികൾ വെള്ളൂർ പഞ്ചായത്തിനാണ് ലഭിക്കുന്നത്. ഫാക്ടറിയിൽ നിന്നുമുണ്ടാകുന്ന എല്ലാ ദൂഷ്യങ്ങളും ഏറ്റുവാങ്ങുകയും അനുഭാവിക്കുകയും ചെയ്യുന്ന മുളക്കുളം പഞ്ചായത്തിന് H.N.L. ൽ നിന്നും നികുതി ലഭിക്കേണ്ടതാണ്. എക്സൈസ് നികുതിയുടെ വിഹിതം പഞ്ചായത്തിനു നൽകണം.

മാനവശേഷി ശരിയാംവണ്ണം വിനിയോഗിക്കാൻ സാധിച്ചാൽ പുരോഗതിയുടെ മാർഗ്ഗം സുഗമമാവും. നാട്ടിലെ വിദ്യാസമ്പന്നരായ യുവതി യുവാക്കളുടെ അറിവിൻെറയും അദ്ധ്വാനത്തിൻേറയും ഒരു ചെറിയ അംശം ഓരോ ഗ്രാമത്തിലും വിനിയോഗിക്കാൻ ഉദ്ബോധിപ്പിച്ചാൽ വികസനത്തോടൊപ്പം നാടിനേയും നാട്ടാരെയും അറിയുക എന്ന പുതിയ സംസ്കാരം വളർത്താനാവും. ആരോഗ്യവാന്മാരും ആരോഗ്യവതികളുമായ എല്ലാ ജനങ്ങളും ഒരുവർഷത്തിൽ ഒരു ദിവസത്തെ അദ്ധ്വാനം നാട്ടിലെ വികസന പ്രവർത്തനങ്ങൾക്ക് സമർപ്പിച്ചാൽ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് പ്രത്യേകം തുക കണ്ടെത്തേണ്ടതായി വരില്ല. ഇത്തരം പ്രവർത്തനങ്ങൾ ദേശീയോദ്ഗ്രഥനത്തിന് വളരെ സഹായകരമാണ്.

ഇന്ന് നമ്മൾ കാണുന്ന പലറോഡുകളും ആശുപത്രികളും സ്കൂളുകളും പഴയ കാലത്ത് നാട്ടുകാർ സൗജന്യമായി ഭൂമി വിട്ടുകൊടുത്ത് സ്വന്തമായി നിർമ്മിച്ചു നൽകിയതായി കാണാം.

ഇപ്പോഴും പല സ്കൂളുകളിലും ആശുപത്രികളിലും PTA യുടേയും ആശുപത്രി സൗഹൃദസമിതിയുടെ ശ്രമഫലമായി വലിയ തുകകൾ ശേഖരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നതായി കാണാം. ഭാവിയിലും നല്ലവരായ നാട്ടുകാരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്ന് വികസന പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുക എന്നത് വിഷമകരമായ സംഗതിയല്ല. ഗ്രാമീണ റോഡുകൾക്ക് ഇരുവശവും സ്ഥിരതാമസമാക്കിയവരെ അതാത് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ പ്രേരിപ്പിക്കേണ്ടതാണ്.

കെട്ടിടനികുതിപിരിവിലെ അപാകതകൾ പരിഹരിക്കേണ്ടതിലേയ്ക്കായി സ്ലാബ് സിസ്റ്റം ഏർപ്പെടുത്തേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. ഭൂനികുതി പിരിക്കുവാനുള്ള അവകാശം പഞ്ചായത്തുകൾക്ക് നൽകുവാൻ വ്യവസ്ഥയുണ്ടാക്കേണ്ടതാണ്. ലാൻഡ്സെസ്സ് പുനഃരുദ്ധരിയ്ക്കുകയോ, അടിസ്ഥാന നികുതി ആനുപാതികമായി വർദ്ധിപ്പിക്കുകയോ വേണം.

പഞ്ചായത്തിലെ വാഹനങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്ത് ചെറിയ തുക എല്ലാവർഷവും ഈടാക്കാൻ സാദ്ധ്യമാണോ എന്ന് പരിശോധിക്കാവുന്നതാണ്.

1995–96 വർഷത്തിൽ വൈദ്യുതിചാർജ്ജിനത്തിൽ 82,000/– രൂപാ പഞ്ചായത്ത് നൽകിയതായിക്കാണാം. വഴിലൈറ്റുകൾ ഉപയോഗശൂന്യമായവ മാറ്റിയിടുന്നതിനുള്ള ചെലവ് വഹിക്കുന്നത് പഞ്ചായത്താണെങ്കിലും മാറ്റിയിടുന്നത് K.S.E.B ആണ്. പ്രസ്തുത പണികളിൽ പഞ്ചായത്തിന് യാതൊരു അധികാരവും ഇല്ല എന്നതിനാൽ മുടക്കുന്ന തുകകൾ വേണ്ടവിധം വിനിയോഗിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തേണ്ടതാവശ്യമാണ്.

വസ്തു കൈമാറ്റ നികുതിയുടെ മുഴുവൻ തുകയും പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം. പഞ്ചായത്തു ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങളും സർക്കാർ ഏറ്റെടുത്താൽ കൂടുതൽ വികസന മേഖലകളിലേയ്ക്ക് കടക്കുവാൻ പഞ്ചായത്തിനു കഴിയും.

മാർക്കറ്റിൻെറ പ്രവർത്തനം ആഴ്ചയിൽ നാലു ദിവസമെന്നത് ദിവസകൃത്യത പാലിച്ച് 2 ദിവസമാക്കിയാൽ മാർക്കറ്റിൻെറ പ്രവർത്തനം ശക്തമാവുകയും അതുവഴി വരുമാനം കൂടുകയും ചെയ്യും. വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ നിന്നും ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കണം. പദ്ധതി നിർവ്വഹണത്തിൻെറ ആദ്യന്തര നടത്തിപ്പും മേൽനോട്ടവും പരിശോധനയും വാർഡുകളിലെ ജനകീയ സമിതികൾ നിർവ്വഹിക്കണം. പഞ്ചായത്തുകൾ നേരിട്ട് ഏറ്റെടുത്തു നടത്തുന്ന പണികളുടെ തുക വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്.

നമ്മുടെ നാടുകളിൽ നിന്നും വിദേശത്തുപോയി തൊഴിൽ ചെയ്യുന്നവരുടെ സമ്പാദ്യങ്ങൾ പഞ്ചായത്തിൻെറ ശരിയായ മാർഗ്ഗനിർദ്ദേശങ്ങളും പ്രേരണയുമുണ്ടെങ്കിൽ വലിയ ഒരു വിഭവം തന്നെയാണ്. നമ്മുടെ നാടുകളിൽ നിന്നു വിദേശങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ പട്ടിക താഴെ കൊടുക്കുന്നു.

## വിദേശ ഇന്ത്യക്കാർ വാർഡുകളിൽ

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 50 | 15 | 15 | 15 | 20 | 25 | 20 | 25 | 35 | 25 | 25 |
| | | | | | | | | | ആകെ 265 | | |

മേൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ സുപ്രധാനങ്ങളാണ്. പരിമിതിമായ വരുമാന മാർഗ്ഗത്തിൽ ഊന്നിയുള്ള നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് വിവിധ രംഗങ്ങളിലെ ആളുകളുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്. ഇത്തരത്തിലുള്ള ഒരു പുതിയ വികസന സംരംഭത്തിന് നമുക്കു തുടക്കം കുറിയ്ക്കാം.

❖ ❖ ❖

# ഉപസംഹാരം

നമ്മുടെ രാജ്യവും-മുളക്കുളം ഗ്രാമപഞ്ചായത്തും നേരിടുന്ന വികസനത്തിൻെറ പ്രതിസന്ധി ഞങ്ങളുടെ അറിവിലും അന്വേഷണത്തിലും കണ്ടെത്താൻ കഴിഞ്ഞിടത്തോളമുള്ള പ്രശ്നങ്ങളാണ് ഈ വികസരേഖയിൽ ചുണ്ടി കാണിച്ചിട്ടുള്ളത്. 9-ാം പഞ്ചവത്സരപദ്ധതിയുടെ അടങ്കൽ തുകയുടെ 35-40% ത്തോളം ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ട് കൈമാറുകയാണ്. നമ്മുടെ ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഈ തുക മതിയാവുകയില്ല. എങ്കിൽത്തന്നെയും നാളിതുവരെ ലഭിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ തുകയാണ് ഇതെന്ന് കാണാൻ കഴിയും. ഈ തുകയും നമ്മുടെ ഗ്രാമത്തിൽ നിന്നും ശേഖരിക്കാൻ കഴിയുന്ന മുഴുവൻ വിഭവങ്ങളും ചേർത്ത് അടുത്ത 5 വർഷകാലയളവിൽ നാനാമുഖമായ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ശ്രമിക്കാം. ഈ നൂതനസംരംഭത്തെ പൂർണ്ണത യിലെത്തിക്കാൻ ഈ പഞ്ചായത്തിലെ മുഴുവൻ ആളുകളും ജാതി-മത-രാഷ്ട്രീയ കാഴ്ച പ്പാടുകൾക്കതീതമായി ഒറ്റക്കെട്ടായി അണിചേരേണ്ടതുണ്ട്.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒട്ടെറെ പേർ ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ, ജനപ്രതിനിധികൾ, പഴയ കാലസാമൂഹ്യപ്രവർത്തകർ എന്നിങ്ങനെ വിവിധ മേഖലകളിലുള്ളവർ. ഓരോരുത്തരുടേയും പേരുകൾ ഇവിടെ എടുത്തുപറയുവാൻ മുതിരുന്നില്ല. അവരോടെല്ലാമുള്ള നിസീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് മുളക്കുളം ഗ്രാമപഞ്ചായത്തിൻെറ ഈ വികസന രേഖ അവതരിപ്പിക്കുന്നു.

കെ.എ. സജീവ്

പ്രസിഡൻറ്

മുളക്കുളം ഗ്രാമ പഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്